PROCEEDINGS OF THE TRAVANCORE-COCHIN LEGISLATIVE ASSEMBLY

FIRST SESSION—1954

Monday, the 29th March 1954.

Vol. X OFFICIAL REPORT **No. 6**

The Assembly met in the Assembly Chamber, Trivandrum, at Eleven of the Clock on Monday, the 29th March 1954, with Mr. Speaker in the Chair.

QUESTIONS AND ANSWERS.

(The number within brackets indicates the number in the list of admitted questions for the day.)

ORAL ANSWERS.

ജലക്ഷാമം

✽ ൧൬. [൬] ശ്രീ. പി. ഭാസ്കരൻ നായർ; താഴെ കാണുന്ന ചോദ്യങ്ങൾക്കു് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) കോട്ടയം, മട്ടാഞ്ചേരി എന്നീ നഗരങ്ങളിൽ വേനൽക്കാലം ആരംഭിച്ചതോടുകൂടി ജലക്ഷാമം ബാധിച്ചിരിക്കുന്നുവെന്ന കാര്യം ഗവണ്മെന്റ് ശ്രദ്ധയിൽപെട്ടിട്ടുണ്ടോ;

(ബി) ജലക്ഷാമപരിഹാരാർത്ഥം എന്തു പദ്ധതി നടപ്പിലാക്കിയിട്ടുണ്ടു്?

പൊതുമരാമത്തും ഗതാഗതവും വകുപ്പുമന്ത്രി (ശ്രീ. ഏ. അച്യുതൻ):

(എ) കോട്ടയം നഗരത്തിൽ വേനൽക്കാലത്തു ജലക്ഷാമം ഉണ്ടാകാറുണ്ടെന്നു് ഗവണ്മെന്റിനു് അറിയാം. മട്ടാഞ്ചേരി നഗരത്തിൽ വേണ്ടത്ര വെള്ളം കിട്ടുന്നില്ലെന്നും അറിയാം.

(ബി) തൽക്കാലപരിഹാരത്തിനു കോട്ടയം നഗരത്തിൽ മുനിസിപ്പാലിറ്റിയിൽനിന്നും ലോറികളിൽ ജലവിതരണം ചെയ്യുന്നുണ്ടു്. മട്ടാഞ്ചേരിയിൽ കുഴൽവെള്ളം കൂടുതൽ എത്തിക്കുന്നതിനുവേണ്ടി ചൊവ്വര വാട്ടർവർക്ക്സിൽ ചില പരിഷ്കരണജോലികൾ നിർവഹിച്ചുകൊണ്ടിരിക്കുന്നു. കൂടാതെ കോട്ടയത്തു സ്ഥിരമായ ഒരു ജലവിതരണ പദ്ധ

തിയും മട്ടാഞ്ചേരിയിൽ ജലവിതരണം അഭിവൃദ്ധിപ്പെടുത്തുന്നതിനു ഒരു വമ്പിച്ച പദ്ധതിയും ഗവണ്മെൻറിൻെറ ആലോചനയിൽ ഇരിക്കുന്നു.

ശ്രീ. പി. ഭാസ്കരൻ നായർ: ഇക്കൊല്ലത്തെ ബഡ്ജററിൽ ആറു ലക്ഷത്തിഅൻപതിനായിരം രൂപ കോട്ടയം വാട്ടർസപ്ലൈയ്ക്കു് വേണ്ടി വച്ചിരിക്കുന്നതു് പ്രിലിമിനറി ചെലവഴിക്കവേണ്ടിയാണോ?

ശ്രീ. എ. അച്യുതൻ: അതെ.

ശ്രീ. പി. ഭാസ്കരൻനായർ: എന്നുമുതൽ കോട്ടയത്തു കുഴൽ വെള്ളം കൊടുക്കാൻ സാധിക്കും എന്നു പറയാമോ?

ശ്രീ. എ. അച്യുതൻ: കോട്ടയത്തേയ്ക്കു് ൪൦ ലക്ഷം രൂപ ചെലവു വരുന്ന ഒരു വലിയ പദ്ധതി രൂപീകരിച്ചിട്ടുണ്ടു്. ആ പദ്ധതി അനുസരിച്ചുള്ള ജോലി പൂർത്തിയായാലുടൻ കോട്ടയം ടൌണിൽ കുഴൽവെള്ളം കിട്ടുന്നതാണു്.

ശ്രീ. പി. ഭാസ്കരൻനായർ: അതിൻെറ പ്രവർത്തനം ഉടനടി തുടങ്ങുമോ?

ശ്രീ. എ. അച്യുതൻ: തുടങ്ങാനാണു് ഉദ്ദേശിച്ചിരിക്കുന്നതു്.

ശ്രീ. പി. ഭാസ്കരൻ നായർ: മുനിസിപ്പാലിററിയിൽ നിന്നും ഈ തുകയുടെ ഏതെങ്കിലും ഒരംശം ഓഹരിയായി സംഭാവനചെയ്യണമെന്നു ഗവണ്മെൻറ കരുതുന്നുണ്ടോ?

ശ്രീ. എ. അച്യുതൻ: ഇപ്പോൾ മുനിസിപ്പാലിററിയിൽനിന്നും ഓഹരി ആവശ്യപ്പെടുന്ന ആലോചനയില്ല.

ശ്രീ. എം. പി. മേനോൻ: മട്ടാഞ്ചേരിയിൽ താൽക്കാലികമായി വെള്ളം കൊടുക്കാനുള്ള ഏർപ്പാട ചെയ്യുമോ?

ശ്രീ. എ. അച്യുതൻ: അവിടെ സ്ഥിരമായിട്ടുതന്നെ എന്തെങ്കിലും പരിഹാരം ഉണ്ടാക്കണം. ചൊവ്വരപൈപ്പ്ലൈൻ വലുതാക്കി സപ്ലൈ വർദ്ധിപ്പിക്കണം.

ശ്രീ. എം. പി. മേനോൻ: പൈപ്പ്ലൈൻ വലുതാക്കാതെ താൽക്കാലികമായി നീളം കൂട്ടുന്നതിനുള്ള നടപടി എടുക്കുമോ?

ശ്രീ. എ. അച്യുതൻ: അതിനെപ്പററി ആലോചിക്കാം.

ശ്രീ. കെ. എ. ബാലൻ: വടക്കെക്കരെ ശുദ്ധജലം കൊടുക്കുന്നതിനു വല്ല നടപടികളും ഗവണ്മെൻറു് എടുത്തിട്ടുണ്ടോ?

ശ്രീ. എ. അച്യുതൻ: ഇപ്പോൾ അതു പറയാൻ നിവൃത്തിയില്ല.

ശ്രീ. കെ. എ. ബാലൻ: അവിടെ ഉപ്പുവെള്ളമാണു് കിട്ടുന്നതെന്നു ഗവണ്മെൻറിനു അറിയാമോ?

ശ്രീ. എ. അച്യുതൻ: അവിടെ മാത്രമല്ല തീരപ്രദേശങ്ങളിൽ പലയിടത്തും ഉപ്പുവെള്ളമാണു് കിട്ടുന്നതു്.

ശ്രീ. കെ. എ. ബാലൻ : അതിൻെറ പരിഹാരത്തിന പുതിയ പദ്ധതികൾ വല്ലതും ഉണ്ടോ ?

ശ്രീ. എ. അച്യുതൻ : തീരപ്രദേശത്തു ശുദ്ധജലവിതരണത്തിനുള്ള പദ്ധതികൾ ആലോചിച്ചുവരികയാണ്.

ശ്രീ. എ. എ. റഹീം : കൊല്ലത്തെ ജലക്ഷാമം പരിഹരിക്കുന്നതിന വേണ്ടി വല്ല പദ്ധതിയും ആരംഭിക്കാൻ ഉദ്ദേശിക്കുന്നുണ്ടോ ?

ശ്രീ. എ. അച്യുതൻ : ഇപ്പോൾ മട്ടാഞ്ചേരിയിലേയും കോട്ടയത്തേയും കാര്യമാണ് പറയുന്നതു്. കൊല്ലത്തെ കാര്യത്തിന പ്രത്യേകം ഒരു ചോദ്യമയച്ചാൽ മറുപടി പറയാം.

ശ്രീ. എൻ. ജി. ചാക്കോ : സർ, ഒരു പായൻറ് ആഫ് ആർഡർ. രണ്ടാമത്തെ ചോദ്യത്തെപ്പററി ഇതിനമുമ്പും ഈ സെഷനിൽതന്നെ പല ചോദ്യങ്ങളും ഉണ്ടായിട്ടുണ്ടു്. അതു സമിതിക്ക് അതു വീണ്ടും ഈ സഭയിൽ അനുവദിക്കാമോ എന്നറിഞ്ഞാൽ കൊള്ളാം.

Mr. Speaker : I am passing on to question No. 3

ശ്രീ. പി. ഭാസ്കരൻ നായർ : സർ, ഈ ചോദ്യം ഇതിന മുമ്പു ചോദിച്ചിട്ടില്ല. പ്രൈംമിനിസ്റ്ററുടെ യാത്രച്ചെലവിനെപ്പററിയാണ് ഇതിനമുമ്പു ചോദ്യം ഉണ്ടായിട്ടുള്ളതു്. ഇതു ഇൻഡ്യൻനാഷണൽകാൺഗ്രസ്സ് പ്രസിഡൻറിൻെറ യാത്രച്ചെലവിനെപ്പററിയുള്ള ചോദ്യമാണ്.

മി. സ്പീക്കർ : അവതമ്മിൽ ഒരു ചെറിയ വ്യത്യാസമേ ഉള്ളു.

ശ്രീ. പി. ഭാസ്കരൻ നായർ : ഇല്ല, വളരെ വ്യത്യാസം ഉണ്ടു്.

Mr. Speaker : If the member is very anxious to ask that question, I shall allow.

ശ്രീ. കളത്തിൽ വേലായുധൻ നായർ : ചോദ്യം മുമ്പു ചോദിച്ചവാചകത്തിൽതന്നെ വേണമെന്നില്ല. കാര്യം അതായിരുന്നാൽ മതി. നാളെ ജവഹരിലാൽ നെഹ്റുവിൻെറ യാത്രച്ചെലവിനെപ്പററി ചോദിക്കും. അതിനടുത്ത ദിവസം പണ്ഡിററ്ജിയുടെ കാര്യത്തെപ്പററി ചോദിക്കും. ഇതെല്ലാം കാര്യത്തിൽ വ്യത്യാസമൊന്നും ഉള്ളതല്ല.

ശ്രീ. ടി. കെ. കൃഷ്ണൻ : പി. ഡബ്ലിയു. ഡി. ഉദ്യോഗസ്ഥന്മാരെ നിയോഗിച്ചിരുന്നോ എന്നൊരു ചോദ്യം ഉണ്ടായിട്ടില്ല. അതൊരു വലിയ പ്രശ്നമാണ്.

മി. സ്പീക്കർ : ഒരു ചോദ്യം വന്നാൽ ധാരാളം സപ്ലിമെൻററി ചോദ്യങ്ങൾ അനുവദിക്കുന്നതുകൊണ്ടു് ഇത്തരം ചോദ്യങ്ങൾ വീണ്ടും വീണ്ടും ആവർത്തിക്കാതെ കഴിഞ്ഞാൽ കൊള്ളാമെന്നാണ് എൻെറയും ആഗ്രഹം. എന്നിരുന്നാലും ഏതെങ്കിലും ഒരു വിഷയത്തെപ്പററി ന്യായമായ ഒരു ചോദ്യം ചോദിക്കണമെന്നു് ഈ സഭയിലെ ഏതെങ്കിലും ഒരംഗത്തിനു് ആഗ്രഹമുണ്ടെങ്കിൽ ആ അവകാശത്തെ നിഷേധിക്കണമെന്നു് എനിക്കു് ആഗ്രഹമില്ല. അതുകൊണ്ടു് ശ്രീ. ഭാസ്കരൻനായർക്കു് ഈ ചോദ്യം ചോദിക്കണമെന്നു നിർബന്ധമുണ്ടെങ്കിൽ ചോദിക്കാവുന്നതാണ്.

ഇൻഡ്യൻ നാഷണൽ കാൺഗ്രസ്സ് പ്രസിഡൻറിൻെറ തിരുവിതാംകൂർ-കൊച്ചി പര്യടനം സംബന്ധിച്ച ചെലവുകൾ.

*൧൨. [൨] ശ്രീ. പി. ഭാസ്കരൻ നായർ: താഴെ കാണുന്ന ചോദ്യങ്ങൾക്കു മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) തിരഞ്ഞെടുപ്പു പ്രചരണാർത്ഥം ഈ സംസ്ഥാനത്തു പര്യടനം നടത്തിയ ഇൻഡ്യൻ നാഷണൽ കാൺഗ്രസ്സ് പ്രസിഡൻറിനു പ്രസംഗവേദികൾ നിർമ്മിക്കുന്നതിനു പി. ഡബ്ലിയു. ഡി. ഉദ്യോഗസ്ഥന്മാരെ നിയോഗിച്ചിരുന്നോ;

(ബി) എത്ര സ്ഥലങ്ങളിൽ പ്രസംഗവേദികളും മുള്ളുവേലികളും നിർമ്മിച്ചു;

(സി) അതിനു എന്തു സംഖ്യ ചെലവായി?

മുഖ്യമന്ത്രി (ശ്രീ. എ. താണുപിള്ള):

(എ) ഉവ്വ്.

(ബി) ൨൧ സ്ഥലങ്ങളിൽ പ്രസംഗവേദികളും ൫൦ൻ സ്ഥലങ്ങളിൽ മുള്ളുവേലികളും നിർമ്മിച്ചു.

(സി) ചെലവുകളുടെ കണക്കുകൾ തിട്ടപ്പെടുത്തിയിട്ടില്ല.

ശ്രീ. പി. ഭാസ്കരൻ നായർ: ഇൻഡ്യൻപ്രധാനമന്ത്രി എന്ന നിലയിൽ കാൺഗ്രസ്സ് പ്രസിഡൻറ് എന്തെങ്കിലും ഔദ്യോഗികകാര്യങ്ങൾ അദ്ദേഹത്തിൻെറ സന്ദർശനത്തിനിടയിൽ ഇവിടെ വച്ചു നിർവഹിച്ചിട്ടുണ്ടോ?

ശ്രീ. എ. താണുപിള്ള: അദ്ദേഹം ഒന്നുരണ്ടു ഔദ്യോഗികകാര്യങ്ങൾ നിർവഹിച്ചിട്ടുണ്ട്. അതിനെപ്പററി കഴിഞ്ഞതവണ ഞാൻ പ്രസ്താവിച്ചിട്ടുണ്ട്.

ശ്രീ. പി. ഭാസ്കരൻ നായർ: ഇൻഡ്യൻ നാഷണൽ കാൺഗ്രസ്സ് പ്രസിഡൻറ് ഇവിടത്തെ ഗവൺമെൻറിൻെറ ക്ഷണം അനുസരിച്ചാണോ, കാൺഗ്രസ്സ് പാർട്ടിയുടെ ക്ഷണം അനുസരിച്ചാണോ ഈ രാജ്യം സന്ദർശിച്ചതു്?

ശ്രീ. എ. താണുപിള്ള: ഇൻഡ്യൻ നാഷണൽ കാൺഗ്രസ്സ് പ്രസിഡൻറായി ഇവിടെ വന്നതു് കാൺഗ്രസ്സ് പാർട്ടിയുടെ ക്ഷണമനുസരിച്ചായിരിക്കും.

ഫീസ്സ്.

*൧൩. [൩] ശ്രീ. വി. ശ്രീധരൻ: താഴെ പറയുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സംസ്ഥാനത്തുള്ള ഗവൺമെൻറും പ്രൈവററും വക കാളേജുകളിൽ ഒരേ ക്ലാസ്സിൽ വ്യത്യസ്ഥങ്ങളായ ഫീസ് ഈടാക്കുന്നുണ്ടോ;

(ബി) ഉണ്ടെങ്കിൽ അതിനുള്ള കാരണം വ്യക്തമാക്കുമോ ?

മുഖ്യമന്ത്രി (ശ്രീ. എ. താണുപിള്ള):

(എ) ഉണ്ട്.

(ബി) പ്രൈവററ കാളേജുകളിലെ ഫീസ്സ് ഗവണ്മെൻറ് കാളേജുകളിലേതിനോടു തുല്യമായിരിക്കണമെന്ന് വ്യവസ്ഥയില്ല.

ശ്രീ. വി. ശ്രീധരൻ: ഫീസ്സ് തുല്യമാക്കണമെന്ന് ഗവണ്മെൻറ് ഉദ്ദേശിക്കുന്നുണ്ടോ ?

ശ്രീ. എ. താണുപിള്ള: ഗവണ്മെൻറിനുമാത്രം ചെയ്യാവുന്ന ഒരു കാര്യമല്ല അതു്. യൂണിവേഴ്സിററിയാണ് പ്രധാനമായി അതിൽ ചുമതലപ്പെട്ടിട്ടുള്ളതു്.

ശ്രീ. വി. ശ്രീധരൻ: തിരുവനന്തപുരത്തുള്ള സെക്കൻറഗ്രേഡ് കാളേജിലും എം. ജി. കാളേജിലും, മാർ ഇവാനിയോസ്കാളേജിലും ഇൻറർമീഡിയററ ക്ലാസിലേയ്ക്കു് ഈടാക്കുന്ന ട്യൂഷൻഫീ എന്താണെന്നു പറയാമോ?

ശ്രീ. എ. താണുപിള്ള: യൂണിവേഴ്സിററി ഇൻറർമീഡിയററ കാളേജിൽ ൮൪ രൂപയും, മഹാത്മാഗാന്ധികാളേജിലും മാർ ഇവാനിയോസ് കാളേജിലും ൧൦൮ രൂപയും ആണ്.

ശ്രീ. വി. ശ്രീധരൻ: പ്രൈവററകാളേജുകളിൽ കാഷൻഫീ എന്നൊന്നു ഈടാക്കുന്നുണ്ടെന്നുള്ള കാര്യം ഗവണ്മെൻറ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ?

ശ്രീ. എ. താണുപിള്ള: അതിനെപ്പററിയുള്ള വിവരങ്ങൾ എൻെറ കൈവശമില്ല.

ശ്രീ. കെ. എ. ബാലൻ: ഈ കാളേജുകളിലെ ഫീസ് തുല്യമാക്കുന്നതിനുവേണ്ട ശുപാർശ ചെയ്യുന്നതിനു ഗവണ്മെൻറിനു് അധികാരമില്ലേ?

ശ്രീ. എ. താണുപിള്ള: അതിനിന്നു് അധികാരമുണ്ടോ എന്നുള്ള കാര്യം സംശയമാണ്. പക്ഷെ ഇക്കാര്യത്തെപ്പററി ഗവണ്മെൻറ കഴിയുന്നതു ചെയ്യും.

ശ്രീ. ജോസഫ് മുണ്ടശ്ശേരി: ഈ പ്രൈവററ കാളേജുകൾ സ്വകാര്യ വ്യവസായങ്ങളല്ലേ?

ശ്രീ. എ. താണുപിള്ള: പ്രൈവററ കാളേജുകൾ നിയമമനുസരിച്ചു യൂണിവേഴ്സിററിയുടെ നിയന്ത്രണത്തിനു വിധേയമായി പ്രൈവററ ഏജൻസികൾ നടത്തുന്നതാണ്.

ശ്രീ. എൻ. രാഘവക്കുറുപ്പ്: എല്ലാ പ്രൈവററ കാളേജുകളിലും ഗവണ്മെൻറ കാളേജുകളിലേക്കാളും ഫീസ് കൂടുതലാണെന്നു കാണുന്ന

സ്ഥിതിക്ക് ഗവണ്മെൻറ കാളേജിലെ നിരക്കനുസരിച്ച് പ്രൈവററ കാളേജുകളിലെ ഫീസ് കുറയ്ക്കുന്നതിനു വേണ്ട ഏർപ്പാടുകൾ ഗവണ്മെൻറ ചെയ്യുമോ?

ശ്രീ. എ. താണുപിള്ള: ഗവണ്മെൻറിനാൽ കഴിയുന്നതു ചെയ്യുമെന്നു ഞാൻ നേരത്തെ പറഞ്ഞുകഴിഞ്ഞു.

ശ്രീ. എൻ. നാരായണക്കുറുപ്പ്: പ്രൈവററ കാളേജുകൾ വ്യവസായശാലകളാണെന്നു ഗവണ്മെൻറ വിചാരിക്കുന്നുണ്ടോ?

ശ്രീ. എ. താണുപിള്ള: കാളേജുകൾ വ്യവസായശാലകളല്ലല്ലോ.

ശ്രീ. പി. കെ. യശോധരൻ: യൂണിവേഴ്സിററിയുടെ ഏതു നടപടിയും അനുവദിച്ചുകൊടുത്തു നടപ്പിലാക്കാനാണോ ഗവണ്മെൻറ ഉദ്ദേശിക്കുന്നതു്?

ശ്രീ. എ. താണുപിള്ള: നിയമമനുസരിച്ച് യൂണിവേഴ്സിററിക്ക് ചില അധികാരങ്ങളുണ്ട്. ഗവണ്മെൻറിനും ചില അധികാരങ്ങൾ ഉണ്ട്. അതുകൊണ്ട് യൂണിവേഴ്സിററി തോന്നുന്നതുപോലെ ചെയ്യാൻ ഗവണ്മെൻറ അനുവദിക്കുന്നതല്ല.

ശ്രീ. പി. കെ. യശോധരൻ: എങ്കിൽ ഇക്കാര്യത്തിൽ ഗവണ്മെൻറിൻെറ പ്രേരണ ചെലുത്തിക്കൂടേ?

ശ്രീ. എ. താണുപിള്ള: ഇക്കാര്യത്തിൽ ഗവണ്മെൻറ കഴിയുന്നതു ചെയ്യാമെന്നു പറഞ്ഞുകഴിഞ്ഞു. അതാണ് ഗവണ്മെൻറിൻെറ പ്രേരണ.

ശ്രീ. ചെങ്ങാരപ്പള്ളി പി. നാരായണൻപോററി: ഗവണ്മെൻറ കാളേജുകളിൽ പിരിക്കുന്ന ഫീസിനേക്കാൾ കൂടുതൽഫീസ് പിരിക്കാൻ പ്രൈവററകാളേജുകളെ സഹായിക്കുന്ന നിയമം വല്ലതുമുണ്ടോ?

ശ്രീ. എ. താണുപിള്ള: ഒരേ തരത്തിലുള്ള ഫീസ് വേണമെന്ന് നിയമമില്ല. പ്രൈവററ കാളേജുകാർ പറയുന്നതു് മാനേജുമെൻറ ചെലവുനോക്കുമ്പോൾ കൂടുതൽ ഫീസ് പിരിക്കേണ്ട ആവശ്യമുണ്ടെന്നാണ്. ഇക്കാര്യത്തെപ്പററി ഗവണ്മെൻറ അന്വേഷിച്ച് വേണ്ടതുചെയ്യാം.

ശ്രീ. ചെങ്ങാരപ്പള്ളി പി. നാരായണൻപോററി: ഓരോ കാളേജിലെയും ട്യൂഷൻ ഫീസ് ക്ലിപ്തമായി വയ്ക്കണമെന്ന് അനുശാസിക്കുന്ന നിയമം വല്ലതുമുണ്ടോ?

ശ്രീ. എ. താണുപിള്ള: അതിനു നോട്ടീസ് വേണം.

ശ്രീ. പി. ആർ. മാധവൻപിള്ള: പ്രൈവററ കാളേജുകളിൽ കൂടുതൽ ചെലവുണ്ടെന്നു പറയുന്നതു അവിടെയുള്ള പ്രൊഫസറന്മാർക്ക് കൂടുതൽ ശമ്പളം കൊടുക്കുന്നതുകൊണ്ടാണോ?

ശ്രീ. എ. താണുപിള്ള: അദ്ധ്യാപകന്മാരുടെ ശമ്പളം, ലൈബ്രറി, സ്കൂൾ കെട്ടിടം, ലാബറട്ടറിക്കുവേണ്ട സാമഗ്രികൾ, ഇങ്ങനെ പലതുമുണ്ട്.

ശ്രീ. അവിരാതരകൻ: പ്രൈവററ കാളേജുകളിലെ വരവിനങ്ങളെപ്പററി നോക്കാൻ ഗവണ്മെൻറിനു അധികാരമുണ്ടോ?

ശ്രീ. എ. താണുപിള്ള: അതു പരിശോധിച്ചേ പറയാൻ നിവൃത്തിയുള്ളൂ.

ശ്രീ. ജോസഫ് മുണ്ടശ്ശേരി: പ്രൈവററ കാളേജുകളിലെ അദ്ധ്യാപകന്മാക്കു് ശമ്പളം നിശ്ചയിക്കുന്നതു സംബന്ധിച്ചു് വല്ല നിർദ്ദേശവും യൂണിവേഴ്സിററിയിൽനിന്നും കൊടുത്തിട്ടുള്ളതായി അറിയാമോ?

ശ്രീ. എ. താണുപിള്ള: നോട്ടീസുകൂടാതെ അതു പറയുവാൻ നിവൃത്തിയില്ല.

ശ്രീ. പി. ഗോപാലൻ: പ്രൈവററ കാളേജുകൾക്കു് ഗവണ്മെൻറിൽനിന്നും ഗ്രാൻറ നൽകുന്നില്ലേ?

ശ്രീ. എ. താണുപിള്ള: ചില കാളേജുകൾക്കു് ഗ്രാൻറ നൽകുന്നുണ്ടു്.

ശ്രീ. പി. ഗോപാലൻ: ആ സ്ഥിതിക്കു് ഈ വക കാര്യങ്ങൾ നിയന്ത്രിക്കുന്നതിനുള്ള അധികാരം ഗവണ്മെൻറിനില്ലേ?

ശ്രീ. എ. താണുപിള്ള: ഗവണ്മെൻറിൻെറ അധികാരങ്ങളെപ്പററി ഞാൻ ഒന്നുരണ്ടു തവണ പറഞ്ഞുകഴിഞ്ഞു.

ശ്രീ. ടി. ഭാസ്കരപിള്ള: വിദ്യാത്ഥിസംഘടനകളിൽനിന്നും ഫീസു കുറയ്ക്കേണ്ടതിനെപ്പററി വല്ല നിവേദനവും കിട്ടിയിട്ടുണ്ടോ?

ശ്രീ. എ. താണുപിള്ള: നോട്ടീസ് വേണം.

ശ്രീ. പ്രാക്കുളം ഭാസി: പ്രൈവററ കാളേജു നടത്തുന്ന വ്യവസായം ഗവണ്മെൻറ ദേശീകരിക്കാൻ ഉദ്ദേശിക്കുന്നുണ്ടോ?

ശ്രീ. എ. താണുപിള്ള: അങ്ങനെ ഒരു ഉദ്ദേശം ഇപ്പോഴില്ല.

Employment Exchange.

*74. [4] **Shri A. A. D. Luiz :** Will the Chief Minister be pleased to state the exact number of Anglo-Indians provided with employment by the Employment Exchanges functioning in this State during the years 1950-1954?

Minister for Finance **(Shri P. S. Nataraja Pillai):** 34 Anglo-Indians were provided with employment.

Shri A. A. D Luiz : On a former occasion I got the answer that no Anglo-Indian was provided with employment till 1951. May I know the period during which these 34 candidates were provided with employment?

Shri P. S. Nataraja Pillai : These people were appointed after 1952.

റൈസ് മില്ലുകൾ.

*൭൬. [illegible] ശ്രീ. യു. നീലകണ്ഠൻ: താഴെ പറയുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) റൈസ്മില്ലുകൾ സ്ഥാപിച്ചിട്ടുള്ളതുകൊണ്ട് തൊഴിലില്ലാതായ ആളുകൾ എത്ര?

(ബി) തൊഴിലില്ലായ്മയുടെ രൂക്ഷതയെ പരിഗണിച്ച് റൈസ് മിൽ നിരോധിക്കാൻ സർക്കാർ നടപടി നടത്തുമോ?

മുഖ്യമന്ത്രി (ശ്രീ. എ. താണുപിള്ള):

(എ) ഇതുസംബന്ധിച്ച് സ്ഥിരമായ കണക്കുകൾ ഗവണ്മെന്റ് ശേഖരിച്ചിട്ടില്ല.

(ബി) ഈ സംഗതിയെപ്പറ്റി ആലോചിക്കാം.

ശ്രീ. യു. നീലകണ്ഠൻ: ഇതിനെപ്പറ്റി എൻക്വയറി നടത്താൻ ഒരു കമ്മിറ്റിയെ നിയമിച്ചിട്ടുണ്ടോ?

ശ്രീ. എ. താണുപിള്ള: നിയമിച്ചിട്ടുണ്ട്, ആ കമ്മിറ്റിയുടെ റിപ്പോർട്ടും വന്നിട്ടുണ്ട്.

ശ്രീ. യു. നീലകണ്ഠൻ: ആ റിപ്പോർട്ടനുസരിച്ച് ഗവണ്മെന്റ് എന്തു നടപടി നടത്തി?

ശ്രീ. എ. താണുപിള്ള: ആ റിപ്പോർട്ടിനെപ്പറ്റി ഗവണ്മെന്റ് ആലോചിക്കുകയാണ്.

ശ്രീ. റ്റി. ഒ. ബാവാ: റൈസ്മില്ല് നടത്തുന്നതിന് ഫീസ് അടച്ച് ലൈസൻസിനു അപേക്ഷിച്ചിട്ടുള്ള മിൽ ഉടമസ്ഥന്മാർക്കു ഫീസ് മടക്കിക്കൊടുക്കാതിരിക്കാൻ വല്ല പ്രത്യേക കാരണവുമുണ്ടോ?

ശ്രീ. എ. താണുപിള്ള: അതിനു നോട്ടീസു വേണം.

Rice Mills.

*76. [6] **Shri K. Sattanatha Karayalar**: Will the Chief Minister be pleased to state:

(*a*) the number of rice mills that are running in this State at present;

(*b*) the recommendations of the Rice Mills Enquiry Committee; and

(*c*) the number of persons employed in rice milling cottage industry in this State?

Chief Minister (**Shri A. Thanu Pillai**): (*a*) 236.

(*b*) A † statement containing the recommendations is placed on the table.

†Please see Appendix.

(*c*) No statistics are available with Government.

Shri K. Sattanatha Karayalar : Does the Government propose to start new rice mills in the Tamil speaking area?

ശ്രീ. എ. താണുപിള്ള: അതിനെപ്പറ്റി ആലോചിക്കാം.

Shri K. Sattanatha Karayalar : Have the Government received any representation from the Tamil speaking area regarding this matter ?

ശ്രീ. എ. താണുപിള്ള: അതിനു നോട്ടീസ്സു വേണം.

ശ്രീ. പി. വിശ്വംഭരൻ: ഈ വന്ന മില്ലുകൾ ഉള്ളതു ഓരോ ഡിസ്ട്രിക്ററിലും എത്രവീതമെന്നു പറയാമോ?

ശ്രീ. എ. താണുപിള്ള: അറിഞ്ഞുകൂടാ.

ശ്രീ. ജോസഫ് ചാഴിക്കാട്ട്: നെല്ല് കുത്തുന്നതിന് ആളുകളെ കിട്ടാൻ കോട്ടയം, മീനച്ചിൽ മുതലായ സ്ഥലങ്ങളിൽ വലിയ വിഷമമാണെന്നുള്ള വിവരം ഗവണ്മെൻറിനു അറിയാമോ?

ശ്രീ. എ. താണുപിള്ള: അറിഞ്ഞുകൂടാ.

Shri T. S. Ramaswami : Are the Government aware that it is South Travancore that is affected by this policy ?

ശ്രീ. എ. താണുപിള്ള: അതിനെപ്പറ്റി അന്വേഷിക്കാം.

Shri T. S. Ramaswami : May I know the main suggestion of the Enquiry Committee?

Shri A. Thanu Pillai : It is placed on the table.

ശ്രീ. ടി. ടി. കേശവൻശാസ്ത്രി: റൈസുമിൽ കമ്മിററി എന്തെങ്കിലും നിർദ്ദേശം നൽകിയിട്ടുണ്ടോ?

ശ്രീ. എ. താണുപിള്ള: ആ റിപ്പോർട്ട് ഗവണ്മെൻറിൻെറ പരിഗണനയിൽ ഇരിക്കുകയാണു്.

ശ്രീ. പി. കെ. യശോധരൻ: ഈ റൈസ്മില്ലുകൾ നടത്തുന്നതുകൊണ്ടു എന്തു പ്രത്യേക ഉദ്ദേശമാണു ഗവണ്മെൻറിനുള്ളതു്?

ശ്രീ. എ. താണുപിള്ള: പ്രത്യേക ഉദ്ദേശമൊന്നുമില്ല. റൈസ്മിൽ അനുവദിച്ചു കിട്ടണമെന്നു ചില പ്രത്യേക സ്ഥലങ്ങളിൽനിന്നും അപേക്ഷകൾ കിട്ടുമ്പോൾ ഗവണ്മെൻറ് അതു അനുവദിച്ചുകൊടുക്കുകയാണു ചെയ്യുന്നതു്. നെല്ലുകുത്തി എടുക്കുന്നതിനു കൂടുതൽ സൗകര്യവുമുണ്ടു്. തൊഴിൽപരമായി ഇതു ശരിയാണോ എന്നുള്ളകാര്യം ഗവണ്മെൻറിൻെറ പരിഗണനയിൽ ഇരിക്കുകയാണു്.

ശ്രീ. പി. കെ. യശോധരൻ: റൈസുമില്ലിനു അനുവാദംകൊടുക്കാൻ പാടില്ലെന്നു പല സ്ഥലങ്ങളിലെയും സാധുജനങ്ങൾക്കു അഭിപ്രായമുള്ളതായി അറിയാമോ?

ശ്രീ. എ. താണുപിള്ള: അങ്ങിനെയും അഭിപ്രായമുള്ളതായി അറിയാം.

Shri N. Raghava Kurup: May I know whether the Government have taken any steps to remove the restriction?

ശ്രീ. എ. താണുപിള്ള: ഹൈക്കോടതിയിൽ ഒരു വിധി ഉണ്ട്. ഈ പ്രശ്നം മുഴുവൻ ഗവണ്മെൻറ പരിഹരിക്കുന്നതാണ്.

Shri N. Raghava Kurup: My question is whether Government have taken any steps as yet to remove the restriction.

ശ്രീ. എ. താണുപിള്ള: അതിനെപ്പററി ആദ്യമായുണ്ടായ ഉത്തരവിനുശേഷം വേറെ ഉത്തരവു ഇതുവരെ ഉണ്ടായിട്ടില്ല. അതിനെപ്പററി ആലോചിക്കാം.

ശ്രീ. എൻ. നാരായണക്കുറുപ്പ്: തൊഴിലാളിപ്രേമികളായ ചില മെംബറന്മാർ റൈസ്മില്ലുകൾ അനുവദിക്കാൻ പാടില്ലാ എന്നു പ്രക്ഷോഭണം നടത്തിക്കൊണ്ടിരുന്ന കാലത്തും, തൊഴിലാളികൾക്കു കൂലി നെല്ലായിട്ടുതന്നെ ലഭിച്ചുകൊണ്ടിരുന്ന കാലത്തും ആ മെംബറന്മാരുടെ നെല്ല് മില്ലിലാണു കുത്തിച്ചുവന്നതെന്നറിയാമോ?

ശ്രീ. എ. താണുപിള്ള: അറിയാൻ പാടില്ല.

ശ്രീ. എം. പി. മേനോൻ: ഏതു ഗവണ്മെൻറാണു ഈ റൈസ് മില്ലുകൾക്കു അനുവാദം നൽകിയതു്?

ശ്രീ. എ. താണുപിള്ള: മുൻപിലത്തെ ഗവണ്മെൻറാണ്?

ശ്രീ. അവിരാത്തരകൻ: മുതലാളിപ്രേമികളായ ആളുകൾ കള്ളത്തരത്തിൽ റൈസ്മിൽ നടത്തി നെല്ലുകുത്തിക്കൊടുത്തുവന്നതായി ഗവണ്മെൻറിനറിയാമോ?

ശ്രീ. എൻ. ജി. ചാക്കോ: 'കള്ളത്തരം' എന്നവാക്ക് പാർലമെൻററിയാണോ?

ശ്രീ. അവിരാത്തരകൻ: 'സത്യവിരുദ്ധം' എന്നു തിരുത്താം.

ശ്രീ എ. താണുപിള്ള: സത്യവിരുദ്ധമായി പലതും നടക്കുന്നതുപോലെ ഇതും നടക്കുന്നുണ്ടായിരിക്കാം.

ശ്രീ. ടി. പി. സീതാരാമൻ: ഈ റൈസ്മിൽ ലൈസൻസുഫീസു മുഖേന ഗവണ്മെൻറിന് എത്ര രൂപ വരവുണ്ടെന്നു പറയാമോ?

ശ്രീ. എ. താണുപിള്ള: അതിനു നോട്ടീസുവേണം.

ശ്രീ. ടി. കെ. ബാവാ: എന്തുകൂലി കൊടുക്കാമെന്നു പറഞ്ഞാലും ദേഹാദ്ധ്വാനമുള്ള ഈ ജോലിചെയ്യാൻ വടക്കൻപ്രദേശങ്ങളിൽ ആളെ കിട്ടുന്നില്ലെന്നറിയാമോ?

ശ്രീ. എ. താണുപിള്ള: അതറിഞ്ഞുകൂടാ.

ശ്രീ. കളത്തിൽ വേലായുധൻനായർ: ഒരു പായിൻറ് ഓഫ് ഓർഡർ. സർ, ഉപചോദ്യങ്ങൾ ചോദിക്കുന്നതിനെ സംബന്ധിച്ച് ഇവിടെ ചില നിബന്ധനകളുണ്ട്. അതായത് ഒരു ഉപചോദ്യം ചോദിച്ച മെംബർ ചോദിച്ചുകഴിഞ്ഞ് സീററിൽ ഇരുന്നതിൽ പിന്നീട്, വേറെ പല മെംബറന്മാരും ഉപചോദ്യങ്ങൾ ചോദിച്ചതിനുശേഷം വീണ്ടും ആദ്യത്തെ ചോദ്യകർത്താവിന് ചോദ്യങ്ങൾ ചോദിക്കാൻ അവകാശംകൊടുക്കാൻ പാടില്ലെന്നു ഒരു റൂളിംഗ് ഇവിടെ ഉണ്ടായിട്ടുണ്ട്. ഇതിനെതിരായി ഇവിടെ ഒരു മെംബർതന്നെ പല ഉപചോദ്യങ്ങളും ചോദിക്കുന്നതുകണ്ടു. ഇതിനെപ്പററി ഒരു റൂളിംഗ് നൽകിയാൽകൊള്ളാം.

ശ്രീ. ചെങ്ങാരപ്പള്ളി പി. നാരായണൻ പോററി: അങ്ങനെ ഒരു നിയമം ലജിസ്ലേററിവ് അസംബ്ലി റൂൾസിലും, സ്റ്റാൻറിംഗ് ആർഡറിലും ഇല്ലെന്നു പത്തനാപുരം മെംബർക്കറിയാമോ?

ശ്രീ. കളത്തിൽ വേലായുധൻ നായർ: ഉണ്ടെന്ന് പത്തനാപുരം മെംബർക്കറിയാം. അമ്പലപ്പുഴ മെംബർ പുസ്തകങ്ങൾ എടുത്തുകൊണ്ടു പോയി വെറുതെ വച്ചിരുന്നാൽപോരാ, പുസ്തകം നോക്കി വായിച്ചു പഠിക്കണം. 'റൂളിംഗ്സ് ഫ്രം ദി ചെയർ' എന്ന പുസ്തകത്തിൻെറ 40-ാം പുറത്തുണ്ട്. വേണമെങ്കിൽ ഞാനതു വായിക്കാം.

ശ്രീ. ടി. വി തോമസ്സ്: സർ, ഒരു പായിൻറ് ഓഫ് ഓർഡർ. സ്ററാൻറിംഗ് ആർഡറിലും റൂൾസിലും ഇല്ലാ എന്നു പറഞ്ഞിട്ട്, 'റൂളിംഗ്സ് ഫ്രം ദി ചെയർ' വായിക്കാൻ തുടങ്ങുന്നതു ഒരു ബുദ്ധിവഞ്ചനയല്ലേ?

ശ്രീ. കളത്തിൽ വേലായുധൻ നായർ: സ്റ്റാൻറിംഗ് ആർഡറിൽ ഉണ്ടെന്നു ഞാൻ പറഞ്ഞില്ല. വഞ്ചിച്ചും, വഞ്ചിക്കപ്പെട്ടും, കാണുന്നതിലും കേൾക്കുന്നതിലുമെല്ലാം വഞ്ചനയുമായി കഴിയുന്ന ആളുകൾക്കു മററുള്ളവർ പറയുന്നതു ബുദ്ധിവഞ്ചനയായിട്ടുതോന്നും.

സർ, ആ ഭാഗം ഞാൻ ഇവിടെ വായിക്കാം.

On page 40 of the "Decisions from the Chair" it is stated thus:

> "I think it is needless for me to remind you that a convention has been established in this House during the time of my predecessor, under which a Member asking a question has the first right to put supplementary questions, if any, and other Members wishing to ask supplementary questions will get their turn only after the original interpellator has finished, provided, of course, that no Member has the right to put supplementary questions on the same question more than once."

Shri N. Raghava Kurup: Since there is already a ruling on that from the Chair, the present point of order raised by the hon. Member of Pathanapuram is a matter challenging the ruling given by the Chair during this Session of the Assembly. What I have to represent is that the proceedings with regard to the point of order has to be deleted from the proceedings of this House especially when it questions the previous ruling given by the present Speaker on the same point.

ശ്രീ. ചെങ്ങാരപ്പള്ളി പി. നാരായണൻ പോററി : സർ, ഞാൻ പറഞ്ഞതു് സപ്ലിമെൻററി ചോദ്യങ്ങൾ ചോദിക്കുന്നതിനെ സംബന്ധിച്ചു് നിലവിലുള്ള സ്റ്റാൻറിംഗ് ഓർഡറിൽ ബഹുമാനപ്പെട്ട കളത്തിൽ വേലായുധൻ നായർ പറയുന്നതുപോലെയുള്ള തടസ്സം ഇല്ലെന്നാണു്, സ്റ്റാൻറിംഗ് ഓർഡർ ൨൫-ാം വകുപ്പിൽ സപ്ലിമെൻററി ചോദ്യങ്ങളെ സംബന്ധിച്ചു പറയുന്നതു് ഇപ്രകാരമാണു്:

> " Any member may put a supplementary question for the purpose of further elucidating any matter of fact regarding which an answer has been given :
>
> Provided that the Speaker shall disallow any supplementary question, if in his opinion, it infringes the rules as to the subject matter of questions. "

ഈ റൂൾ അനുസരിച്ചാണു് അദ്ദേഹം ഉന്നയിച്ച പായിൻറ ഓഫ് ഓർഡറിനു മറുപടി പറയാൻ ഞാൻ നിർബന്ധിതനായതു്.

ശ്രീ. കെ. ബാലകൃഷ്ണൻ : സർ, സപ്ലിമെൻററി ചോദ്യങ്ങളെ സംബന്ധിച്ചു് ഇതിനു മുൻപു് ഇവിടെ ഒരു ചർച്ച നടന്നതാണു്. ചോദ്യം അയച്ച ആളിനു് ഉത്തരം ലഭിച്ചു കഴിഞ്ഞതിനുശേഷവും സപ്ലിമെൻററിയായി ചോദ്യങ്ങൾ ചോദിക്കുന്ന ഒരു സമ്പ്രദായം മുൻപിനാലെ ഉള്ളതാണു്. അതുപോലെതന്നെ ആ ചോദ്യത്തെ സംബന്ധിച്ചു് മററു മെമ്പറന്മാർക്കും ഒന്നോ അധികമോ ചോദ്യങ്ങൾ ചോദിക്കാനുള്ള സന്ദർഭം ഇതിനു മുൻപും നല്കിയിട്ടുണ്ടു്. അങ്ങനെ നല്കേണ്ടതാണെന്നാണു് എൻെറയും അഭിപ്രായം. കാരണം ഒരു ചോദ്യത്തെ സംബന്ധിച്ചു് ഉണ്ടാകുന്ന സപ്ലിമെൻററി ചോദ്യങ്ങൾ നിമിത്തം പല പുതിയ അറിവുകളും അംഗങ്ങൾക്കു് ലഭിക്കാൻ സാധിക്കുന്നു. അതുകൊണ്ടു് ചോദ്യം അയച്ചിട്ടുള്ള മെമ്പറിനോ അല്ലെങ്കിൽ മററു ബഹുമാനപ്പെട്ട മെമ്പറന്മാർക്കോ ഒന്നിലധികം പ്രാവശ്യം സപ്ലിമെൻററി ചോദ്യങ്ങൾ ചോദിക്കുവാനുള്ള അനുവാദം കൊടുക്കേണ്ടതാണു്.

Shri J. A. Bhat : Sir, generally these conventions are arrived at and carried out by the Assembly when difficulties arise. I submit before this Assembly that when a Member is allowed to put supplementary questions several times, it will rather become a discussion than actually ascertaining from the Government real information. So, Sir, I am of the opinion that such conventions may be imposed and followed by this House.

Mr. Speaker : I will just read out the Rule regarding this:

> " The hon. Speaker will call all starred questions for answer one after another in the order in which they appear in the list by calling the names of the hon. Members concerned. The Member so called will then rise in his place and put the question by reference to its number. He will then resume his seat. The hon. Minister concerned will then rise in his place and give the answer orally. Supplementary questions may then be put by any Member, the Member who put the original question having the first preference. "

ഈ റൂളിന്റെ വെളിച്ചത്തിലാണ് ഞാൻ നേരത്തെ പറഞ്ഞതുപോലെ ചോദ്യകർത്താവിന് സപ്ലിമെന്ററി ചോദ്യങ്ങളെ സംബന്ധിച്ചിടത്തോളവും മുൻഗണന ഉണ്ടായിരിക്കണമെന്ന് പറഞ്ഞിട്ടുള്ളത്. പക്ഷെ സപ്ലിമെന്ററി ചോദ്യം ചോദിക്കുന്നത് മുൻ ചോദ്യവുമായിട്ട് ബന്ധം ഉണ്ടായിരിക്കണമെന്നേയുള്ളു. സപ്ലിമെന്ററി ചോദ്യം ചോദിക്കുന്നതിനുള്ള മുൻഗണന ആദ്യമായി ചോദ്യകർത്താവിനു കൊടുക്കുകയും അതിനുശേഷം മറ്റു ബഹുമാനപ്പെട്ട മെമ്പറന്മാർക്ക് ചോദിക്കണമെന്നുണ്ടെങ്കിൽ അവർക്കും അനുവാദം കൊടുക്കുകയും ചെയ്യുന്നതാണ്. അതായത് ചോദ്യകർത്താവിനു ഉത്തരം ലഭിച്ചുകഴിഞ്ഞശേഷം സപ്ലിമെന്ററി ചോദ്യങ്ങൾ ചോദിക്കാം. ആ ചോദ്യത്തോടനുബന്ധിച്ച് ഏതെങ്കിലും ചോദിക്കാനുണ്ടെങ്കിൽ അവ മറ്റു ബഹുമാനപ്പെട്ട മെമ്പറന്മാർക്കും ചോദിക്കാവുന്നതാണ്.

Shri A. Kunjan Nadar : Sir, the question before the House is not whether a member who once had a chance to put a supplementary question will be given another chance but whether another Member can put more than one supplementary question.

<u>മി. സ്പീക്കർ :</u> അതാണ് ഞാൻ പറഞ്ഞത് സാധാരണ ഗതിയിൽ ചോദ്യകർത്താവിനല്ലാതെ മറ്റു ബഹുമാനപ്പെട്ട മെമ്പറന്മാർക്കും സപ്ലിമെന്ററി ചോദ്യം ചോദിക്കാൻ അവകാശമുണ്ടെന്ന്.

Shri N. Raghava Kurup : May I put my question, Sir?

Mr. Speaker : We will now pass on to Question No. 7.

Shri N. Raghava Kurup : I had put a question. When that question was before the House the point of order was raised.

Mr. Speaker : Then, your question can be answered.

Shri N. Raghava Kurup : Sir, I want to know whether there is no restriction imposed for conducting rice mills.

<u>ശ്രീ. എ. താണുപിള്ള :</u> റൈസ് മില്ലിനെ സംബന്ധിച്ചിടത്തോളവും ഹൈക്കോടതിയിൽനിന്നും ഒരു വിധിയുണ്ടായിരുന്ന സ്ഥിതിക്ക് അവയുടെ ലൈസൻസ് നിറുത്തലാക്കാൻ സാധിക്കാത്ത ഒരു പരിതഃസ്ഥിതിയാണ് ഇപ്പോഴുള്ളത്.

Handloom Weavers.

*77 [7] **Shri K. Sattanatha Karayalar** : Will the Chief Minister be pleased to state :

(*a*) the amount this Government has received from Central Government to give relief and loan to the handloom weavers; and

(*b*) the basis on which this Government intends to distribute the above sum to the weavers?

Minister for Finance (**Shri P. S. Nataraja Pillai**) : (*a*) The Central Government have sanctioned Rs. 9,73,000.

(*b*) The amount will be spent for the following schemes :

i. For the grant of loans for financing 10,000 weavers to the extent of 75 per cent. of their share money, the value of each share being Rs. 20, to enable them to be admitted in Co-operative Societies in the State: Rs. 1,50,000.

ii. For subsidising rebate allowed on retail sales of handloom cloth by Co-operative Societies to consumers at the rate of one anna and six pies in the rupee: Rs. 2,00,000.

iii. For subsidising the cost of 5000 fly shuttle looms to replace throw shuttle looms in Co-operative Societies: Rs. 1,25,000.

iv. For organisation of 20 marketing depots: Rs. 60,000.

v. For purchasing one mobile van: Rs. 33,000.

vi. For publicity and propaganda Rs. 5,000.

vii. For grant of loans for providing working capital to co-operative societies of weavers: Rs. 4,00,000.

ശ്രീ. ടി. പി. സീതാരാമൻ: ഇപ്പോൾ എത്ര മാർക്കററിംഗ് സൊസൈററിയുണ്ടെന്നും അവ എവിടെയെല്ലാമാണെന്നും പ്രസ്താവിക്കാമോ?

Shri P. S. Nataraja Pillai: Now there are only two marketing societies, one at Trichur and another at Trivandrum.

ശ്രീ. ടി. പി. സീതാരാമൻ: സെൻട്രൽ ഗവൺമെൻറിൽനിന്നു കിട്ടിയിട്ടുള്ള തുകകൾ എത്രത്തോളം ലോൺ കൊടുത്തിട്ടുണ്ടെന്നും അവ ആർക്കെല്ലാമാണ് കൊടുത്തിട്ടുള്ളതെന്നും പറയാമോ?

Shri P. S. Nataraja Pillai: Loans were granted, and grants were also made. But the figures regarding this are not available with me now.

ശ്രീ. പി. രവീന്ദ്രൻ: മദ്രാസിലെ മാർക്കററിംഗ് ഓർഗനൈസേഷൻ ആണോ ഈ തുക കൈകാര്യം ചെയ്യുന്നതു്?

Shri P. S. Nataraja Pillai: Yes, Sir.

പോലീസ് ഉദ്യോഗസ്ഥന്മാർക്കു് യൂണിഫാറം.

* ൧ വ്യ. [വ്യ] ശ്രീ. ടി. കെ. കൃഷ്ണൻ: താഴെ കാണുന്ന ചോദ്യത്തിനു് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

കൊച്ചി വിഭാഗത്തെ പോലീസ് ഉദ്യോഗസ്ഥന്മാർക്കു് സംയോജനത്തിനു മുമ്പ് പ്രതിവർഷം ലഭിച്ചുകൊണ്ടിരുന്ന രണ്ടു ജോഡി യൂണിഫാറം സംയോജനത്തിനു ശേഷം കാലാകാലത്തിൽ നൽകാറുണ്ടോ?

മുഖ്യമന്ത്രി (ശ്രീ. എ. താണുപിള്ള) :

തിരുവിതാംകൂർ-കൊച്ചി സംയോജനത്തിനുശേഷം പോലീസ് ഉദ്യോഗസ്ഥന്മാരുടെ യൂണിഫാറം നിറുത്തലാക്കി. പകരം അലവൻസ് ആണ് നൽകിക്കൊണ്ടിരിക്കുന്നത്.

ശ്രീ. ടി. കെ. കൃഷ്ണൻ : എല്ലാ ഉദ്യോഗസ്ഥന്മാരുടെയും യൂണിഫാറം നിറുത്തലാക്കിയിരിക്കയാണോ ?

ശ്രീ. എ. താണുപിള്ള : ഉദ്യോഗസ്ഥന്മാരുടെ എല്ലാം യൂണിഫാറം നിറുത്തലാക്കിയിരിക്കുകയാണ്.

ശ്രീ. ടി. കെ. കൃഷ്ണൻ : അതിനു പകരം ഉദ്യോഗസ്ഥന്മാർക്ക് അലവൻസുവകയിൽ എന്തു തുക വീതമാണു കൊടുക്കുന്നതെന്നു പറയാമോ ?

ശ്രീ. എ. താണുപിള്ള : പറയാം. ഐ. ജി.ക്ക് ... ക്ക് ൩൦൦ രൂപയും, സർക്കിൾ ഇൻസ്പെക്ടർക്ക് ൨൫ രൂപയും, സബ് ഇൻസ്പെക്ടർക്ക് ൧൦ രൂപയും ആണ് കൊടുക്കുന്നത്. എന്നാൽ കോൺസ്റ്റബിളിനും ഹെഡ് കാൺസ്റ്റബിളിനും യൂണിഫാറം തന്നെയാണ് കൊടുത്തുകൊണ്ടിരിക്കുന്നത്.

Shri T. K. Krishnan : The term police officer includes 'constable' also.

ശ്രീ. എ. താണുപിള്ള : ഹെഡ്കാൺസ്റ്റബിളിനും കാൺസ്റ്റബിളിനും യൂണിഫാറമാണ് അലവൻസിനു പകരം കൊടുക്കുന്നത്.

ശ്രീ. ടി. കെ. കൃഷ്ണൻ : ഹെഡ്കാൺസ്റ്റബിളും കാൺസ്റ്റബിളും പോലീസ് ഉദ്യോഗസ്ഥന്മാരല്ലയോ ?

ശ്രീ. എ. താണുപിള്ള : ഉദ്യോഗസ്ഥന്മാരെന്നു ഞാൻ പറഞ്ഞതു് അലവൻസ് വാങ്ങിക്കുന്ന ആളുകളെപ്പററിയാണ്. എന്നാൽ ബഹുമാനപ്പെട്ട മെമ്പർ പറയുന്ന ഉദ്യോഗസ്ഥന്മാരും പോലീസിലെ ഉദ്യോഗസ്ഥന്മാർ തന്നെയാണ്. പക്ഷെ അവർക്കു യൂണിഫാറമാണു കൊടുക്കുന്നത്.

ശ്രീ. ടി. കെ. കൃഷ്ണൻ : ഈ യൂണിഫാറം കൊടുക്കുന്നതു് ഗവണ്മെൻറിൽ നിന്നുമാണോ അതോ ഡിപ്പാർട്ടുമെൻറിൽനിന്നുമാണോ ?

ശ്രീ. എ. താണുപിള്ള : ഡിപ്പാർട്ടുമെൻറിൽ നിന്നാണ്.

ശ്രീ. ടി. കെ. കൃഷ്ണൻ : യൂണിഫാറം ശരിക്കു കിട്ടുന്നില്ലാ എന്നുള്ളതിനെപ്പററി പരാതികൾ ഉണ്ടായിട്ടുള്ളതായി അറിയാമോ ?

ശ്രീ. എ. താണുപിള്ള : അറിഞ്ഞുകൂടാ.

ശ്രീ. വി. ജെ. ജോസഫ് : ഇന്നു് പോലീസുകാർക്ക് കിട്ടിക്കൊണ്ടിരിക്കുന്ന വേതനം മതിയാകുന്നില്ലായെന്നുള്ള ബോദ്ധ്യം ഗവണ്മെൻറിനുണ്ടോ?

ശ്രീ. എ. താണുപിള്ള : ബോദ്ധ്യമുണ്ട്.

പോലീസ് കാൺസ്റ്റബിൾമാരുടെ ശമ്പളക്കൂടുതൽ.

* ൧൯. [൯] ശ്രീ. ടി. കെ. കൃഷ്ണൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) കൊച്ചി വിഭാഗത്തെ പോലീസ് കാൺസ്റ്റബിൾമാർക്കും ഹെഡ്കാൺസ്റ്റബിൾമാർക്കും ഇൻറഗ്രേഷനു മുമ്പു ലഭിച്ചിരുന്ന ശമ്പളക്കൂടുതൽ (ഇൻക്രിമെൻറ്) സംയോജനത്തിനുശേഷം നൽകിയിട്ടുണ്ടോ;

(ബി) ഇല്ലെങ്കിൽ എന്തുകൊണ്ട്?

മുഖ്യമന്ത്രി (ശ്രീ. എ. താണുപിള്ള): (എ) ഇല്ല.

(ബി) ഡിപ്പാർട്ടുമെൻറിൻെറ പുനഃസംഘടനയോടുകൂടി തിരുവിതാംകൂർ വിഭാഗത്തിലെയും കൊച്ചി വിഭാഗത്തിലെയും കാൺസ്റ്റബിളിൻെറയും ഹെഡ്കാൺസ്റ്റബിളിൻെറയും ശമ്പളം ഏകീകരിച്ചിരിക്കയാണ്.

ശ്രീ. ടി. കെ. കൃഷ്ണൻ: കൊച്ചി വിഭാഗത്തിലുള്ളവക്ക് എന്താണ് ഇപ്പോഴത്തെ ശമ്പളക്രമമെന്നു പറയുമോ?

ശ്രീ. എ. താണുപിള്ള: സംയോജനത്തിനു മുൻപു കൊച്ചി വിഭാഗത്തിലുള്ള കാൺസ്റ്റബിളിനു ൨൫ മുതൽ ൩൫ രൂപ വരെയും ഹെഡ്കാൺസ്റ്റബിളിന് ൪൦ മുതൽ ൫൦ രൂപ വരെയും ആയിരുന്നു ശമ്പളം. അതിനുശേഷം അതായത് സംയോജനം കഴിഞ്ഞതോടുകൂടി കാൺസ്റ്റബിൾമാരെ നാലുക്ലാസായി തരം തിരിച്ചു. എങ്ങിനെയെന്നാൽ, ൨൫ രൂപ, ൨൮ രൂപ, ൩൨ രൂപ, ൩൫ രൂപ ഈ രീതിയിൽ ശമ്പളം നിശ്ചയിക്കുകയും അതുപോലെ ഹെഡ്കാൺസ്റ്റബിൾ ൪൦ രൂപ, ൪൫ രൂപ, ൫൦ രൂപ ഇങ്ങനെ മൂന്നു ക്ലാസ്സായി തരംതിരിച്ച് ശമ്പളം നിശ്ചയിക്കുകയും ചെയ്തിരിക്കുകയാണ്.

ശ്രീ. ടി. കെ. കൃഷ്ണൻ: ശമ്പളത്തിൽ ഇങ്ങനെയൊരു ഏകീകരണം വരുത്തിയതുകൊണ്ട് കൊച്ചിവിഭാഗത്തിൽപ്പെട്ടവക്ക് മുൻപിലത്തെതിനെക്കാൾ ഇപ്പോൾ കിട്ടുന്നതു കുറവാണെന്നറിയാമോ?

ശ്രീ. എ. താണുപിള്ള: കുറെ ആളുകൾക്ക് കുറവാണെങ്കിൽ മററു കുറെ ആളുകൾക്ക കൂടുതലായിരിക്കും.

പോലീസ് ആൻറികറപ്ഷൻ ബ്രാഞ്ച്.

* ൮൦. [൭൦] ശ്രീ. ടി. കെ. കൃഷ്ണൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) പോലീസ് ഡിപ്പാർട്ടുമെൻറിൻെറ കീഴിൽ രൂപീകരിച്ചിട്ടുള്ള ആൻറികറപ്ഷൻ ബ്രാഞ്ചിൽ കൊച്ചി വിഭാഗത്തിലെ സബ് ഇൻസ്പെക്ടറന്മാർ, സർക്കിൾ ഇൻസ്പെക്ടറന്മാർ എന്നിവരെക്കാൾ കുറഞ്ഞ സർവ്വീസുള്ള ഉദ്യോഗസ്ഥന്മാരെ തിരുവിതാംകൂർ വിഭാഗത്തുനിന്നു ആ സ്ഥാനങ്ങളിലേക്ക് നിയമിച്ചിട്ടുണ്ടോ:

(ബി) അങ്ങനെ നിയമിക്കാൻ കാരണമെന്തു്?

മുഖ്യമന്ത്രി (ശ്രീ. എ. താണുപിള്ള): (എ) ആൻറികറപ്ഷൻ ബ്രാഞ്ചിലേക്കു് സബ്ഇൻസ്പെക്ടരെയോ സർക്കിൾ ഇൻസ്പെക്ടരെയോ പുതിയതായി നിയമിച്ചിട്ടില്ല.

(ബി) ഈ ബ്രാഞ്ചിലേക്കു് അയച്ചിട്ടുള്ള സബ്ഇൻസ്പെക്ടരും സർക്കിൾ ഇൻസ്പെക്ടരും പോലീസ് ഡിപ്പാർട്ടുമെൻറു് മേധാവിയാൽ തെരഞ്ഞെടുക്കപ്പെട്ട ആളുകളാണു്. അതു് സീനിയാറിട്ടിയെ പരിഗണിച്ചുള്ള ഒന്നല്ല.

ശ്രീ. ടി. കെ. കൃഷ്ണൻ: ഒരു ഡിപ്പാർട്ടുമെൻറിൽ നിന്നും മറ്റൊരു ജോലിക്കു് ആളുകളെ എടുക്കുന്നതായാൽ സീനിയാറിട്ടി അനുസരിച്ചല്ലേ എടുക്കാറുള്ളതു്?

ശ്രീ. എ. താണുപിള്ള: ഈ ജോലിക്കു് എടുക്കുന്നതു് സീനിയാറിട്ടിയെ മാത്രം പരിഗണിച്ചല്ല. പരിചയവും സാമർത്ഥ്യവുമുള്ള വ്യക്തികളെ തെരഞ്ഞെടുത്തയയ്ക്കുകയാണു് ഈ ജോലിയെസംബന്ധിച്ചിടത്തോളം ചെയ്യാറുള്ളതു്.

ശ്രീ. കെ. കരുണാകരൻ: ഈ ജോലിയിൽ പ്രമോഷൻ കൊടുക്കുന്നതിൽ സ്വീകരിച്ചിട്ടുള്ള മാനദണ്ഡം എന്താണു്?

ശ്രീ. എ. താണുപിള്ള: ഇതു പ്രമോഷനല്ല. പരിചയമുള്ള ആളുകളെ തെരഞ്ഞെടുത്തു് അയച്ചുവെന്നു മാത്രമേയുള്ളു.

ശ്രീ. കെ. കരുണാകരൻ: സ്പെഷ്യൽ ബ്രാഞ്ചിലേയ്ക്കു് മാററം ചെയ്യപ്പെട്ടിട്ടുള്ളതായ സ്ഥാനങ്ങൾ ഫില്ലപ്പു് ചെയ്യുവാൻ ഗവണ്മെൻറു് ഉദ്ദേശിക്കുന്നുണ്ടോ?

ശ്രീ. എ. താണുപിള്ള: നോട്ടീസു് വേണം.

ശ്രീ. എ. കുഞ്ഞൻ നാടാർ: ആൻറി കറപ്ഷൻ ബ്രാഞ്ചു് ആരുടെ കീഴിലാണു് സ്ഥിതി ചെയ്യുന്നതു്?

ശ്രീ. എ. താണുപിള്ള: അതു് പോലീസ് ഡിപ്പാർട്ടുമെൻറിന്റെ കീഴിലാണു്.

ശ്രീ. എ. കുഞ്ഞൻ നാടാർ: പോലീസു ഡിപ്പാർട്ടുമെൻറിലുള്ളവരുടെ കറപ്ഷൻ കണ്ടുപിടിക്കുന്നതാരാണു്?

ശ്രീ. എ. താണുപിള്ള: പോലീസു് ഡിപ്പാർട്ടുമെൻറിലുള്ള കറപ്ഷൻ ഈ ബ്രാഞ്ചിലുള്ളവർ കണ്ടുപിടിക്കും.

ശ്രീ. എ. കുഞ്ഞൻ നാടാർ: പോലീസു് ഡിപ്പാർട്ടുമെൻറിലെ എ. എസ്. പി., ഡി. എസ്. പി. മുതലായ ഉയന്ന ഉദ്യോഗസ്ഥന്മാരുടെ കറപ്ഷൻ കണ്ടുപിടിക്കുന്നതിനു് ഇവക്കു് സാധിക്കുമോ?

ശ്രീ. എ. താണുപിള്ള: അവക്കു് അതിനെപ്പററി റിപ്പോർട്ടു ചെയ്യാം.

ശ്രീ. എ. കുഞ്ഞൻ നാടാർ: ഒരു ഡിപ്പാർട്ടുമെൻറിൻെറ കീഴിൽ പ്രവർത്തിക്കുന്ന ഈ ബ്രാഞ്ചിന് അതിലെ ഉയർന്ന ഉദ്യോഗസ്ഥന്മാരുടെ കറപ്ഷനെപ്പററി റിപ്പോർട്ടു ചെയ്യാൻ സാധിക്കുമോ?

ശ്രീ. എ. താണുപിള്ള: മററു ഡിപ്പാർട്ടുമെൻറുകളുടെ അധീനതയിൽ അല്ലാത്ത വളരെ അധികാരമുള്ള ഒരു ഏജൻസിയെയാണ് ഗവണ്മെൻറ് ഇതിലേക്ക് നിയമിക്കുവാൻ പോകുന്നതു്. അതു് രാജപ്രമുഖൻെറ പ്രസംഗത്തിൽതന്നെ പറഞ്ഞിട്ടുണ്ട്.

ശ്രീ. ഇടിക്കുള ഇടിക്കുള: ഈ ആൻറി കറപ്ഷൻ ബ്രാഞ്ച് ഇപ്പോഴും അതിൻെറ പ്രവർത്തനം ശരിക്കു് നടത്തുന്നുണ്ടോ?

ശ്രീ. എ. താണുപിള്ള: ഇന്നത്തെ വ്യവസ്ഥ അനുസരിച്ച് അവർ പ്രവർത്തനം നടത്തുന്നുണ്ട്.

ശ്രീ. അബ്ദുൽഖാദർ: ഈ ഡിപ്പാർട്ടുമെൻറിൻെറ പ്രവർത്തനഫലമായി ആരെയെങ്കിലും ശിക്ഷിച്ചിട്ടുണ്ടോ?

ശ്രീ. എ. താണുപിള്ള: ഇതു് സ്റ്റാഫിനെപ്പററിയുള്ള ഒരു ചോദ്യമാണ്. അതുകൊണ്ടു് ആ വിവരങ്ങളൊന്നും ഇപ്പോൾ എൻെറ കൈവശമില്ല.

Shri A. A. D. Luiz: May I know the number of cases detected by the Anti-Corruption department?

Shri A. Thanu Pillai: That is a different question.

കൈത്തറിനെയ്ത്ത്.

* വ്യ ഫ. [ഫ ഫ] ശ്രീ. പി. കുഞ്ഞൻ: താഴെ കാണുന്ന ചോദ്യത്തിന് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

കൈത്തറിനെയ്ത്ത് പരിപോഷിപ്പിക്കുന്നതിനും തൊഴിലില്ലായ്മ പരിഹരിക്കുന്നതിനും ഗവണ്മെൻറ് ജീവനക്കാർ കൈത്തറിനെയ്ത്തു തുണിത്തരങ്ങൾ ഉപയോഗിക്കുന്നതിന് ഗവണ്മെൻറ് പ്രത്യേകം നിർദ്ദേശം നൽകുമോ?

ധനകാര്യവകുപ്പുമന്ത്രി (ശ്രീ. പി. എസ്. നടരാജപിള്ള): ഗവണ്മെൻറ ജീവനക്കാർ കഴിയുന്നതും കൈത്തറിനെയ്ത്തു വസ്ത്രങ്ങൾ ഉപയോഗിക്കണമെന്ന് ഒരഭ്യർത്ഥന ഗവണ്മെൻറ പുറപ്പെടുവിച്ചിട്ടുണ്ട്.

ശ്രീ. പി. കുഞ്ഞൻ: ഗവണ്മെൻറ സർവ്വൻറ്സ് ഖദർ ഉപയോഗിക്കണമെന്ന് വല്ല നിർദ്ദേശവും കൊടുത്തിട്ടുണ്ടോ?

ശ്രീ. പി. എസ്. നടരാജപിള്ള: സ്വദേശി നെയ്ത്തു വസ്ത്രങ്ങൾ, കൈത്തറി നെയ്ത്തു വസ്ത്രങ്ങൾ എന്നിവ കഴിയുന്നതും ഉപയോഗിക്കണമെന്ന് പറഞ്ഞിട്ടുണ്ട്.

ശ്രീ. കെ. എം. ചാക്കോ: കൈത്തറിത്തുണികൾ ഉപയോഗിക്കണമെന്ന അഭ്യർത്ഥന പുറപ്പെടുവിച്ചതിന്റെ ഫലമായി വല്ല ഫലവും ഉണ്ടായിട്ടുണ്ടോ?

ശ്രീ. പി. എസ്. നടരാജപിള്ള: അതിനെപ്പററിയുള്ള വിവരം ശേഖരിക്കാവുന്നതാണ്.

ശ്രീ. ടി. പി. സീതാരാമൻ: ഈ ഗവണ്മെൻറിൽനിന്ന് സെൻട്രൽ ഗവണ്മെൻറിലേക്ക മേത്തരം കൈത്തറി തുണിത്തരങ്ങൾ ഉണ്ടാക്കുന്ന വ്യവസായത്തെ പോഷിപ്പിക്കണമെന്ന് വല്ല നിവേദനവും നൽകിയിട്ടുണ്ടോ?

Shri P. S. Nataraja Pillai: At present I am not able to say whether there is any specific recommendation of the kind as pointed out by the hon. Member. However, concession has been granted to handloom cloth trade.

കൈത്തറിവ്യവസായത്തിന സഹായധനം.

* ൮൮. [൧൨] ശ്രീ. പി. കുഞ്ഞൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) സെസ്സ പദ്ധതി അനുസരിച്ച ഒരു തറിക്ക ൪൦ രൂപാ കൈത്തറി വ്യവസായപോഷണാർത്ഥം സഹായധനം നൽകുന്നതാണെന്നുള്ള ഒരു തീരുമാനം ഗവണ്മെൻറ കൈക്കൊണ്ടിട്ടുണ്ടോ;

(ബി) ഉണ്ടെങ്കിൽ ആ പദ്ധതി അനുസരിച്ച എത്ര തറികൾക്ക ഗ്രാൻറ നൽകി; എന്തു ചെലവായി;

(സി) ഈ സഹായം നൽകുന്നതിന ഇതുവരെ സാധിച്ചില്ലെങ്കിൽ അതിനുള്ള കാരണമെന്ത്?

ധനകാര്യവകുപ്പു മന്ത്രി (ശ്രീ. പി. എസ്. നടരാജപിള്ള):

(എ) ഉണ്ട്. നെയ്ത്തുതൊഴിലാളികളുടെ ഉൽപ്പാദന—വില്പന സഹകരണസംഘത്തിൽ പുതുതായി ചേരുന്ന ഓരോ അംഗത്തിന പലിശക്കൂടാതെ ൪൦ രൂപാവീതം വായ്പയായി നൽകുന്നതാണ്.

(ബി) രണ്ടു സൊസൈററികൾക്ക് വർക്കിംഗ് ക്യാപിററൽ ആയിട്ട് ൫൮൮൦ രൂപാ അനുവദിച്ചിട്ടുണ്ട്. ആ തുക വിതരണം ചെയ്യുന്നതിനുള്ള ഏർപ്പാടുകൾ ചെയ്തുവരുന്നുണ്ട്.

(സി) ഇൻഡ്യാ ഗവണ്മെൻറ് ഈ സാമ്പത്തികവർഷത്തിന്റെ സെക്കൻറ് ഹാഫിൽ മാത്രമെ ഈ തുക അനുവദിച്ചുള്ളു. ഈ കാരണത്താലും ഇവിടത്തെ നിയമസഭ പിരിച്ചുവിട്ടതുമൂലമുള്ളവായ നിയമപരമായ വൈഷമ്യംമൂലവുമാണ് ഈ തുക വിതരണംചെയ്യാൻ താമസം നേരിട്ടത്. ഏതായാലും ഈ പദ്ധതി ൧൨-൧-൧൯൫൪ മുതൽ അഖിലേൻഡ്യാ ഹാൻഡ്ലൂം ബോർഡിന്റെ ഒരു സബ് കമ്മിററിയുടെ സഹായത്തോടുകൂടി മദ്രാസിലെ സെൻട്രൽ മാർക്കററിംഗ് ആർഗനൈസേഷൻ നടപ്പിലാക്കിവരികയാണ്.

ശ്രീ. പി. കുഞ്ഞൻ: ഈ തുക ചെലവാക്കുന്നതിനു് ഒരു കമ്മിററി ഗവൺമെൻറ നിയമിച്ചിട്ടുണ്ടോ?

ശ്രീ. പി. എസ്. നടരാജപിള്ള: സെൻട്രൽ ആർഗനൈസേഷന്റെ കീഴിൽ ഒരു കമ്മിററി ഉണ്ടു്.

ശ്രീ. പി. കുഞ്ഞൻ: ഈ തുക ലഭിച്ചിട്ടു് എത്രനാളായിട്ടുണ്ടു്?

ശ്രീ. പി. എസ്. നടരാജപിള്ള: ഈ സാമ്പത്തികവർഷത്തിന്റെ second half-ലാണു് എന്നു ഞാൻ പറഞ്ഞു.

ശ്രീ. എം. ഭാസ്കരൻനായർ: ഈ തുക ചെലവാക്കുന്നതിനു് അനൌദ്യോഗസ്ഥമെംബറന്മാർ ഉൾപ്പെടെ ഒരു കമ്മററിയെ നിയമിക്കാമോ?

ശ്രീ. പി. എസ്. നടരാജപിള്ള: അതിനെപ്പററി ആലോചിക്കാം.

ശ്രീ. ജെ. എ. ഭട്ടു്: കൈത്തറി വ്യവസായത്തിൽ ഒരു സ്റ്റാൻഡർഡൈസേഷൻ പദ്ധതി ഉണ്ടാക്കുവാൻ ഗവൺമെൻറു് ഉദ്ദേശിക്കുന്നുണ്ടോ?

ശ്രീ. പി. എസ്. നടരാജപിള്ള: അതു് ഗവൺമെൻറിന്റെ ആലോചനയിലുണ്ടു്. കോവാപ്പറേറ്റീവു് സൊസൈററീസിന്റെ കീഴിൽത്തന്നെ സ്റ്റാൻഡാർഡൈസേഷൻ പദ്ധതി നടപ്പിലാക്കുവാൻ ഉദ്ദേശിക്കുന്നുണ്ടു്.

ശ്രീ. എ. എ. റഹീം: ഈ സഹായധനം കൊടുത്തിട്ടുള്ളതിൽ ആരെല്ലാം ഉൾപ്പെട്ടിട്ടുണ്ടെന്നു പറയാമോ?

Shri P. S. Nataraja Pillai : I regret the information regarding it is not available with me.

ശ്രീ. ടി പി. സീതാരാമൻ: കൈത്തറികൾക്കു് കൊടുക്കുന്ന നൂൽ അവക്കു് ഓരോരുത്തക്കായി നേരിട്ടുകൊടുക്കാതെ അതു് മാക്കററിംഗ-സൊസൈററികളെ എൻകറേജ് ചെയ്യുവാനായി ആ രണ്ടു സൊസൈററികൾക്കുമാത്രം കൊടുക്കുവാൻ ദയവുണ്ടാകുമോ?

Shri P. S. Nataraja Pillai : Yarn is not a fully controlled commodity as at present understood. It is being sold directly by the producers.

ശ്രീ. ടി. പി. സീതാരാമൻ: ഈ സ്റ്റേററിലേക്കു ആവശ്യമുള്ള നൂൽ സൂക്ഷിച്ചുവയ്ക്കുവാൻ ഈ ഗവൺമെൻറിനു് അധികാരമില്ലേ?

Shri P. S. Nataraja Pillai : I cannot give a definite answer to it now.

Firewood.

*83. [13] **Shri T. P. Sitaraman :** Will the Chief Minister be pleased to state :

The quantity of firewood exported outside the Travancore-Cochin State in 1951, 1952 and 1953 ?

Minister for Finance **(Shri P. S. Nataraja Pillai) :** Export licenses for the export of the under-noted quantity of firewood were issued from the Forest Department—1951-8111 tons; 1952-9866 tons; 1953-3442 tons.

ശ്രീ. ടി. പി. സീതാരാമൻ : ഈ തലസ്ഥാനനഗരിയായ തിരുവനന്തപുരത്തുപോലും വിറകു് ന്യായമായ വിലയ്ക്കു് വേണ്ടുവോളം കിട്ടുന്നില്ലെന്നു് ഗവൺമെന്റിനു് അറിയാമോ ?

Shri P. S. Nataraja Pillai : I do not think the position is as depicted by the hon. Memher.

ശ്രീ. ടി. പി. സീതാരാമൻ : മിതമായ വിലയ്ക്കു് ഇവിടെ കിട്ടുന്നില്ലെന്നു് അറിയാമോ ? അതുകൊണ്ടു് വിറകിന്റെ എക്സ്പോർട്ടു് ബാൻ ചെയ്യാമോ ?

Shri P. S. Nataraja Pillai : That question will be examined.

ശ്രീ. ടി. പി. സീതാരാമൻ : എന്റെ നിയോജകമണ്ഡലത്തിൽപെട്ട ഓട്ടുകമ്പനികളിൽ വിറകില്ലാത്തതുകൊണ്ടു് പണി മുടക്കേണ്ടിവരുന്നതായും അതുമൂലം തൊഴിലാളികൾക്കു് വേണ്ടുവോളം ജോലികിട്ടുവാൻ വിഷമമുള്ളതായും ഗവൺമെന്റിനു് വല്ല നിവേദനവും കിട്ടിയിട്ടുണ്ടോ ?

Shri P. S. Nataraja Pillai : Government have ordered that fuel coupes may be sold in auction with the stipulation that firewood should be sold by the Contractor in the towns specifed at the price fixed by the department. My information is that it is being adhered to.

ശ്രീ. ടി. കെ. കൃഷ്ണൻ : വിറകു് എക്സ്പോർട്ടു് ചെയ്യുന്നതു് ഗവൺമെന്റിൽനിന്നു് നേരിട്ടോ ഏജൻസി വഴിക്കോ ?

Shri P. S. Nataraja Pillai : Through Contractors.

ശ്രീ. അബ്ദുൽഖാദർ : വിറകിന്റെ എക്സ്പോർട്ടുമുഖാന്തിരം എത്ര രൂപാ ഗവൺമെന്റിനു് കൊല്ലത്തിൽ ലാഭംകിട്ടും എന്നു പറയാമോ ?

Shri P. S. Nataraja Pillai : I claim notice.

Revenue from Motor Vehicles.

*84. [14] **Shri T. P. Sitaraman :** Will the Chief Minister be pleased to state :

(*a*) the revenue from the motor vehicles in 1948 in Cochin and Travancore ; and

(*b*) the revenue from the motor vehicles in 1952 and 1953 in our State ?

Minister for Works and Transport (Shri A. Achuthan) :

(*a*) In the year 1123 *i. e.* 1947 to 48—Rs. 26,25,493-0-4;
,, 1124 1948 to 49—Rs. 28,39,654-7-6;

(*b*) In 1951-52—Rs. 69,32,988- 5-1;
52-53—Rs. 73,21,383-12-8.

ശ്രീ. ടി. പി. സീതാരാമൻ : ഇത്രയധികം സംഖ്യ മോട്ടോർ വെഹിക്കിൾസിൽ നിന്നു് ഈ രാജ്യത്തിലേക്കു് വരുമാനമുണ്ടായിട്ടും മോട്ടോർ ബസ്സുകൾ ഓടുന്ന ഉൾനാടുകളിലെ റോഡുകൾ വളരെ മോശസ്ഥിതിയിലാണെന്നു ഗവണ്മെൻറിനറിയാമോ ?

ശ്രീ. എ. അച്ചുതൻ : ഉൾനാടുകളിലെ പല റോഡുകളുടേയും സ്ഥിതി മോശമാണ്.

ശ്രീ. ടി. പി. സീതാരാമൻ : ഈ സംഖ്യയിൽനിന്നു ഒരു റോഡുഫണ്ട് ഉണ്ടാക്കുവാൻ ഗവണ്മെൻറിനു ഭാവമുണ്ടാകുമോ ?

ശ്രീ. എ. അച്ചുതൻ : അതു് ഒരു അഭിപ്രായമാണ്. അതിനെപ്പറ്റി ആലോചിക്കാവുന്നതാണ്.

ശ്രീ ജോസഫ് ചാഴിക്കാട്ട് : തേഡ് പാർട്ടി ഇൻഷ്വറൻസ് എന്നു പറഞ്ഞു് വലിയൊരു സംഖ്യ മോട്ടോർ വെഹിക്കിൾസിൽനിന്നു ഈടാക്കിവരുന്നുണ്ടല്ലോ. ആ ഇനത്തിൽ എത്ര തുകയുണ്ടായിരിക്കുമെന്നു പറയാമോ ?

ശ്രീ. എ. അച്ചുതൻ : അതു ഇൻഷ്വറൻസ് അക്കൌണ്ടിൽ പെട്ടതാണ്. അതിനു പ്രത്യേകം ഒരു ചോദ്യം ചോദിച്ചാൽ മറുപടി പറയാം.

ശ്രീ. സി. എ. മാത്യു : മോട്ടോർവാഹനങ്ങളുടെ നികുതിനിരക്ക് വളരെ കൂടുതലാണെന്നു് ഗവണ്മെൻറിന് അറിയാമോ ?

ശ്രീ. എ. അച്ചുതൻ : കൂടുതലാണെന്നു് ബോദ്ധ്യമില്ല.

ശ്രീ. സി. എ. മാത്യു : അതിനെക്കുറിച്ചു് പല പരാതിയും ഗവണ്മെൻറിനു് ലഭിച്ചിട്ടുണ്ടോ ?

ശ്രീ. എ. അച്ചുതൻ : നിവേദനം കിട്ടിക്കാണും.

ശ്രീ. കെ. എം. ചാക്കോ : ഇപ്പോൾ നിലവിലിരിക്കുന്ന നികുതിനിരക്ക് കുറച്ചുകൊടുക്കുന്നതിനു് ഗവണ്മെൻറ് ഉദ്ദേശിക്കുന്നുണ്ടോ ?

ശ്രീ. എ. അച്ചുതൻ : അങ്ങനെ ഇപ്പോൾ ഒരു ആലോചന ഇല്ല.

ശ്രീ. പി. കെ. യശോധരൻ : ൧൧൨൩—൨൪-ൽ പ്രൈവറ്റ് ബസ്സുകളിൽനിന്നു് ടാക്സ് വകയിൽ കിട്ടാവുന്ന സംഖ്യയെല്ലാം കിട്ടിയിട്ടുണ്ടോ?

ശ്രീ. എ. അച്ചുതൻ : നോട്ടീസു വേണം.

ശ്രീ. എ. എ. റഹീം: റോഡ് ഡെവലപ്പ്മെൻറ ഫണ്ട് ഉണ്ടാക്കുന്നതിനെപ്പററി ആലോചിക്കാമെന്നു പറഞ്ഞു. അങ്ങിനെ ഒരു ഫണ്ട് ഇപ്പോഴും നിലവിലില്ലേ ?

ശ്രീ. എ. അച്യുതൻ: അങ്ങിനെ ഒരു ഫണ്ടുണ്ട്.

ശ്രീ. എ. കുഞ്ഞൻനാടാർ: മോട്ടോർ വാഹനങ്ങളുടെമേൽ ചുമത്തിയിരിക്കുന്ന ടാക്സ് കൂടുതലായതുകൊണ്ട് പ്രൈവററ് ബസ്സ് ഉടമസ്ഥന്മാർ അവരുടെ ബിസിനസ്സ് നിറുത്തിവയ്ക്കുവാൻ ഇടയായതു് അറിയാമോ ?

ശ്രീ. എ. അച്യുതൻ: അറിഞ്ഞുകൂടാ

Written Answers.

Geological Survey.

*85. [16] **Shri N. Chandrasekharan Nair**: Will the Chief Minister be pleased to state:

(*a*) whether Government are aware of the existence of lead diamonds and other valuable minerals in certain areas of Nedumangad and Kottarakara Taluks; and

(*b*) whether any survey has been conducted in these areas to explore the possibility of developing these on commercial lines?

Minister for Finance (**Shri P. S. Nataraja Pillai**):

(*a*) No lead and diamonds occur. But graphite and china, clay are seen sporadically; and

(*b*) A survey has already been taken on hand by the Geological Survey of India on this Government's request.

General Elections.

*86. [26] **Shri M. A. Antony**: Will the Chief Minister be pleased to state the total expenses the Government have incurred for the conduct of general elections held in last month?

Chief Minister (**Shri A. Thanu Pillai**): The expenditure in respect of the various items in connection with the general elections in 1954 has not been finalised so far. A total expenditure of Rs. 7,93,223-15-0 has been incurred till date and this amount includes advances given for which the accounts are yet to be finalised. Further expenditures are also expected to be incurred in respect of some of the items. The total expenditure is expected to be about Rs. 10 lakhs.

തിരുവിതാംകൂർ-കൊച്ചിയിലെ വിദേശികൾ.

✻ ൮൭. [൨൭] ശ്രീ. ടി. ഭാസ്കരൻപിള്ള : താഴെ കാണുന്ന ചോദ്യത്തിനു മുഖ്യമന്ത്രി സദയം മറുപടി നൽകുമോ :

തിരുവിതാംകൂർ-കൊച്ചി സംസ്ഥാനത്തു് ഇപ്പോൾ ഇൻഡ്യൻപൗരന്മാരല്ലാത്ത എത്രപേരുണ്ടെന്നും അവർ എന്തിനായി ഇവിടെ താമസിക്കുന്നതെന്നും വ്യക്തമാക്കുമോ ?

മുഖ്യമന്ത്രി (ശ്രീ. എ. താണുപിള്ള) :

൩൪൫ വിദേശരാജ്യക്കാരുണ്ടു്. മിഷണറി പ്രവൎത്തനം, സാങ്കേതിക പരിശീലനം നൽകുക, കമ്പനിജോലി എന്നിവയിൽ ഏർപ്പെട്ടിരിക്കുന്നു.

മദ്യനിരോധനം.

✻ ൮൮. [൨൮] ശ്രീ. എൻ. ജി. ചാക്കോ: താഴെ പറയുന്ന ചോദ്യങ്ങൾക്കു് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) മദ്യനിരോധനം ഇപ്പോൾ തിരുവിതാംകൂർ–കൊച്ചിയിൽ എത്ര താലൂക്കിൽ ഏർപ്പെടുത്തിയിട്ടുണ്ടു്;

(ബി) പത്തനംതിട്ട താലൂക്കുകൂടി മദ്യനിരോധനമേഖലയിൽ ഉൾപ്പെടുത്തുന്നതിനു് ഗവൺമെൻറു് വേണ്ട നടപടികൾ സ്വീകരിക്കുമോ?

ധനകാര്യമന്ത്രി (ശ്രീ. പി. എസ്സ്. നടരാജപിള്ള):

(എ) പതിമൂന്നു താലൂക്കുകളിൽ.

(ബി) മററു താലൂക്കുകൾ ഉൾപ്പെടുത്തുന്നതിനു നടപടികൾ സ്വീകരിക്കുമ്പോൾ പത്തനംതിട്ട താലൂക്കും മദ്യനിരോധനമേഖലയിൽ ഉൾപ്പെടുത്താൻ നടപടികൾ സ്വീകരിക്കുന്നതാണു്.

Village Potters.

✻ 89. [31] **Shri K. P. Hormis** : Will the Chief Minister be pleased to state :

(*a*) how many families of village potters are there in the Chalakudi-Kunnathunad Community Project area ?

(*b*) what steps have been taken to ameliorate the condition of the distressed potter community ?

Chief Minister (**Shri A. Thanu Pillai**) : (*a*) 900 families.

(*b*) Government have set apart Rs. 20,000 for the development of pottery industry in the Project, and a scheme is being prepared.

കോൺഗ്രസ്സ് തിരഞ്ഞെടുപ്പു പ്രചരണച്ചെലവ്.

*൯൦. [൩൪] ശ്രീ. ടി. എ. മജീദ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ തിരഞ്ഞെടുപ്പിൽ കോൺഗ്രസ്സിനുവേണ്ടി പ്രചരണം നടത്താനായി സംസ്ഥാനത്തിനു പുറത്തുനിന്നുവന്ന കോൺഗ്രസ്സ് നേതാക്കളുടെ ഏതെങ്കിലും ചെലവിലേക്കായി തിരുവിതാംകൂർ-കൊച്ചി ഗവമ്മെൻറ് എന്തെങ്കിലും തുക ചെലവഴിച്ചിട്ടുണ്ടോ;

(ബി) ഉണ്ടെങ്കിൽ ആ തുക എന്ത്; എന്താവശ്യത്തിനാണ് ചെലവഴിച്ചത്;

(സി) ആ തുക ഏതെങ്കിലും സംഘടനയിൽനിന്ന് തിരിച്ച് ഈടാക്കിയിട്ടുണ്ടോ?

മുഖ്യമന്ത്രി (ശ്രീ. എ. താണുപിള്ള): (എ)&(ബി) ഇലക്ഷൻ പ്രചരണത്തിനായി വന്ന കോൺഗ്രസ്സ് നേതാക്കന്മാരിൽ ശ്രീ. ജവഹർലാൽ നെഹ്റു, ശ്രീ. രാജഗോപാലാചാരി, ശ്രീ. മൊറാർജി ദേശായി എന്നിവരെപ്പററി മാത്രമേ ഗവമ്മെൻറിനു അറിവുള്ളു. അതിൽ ശ്രീ. ജവഹർലാൽനെഹ്റു ഇൻഡ്യൻ നാഷണൽ കോൺഗ്രസ്സ് പ്രസിഡൻറ് എന്ന നിലയിലാണ് ഈ സംസ്ഥാനം സന്ദർശിച്ചതെങ്കിലും അദ്ദേഹം ഇൻഡ്യൻ പ്രധാനമന്ത്രിയുംകൂടിയായതുകൊണ്ട് പ്രധാനമന്ത്രിയുടെ രക്ഷാനടപടികൾക്ക് വേണ്ട ചെലവുകൾമാത്രം ഗവമ്മെൻറ് വഹിച്ചു. മററു ഇനങ്ങളിലേയ്ക്കു വേണ്ട ഏർപ്പാടുകൾ കോൺഗ്രസ്സ് പാർട്ടി ചെയ്യുകയോ ആ വകയിലേയ്ക്കു വേണ്ട തുക മുൻകൂറായി കൊടുക്കുകയോ ചെയ്തു. മദ്രാസ് ചീഫ് മിനിസ്റ്റർ ശ്രീ. സി. രാജഗോപാലചാരിയുടേയും ബോംബെ ചീഫ് മിനിസ്റ്റർ ശ്രീ. മൊറാർജി ദേശായിയുടേയും സന്ദർശനം സംബന്ധിച്ചുള്ള ചെലവുകൾ കോൺഗ്രസ്സ്പാർട്ടിതന്നെയാണ് വഹിച്ചതു്. കണക്കുകൾ തിട്ടപ്പെടുത്തിയിട്ടില്ല.

(സി) ഈ ചോദ്യം ഉദിക്കുന്നില്ല.

തിരുവിതാംകൂർ-കൊച്ചിയിലെ വിദേശികൾ.

*൯൧. [൩൬] ശ്രീ. ടി. എ. മജീദ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) തിരുവിതാംകൂർ-കൊച്ചിയിൽ ഇപ്പോൾ എത്ര വിദേശരാജ്യക്കാർ താമസം ഉണ്ട്; ഇതിൽ അമേരിക്കർ എത്ര;

(ബി) ഇവർ ഇവിടെ താവളമടിച്ചിരിക്കുന്നതെന്തിനു്?

മുഖ്യമന്ത്രി (ശ്രീ. എ. താണുപിള്ള): (എ) ൩൫൧ പേർ ഉണ്ട്. ൫൯ പേർ അമേരിക്കരാണ്.

(ബി) വൈദ്യസേവനം, അദ്ധ്യാപകവൃത്തി ഉൾപ്പെടെയുള്ള മിഷണറിപ്രവർത്തനങ്ങൾ, സാങ്കേതിക പരിശീലനം നൽകൽ, കമ്പനിജോലി എന്നിവയ്ക്കു്,

UNSTARRED QUESTIONS.

Water cess.

25 [2]. **Shri M. A. Antony** : Will the Chief Minister be pleased to state :

(*a*) whether the Government have received any representation from the people of Parakadavoo and Avanamcode Lift Irrigation areas regarding the collecting of water cess for lands which do not get water supply ; and

(*b*) whether the Government is prepared to exempt these lands which are not benefited by the Lift Irrigation from the assessment of water supply ?

Answer.

(*a*) Yes.

(*b*) Yes.

പുനലൂർ പേപ്പർമിൽ.

൨൬. [൪] ശ്രീ. പി. ഗോപാലൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) പുനലൂർ പേപ്പർമില്ലിന്റെ മൂലധനത്തിൽ ഗവണ്മെന്റിന ഓഹരിയുണ്ടോ;

(ബി) ഉണ്ടെങ്കിൽ എത്ര ശതമാനം?

ഉത്തരം.

(എ) ഉണ്ട്.

(ബി) ൨൦·൯ ശതമാനം.

Primary Schools.

27. [6] **Shri K. P. Hormis** : Will the Chief Minister be pleased to state how many primary schools in the Chalakudy-Kunnathunad Community Project area have been converted to the basic type ?

Answer.

None. A proposal to convert eight schools into basic type is under examination.

Inland Fisheries.

28. [7] **Shri K. P. Hormis** : Will the Chief Minister be pleased to state what progress has been made in starting and running inland fisheries in the Chalakudy-Kunnathunad Community Project area ?

Answer.

Government have set apart an amount of Rs. 20,000 for starting and running inland fisheries in the Kunnathunad-Chalakudy Project and the Director of Fisheries has been asked to prepare a scheme.

Kunnathunad-Chalakudy Community Project.

29. [8] **Shri K. P. Hormis :** Will the Chief Minister be pleased to state :

(*a*) the total amount allotted for the Chalakudy-Kunnathunad Community Project ;

(*b*) the total expenditure in this project area up to the end of January 1954 and the amount spent on salaries, allowances and office maintenance up to 31-1-1954 ;

(*c*) when were the second and third blocks under this project opened ;

(*d*) have demonstration centres been opened in the second and third blocks on the lines of the centre at Chalakudy ; and

(*e*) if the centres are not opened yet, the reasons for the same ?

Answer.

(*a*) Out of the provision of Rs. 65 lakhs for the Kunnathunad-Chalakudy Project, a sum of Rs. 45.08 lakhs has been allotted by the Central Community Projects Administration so far.

(*b*) The total expenditure up to the end of January 1954 is Rs. 4,91,116-4-5. The amount spent on salaries, travelling allowance and allowances is Rs. 1,07,215. No expenditure has been incurred on office maintenance till 31-1-54.

(*c*) On the 2nd October 1953.

(*d*) Yes.

(*e*) Does not arise in view of the answer to part (*d*).

Public Market.

30. [10] **Shri V. V. Sebastian :** Will the Chief Minister be pleased to state :

(*a*) Is it a fact that the public market place at Athirampuzha is not being used as such by the public and that the two sides of the public road are being used instead, thereby causing inconvenience to traffic ;

(*b*) Whether this abandonment of the market place is due mainly to the lack of enclosures, sheds and such other facilities needed in a market place ; and

(*c*) Whether the Government have taken any steps for constructing the necessary enclosures and sheds in the said market ?

Answer.

(*a*) Yes.

(*b*) Yes.

(*c*) Yes. The question of improving the market has already been taken up by Government.

Relief Measures to Fishermen.

31. [14] **Shri P. Viswambharan :** Will the Chief Minister be pleased to state what relief measures have the Government taken to help the 277 fishermen from the coastal villages of Neyyattinkara taluk who suffered heavy losses while going out for fishing in off-shore waters in January 1954 ?

Answer.

The matter is under enquiry.

Prevention of Cholera.

32. [15] **Shri P. Viswambharan :** Will the Chief Minister be pleased to state :

(*a*) the number of deaths occurred in the Coastal villages of Neyyattinkara taluk due to Cholera during the last six months ; and

(*b*) whether Government have any special scheme to prevent attack of cholera in coastal areas ?

Answer.

(*a*) 82.

(*b*) Yes. There is a scheme for digging public wells of different types to suit the locality with a view to afford good drinking water in the coastal areas and also to conduct preventive inoculations against cholera when the locality is threatened with an outbreak of cholera.

Adjournment Motion re: Closing of public passage by the Armed Reserve Force Stationed at Ramavarmapuram.

12 noon]

Mr. Speaker : Order, order. Time for interpellations is over. I have received notices of some adjournment motions. The first motion is by Shri K. I. Velayudhan and it reads :

> "To adjourn the House to discuss an urgent matter of general public importance of recent occurrence, namely, the grave situation arisen out of the high-handed act of the Armed Reserve Force stationed at Ramavarmapuram, Trichur, in closing a passage used by the public of the locality from time immemorial, day before yesterday."

I request the hon. Chief Minister to state the facts.

Chief Minister **(Shri A. Thanu Pillai)** : At present I have no information on the matter. I shall be able to give the required information tomorrow.

Mr. Speaker : In view of the statement of the Minister, we will take up the motion tomorrow.

Adjournment Motion re : Retrenchment of Work Establishment Staff at Mattupatti and Sengulam.

The next motion is by Shri K. M. Chandy and it reads :

> "I move for the adjournment of the business of the House to discuss a recent and urgent matter of immediate public importance *viz.*, the retrenchment of the Work Establishment staff at Mattupatti and Sengulam."

In the statement of facts, it is given that the Government have issued notice of retrenchment to 96 Work Establishment staff personnel employed at Mattupatti and Sengulam Divisions (P. H. E. Civil Works) with effect from April 19, 1954. These persons have been in Government service for about 14 years since 1115 M. E. This order has caused great unrest among these persons and among the public, and if the order is carried out, it will create serious repurcussions in the country. I would call upon the Minister for Works and Transport to give an elucidation on the matter.

പൊതുമരാമത്തും ഗതാഗതവും വകുപ്പുമന്ത്രി (ശ്രീ. എ. അച്യുതൻ) : അഡ്ജേൺമെൻറ് മോഷനിൽ പറയുന്ന സംഗതികൾ ഇതിൽ പറയുന്ന സ്റ്റേറ്റുമെൻറനുസരിച്ചുതന്നെ നടന്ന ഒരു സംഭവമല്ലെങ്കിലും അതിന് ആസ്പദമായ സംഗതിയെക്കുറിച്ച് സഭയുടെ അറിവിലേക്കായി ചില സംഗതികൾ വയ്ക്കുവാൻ ഞാൻ ഉദ്ദേശിക്കുന്നു. വർക്ക് എസ്റ്റാബ്ലിഷ്മെൻറ് സ്കേയിൽനിന്നും ൩൩ പേരെ ഏപ്രിൽ ൧൫-ാംനു മുതൽ പിരിച്ചുവിടാൻ പോകുന്നു എന്നാണ്. അതുമൂലം ഉണ്ടാകുന്ന സ്ഥിതിഗതികൾക്ക് ഒരു പരിഹാരം ഉണ്ടാക്കണമെന്നാണ് അതിൽ പറയുന്നത്. രണ്ടുദിവസത്തിനു മുമ്പായി ഇതു സംബന്ധിച്ച് അറിവു കിട്ടിയപ്പോൾ തന്നെ ഡിപ്പാർട്ടുമെൻറു മേധാവിക്ക് വേണ്ട നിർദ്ദേശം കൊടുത്തു. അവരെ ഈ പറയുന്ന തീയതിക്ക് ഏതായാലും പിരിച്ചുവിടുന്നതല്ലെന്നു നിർദ്ദേശം കൊടുത്തിട്ടുണ്ട്. അതേസമയംതന്നെ ഈ സഭയിലെ ബഹുമാനപ്പെട്ട അംഗങ്ങൾ ഒരു വസ്തുതകൂടി ഗ്രഹിച്ചാൽ കൊള്ളാം. ഈ ചെങ്കുളം ഹൈഡ്രോ ഇലക്ട്രിക്ക് പദ്ധതി അതിൻെറ പരിപൂർണ്ണസ്ഥിതിയിൽ എത്താൻ പോകുകയാണ്. അങ്ങനെ എത്തിക്കഴിഞ്ഞാൽ പലരെയും പിരിച്ചുവിടേണ്ടതായിവരും. അവരെ എന്നും അങ്ങനെ ജോലിയിൽ വച്ചുകൊണ്ടിരിക്കാൻ സാധിക്കുന്നതല്ല. അങ്ങനെയുള്ളവരെ പിരിച്ചുവിട്ടാൽ അവർക്കു വിഷമമുണ്ടാകുമെന്നും ഗവൺമെൻറിനു അറിയാം. അതുകൊണ്ട് അങ്ങനെയുള്ളവരെ പുതിയ പദ്ധതി തുടങ്ങുമ്പോൾ ആ ജോലിയിൽ എടുക്കുന്നതിനു വേണ്ട ഏർപ്പാടുകൾ ചെയ്യും. ഇതിൽ കൂടുതലായി ഇപ്പോൾ അതേപ്പറ്റി ഒന്നും പറയുവാൻ നിവൃത്തിയില്ല. ഈ പിരിച്ചുവിടൽ ഇപ്പോൾ നടക്കുകയില്ല എന്നതു മാത്രം ഇപ്പോൾ പറയാം.

ശ്രീ. കെ. എം. ചാണ്ടി : നേരിയമംഗലത്തു പദ്ധതി ആരംഭിക്കുമ്പോൾ അവരെക്കൂടി ജോലിക്കു എടുക്കാനുള്ള നടപടി ഗവൺമെൻറു സ്വീകരിക്കുമോ?

ശ്രീ. എ. അച്യുതൻ : പുതിയ ജോലി തുടങ്ങുമ്പോൾ കൂടുതൽ സർവ്വീസുള്ളവർക്ക് പ്രിഫറൻസ് കൊടുക്കും.

ശ്രീ. കെ. എം. ചാണ്ടി : ൧൫-ം, ൧൬-ം കൊല്ലം സർവ്വീസ് ഉള്ള ജീവനക്കാരെ അബ്സാർബ് ചെയ്യുന്നതിലേക്ക് ഒരു സ്കീം ഉണ്ടാക്കുമോ?

ശ്രീ. എ. അച്യുതൻ : അത് അനാവശ്യമായ ചിലവുണ്ടാക്കുന്ന ഒരു കാര്യമാണ്. അതിപ്പോൾ പറയാൻ നിവൃത്തിയില്ല.

ശ്രീ. കെ. എം. ചാണ്ടി : ചെങ്കുളത്ത് പദ്ധതി തീർന്നിട്ടില്ലല്ലോ?

ശ്രീ. എ. അച്യുതൻ : ഈ അഡ്ജേൺമെൻറ് മോഷനിൽ പറയുന്ന പിരിച്ചുവിടൽ ഇപ്പോൾ നടക്കുകയില്ല. അതിനു വേണ്ട നിർദ്ദേശങ്ങൾ കൊടുത്തിട്ടുണ്ട്.

Shri K. M. Chandy : Sir, in view of the explanation given by the Minister that there will not be any disbanding at present and that the matter can be raised at a later date, I do not press the motion.

Adjournment Motion re : Issue of wrong question papers for Form III Examinations.

Mr. Speaker : There is another adjournment motion by Shri A. Kunjan Nadar and it reads :

"I move that the House may be adjourned for discussing a definite matter of urgent public importance, namely, the serious situation that has arisen by the issue of question papers containing certain Malayalam questions to the Tamil students of Form III in the Hindi Examination held on 25th March 1954."

I rule the motion out of order.

Motion re : breach of privilege.

Mr. Speaker : I have received a motion of breach of privilege of the House from Shri Kalathil Velayudhan Nair. It reads :

"Under rule 57, I wish to raise a question involving a breach of privilege of this House. The facts which constitute the breach of privilege are the following : On 23-3-1954, the hon. Member from Pudukkad put a question (question No. 8) to the hon. Minister regarding the non-utilisation of a grant of Rs. 10 lakhs made by Government of India. The answers given by the Minister clearly set out the circumstances under which the amount could not be utilised. The *Keralabhooshanam* dated 25th March 1954 and the *Kerala Kaumudi* dated 24th March 1954 have reported a distorted and perverted version of the answers given for the question. This is a clear breach of the privilege of the House."

These are the reports :

കേരളഭൂഷണം. ൨൫-൩-൫൪. പത്തുലക്ഷം രൂപാ ലാപ്സായിപ്പോയി.

ഭവനനിർമ്മാണം.

ശ്രീ. സീതാരാമൻ: ഈ സ്റ്റേറ്റിൽ ഭവനനിർമ്മാണത്തിന് കേന്ദ്രഗവൺമെന്റ് ൧൦ ലക്ഷം രൂപ അനുവദിച്ചിട്ടുണ്ടോ?

ശ്രീ. നടരാജപിള്ള: അനുവദിച്ചിട്ടുണ്ട്.

ചോദ്യം: ഈ തുക ഗവൺമെന്റ് ചെലവഴിച്ചിട്ടുണ്ടോ?

ശ്രീ. നടരാജപിള്ള: ഇല്ല.

ശ്രീ. ദിവാകരൻ: ഈ തുക ലാപ്സായിപ്പോയിരിക്കുകയല്ലേ?

ശ്രീ. നടരാജപിള്ള: അതെ.

ളുടന്റ് വ്യവസായതൊഴിലാളികൾക്കുള്ള ഭവനനിർമ്മാണ പദ്ധതി നടപ്പാക്കുന്ന കാര്യത്തിൽ ഗവണ്മെന്റു കാണിച്ചിട്ടുള്ള അനാസ്ഥയെ പല മെമ്പറന്മാരും ചോദ്യം ചെയ്തു."

കേരളകൗമുദി. "൨൭-൩-൫൪. ഭവനനിർമ്മാണപദ്ധതിക്കു കേന്ദ്രഗവണ്മെന്റ് നൽകിയ ൧൦ ലക്ഷം രൂപാ നഷ്ടപ്പെട്ടിട്ടുണ്ടെന്നും അതു ചിലവു ചെയ്യാത്തതുകൊണ്ടാണു് നഷ്ടപ്പെട്ടതെന്നും ഇൻഡ്യാ ഗവണ്മെന്റിൽനിന്നും അംഗീകരിച്ചിട്ടുള്ള പുതിയ ഭവനനിർമ്മാണപദ്ധതിക്കു ഈ ൧൦ ലക്ഷം രൂപാ കൊള്ളിക്കുവാൻ ശ്രമം നടത്തിക്കൊണ്ടിരിക്കുന്നുവെന്നും വ്യവസായവകുപ്പുമന്ത്രി ശ്രീ. പി. എസ്സ്. നടരാജപിള്ള ശ്രീ. ടി. പി. സീതാറാമന്റെ ഒരു ചോദ്യത്തിനു മറുപടി പറഞ്ഞു."

Now, on a reading of the reports, I am led to think that a *prima facie* case of breach of privilege has not been made out. I cannot decide the question whether a breach of privilege has in fact been committed. That is a question which can only be decided by the House itself. But I must be satisfied as regards the formal question that there is a *prima facie* case of breach of privilege. I find it difficult in this instance and I withhold my consent.

The Travancore-Cochin Appropriation (Vote on Account) Bill—1954.

Mr. Speaker : Order, order. We will now proceed to Legislative Business.

Minister for Finance **(Shri P. S. Nataraja Pillai) :** Sir, I beg to introduce the Travancore-Cochin Appropriation (Vote on Account) Bill, 1954.

Minister for Works and Transport **(Shri A. Achutan) :** I second it.

Mr. Speaker : The Bill stands introduced.

Shri P. S. Nataraja Pillai : I move that the Bill be taken into consideration.

Shri A. Achutan : I second it.

Mr. Speaker : This is only a very formal Bill which is being introduced to authorise the expenditure of the amount voted upon by the House under Article 206. If we can avoid repetitions of the discussion we already had, it will be well and good.

Shri N. Raghava Kurup : This is a Bill, and in my opinion, the Members of this House have every right to discuss it as any other Bill. But the Speaker has already stated that it would be better to avoid repetitions. I feel that it would be good to have a discussion avoiding repetitions.

Mr. Speaker : If hon. Members are anxious to have a further discussion of the budget, they can utilise this occasion also. On the other hand, if they do not want to repeat the arguments already said we can quickly proceed to the next item.

ശ്രീ. എൻ രാഘവക്കുറുപ്പ്: സർ, ഞാൻ ഈ ബില്ലിനെ എതിർക്കുകയാണ്. ഈ ബില്ലിനെ ഞാൻ എതിർക്കുമ്പോൾ അതിനു പല കാരണങ്ങളുമുണ്ട്. എന്നാൽ ബഹുമാനപ്പെട്ട സ്പീക്കർ പറഞ്ഞതുപോലെ ഈ സഭയുടെ സമയം അധികം എടുക്കാതെയിരിക്കുന്നതിനുവേണ്ടി ഒന്നുരണ്ടു കാരണങ്ങൾ മാത്രം ഈ സഭയുടെ മുമ്പിൽ കൊണ്ടുവന്നിട്ട് എന്റെ ഈ ചെറിയ പ്രസംഗം ഞാൻ അവസാനിപ്പിച്ചുകൊള്ളാം. ഇന്ന് ഈ ബില്ലും അതിനടിസ്ഥാനമായി ഇവിടെ ഹാജരാക്കിയിട്ടുള്ള ബഡ്ജററും പരിശോധിക്കുന്നപക്ഷം താരതമ്യേന കഴിഞ്ഞ വർഷത്തെ ബഡ്ജററിൽ കൊള്ളിച്ചിരുന്നതിനെക്കാൾ നാലു ലക്ഷത്തിൽപരം തുക ഇവിടുത്തെ പോലീസ് ഡിപ്പാർട്ടുമെന്റിലേക്ക് മാററിവച്ചിട്ടുണ്ടെന്നുള്ളതു കാണാൻ സാധിക്കുന്നതാണ്. ഈ തുക പാവപ്പെട്ട പോലീസുകാരുടെ ശമ്പളത്തിൽ ഒരു രൂപാ എങ്കിലും വർദ്ധിപ്പിക്കുന്നതിലേക്കായിരുന്നു എങ്കിൽ ഞങ്ങൾക്കു സങ്കടമില്ലായിരുന്നു.

തിരുവിതാംകൂർ-കൊച്ചിയിലെ പോലീസ് ഡിപ്പാർട്ടുമെന്റിനെപ്പററിയും അതിന്റെ ഭരണനയത്തെപ്പററിയും ഇതിനുമുമ്പുണ്ടായിരുന്ന അസംബ്ലികളിൽ അനേകം മെംബറന്മാർ പല വിമർശനങ്ങളും നടത്തിയിട്ടുണ്ട് എന്നുള്ളതു ഇന്നത്തെ ചീഫ്മന്ത്രി മുതൽക്കുള്ള ആളുകൾക്കു അറിയാവുന്നതാണ്. എന്നാൽ അദ്ദേഹം അധികാരത്തിൽ വന്നതിനുശേഷം പഴയ രീതിയിൽ എന്തെങ്കിലും മാററം സംഭവിച്ചിട്ടുണ്ടോ എന്നു മാത്രം നമുക്കു പരിശോധിക്കാം. ഇക്കഴിഞ്ഞ ദിവസം ആററിങ്ങൽ മെംബർ അദ്ദേഹത്തിന്റെ നിയോജകമണ്ഡലത്തിൽ നടന്ന ചില മർദ്ദനങ്ങളെ സംബന്ധിച്ചു ഒരു പ്രസ്താവന പത്രങ്ങളിൽ പ്രസിദ്ധപ്പെടുത്തിയിരുന്നു. അതേ സംബന്ധിച്ച് അദ്ദേഹം ഇവിടെ പറയുകയും ഉണ്ടായി. അവിടുത്തെ ഒരു ഡ്രൈവറെയും ഒരു കണ്ടക്ടരെയും അവിടത്തെ പോലീസ് ഇൻസ്പെക്ടർ മർദ്ദിച്ചു എന്നുള്ളതായിരുന്നു ആ പരാതി. അതിനെപ്പററി അന്വേഷണം നടത്തിയപ്പോൾ ആ പോലീസ് ഇൻസ്പെക്ടരുടെ കുററം തെളിയുകയും ചെയ്തു. അതിന്മേൽ എന്തു നടപടികൾ നടത്താനാണ് പോകുന്നതെന്ന് ജനങ്ങൾ നോക്കിക്കൊണ്ടിരുന്നപ്പോൾ ജനങ്ങൾക്കു കാണാൻകഴിഞ്ഞതു്, ഏതാനും ദിവസം കഴിഞ്ഞ് പബ്ലിക് റിലേഷൻസ് ഡിപ്പാർട്ടുമെന്റിൽനിന്നും തിരുവനന്തപുരം ഡി. എസ്. പി. യുടേതായി പ്രസിദ്ധപ്പെടുത്തിയിരുന്ന ഒരു സ്റ്റേററുമെന്റാണ്. ആ സ്റ്റേററുമെന്റിൽ പരസ്യപ്പെടുത്തിയിരുന്നതു് വായിച്ചാൽ തന്നെ പോലീസ് ഇൻസ്പെക്ടരുടെ പേരിൽ കൊണ്ടുവന്ന കുററം ശരിയാണെന്നു കാണാൻ കഴിയും. ഡി. എസ്. പി. തന്നെ സമ്മതിച്ചു, പ്രതികളെ അറസ്ററു ചെയ്ത സമയത്തു് അവരുടെ മേൽ ബലം പ്രയോഗിക്കേണ്ടി വന്നുവെന്ന്. അപ്പോൾ പോലീസ് ഇൻസ്പെക്ടർ ഏതു കാരണത്തിനായാലും ബലം പ്രയോഗിച്ചിരിക്കുന്നു എന്നുള്ളതു ശരിയാണ്.

Shri A. A. D. Luiz : Sir, I rise to a point of order. Can an hon. Member read out to the House passages from newspaper cuttings?

Shri N. Raghava Kurup : I was only referring to a statement issued by the Public Relations Department. പബ്ളിക്ക് റിലേഷൻസ് ഡിപ്പാർട്ടുമെൻറിൽനിന്നും പരസ്യപ്പെടുത്തിയ റിപ്പോർട്ടിൽ പറയുന്നതു ഇങ്ങനെയാണ്. "പോലീസ് സ്റ്റേഷനിലേക്ക് കൊണ്ടുപോകുന്നതിനുവേണ്ടി ആവശ്യമായതിൽക്കൂടുതൽ ബലം പ്രയോഗിച്ചിട്ടുണ്ടെന്നു കാണുന്നില്ല". ഇതിൽനിന്നും വ്യക്തമാണ് ആ സ്ഥലത്തുവെച്ചു് ബലം പ്രയോഗിച്ചിട്ടുണ്ടെന്ന്. അതു ശരിയാണെങ്കിൽ ഈ കേസ് തീർച്ചയായും ഈ രാജ്യത്തെ ഏതെങ്കിലും ഒരു നീതിന്യായക്കോടതിയിൽ കൊണ്ടുപോകേണ്ടതാണ്. ഇതേ സംബന്ധിച്ച് നിഷ്പക്ഷമായ ഒരു അന്വേഷണം നടത്തുന്നതിനുവേണ്ടി ഒരു ഉദ്യോഗസ്ഥനെ നിയമിക്കേണ്ട ചുമതല ഗവണ്മെൻറിനു ഇല്ലയോ? ഇതിനുമുമ്പ് അനേക സംഭവങ്ങൾ പോലീസുകാർ കാട്ടിക്കൂട്ടിയിട്ടുണ്ട്. പോലീസു ലാക്കപ്പുകളിൽ നടന്ന മരണങ്ങളെപ്പററി കഴിഞ്ഞ ദിവസം നമ്മുടെ ചീഫ്മിനിസ്റ്റർക്കു തന്നെ മറുപടി പറയേണ്ടതായിവന്നു. ആ നിലയിൽ ഇനിയും ഇവർ ജനമർദ്ദനം നടത്തുന്നതിനെ ഇന്നത്തെ ഗവണ്മെൻറും കണ്ണുമടച്ചു നോക്കിക്കൊണ്ടിരിക്കുകയാണോ എന്നു് ഞാൻ ചോദിക്കുന്നു. ഈ കേസ് അന്വേഷണം നടത്തിക്കൊണ്ടിരുന്ന പോലീസുദ്യോഗസ്ഥൻ സാക്ഷികളെ പോലീസുസ്റ്റേഷനിൽ വിളിച്ചുവരുത്തിയാണ് ചോദ്യം ചെയ്തതെന്നും പരാതികളുണ്ട്. ന്യായമായി സത്യംപറയുന്ന സ്വഭാവമുള്ള ആളുകൾക്ക് പോലീസ് സ്റ്റേഷനിൽ പോകുവാൻ മടി തോന്നുന്ന ഒരു സമ്പ്രദായമാണു ഇന്നു നിലവിലുള്ളതു്. അക്കാര്യം ഇന്നത്തെ മുഖ്യമന്ത്രി മനസ്സിലാക്കിയാൽകൊള്ളാം. പബ്ളിക്ക് റിലേഷൻസ് ഡിപ്പാർട്ടുമെൻറിൽനിന്നും പരസ്യപ്പെടുത്തിയ സ്റ്റേറ്റുമെൻറിൽ റോഡിൽവച്ചു് ബലം പ്രയോഗിക്കേണ്ടിവന്നുവെന്നും, പോലീസ് സ്റ്റേഷനിൽ വിവരം പറയുന്നതിനു അപേക്ഷകർ വിസമ്മതിച്ചുവെന്നും, അതിനാൽ സ്റ്റേഷനിൽവച്ചും ബലംപ്രയോഗിക്കേണ്ടിവന്നുവെന്നും പറയുന്നുണ്ട്. ഒരു കേസിനെപ്പററി അന്വേഷണം നടത്തുമ്പോൾ ആ കേസിന്റെ സ്വഭാവമെന്താണെന്നു മനസ്സിലാക്കാൻ വേണ്ടി പ്രതികളെ ദേഹോപദ്രവം ഏല്പിക്കുന്ന സമ്പ്രദായത്തെ ക്രിമിനൽ പ്രൊസീഡിയർകോഡ് അങ്ങേഅററം ആക്ഷേപിക്കുന്നതാണ്. പബ്ളിക്ക് റിലേഷൻസ് ഡിപ്പാർട്ടുമെൻറിൽനിന്നും പരസ്യപ്പെടുത്തിയിരിക്കുന്ന ഡി. എസ്. പി. യുടെ സ്റ്റേറ്റുമെൻറ് ഈ രാജ്യത്തു പോലീസുകാർക്ക് എന്തും ചെയ്യാൻ കഴിയുമെന്നാണ് കാണിക്കുന്നതു്. വളരെ പരസ്യമായി ഒരു പോലീസു മേധാവി, സബ്ബ് ഇൻസ്പെക്ടർക്ക് ഇഷ്ടംപോലെ അറസ്ററു ചെയ്യുവാനും, പോലീസു സ്റ്റേഷനിലേക്ക് കൊണ്ടുപോകുവാനും, അവിടെവച്ചു് ബലം പ്രയോഗിക്കുവാനും അവകാശമുണ്ടെന്നു പ്രസ്താവിച്ചിരിക്കുന്നു. ഞങ്ങളുടെ ഡിപ്പാർട്ടുമെൻറിൽനിന്നും ഒരു ഉദ്യോഗസ്ഥൻ തെററുചെയ്തു, അതു ന്യായമാണ്, അതു ഞങ്ങൾ ന്യായീകരിക്കുവാൻ തയ്യാറാണ് എന്നു് ഒരു ഡി. എസ്. പി. എത്ര ധിക്കാരത്തോടുകൂടിയാണു പറയുന്നതെന്നു് നോക്കുക. ഞാൻ ഇന്നത്തെ ചീഫ്മിനിസ്റ്ററോടു ചോദിക്കുന്നു, ഇതിനാണോ സോഷ്യലിസത്തിന്റെ പേരിൽ അന്നു് വോട്ടു ചോദിച്ചതെന്നു്. ഇതിൽനിന്നും ഇവിടത്തെ പോലീസിന്റെ ഭരണനയത്തിൽ യാതൊരു വ്യത്യാസവും വരുത്തിയിട്ടില്ലെന്നു ഈ രാജ്യത്തെ ആളുകൾക്കു മനസ്സിലാക്കാൻ സാധിക്കുന്നതാണ്.

ഈ അവസരത്തിൽ മറെറാരു കാൎയ്യംകൂടി എനിക്കു പറയുവാനുണ്ടു്. ഈ രാജ്യത്തു ഒരു സി. ഐ. ഡി. വകുപ്പുണ്ടു്. എന്റെ ഒരു മാന്യസ്നേഹിതൻ, ഈ അസംബ്ളിയിലെ ഒരു മെംബർ, ൧൧൧൪ മുതൽ, അദ്ദേഹത്തിന്റെ പിന്നാലെ നടന്നുകൊണ്ടിരുന്ന അതേ പോലീസ് സി. ഐ. ഡി. കാൺസ്റ്റബിൾതന്നെ ഇന്നും അദ്ദേഹത്തിന്റെ പിന്നാലെ അദ്ദേഹത്തെ Watch ചെയ്തു നടന്നുകൊണ്ടിരിക്കുന്നു എന്നു പറയുകയുണ്ടായി. സർ, അങ്ങനെ ഞങ്ങളെ പരീക്ഷിക്കുന്നതിനായി പോലീസുകാർ നടക്കുന്നതിൽ ഞങ്ങൾക്കു യാതൊരു ആക്ഷേപവും ഉണ്ടായിട്ടല്ല ഞാനിതു പറയുന്നതു്. പിന്നെയോ, ഇന്നു ഈ രാജ്യത്തു് ഏററവും അപകടം പിടിച്ച ഒരു സന്ധിയാണു് തരണം ചെയ്യേണ്ടിയിരിക്കുന്നതു്. രാജ്യത്തു ഒരററം മുതൽ മറേറ അററം വരെ രാജ്യതാല്പൎയ്യങ്ങൾക്കു എതിരായി പ്രവൎത്തിച്ചുകൊണ്ടിരിക്കുന്ന ഒരു സംഘം ആളുകളുണ്ടെന്നു ഗവൺമെൻറു മനസ്സിലാക്കണം. കുറച്ചുമാസങ്ങൾക്കുമുമ്പു ഫോർട്ടുകൊച്ചിയിൽനിന്നും ഇൻഡ്യക്കെതിരായി പ്രവൎത്തിക്കുന്നുവെന്നുള്ള കാരണത്താൽ രണ്ടു ഇററാലിയൻ പാതിരിമാരെ രാജ്യത്തിനു പുറത്തു അയയ്ക്കുകയുണ്ടായി. രണ്ടു പാതിരിമാർ എന്നു പറയുമ്പോൾ അവർ രണ്ടുപേരും മാത്രമേയുള്ളുവെന്നു് കണക്കാക്കുന്നതു് ബുദ്ധിശൂന്യമാണു്. നമ്മുടെ രാജ്യത്തിനെതിരായി, തിരുവിതാംകൂർ-കൊച്ചിക്കു മാത്രമല്ല, ഇൻഡ്യയുടെ ദേശീയ സ്വാതന്ത്ര്യത്തിനു പോലും എതിരായി ഈ രാജ്യം അമേരിക്കയ്ക്കും മററു വിദേശരാജ്യങ്ങൾക്കും ഒററികൊടുക്കുന്നതിനുവേണ്ടി ഭയങ്കരമായ ഗൂഢാലോചന ഇൻഡ്യയുടെ ഒരററംമുതൽ മറേറ അററംവരെ നടക്കുന്നുണ്ടു്. ആ ഗൂഢസംഘത്തിലെ രണ്ടു വ്യക്തികൾ മാത്രമായിരുന്നു ഈ രണ്ടു ഇററാലിയൻ പാതിരിമാർ എന്ന വസ്തുത ഈ സഭയിലെ ബഹുമാനപ്പെട്ട അംഗങ്ങളും മന്ത്രിസഭയും അറിഞ്ഞിരിക്കേണ്ടതാണു്. ഇതുപോലെ അനേകം വിദേശികൾ നമ്മുടെ മാതൃരാജ്യത്തിനെതിരായി പണിയെടുക്കുന്നവരായി ഇവിടെയുണ്ടെന്നു ചീഫ്മിനിസ്റ്ററും അദ്ദേഹത്തിന്റെ പോലീസും മനസ്സിലാക്കിയാൽ കൊള്ളാം. അങ്ങനെ ഇൻഡ്യയുടെ സ്വാതന്ത്ര്യത്തെ ഒററിക്കൊടുക്കുന്നതിനുവേണ്ടിയും ഇവിടത്തെ പുരോഗമനപ്രസ്ഥാനത്തെ അടിച്ചുടയ്ക്കുന്നതിനു വേണ്ടിയും വിദേശീയ സഹായത്തെ അവലംബിച്ചുകൊണ്ടു് ഇക്കൂട്ടർ ഇവിടെ എന്തൊക്കെയാണു പ്രവൎത്തിക്കുന്നതെന്നു് കണ്ടുപിടിക്കുവാൻ ഇവിടത്തെ പോലീസുദ്യോഗസ്ഥന്മാർ ശ്രമിക്കുന്നില്ല. ഈ ഗൂഢാലോചനയെ വെല്ലുവിളിക്കുന്നതിനു ഇവിടത്തെ പോലീസ് കാൎയ്യമായി യാതൊന്നും ചെയ്യുന്നില്ല.

സർ, ഇൻഡ്യൻ പാർലമെൻറിലെ ഒരംഗമായ ശ്രീ. മത്തായി മഞ്ഞൂരാൻ കുറച്ചു മാസങ്ങൾക്കു മുമ്പു് ഒരു പ്രസ്താവനമൂലം ഈ രാജ്യത്തിലെ ആളുകളെ ചില കാൎയ്യങ്ങൾ അറിയിച്ചിട്ടുണ്ടു്. സാംസ്കാരികമെന്നോ, അസാംസ്കാരികമെന്നോ സ്വയം വിളിക്കുന്ന ഒരു സംഘടന, കമ്മ്യൂണിസ്ററു വിരുദ്ധമുന്നണി എന്നറിയപ്പെടുന്ന സംഘടന, ഇവിടത്തെ അമേരിക്കൻ എംബസ്സിയാൽ പരിലാളിക്കപ്പെട്ടുവരുന്ന ഒരു സംഘടനയാണെന്നും അതിന്റെ നേതാവു് പ്രതിമാസം പതിനയ്യായിരം രൂപ ഇവിടത്തെ അമേരിക്കൻ എംബസ്സിയിൽനിന്നും പററിക്കൊണ്ടു് ഇവിടെ പ്രവൎത്തിച്ചുവരികയാണെന്നും, ഇന്നു് പ്രതിപക്ഷത്തിലിരിക്കുന്ന കാൺഗ്രസ്സ് പാർട്ടിയുടെ നയം രൂപീകരിക്കുന്നതിൽ അങ്ങേ അററത്തെ സ്വാധീനം ചെലുത്തിക്കൊണ്ടിരിക്കുന്ന ഒരു കോട്ടയം പത്രത്തിനു് തുച്ഛമായ വിലയ്ക്കു

[ശ്രീ. എൻ. രാഘവക്കുറുപ്പ്]

പത്രക്കടലാസുകൾ അമേരിക്കൻ എംബസ്സി കൊടുക്കുന്നുണ്ടെന്നും ശ്രീ. മത്തായി മാഞ്ഞൂരാന്റെ പ്രസ്താവനയിൽ പറയുന്നുണ്ടു്. ഞാൻ ചീഫ് മിനിസ്റ്ററോടു് ചോദിക്കുകയാണു്, സർ, അങ്ങയുടെ പോലീസു് ഈ രണ്ടു കാര്യങ്ങളെപ്പററിയും ഇതുപോലെയുള്ള മററു കാര്യങ്ങളെപ്പററിയും എന്തെങ്കിലും അന്വേഷണം നടത്തിയിട്ടുണ്ടോ എന്നു്. ശ്രീ. മത്തായി മാഞ്ഞൂരാന്റെ പ്രസ്താവനയ്ക്കു മറുപടിയായി അമേരിക്കൻ എംബസ്സിയിൽനിന്നുതന്നെ ഒരു സ്റ്റേററുമെന്റു പുറപ്പെടുവിച്ചിട്ടുണ്ടു്. ആ സ്റ്റേററുമെന്റിൽ യാതൊരു രാഷ്ട്രീയസംഘടനയ്ക്കും അമേരിക്കൻ എംബസ്സിയിൽനിന്നും പണം കൊടുക്കുന്നില്ലയെന്നു പറയുന്നുണ്ടു്. ശരിയാണു സാർ. അതുകൊണ്ടു് ശ്രീ. മത്തായി മാഞ്ഞൂരാന്റെ സ്റ്റേററുമെന്റു ശരിയല്ലെന്നു വരുന്നില്ല. വിരുദ്ധമുന്നണി ഒരു രാഷ്ട്രീയസംഘടനയല്ലെന്നു അവർ തന്നെ പറയുന്നുണ്ടു്. പിന്നെ അമേരിക്കൻ എംബസ്സി പറയുന്നതിൽ തെററുണ്ടോ? ഇങ്ങനെ ഈ രാജ്യത്തിന്റെ സ്വാതന്ത്ര്യത്തെ അപകടത്തിലാക്കുന്ന സംഭവങ്ങൾ അങ്ങിങ്ങായി നടക്കുന്നുണ്ടു്. പാവപ്പെട്ട പോലീസുകാരെ ഞങ്ങളുടെ പിന്നാലെ അയച്ചാൽ രാജ്യത്തിന്റെ സ്വാതന്ത്ര്യം വിററുതിന്നാൻ കഴിയുമെന്നല്ലാതെ ഒരു പ്രയോജനവുമുണ്ടാകുന്നതല്ല. സർ, തിരുവിതാംകൂർ-കൊച്ചിയുടെ ചരിത്രത്തിൽ ഇതിനു മുമ്പുണ്ടായിട്ടില്ലാത്തവിധം ഇന്നു നമ്മുടെ രാജ്യം വിദേശികളെക്കൊണ്ടു നിറഞ്ഞിരിക്കുകയാണു്. അവരുടെ നടപടികളെ വേണ്ടവിധം ശ്രദ്ധിച്ചു് അപ്പോഴപ്പോൾ അന്വേഷിച്ചു വിവരം ഇൻഡ്യാഗവണ്മെന്റിനെയും ഈ ഗവണ്മെന്റിനെയും അറിയിക്കേണ്ട ചുമതല ഇവിടത്തെ പോലീസുകാർക്കുണ്ടു്. അങ്ങനെ ചെയ്യില്ലെങ്കിൽ നമുക്കിപ്പോഴുള്ള സ്വാതന്ത്ര്യം പോലും അപകടത്തിലാകുമെന്നാണു് എനിക്കു ഈ സഭയെ അറിയിക്കുവാനുള്ളതു്.

സർ, ഞാൻ വിദേശികളുടെ കാര്യം പറഞ്ഞപ്പോൾ പ്രത്യേകമായി അമേരിക്കൻ എംബസ്സിയേയും അമേരിക്കക്കാരെപ്പററിയും പറയുന്നതിനു പ്രത്യേക കാരണമുണ്ടു്. അടുത്ത ദിവസം ഇൻഡ്യയിലെ കാൺഗ്രസ്സു് പ്രസിഡണ്ടും പ്രധാനമന്ത്രിയുമായിരിക്കുന്ന ശ്രീ. ജവഹരിലാൽ നെഹ്റു പാർലമെന്റിൽവച്ചു് പ്രസ്താവിക്കുകയുണ്ടായി, ഇൻഡ്യയുടെ സ്വാതന്ത്ര്യത്തെ അപകടത്തിലാക്കുന്ന ഏകശക്തി അമേരിക്കയാണെന്നു്. ഇൻഡ്യയുടെ മാറത്തു തോക്കുചൂണ്ടിക്കൊണ്ടു് ഇൻഡ്യയെ അമേരിക്കയ്ക്കു് വിധേയമാക്കുവാനും ഇൻഡ്യയുടെ സ്വാതന്ത്ര്യത്തെ പണയപ്പെടുത്തുവാനും അമേരിക്ക ശ്രമിക്കുന്നുവെന്നും അദ്ദേഹം പറഞ്ഞു. ഇങ്ങനെ ഇവിടെ നടക്കുന്ന വിദേശീയ ഗൂഢാലോചനകൾക്കെതിരായി ഇതുവരെ അധികാരത്തിലിരുന്ന പാർട്ടി യാതൊന്നും ചെയ്തിട്ടില്ലെന്നുള്ളതു ഒരു പരമാർത്ഥമാണു്. എ. ഐ. സി. സി. മറെറല്ലാ കാൺഗ്രസ്സു് സംഘടനകൾക്കും സർക്കുലർ അയച്ചിട്ടുണ്ടു്. ഇൻഡ്യയെ യുദ്ധക്കളമാക്കുന്നതിനുള്ള അമേരിക്കയുടെ ശ്രമത്തിനെതിരായി ഇവിടുത്തെ ജനങ്ങളെ അണിനിരത്തുവാൻ കാൺഗ്രസ്സു് ശ്രമിക്കണമെന്നു്. എന്നാൽ തിരുവിതാംകൂർ-കൊച്ചിയിൽ ഇതു സംബന്ധിച്ചു യാതൊന്നും നടന്നിട്ടില്ല. ഇന്നധികാരത്തിലിരിക്കുന്ന സോഷ്യലിസ്ററുപാർട്ടി, കുറച്ചു വെള്ളിക്കാശിനുവേണ്ടി നമ്മുടെ സ്വാതന്ത്ര്യത്തെ ഒററിക്കൊടുക്കുന്നതിനായി ശ്രമിക്കുന്നവരെ,

അവർ എത്ര വലിയ ആളുകളായിരുന്നാലും ശരി, ഒരു നല്ല പാഠം പഠിപ്പിക്കണമെന്നു ഞാൻ വിചാരിക്കുന്നു.

ശ്രീ. ടി. കെ. കൃഷ്ണൻ: അമേരിക്കയുടെ ഇത്തരം പ്രവർത്തനങ്ങൾക്കെതിരായി സോഷ്യലിസ്റ്റ നേതാക്കന്മാർ യാതൊരു ശബ്ദവും പുറപ്പെടുവിച്ചിട്ടില്ലെന്നുള്ള വിവരം ബഹുമാനപ്പെട്ട മെംബർക്കറിയാമോ?

ശ്രീ. എൻ. രാഘവക്കുറുപ്പ്: ഇല്ലായിരിക്കാം. അതിനെപ്പറ്റി ഇവിടെ പറയണമെന്നു ഞാൻ ആഗ്രഹിക്കുന്നില്ല.

സർ, ഇതുപോലെ ഒരു സംഗതികൂടി എനിക്കു പറയുവാനുണ്ട്. ഇൻഡോ-അമേരിക്കൻ ഫ്രൻഡ്ഷിപ്പ് അസ്സോസിയേഷൻ എന്ന പേരിൽ ഇവിടെ ഒരു സംഘടന പ്രവർത്തനം ആരംഭിച്ചിട്ടുണ്ട്. ഈ സംഗതിയെപ്പറ്റി ഞാൻ ഇവിടെ എന്തെങ്കിലും പറയുമ്പോൾ മറുഭാഗത്തു നിന്ന് ചില സ്നേഹിതന്മാർ ഒരുപക്ഷേ ചോദിച്ചേക്കാം, ഇൻഡോ-സോവ്യറ്റ് ഫ്രൻഡ് ഷിപ്പ് സംഘടനകളുടെ പ്രവർത്തനരൂപം ഇവിടെ നടക്കുന്നില്ലേ എന്ന്. അതിന് എനിക്കു പറയുവാനുള്ള മറുപടി കാൺഗ്രസ്സ് പാർട്ടിയുടെ പ്രസിഡൻറായ ഇൻഡ്യൻ പ്രധാനമന്ത്രി കൂടിയായ പണ്ഡിററ് ജവഹരിലാൽ നെഹ്റു പോലും പറഞ്ഞിട്ടുണ്ട്, ഇന്നത്തെ നിലയ്ക്കു് ചൈനയും റഷ്യയും ഇൻഡ്യയ്ക്കു് ഒരു ആപത്തല്ലാ എന്ന്. അതേസമയം ഇൻഡ്യയ്ക്കു് അമേരിക്ക ഒരു വലിയ ആപത്തായിത്തീർന്നിട്ടുണ്ടെന്ന് സുവ്യക്തമായ ഭാഷയിൽ അദ്ദേഹം പറഞ്ഞിട്ടുണ്ട്. ഇൻഡ്യയെ ഒരു യുദ്ധക്കളമാക്കുന്നതിന് ശ്രമിച്ചുകൊണ്ടിരിക്കുന്ന ഏക രാജ്യം അമേരിക്കയാണ്. ഇൻഡ്യയുടെ ഭാഗധേയത്തെ—ഇൻഡ്യയിൽ വസിക്കുന്ന ജനങ്ങളുടെ ഭാഗധേയത്തെ—അപകടത്തിലാക്കാൻ ശ്രമിക്കുന്ന ആ രാജ്യത്തിൻെറ ചാരന്മാരുടെ തിരുവിതാംകൂർ-കൊച്ചിയിലുള്ള പ്രവർത്തനങ്ങളെക്കുറിച്ചു റിപ്പോർട്ടുചെയ്യുന്നതിന് ഇവിടത്തെ പോലീസ് എന്തെങ്കിലും ചെയ്തിട്ടുണ്ടോ എന്നു ഞാൻ നമ്മുടെ മുഖ്യമന്ത്രിയോടു ചോദിക്കുന്നു. സർ, ഇങ്ങനെ അമേരിക്കയ്ക്കു് ഇൻഡ്യയെ ഒററുകൊടുക്കുന്നതിനു സഹായിക്കുന്ന ചില ഉദ്യോഗസ്ഥന്മാർ പോലും നമ്മുടെ തിരുവിതാംകൂർ-കൊച്ചിയിൽ ഉണ്ടെന്നു പറയുമ്പോൾ അതിൻെറ പ്രാധാന്യം എത്രത്തോളമായിരിക്കുമെന്ന് ഊഹിക്കുകയായിരിക്കും നല്ലത്. അമേരിക്കാക്കാരുടെ ഒരു അഞ്ചാംപത്തി നമ്മുടെ രാജ്യത്തിൽ ഉണ്ടെന്നുള്ള വിവരം രാജ്യത്തിലെ മിക്കവാറും ആളുകൾക്ക് അറിയാവുന്ന ഒന്നാണ്. ആ അഞ്ചാംപത്തി പ്രവർത്തനത്തിന് കൂട്ടുനിൽക്കുന്ന ആളുകൾ, അവർ എത്ര വലിയവരായാലും ശരി അവരുടെ പേരിൽ നടപടി എടുക്കുവാൻ ഗവണ്മെൻറ് മടികാണിക്കരുതെന്ന് ഒരു നിർദ്ദേശം കൂടി എനിക്കു മുഖ്യമന്ത്രിക്കു് നൽകുവാനുണ്ട്.

ശ്രീ. കെ. ററി. താമസ്സ്: റഷ്യൻ ചാരന്മാർ ഇവിടെ പ്രവർത്തനം നടത്തുന്നതായി അറിയാമോ?

ശ്രീ. എൻ. രാഘവക്കുറുപ്പ്: ബഹുമാനപ്പെട്ട മെംബർ കൂടി ഉൾപ്പെടുന്നതായ കാൺഗ്രസ് പാർട്ടിയുടെ നേതാവായ പണ്ഡിററ് ജവഹർലാൽ നെഹ്റു പറഞ്ഞിട്ടുണ്ട്, ഇൻഡ്യയെ സംബന്ധിച്ചിടത്തോളം റഷ്യയും ചൈനയും ഒരു ആപത്തല്ലാ എന്ന്. എന്നാൽ അമേരിക്ക ഒരു ആപത്താണെന്നും അദ്ദേഹം പറഞ്ഞിട്ടുണ്ട്.

ശ്രീ. കെ. ടി. തോമസ്സ്: എന്റെ ചോദ്യം അതല്ല.

ശ്രീ. എൻ. രാഘവക്കുറുപ്പ്: ഞാൻ പറഞ്ഞ മറുപടി മനസ്സിലാക്കുവാൻ സാധിച്ചിട്ടില്ലെങ്കിൽ അതിനു് ഞാൻ ഉത്തരവാദിയല്ല.

ശ്രീ. എം. പി. ചെറിയാൻ: സർ, അപ്പ്രോപ്രിയേഷൻ ബില്ലിനെ സംബന്ധിച്ചു് സംസാരിക്കുന്നതിനു എത്ര സമയം ആണു് അനുവദിക്കാറുള്ളതു്?

Mr. Speaker: Hereafter Members will try to cut short their speeches, so that others can have a chance to speak.

Shri N. Raghava Kurup: Sir, I think there is no time limit fixed for a Member to speak on this Bill or any other Bill. But that does not mean that I am going to take an indefinite time.

ശ്രീ. കെ. കരുണാകരൻ: ഈ കാര്യങ്ങളിൽ അപ്പ്രോപ്രിയേഷൻ ബില്ലിന്റെ പരിധിയിൽ അല്ലാത്ത കാര്യങ്ങളെക്കുറിച്ചു് ചർച്ച ചെയ്യാമോ?

Mr. Speaker: It is not in order to discuss about questions of defence and allied matters, when we are dealing with the Appropriation Bill. The hon. Member is discussing matters not strictly relevant to this Bill.

Shri A. A. D. Luiz: Can a Member pass ridiculous remarks about another hon. Member?

Mr. Speaker: No.

ശ്രീ. എൻ. രാഘവക്കുറുപ്പ്: ഞാൻ പറഞ്ഞുകൊണ്ടുവന്നതു് ഇങ്ങനെ രാജ്യത്തിന്റെ ഉത്തമതാൽപ്പര്യങ്ങൾക്കു് ഹാനികരമായും പ്രവർത്തനം നടത്തുന്ന ആളുകളെപ്പററി റിപ്പോർട്ടു ചെയ്യുന്നതിനും മററും നമ്മുടെ പോലീസ് ശ്രമിക്കുന്നില്ല എന്നു മാത്രമാണു്. അതിനാവശ്യമുള്ള നടപടികൾക്കുവേണ്ടി യാതൊന്നും നമ്മുടെ ബഡ്ജററിൽ കൊള്ളിച്ചിട്ടില്ല എന്നു ചൂണ്ടിക്കാണിക്കുവാൻ വേണ്ടിയാണു് ഞാൻ അപ്പ്രോപ്രിയേഷൻ ബില്ലിനെക്കുറിച്ചു് ഇത്രത്തോളം സംസാരിച്ചതു്. അല്ലാതെ മററുവിധത്തിൽ ബഹുമാനപ്പെട്ട മെംബറന്മാർ തെററിദ്ധരിച്ചിട്ടുണ്ടെങ്കിൽ ആ തെററിദ്ധാരണ മാററണം.

Mr. Speaker: You may conclude.

ശ്രീ. എൻ. രാഘവക്കുറുപ്പ്: എനിക്കു് ഒന്നുകൂടി ചൂണ്ടിക്കാണിക്കുവാനുണ്ടു്. ഈ രാജ്യത്തിലെ പബ്ലിക്ക് സർവ്വീസ് കമ്മിഷന്റെ പ്രവർത്തനത്തെപ്പോലും പോലീസ് ഡിപ്പാർട്ടുമെന്റിന്റെ അധീനതയിൽ കൊണ്ടുവന്നിരിക്കുന്നു. പബ്ലിക്ക് സർവ്വീസ് കമ്മിഷൻ ഏതെങ്കിലും ഒരു ഉദ്യോഗാർത്ഥിയെ ഒരു ഉദ്യോഗത്തിനു നിയമിച്ചു കഴിഞ്ഞാൽ ആ ഉദ്യോഗാർത്ഥിയുടെ പേരു് രാജ്യത്തിലെ എല്ലാ പോലീസ് സ്റ്റേഷനുകളിലേയ്ക്കും അയയ്ക്കുകയായി. പോലീസ് ഉദ്യോഗസ്ഥന്മാർക്കു് വേണമെങ്കിൽ ഈ ഉദ്യോഗാർത്ഥി ഒരു കമ്മ്യൂണിസ്റ്റുകാരനുമായി സംസാരിച്ചിട്ടു

ണ്ടെന്നോ സംസാരിക്കാനിടയുണ്ടെന്നോ കാണിച്ച് റിപ്പോർട്ടു ചെയ്ത് ആ ഉദ്യോഗാർത്ഥിയുടെ ഭാവി നശിപ്പിക്കുവാൻ സാധിക്കും. ഇങ്ങനെ പോലീസുകാർ വിചാരിച്ചാൽ അവർക്ക് ഇഷ്ടമില്ലാത്ത ആളെ ഉദ്യോഗത്തിൽ നിയമിക്കാതിരിക്കുന്നതിന് സാധിക്കും. പബ്ലിക്ക് സർവ്വീസ് കമ്മീഷന്റെ പ്രവർത്തനംപോലും പോലീസു ഡിപ്പാർട്ടുമെന്റിന് വിധേയമായിട്ടാണ് ഇപ്പോൾ ഇരിക്കുന്നത്. മററ് എല്ലാ ഡിപ്പാർട്ടുമെന്റുകളുടേയും പ്രവർത്തനങ്ങൾ നിയന്ത്രിച്ചുകൊണ്ടും രാജ്യത്ത് കുഴപ്പങ്ങൾ സൃഷ്ടിച്ചുകൊണ്ടും ഈ വിധത്തിൽ മുമ്പോട്ടു പോകുന്ന ഒരു ഡിപ്പാർട്ടുമെന്റായി തീർന്നിരിക്കുകയാണ് പോലീസു ഡിപ്പാർട്ടുമെന്റ്. പഴയ ഭരണത്തിൽനിന്നും യാതൊരു വിധത്തിലും വ്യത്യസ്തമല്ലാത്ത ഒരു നയമാണ് പുതിയ ഗവണ്മെന്റ് തുടരുന്നത് എന്നു കാണുന്നതിൽ ഞങ്ങൾക്കു ഖേദമുണ്ട്. സോഷ്യലിസ്ററു പാർട്ടി ശരിയായ ഒരു നയം എടുക്കുവാൻ യാതൊരു മടിയും കാണിക്കരുതെന്ന് ഉൽബോധിപ്പിച്ചുകൊണ്ട് എന്റെ പ്രസംഗം അവസാനിപ്പിച്ചുകൊള്ളുന്നു.

ശ്രീ. പ്രാക്കുളം ഭാസി: സർ, അപ്രോപ്രിയേഷൻ ബില്ലിനെ എതിർക്കുവാനാണ് ഞാൻ എഴുന്നേററു നിൽക്കുന്നത്. ഇവിടെ അവതരിപ്പിച്ച ബഡ്ജററും Vote on Accounts-ഉം ഈ സഭ പാസ്സാക്കിയിട്ടുണ്ട്. ഇപ്പോൾ ഇവിടെ അവതരിപ്പിച്ചിരിക്കുന്ന ഈ അപ്രോപ്രിയേഷൻ ബില്ലിനെ ഞാൻ എതിർക്കുന്നത് ചില നിർദ്ദേശങ്ങൾ മന്ത്രിസഭയുടെ മുൻപാകെ വയ്ക്കുവാനാണ്. രാജപ്രമുഖന്റെ പ്രസംഗത്തെക്കുറിച്ചുള്ള ചർച്ചാവേളയിൽ ബഹുമാനപ്പെട്ട മെംബറന്മാർ വളരെയേറെ കാര്യങ്ങൾ പറഞ്ഞിട്ടുണ്ട്. അതിനു മറുപടിയായി ശ്രീ. പട്ടം താണുപിള്ള കാര്യങ്ങളുടെ വിശദാംശങ്ങൾ സഭയെ ധരിപ്പിച്ചിട്ടുണ്ട്. ശ്രീ. പട്ടം താണുപിള്ള മുഖ്യമന്ത്രിപദം ഏറെറടുക്കണമെന്ന് ഈ രാജ്യത്തിലെ ജനങ്ങൾ ആഗ്രഹിച്ചു. പക്ഷെ ഇടതുപക്ഷങ്ങളുടെ നേതാവെന്ന നിലയിൽ അദ്ദേഹം അധികാരം ഏറെറടുക്കണമെന്നാണ് ജനങ്ങൾ ആത്മാർത്ഥമായി ആഗ്രഹിച്ചിരുന്നത്. എന്നാൽ ഈ രാജ്യത്തിലെ ജനങ്ങളുടെ ആഗ്രഹങ്ങൾക്കും അഭിലാഷങ്ങൾക്കും വിപരീതമായി, ജനങ്ങളാൽ വെറുക്കപ്പെട്ട ഒരു രാഷ്ട്രീയ സംഘടനയായ കാൺഗ്രസ്സിന്റെ സഹായത്തോടുകൂടി അദ്ദേഹം മന്ത്രിസഭ രൂപീകരിച്ചതിൽ ജനങ്ങൾക്ക് അതിയായ ഖേദമുണ്ട്. കഴിഞ്ഞ കാര്യങ്ങളെല്ലാം മറക്കണമെന്നും പൊറുക്കണമെന്നും അദ്ദേഹം പറഞ്ഞതുകൊണ്ട് ആ കാര്യങ്ങളെക്കുറിച്ച് ഇനിയൊന്നും പറയുന്നില്ല. ഏതായാലും ഇപ്പോൾ അദ്ദേഹത്തിന്റെ നേതൃത്വത്തിൽ ഒരു മന്ത്രിസഭയുണ്ട്. ആ മന്ത്രിസഭയുടെ പേരിൽ ധനകാര്യവകുപ്പുമന്ത്രി ശ്രീമാൻ നടരാജപിള്ള, അദ്ദേഹം ഉൾപ്പെട്ട പാർട്ടിയുടേതല്ലെന്ന് പറഞ്ഞുകൊണ്ട് ഒരു ബഡ്ജററും അവതരിപ്പിച്ചു. രാജപ്രമുഖന്റെ പ്രസംഗത്തിൽ കുറെ നല്ല കാര്യങ്ങൾ പറഞ്ഞിട്ടുണ്ടെങ്കിലും അതൊന്നും ഇന്നത്തെ ഗവണ്മെന്റു പാർട്ടിയുടെ നയമായി വിചാരിക്കുവാൻ സാധിക്കാത്ത വിധത്തിലാണ് ബഡ്ജററ് രൂപീകരിച്ചിരിക്കുന്നത്. രാജപ്രമുഖന്റെ പ്രസംഗം ഒരു ചടങ്ങുമാത്രമാണെങ്കിൽ അത് വേണ്ടെന്നു വയ്ക്കാമായിരുന്നു. പക്ഷെ അത് ഒരു ചടങ്ങല്ലെന്നും ഗവണ്മെന്റിന്റെ നയപ്രഖ്യാപനമാണെന്നും ബഹുമാനപ്പെട്ട മുഖ്യമന്ത്രി പറഞ്ഞു കഴിഞ്ഞു. ആ നിലയ്ക്ക് രാജപ്രമുഖന്റെ പ്രസംഗം ഒരു വഴിക്കും ഗവണ്മെന്റിന്റെ

[ശ്രീ. പ്രാക്കുളം ഭാസി]

ബഡ്ജററ വേറൊരു വഴിക്കുമാണു പോകുന്നതെന്ന് സൂക്ഷിച്ചു നോക്കിയാൽ മനസ്സിലാക്കാം. ഇത്ര ആശയ ദാരിദ്ര്യമുള്ള ഒരു ബഡ്ജററ് തിരുവിതാംകൂർ നിയമസഭയിലാകട്ടെ കൊച്ചി നിയമസഭയിലാകട്ടെ തിരുവിതാംകൂർ-കൊച്ചി നിയമസഭയിലാകട്ടെ ഇതുവരെ അവതരിപ്പിച്ചിട്ടില്ല. ധനകാര്യമന്ത്രിയുടെ പ്രസംഗം കേട്ടപ്പോഠ ഒരു സ്കൂഠവിദ്യാർത്ഥി ഉപന്യാസം എഴുതി വായിക്കുന്ന പ്രതീതിയാണ് എനിക്കുണ്ടായതു്. പാരമ്പര്യമനുസരിച്ചുള്ള ഒരു പ്രസംഗം രാജപ്രമുഖനെക്കൊണ്ടു് ചെയ്യിച്ചു എന്നല്ലാതെ, പ്രസംഗത്തിനനുസരിച്ചുള്ള പ്രവൎത്തനങ്ങഠ നടത്തുവാൻ പി. എസ്സ്. പി. മന്ത്രിസഭയ്ക്കു് ധൈര്യമുണ്ടോ എന്നാണ് എനിക്കു ചോദിക്കുവാനുള്ളതു്. അങ്ങനെ ധൈര്യമുണ്ടെങ്കിൽ ഞങ്ങഠ ഇന്നത്തെ ഗവമ്മെൻറിനു പിൻതുണ നൽകുവാൻ തയ്യാറാണ്, തയ്യാറാണ്, തയ്യാറാണ് എന്നു ഞാൻ ആവൎത്തിച്ചു പറയാം. പി. എസ്സ്. പി. യുടെ പ്രധാന ലക്ഷ്യം വികേന്ദ്രീകരണവും ഗ്രാമോദ്ധാരണവുമാണെന്നാണ് അവരുടെ പ്രകടനപത്രികയിൽ പറഞ്ഞിട്ടുള്ളതു്. അവരുടെ നേതാവായ ആചാര്യകൃപലാനി ഇതിനെക്കുറിച്ചു് ആവൎത്തിച്ചാവൎത്തിച്ചു പറഞ്ഞിട്ടുമുണ്ടു്. രാജപ്രമുഖൻെറ പ്രസംഗത്തിലും അതിനെക്കുറിച്ചു പറഞ്ഞിട്ടുണ്ടു്. പക്ഷെ ബഡ്ജററിൽ അതിനാവശ്യമുള്ള തുകയൊന്നും കൊള്ളിച്ചിട്ടില്ല. അങ്ങനെ രാജപ്രമുഖൻെറ പ്രസംഗത്തിൻെറ പിതൃത്വം ഏറെറടുക്കുവാൻ—ഈ അനാഥശിശുവിൻെറ ഉത്തരവാദിത്വം ഏറെറടുക്കുവാൻ—ആരും തയ്യാറുള്ളതായി കണ്ടില്ല. എങ്കിലും അതിനെ പോററിവളൎത്താമെന്നാണ് ധനകാര്യമന്ത്രി പറയുന്നതു്.

പഞ്ചായത്തുകളുടെ കാര്യത്തെക്കുറിച്ചു് പറയുകയാണെങ്കിൽ, കഴിഞ്ഞ കൊല്ലം ഗവമ്മെൻറ് ൯ ലക്ഷം രൂപ ഇതിലേയ്ക്കു് ഉഠക്കൊള്ളിച്ചിരുന്നെങ്കിലും ൪,൩൪,൨൦൦ രൂപ മാത്രമേ ൧൯൫൩–൫൪-ലെ റിവൈസ്ഡ് എസ്റ്റിമേററിൽ കൊള്ളിച്ചിട്ടുള്ളു. ഇപ്പോഴത്തെ എസ്റ്റിമേററിൽ ൫ ലക്ഷം രൂപ മാത്രമേ കൊള്ളിച്ചിട്ടുള്ളു. പ്രജാസോഷ്യലിസ്ററ പാർട്ടി ആവൎത്തിച്ചാവൎത്തിച്ച് പറയുന്ന വികേന്ദ്രീകരണാദർശത്തിൻെറ അടിസ്ഥാനത്തിൽ ഈ ൫ ലക്ഷം രൂപ കൊണ്ടു് എന്തു നേടാൻ പോകുന്നു എന്നാണ് എനിക്ക് ചോദിക്കുവാനുള്ളതു്. ഗ്രാമറോഡുകഠ, ആശുപത്രികഠ, ചന്തകഠ, മൈനർ ഇറിഗേഷൻ കാര്യങ്ങഠ മുതലായവയെല്ലാം പരിപൂൎണ്ണമായി പഞ്ചായത്തുകഠക്കു് വിട്ടുകൊടുക്കണമെന്നു് മുഖ്യമന്ത്രി സൂചിപ്പിക്കുകയുണ്ടായി. സൂചനമാത്രംകൊണ്ടു് കാര്യമായില്ല. ബഡ്ജററിൽ പണം കൊള്ളിക്കേണ്ടതുണ്ടു്. കുറെ വരവും ചെലവും കാണിച്ചു് ഇന്ന തുക ലാഭം, അല്ലെങ്കിൽ ഇന്ന തുക നഷ്ടം എന്നു കാണിച്ചാൽ അതു ബഡ്ജററാവുകയില്ല. സർ, ഞങ്ങഠ പ്രതീക്ഷിക്കുന്നതു് മനുഷ്യത്വത്തെ മാനിക്കുന്ന ഒരു ബഡ്ജററാണ്. ലാഭത്തിൻെറയോ നഷ്ടത്തിൻെറയോ അടിസ്ഥാനത്തിലല്ല ബഡ്ജററ രൂപീകരിക്കേണ്ടതു്. മനുഷ്യൻെറ ആശയങ്ങഠക്കും അഭിലാഷങ്ങഠക്കും രൂപം നൽകാൻ ഈ ബഡ്ജററ് എത്രത്തോളം പ്രയോജനപ്പെടുന്നു എന്നു നോക്കിവേണം ഇതിൻെറ മൂല്യം നിൎണ്ണയിക്കുവാൻ. ജനങ്ങളുടെ സാമ്പത്തികാഭിവൃദ്ധിയായിരിക്കണം ഒരു ബഡ്ജററിൻെറ ലക്ഷ്യം. തൊഴിലില്ലായ്മയ്ക്കു് പരിഹാരം കാണാൻ

ധാരാളം പേർക്ക് തൊഴിൽ കൊടുക്കേണ്ടതുണ്ട്. സർ, എത്രയെത്ര ആളുകളാണ് ഇന്ന് പട്ടിണിയിൽ കഴിഞ്ഞുകൂടുന്നത്. ബഡ്ജററ് മിച്ചമാണോ കമ്മിയാണോ എന്നല്ല നോക്കേണ്ടത്. ഒരു കമ്മിബഡ്ജററിന്റെ അടിസ്ഥാനത്തിൽ കൂടുതൽ കടംവാങ്ങി കൂടുതൽ ചെലവാക്കിയാൽതന്നെയും അതുകൊണ്ട് യാതൊരു നഷ്ടവും ഉണ്ടാകാൻ പോകുന്നില്ല. ഈ നാട്ടിന്റെ സാമ്പത്തികമായ അഭിവൃദ്ധിമൂലം ഗവൺമെന്റിനും സാമ്പത്തികമായി വളരെ വളരെ മേന്മയുണ്ടാകും.

ഭക്ഷണപ്രശ്നത്തെപ്പററി വളരെ ഏറെ പറയാനുണ്ടെങ്കിലും ആ പ്രശ്നത്തിലേയ്ക്ക് ഞാൻ ഇപ്പോൾ അധികം കടക്കുന്നില്ല. വിപ്ലവാത്മകമായ ഒരു ഭൂനയം നടപ്പിലാക്കി അദ്ധ്വാനിക്കുന്നവന് അവന്റെ ന്യായമായ വിഹിതം കിട്ടുമെന്ന് ഉറപ്പുകൊടുക്കുന്നതിനു ഇന്നത്തെ ഭരണഘടനയ്ക്കകത്തുനിന്നുകൊണ്ട് സാദ്ധ്യമല്ലെന്ന് നമുക്കറിയാം. ഭക്ഷ്യവിഭവങ്ങളുടെ വിതരണം സംബന്ധിച്ച് പ്രതിദിനം ഒരു ലക്ഷം രൂപയോളം ഇന്ന് ഗവൺമെൻറ നഷ്ടപ്പെട്ടുകൊണ്ടിരിക്കയാണ്. ഭക്ഷ്യസംവർദ്ധനത്തിനുവേണ്ടി വളരെ ഏറെ പണം ഗവൺമെൻറ പല ഇനത്തിലായി ചെലവു ചെയ്തിട്ടും എത്രശതമാനം കൂടുതൽഭക്ഷ്യസാധനം ഈ രാജ്യത്തു ഉൽപ്പാദിപ്പിക്കപ്പെട്ടു എന്ന് ഒരു സർക്കാരിനും പറയാൻ കഴിഞ്ഞിട്ടില്ല. ഇന്നലെവരെ അധികാരത്തിലിരുന്ന കാൺഗ്രസ്സുകക്ഷി എല്ലാക്കാലത്തും ബഡ്ജററ അവതരിപ്പിക്കുമ്പോൾ ഭക്ഷ്യവിതരണം സംബന്ധമായി ഗവൺമെൻറിനു നഷ്ടം വരുന്നുണ്ടെന്ന് പറയാറുണ്ട്. രാജപ്രമുഖന്റെ കഴിഞ്ഞ തവണത്തെ പ്രസംഗത്തിലും ഇക്കാര്യം പറഞ്ഞിരുന്നു. സെൻട്രൽ ഗവൺമെൻറിൽനിന്നും സബ്സിഡി വാങ്ങണമെന്നും ഈ മന്ത്രിസഭയുടെ സാമർത്ഥ്യംകൊണ്ട് ഇത്ര കോടി രൂപ സബ്സിഡി കിട്ടിയെന്നും മററും പല അവസരങ്ങളിലും പറഞ്ഞു കേട്ടിട്ടുണ്ട്. ഈ വർഷം കമ്മി ഏഴുകോടി രൂപയോളം വരുന്നുണ്ട്. അതിനു ബഡ്ജററിൽ രണ്ടുകോടി രൂപയാണ് കൊള്ളിച്ചിട്ടുള്ളത്. നമ്മുടെ നാട്ടിലെ കുറെയധികം ഗ്രാമപ്രദേശങ്ങളിൽ തേയില, കാപ്പി, റബ്ബർ മുതലായ വാണിജ്യവിഭവങ്ങളാണ് ഉൽപ്പാദിപ്പിക്കപ്പെടുന്നത്. സെൻട്രൽ ഗവൺമെൻറാണ് ആ ഉൽപ്പാദനങ്ങളിന്മേലുള്ള നികുതി ഈടാക്കുന്നത്. അനേകം കോടിരൂപ ആ ഇനത്തിൽ സെൻട്രൽ ഗവൺമെൻറിനു കിട്ടുന്നുണ്ട്. ഞാൻ ഇന്നത്തെ മന്ത്രിസഭയോട് ഒരു ചോദ്യം ചോദിക്കുകയാണ്. നിങ്ങൾക്ക് ധൈര്യവും തന്റേടവും ഉള്ളപക്ഷം ഭക്ഷണവിഷയത്തിൽ വരുന്ന നഷ്ടം നികത്തുന്നതിലേയ്ക്ക് സെൻട്രൽ ഗവൺമെൻറിൽനിന്നും പിരിക്കുന്ന ആദായത്തിൽനിന്നും ഒരു സംഖ്യ തരണമെന്ന് ആവശ്യപ്പെടണം. തിരുവിതാംകൂർ-കൊച്ചിയിൽനിന്നും നികുതിയിനത്തിൽ പിരിക്കുന്ന പണം ഞങ്ങൾക്ക് തരാൻ സാദ്ധ്യമല്ലെങ്കിൽ തിരുവിതാംകൂർ-കൊച്ചിയിലെ ജനങ്ങളെ തീററിപ്പോററാനുള്ള ചുമതല സെൻട്രൽ ഗവൺമെൻറ ഏറെടുക്കണമെന്നാണ് പറയേണ്ടത്. അല്ലാതെ ഇങ്ങനെ നീണ്ടം നഷ്ടപ്പെട്ടുകൊണ്ടിരിക്കുന്നതു് ശരിയല്ല. ദിവസം ഒരു ലക്ഷം രൂപ എന്നു പറയുമ്പോൾ ശരാശരി ഒരു കൊല്ലത്തിൽ മൂന്നു ലക്ഷം രൂപയാണ് നഷ്ടപ്പെടേണ്ടി വരുന്നത്.

ശ്രീ. എൻ. [illegible]പിള്ള : ബഹുമാനപ്പെട്ട മെംബർ ബില്ലിനെ അനുകൂലിക്കുകയോ പ്രതികൂലിക്കുകയാണോ ?

ശ്രീ. പ്രാക്കുളം ഭാസി: നേരത്തെ പറഞ്ഞതു കേൾക്കാത്തതിന് ഞാനെന്തുവേണം?

നമ്മുടെ ധനകാര്യമന്ത്രിക്ക് സഹകരണസംഘങ്ങളിൽ അടിയുറച്ച വിശ്വാസമുണ്ടെന്നാണ് അദ്ദേഹത്തിന്റെ പ്രസംഗങ്ങളിൽനിന്നും മനസ്സിലാകുന്നത്. ഞാനും ഇതിനു മുമ്പ് അതിലൊക്കെ വിശ്വസിച്ചിരുന്ന ഒരാളാണ്. കയറുവ്യവസായത്തിന്റെ അഭിവൃദ്ധിക്കുവേണ്ടി ഇപ്പോൾ ൧൦ പ്രാഥമിക സഹകരണസംഘങ്ങളും, ൫൨ തൊണ്ടുവ്യവസായ സംഘങ്ങളും, ൨ സെൻട്രൽ മാർക്കറ്റിംഗ് സംഘങ്ങളും നിലവിലുണ്ടെന്ന് ധനകാര്യമന്ത്രി അദ്ദേഹത്തിന്റെ പ്രസംഗത്തിൽ പ്രസ്താവിച്ചിട്ടുണ്ട്. സർ, അതിന്റെ തുടക്കംതന്നെ തെറ്റിൽ നിന്നാണ്. നമ്മുടെ നാട്ടിൽ കയറില്ലാത്തതല്ല പ്രശ്നം. നമ്മുടെ കയർ വിറ്റഴിക്കാൻ വിപണി ഇല്ലാത്തതാണ് യഥാർത്ഥ പ്രശ്നം. വിദേശവിപണികളിലോ അല്ലെങ്കിൽ ഇൻഡ്യയിൽ തന്നെയോ കയർ ചെലവു ചെയ്യുന്നതിനുള്ള മാർക്കറ്റു കണ്ടുപിടിക്കുകയാണ് അത്യാവശ്യമായിട്ടുള്ളത്. കാൺഗ്രസ്സു പാർട്ടി കുറെ സഹകരണസംഘങ്ങൾ ഉണ്ടാക്കിയതുപോലെ ഇനിയും സംഘങ്ങൾ ഉണ്ടാക്കിയാൽ അത് പി. എസ്സ്. പി. സംഘങ്ങൾ ആയിരിക്കും. സഹകരണസംഘങ്ങൾ ഉണ്ടാക്കുന്നതിന് ഈ രാജ്യത്തു ഒരു സഹകരണ ഡിപ്പാർട്ടുമെന്റുണ്ട്. ആ ഡിപ്പാർട്ടുമെന്റിലെ ഒരു ഉദ്യോഗസ്ഥന്റെ പേര് രജിസ്ട്രാർ എന്നാണ്. അതേ സമയത്തു ആ രജിസ്ട്രാറെപ്പോലെ തന്നെ വേറെയും രണ്ടു രജിസ്ട്രാർമാരുണ്ട്. കയർ സംഘങ്ങളുടെ രജിസ്ട്രാരും വീടുകളുണ്ടാക്കുന്നതിനുള്ള രജിസ്ട്രാരും. സഹകരണസംഘങ്ങൾ രജിസ്റ്റർ ചെയ്യുന്നതിനും ലിക്വിഡേററു ചെയ്യുന്നതിനുമാണ് രജിസ്ട്രാരെ നിയമിച്ചിട്ടുള്ളത്. ഈ സംഘങ്ങൾതന്നെ കണ്ടമാനം തുക നഷ്ടപ്പെടുത്തിയതായി അറിവുണ്ട്. കടിയതോട്ടിലെ ഒരു സഹകരണസംഘം ൨൦,൦൦൦ രൂപ വിഴുങ്ങിയതായി അറിവുകിട്ടിയിട്ടുണ്ട്. ൨൦,൦൦൦ രൂപ തൊണ്ടു മൂടുന്നതിനുവാങ്ങികുട്ടയിൽ തൊണ്ട് ഒഴുകിപ്പോയിരുന്നാണ് പറയുന്നത്. ഇങ്ങനെ സഹകരണസംഘങ്ങൾവഴി കയർ വ്യവസായത്തെ ഉദ്ധരിക്കാൻ സാദ്ധ്യമല്ലെന്നാണ് ഇതുകൊണ്ടൊക്കെ മനസ്സിലാക്കേണ്ടത്. ഈ നാട്ടിലെ സഹകരണസംഘങ്ങളുടെനടത്തിപ്പിനെ സംബന്ധിച്ച് വേലായുധൻ കമ്മീഷൻ ഒരു റിപ്പോർട്ടു തയ്യാറാക്കിയിട്ടുണ്ട്. സഹകരണസംഘങ്ങൾ ശരിയായി നടക്കുന്നില്ലെന്നുള്ള പരമാർത്ഥം ആ റിപ്പോർട്ടു നോക്കിയാൽ അറിയാം. ഇൻഡ്യയും അന്യരാജ്യങ്ങളുമായി ട്രേഡ് എഗ്രിമെന്റുകൾ ഉണ്ടാകുമ്പോൾ കയർ സാധനങ്ങൾകൂടി ആ എഗ്രിമെന്റിൽ ഉൾപ്പെടുത്തേണ്ടതാണ്. യൂഗോസ്ലേവിയായും റഷ്യയുമായി ഇൻഡ്യ എഗ്രിമെന്റുണ്ടാക്കിയപ്പോൾ നമ്മുടെ കയറിനെപ്പറ്റി ഓർമ്മിച്ചിട്ടേയില്ല. കഴിഞ്ഞ തവണ ഈ സഭയിൽ ധനകാര്യമന്ത്രി പറഞ്ഞു:

> "On representations made to the Government of India, coir and coir goods have been included in trade agreements with certain foreign countries like Italy, Finland, Norway, Austria, the Federal Republic of Germany, Burma and Hungary."

ഇത് എത്രത്തോളം ശരിയാണെന്ന് [illegible]ട്ടാ. ഈയിടെ നടന്ന യൂഗോസ്ലേവിയായും റഷ്യയുമായുള്ള എഗ്രിമെന്റിൽ യാതൊന്നും തന്നെ കയറിനെപ്പറ്റി പറയുന്നില്ല.

ശ്രീ. പനമ്പിള്ളി ഗോവിന്ദമേനോൻ: യുഗോസ്ലാവിയായും റഷ്യയും തമ്മിലുള്ള എഗ്രിമെൻറിൽ എങ്ങിനെ കയറുൾപ്പെടും ?

ശ്രീ. പ്രാക്കുളം ഭാസി: ആ രാജ്യങ്ങളും ഇൻഡ്യയും തമ്മിലുള്ള എഗ്രിമെൻറിൽ കയറിനെ സംബന്ധിച്ചു യാതൊന്നും പറയുന്നില്ലെന്നാണ് ഞാൻ പറഞ്ഞതു്.

അതുപോലെ തന്നെ ധനകാര്യമന്ത്രിയുടെ ബഡ്ജററു പ്രസംഗത്തിൽ കയറു വ്യവസായത്തിൻെറ നില ഇന്നു അഭിവൃദ്ധിപ്പെട്ടിട്ടുണ്ടെന്നു പറയുന്നുണ്ടു്. ഇന്നു ഈ വ്യവസായത്തിൽ ഏർപ്പെട്ടിരിക്കുന്ന തൊഴിലാളികളെല്ലാം വളരെ ബുദ്ധിമുട്ടുകയാണു്. തൊണ്ടുതല്ലി കയറുപിരിച്ചു് ജീവിക്കുന്ന ആളുകളും ഫാക്ടറിയിൽപോയി കയററപായും തടുക്കും നെയ്തു ജീവിക്കുന്ന ആളുകളും ഇന്നു് പണിയില്ലാതെ കഷ്ടപ്പെടുകയാണു്. ഗ്രാമങ്ങളെ സംബന്ധിച്ചിടത്തോളം കയറുവ്യവസായത്തിൻെറ പുനരുദ്ധാരണത്തിനു് സഹകരണസംഘങ്ങളുടെ അടിസ്ഥാനത്തിൽ പോയാൽ അതു് വിജയിക്കുവാൻ പോകുന്നില്ലെന്നു് ഞാൻ ഗവൺമെൻറിനു ഒരു മുന്നറിവു നൽകിക്കൊള്ളുന്നു.

ഒരുകാര്യംകൂടി എനിക്കു് ധനകാര്യമന്ത്രിയോടു് ഈ അവസരത്തിൽ പറയേണ്ടതുണ്ടു്. കഴിഞ്ഞ ബഡ്ജററു പ്രസംഗത്തിൽ പഴയ ധനകാര്യമന്ത്രി ലേബർ ഡിപ്പാർട്ടുമെൻറു് ഒരു മേജർ ഡിപ്പാർട്ടുമെൻറാക്കുമെന്നു പറഞ്ഞിരുന്നു. പുതിയ സോഷ്യലിസ്ററു ധനകാര്യമന്ത്രിയോടു് ആ കാര്യം നടപ്പിലാക്കണമെന്നു് ഞാൻ അഭ്യർത്ഥിക്കുന്നു. നാലു മാസത്തേയ്ക്കുള്ള ചെലവാണു് ഉൾക്കൊള്ളിച്ചിട്ടുള്ളതെങ്കിലും ഈയാണ്ടത്തെ മുഴുവൻ ബഡ്ജററു അവതരിപ്പിക്കുമ്പോൾ സോഷ്യലിസ്ററു പാർട്ടിയുടെ ആദർശങ്ങളുടേയും പരിപാടികളുടേയും അടിസ്ഥാനത്തിൽ ഇക്കാര്യം ബഹുമാനപ്പെട്ട മന്ത്രി ചെയ്യേണ്ടതാണു്. ലേബർ ഡിപ്പാർട്ടുമെൻറു അദ്ധ്യക്ഷനേയും ഇൻഡസ്ട്രിയൽ ട്രിബ്യൂണലിനേയും ഫസ്ററുഗ്രേഡ് ഉദ്യോഗസ്ഥന്മാരാക്കേണ്ടതാണു്. തൊഴിലില്ലായ്മയെക്കുറിച്ചും വളരെ ഏറെ മെംബറന്മാർ ഇവിടെ സംസാരിച്ചു കഴിഞ്ഞു. പക്ഷെ അതു സംബന്ധിച്ചു് ചില വ്യക്തമായ നിർദ്ദേശങ്ങൾ വയ്ക്കാൻ ഞാൻ ആഗ്രഹിക്കുന്നു. കയറിനും കൈത്തറി നെയ്ത്തു വസ്ത്രങ്ങൾക്കും ഞാൻ മുമ്പു പറഞ്ഞതുപോലെ പുതിയ മാർക്കററുകൾ കണ്ടുപിടിക്കണം. കൈത്തറിനെയ്ത്തിനെ സംബന്ധിച്ചിടത്തോളം പുനരുദ്ധാരണത്തിനു വേണ്ട പദ്ധതികൾ ആസൂത്രണം ചെയ്തിട്ടുണ്ടു്. കയറുവ്യവസായത്തിനു് വിദേശവിപണികൾ കണ്ടുപിടിക്കാൻ അങ്ങേയററം പരിശ്രമിക്കേണ്ടതാണു്. ഇന്നു കയറുവ്യവസായത്തിൽ ഏർപ്പെട്ടിരിക്കുന്ന ഗ്രാമങ്ങളിലെ തൊണ്ടുതല്ലി കഴിയുന്ന അമ്മമാക്കും മററും ദിനംപ്രതി കൂലി കുറച്ചുകൊടുത്തുകൊണ്ടിരിക്കയാണു്. ഒന്നും ഒന്നേകാലും രൂപയിൽനിന്നു് ഇന്നു് പന്ത്രണ്ടണവരെ കൂലി താഴ്ന്നിട്ടുണ്ടു്. നിങ്ങൾ ഐക്യമുന്നണിക്കു് വോട്ടുചെയ്തവരല്ലേ അതുകൊണ്ടു് അവരോടുപോയി കൂലികുറവിനെപ്പററി പറയണമെന്നാണു് മുതലാളിമാർ പറയുന്നതു്. ഇതിനെല്ലാം ഒരു പരിഹാരം കണ്ടുപിടിക്കണം.

നമ്മുടെ മുഖ്യമന്ത്രി ശ്രീ. പട്ടം താണുപിള്ളയോടു് ഒന്നു രണ്ടു കാര്യങ്ങൾ പറഞ്ഞുകൊണ്ടു് ഞാൻ എൻെറ പ്രസംഗം അവസാനിപ്പിച്ചുകൊള്ളാം. ഞങ്ങളുടെ പ്രസംഗങ്ങൾ കേട്ടശേഷം അദ്ദേഹം വളരെ

[ശ്രീ. പ്രാക്കുളം ഭാസി]

ശബ്ദത്തോടുകൂടി മറുപടി പറയുകയുണ്ടായി. ഞാൻ ഈയിടെ നാട്ടിൽ ചെന്നപ്പോൾ അവിടെയുള്ള തൊഴിലാളികൾ മിക്കവരും വിശേഷിച്ചും പട്ടിണികിടക്കുന്ന അമ്മമാർ ചോദിക്കുകയുണ്ടായി, പട്ടം ചതിച്ചോ എന്ന്. ശ്രീ. പട്ടം താണുപിള്ളയുടെ ഭരണം പട്ടിണിഭരണമോ മർദ്ദനഭരണമോ ആകാതെ തൊഴിലില്ലായ്മ പരിഹരിക്കുന്ന ഭരണമാക്കിത്തീർക്കണമെന്ന് ഞാൻ അപേക്ഷിക്കുന്നു. ശരിയായി പരിപാടികൾ ആസൂത്രണം ചെയ്തു നാട്ടിന്റെ ക്ഷേമത്തെ മുൻനിർത്തി കക്ഷിചിന്തകൾക്ക് അതീതമായി പ്രവർത്തിക്കുമെങ്കിൽ ഞങ്ങളുടെ പാർട്ടിയുടെ പിന്തുണ ശ്രീ. താണുപിള്ളയ്ക്ക് ഉണ്ടായിരിക്കുന്നതാണെന്ന് വീണ്ടും പറഞ്ഞുകൊണ്ട് ഞാൻ അവസാനിപ്പിക്കുന്നു.

The House rose for lunch a t 1 P. M. and re-assembled at 2 P. M. with Mr. Speaker in the Chair.

2 PM.

ஸ்ரீ. டி. டி. டானியல்: ஸர், இந்த அப்ராப்பிரியேஷன் ஸ்டேட்மென்டை எதிர்க்கிறேன். இந்த நாட்டிலுள்ள விஜாரணைக் கைதிகளைப்பற்றி சில வார்த்தைகள் முதலில் சொல்ல விரும்புகிறேன். நமது சமஸ்தானத்தில் விஜாரணைக் கைதிகள் ஸ்டேஷன்களில் எவ்விதம் நடத்தப்படுகிறார்கள் என்பதை கவனித்தால் ரொம்ப பரிதாபகரமாயிருக்கிறது. களவுகளுக்குக் காரணம் பொருளாதார நிலைமை. ஒருவனது பொருளாதார நிலைமை குன்றும்போது சிறிய சிறிய குற்றங்களைக் அவன் செய்கிறான். ஒவ்வொரு வருடமும் நமது சர்க்கார் குற்றவாளிக்கும், விசாரணைக் குற்றவாளிகளுக்கும் சாப்பாட்டிற்காக போதுமான தொகை செலவு செய்கிறதில்லை. அதிலும் விசாரணைக் கைதிகளின் நிலைமை ரொம்ப மோசமாயிருக்கிறது. இவ்விசாரணைக் கைதிகளை குற்றம் செய்து சிட்சிக்கப்பட்டு ஸ்டேஷன் சிறையிலேயே இருக்கும் குற்றவாளிகளுடன் அடைத்து வைக்கிறார்கள். இவர்களின் கேசுகள் தீருவதற்கு சில சமயங்களில் ஆறு மாதம்—முதல் மேலும் ஆகின்றன. இரண்டுவருடத்திற்குமேல் அதுவரையில் இக்கைதிகள் மற்ற சிட்சைப்பட்ட கைதிகளுடன் பழகுவதால் அவர்களின் துஷ்ட பழக்கங்கள் பழகிவிடுகிறார்கள். விசாரணைக்குப்பின் சில சமயங்களில் இவர்களின் பேரிலுள்ள குற்றம் ருசுவாகாமல் மஜிஸ்திரேட் விடுதலை செய்து விடுகிறார். என்ன ஏற்படுகிறது? போலீஸ் லாக்கப்பில் இருக்கும்போதும், வெளியில் வந்த பிறகும் இவர்களின் நிலைமை ரொம்ப பரிதாபகரமாயிருக்கிறது. இவ்விசாரணைக் கைதிகளை கோர்ட்டுகளுக்கு கொண்டு வரும்பொழுது நான் பார்த்திருக்கிறேன். நல்ல ஆரோக்கியத்துடன் இருந்தவர்கள் உடல் நலம் குன்றி, இவர்களிது ஆடைகள் கிழிந்து, மாசு படிந்து பார்க்க கேவலமாக இருக்கும். இவர்களை மற்ற கைதிகளுடன் அடைத்து வைப்பதாலும், வேறு தொழில், வேலைகள் செய்ய பலமில்லாததினாலும், வெளியில் வந்தவுடன் சிறிய சிறிய களவுகள் செய்ய துணிந்துவிடுகிறார்கள். இந்த நிலைமை மாற வேண்டுமானால், முதலில் இவ்விசாரணைக் கைதிகளை

மற்றவர்களுடன் அடைத்து வைக்காமல் பிரத்தேக அறைகளில் வைக்கவேண்டும். கூடிய மட்டில் நல்ல உணவும் கொடுத்து, சுகாதாரமாகவைக்கவும் ஏற்பாடுசெய்யவேண்டும். நாகர்கோவிலில், உதாரணமாக ஸார், இரண்டு வருடங்களுக்கு முன் பதினறு வயதுள்ள சிறுவனை குற்றவாளி என்று ஸ்தாபித்து போலிஸார் அவனைப் பிடித்து கொண்டு போனர்கள். இவனுக்கு தாய் தகப்பன் கிடையாது. அவன் செய்த குற்றம் பசியின் கொடுமையால் நான்கு பழங்களை திருடி தின்று விட்டான் என்று ஆறுமாத காலமாக அவன் விசாரணைக் கைதியாக யிருந்ததினல், அவன் விடுதலை பெற்றவுடன், அச்சிறுவனின் ஆரோக்கியம் குன்றி, ஒருவித தொழில் செய்வதற்கும் லாயக்கற்று, அல்லல் பட்டான். இதனல் என்ன ஏற்பட்டது? அவனது வறுமையினலும் மற்ற குற்றவாளிகளுடன் இவனை அடைத்து வைத்திருந்ததினலும் இவன் சிறிய களவுகள் செய்யக்கூடிய மனேநிலைமை ஏற்பட்டுவிட்டது. இந்தமாதிரியுள்ள விசாரணைக் கைதிகளை பிரத்தேகமான அறைகளில் வைக்கவேண்டும். இவர்கள் மற்ற குற்றவாளிகளுடன் சேர்த்து வைக்கக்கூடாது. ஸார், வேருென்று, ஒரு ஸ்டேஷனில் பெண் கைதிகள் இருந்தால், அந்த அறையின் சாவியை இன்ஸ்பெக்டர் வைத்துக்கொள்ளவேண்டும். வேறு ஒருவரிடமும் சாவியைக் கொடுக்கக்கூடாது. இன்னெரு சாவி ஸ்தலம் மஜிஸ்டரேட்டிடம் இருக்கவேண்டும். அது தான் மரியாதை. விசாரணைக் கைதிகளின் உணவுக்காக சர்க்கார் வேண்டிய தொகை வருடா வருடம் ஒதுக்கவேண்டும்.

ஸார், கல்வி இலாகாவைப் பார்த்தால்—அரசாங்கத்தின் கீழ் இருக்கக்கூடிய பள்ளிக்கூடங்களிலுள்ள வாத்திமார்களின் சம்பளத்திற்கும், கிருண்ட் பள்ளிக்கூடங்களில் வேலை பார்க்கும் வாத்திமார்களின் சம்பளத்திற்கும் வித்தியாசமிருக்கிறது. ஒரேவிதமான வேலை பார்க்கிற உபாத்தியாயர்களுக்கு சம்பளத்தில் வித்தியாசம். கிருண்ட் பள்ளி வாத்திமார்களும் அரசாங்க பள்ளி வாத்திமார்களைப் போல் கல்வியும் பெற்றவர்கள். இந்த இரண்டு இன வாத்திமார்களையும் ஒன்று போல் பாராட்டவேண்டும்—வைக்கவேண்டும். வாத்திமார்களின் சம்பளக்குறைவினல் அவர்களின் பொருளாதார நிலைமையே மோசமாயிருக்கிறது. இதைச் சரிக்கட்ட ஒரு எடியுகேஷன் கம்மிற்றி ஏற்படுத்தி, இவர்களது மனைவி மக்களுக்கு வேண்டிய ஒத்தாசை செய்ய வேண்டியது அரசாங்கத்தின் கடமை. அவர்களுக்கு போதுமான சம்பளமில்லாததினல், குடும்பத்தை நடத்திக்கொண்டு போகவும், குழந்தைகளை கற்பிக்கவும் முடிவதில்லை. இதனல் அவர்களின் கல்வி திறனும் குறைந்துகொண்டு வருகிறது. இவர்களின் நிலைமையை பரிகரிக்க அரசாங்கத்தைக் கேட்டுக் கொள்கிறேன்.

லஞ்ச ஒழிப்பு மசோதா: இந்த மசோதாவினல் யாதொரு பிரயோஜனமும் ஏற்படாது. காரணம் கிளார்க்குகள், அதற்கு மேலுள்ள உத்தியோகஸ்தர்கள், மற்ற அரசாங்க ஊழியர்கள் இவர்

[ஸ்ரீ. டி. டி. டானியல்]

களுக்கு போதுமான—நியாயமான அளவில் சம்பளம் கொடுக்கப்படா விட்டால் லஞ்சத்தை ஒழிக்கமுடியாது. கிளார்க்கு, பியூன் முதலிய ஊழியர்களுக்கு போதுமான சம்பளம் நல்கவேண்டுமென்று கேட்டுக் கொள்கிறேன்.

நீர்ப்பாசனம்: ஸர், நீர்ப்பாசனத்தைப் பற்றி சில வார்த்தைகள் பேச விரும்புகிறேன். நமது பொக்கிஷ மந்திரி கூறியிருக்கிறார் நமது அரசாங்கத்திற்கு இந்த வருடம் இரண்டு கோடி ரூபாய் நஷ்டமேற்படுமென்று. இந்த சர்க்கார் அதே சமயத்தில் இந்த இரண்டு கோடி ரூபாய் நஷ்டப்படக்கூடிய நிலைமையை நிவர்த்தி செய்யக் கூடிய வகைகளை சொல்லவில்லை. ஒவ்வொரு வருடமும் இரண்டு கோடி ரூபாய் நமது அரசாங்கத்திற்கு நஷ்டம் ஏற்படுமானால், மேலும் மேலும் அந்த நஷ்டத்தை வளரவிடலாமா? ஸர், நெல் கிருஷி கூடுதல் செய்யவேண்டும் என்று சொல்லிவிட்டு நிறுத்தி விட்டார்கள். சொல்லிவிட்டால் போதாது. நெல்விளைவைக் கூட்ட வேண்டுமானால் சரியான நீர்ப்பாசனத் திட்டங்களை அமைக்க வேண்டும். அப்படியானால் இந்தமாதிரி நஷ்டங்கள் சர்க்காருக்கு வராது. நாட்டில் கிருஷிகளின் நிலைமை சரிப்படுமானால், கிருஷிகர்களின் நிலைமை மேன்மையுறும். வஸ்துக்களின் நிலைமை உயரும். இதனால் நாட்டின் செல்வம், பொருளாதார நிலைமை சரிப்படும். இப்படிப்பட்ட நிலைமை ஏற்படும்போது அரசாங்கத்தின் நிலைமை சரியாய் விடும். இந்தமாதிரி கம்மி பட்ஜெட் ஏற்படாது. இந்த நாட்டிலிருக்கக் கூடிய மக்களின் பொருளாதார நிலைமை சரியாக வேண்டும். மத்திய அரசாங்கம் செலவு செய்தாலும் சரி அல்லது இந்த அரசாங்கமானாலும் சரி, நீர்பாசனத் திட்டங்களுக்கு நாட்டின் எல்லா பாகங்களிலும் பணம் செலவு செய்யவேண்டும். ஆனால் தான் கிருஷி உற்பத்தி பெருகும். தொழிற்சாலைகளைப் பற்றி ஸர், தென் திருவிதாங்கூரிலுள்ள எல்லா தொழிற்சாலைகளையும் வட திருவிதாங்கூர், மத்திய திருவிதாங்கூருக்கு மாற்றிவிட்டார்கள். இதனால் ஏழை மக்களுக்குத் தொழிலில்லை. தொழிலின்மையால் மக்கள் பட்டினியால் வாடுகிறார்கள். வட திருவிதாங்கூரில் ஏராளம் தொழிற்சாலைகளை அமைத்து விட்டார்கள். தென் திருவிதாங்கூரிலும் கூடுதலாக தொழிற்சாலைகள் அமைத்து தொழிலில்லாமையை போக்குவதற்கு பதிலாக இருந்த தொழிற்சாலைகளையும் எடுத்து விட்டார்கள். இந்தவிதமானால் இங்குள்ள மக்களின் பொருளாதார நிலைமையை நீக்கமுடியுமா? ஒரு நாட்டின் ஒரு பக்கத்திலுள்ள மக்களின் பொருளாதார நிலைமை நன்றாகவும், மற்ற பக்கத்தில் கேவலமுமாக யிருந்தால் அந்நாட்டின் பொருளாதார நிலைமை சரியாக இருக்கிறதென்று கூறமுடியுமா? அரசாங்கத்தை வேண்டிக் கொள்கிறேன், தென் திருவிதாங்கூரிலும் தொழிற்சாலைகளை அமையுங்கள் என்று. இங்கு ஒரு தொழிற்சாலை கூட இல்லாமலிருக்கிறது. இதை மிக வருத்தத்துடன் சொல்லிக்கொள்கிறேன். அரசாங்கம் எங்களை இந்த முறை

யில் நடத்துவதினால் தான் எங்களுக்கு அரசாங்கத்தின் பேரில் நம்பிக்கைக் குறைவுகள் ஏற்படுகின்றன. மலேயாளி, தமிழன் என்ற துவேஷமில்லாமல், தென் திருவிதாங்கூரின் தொழிலாளிகள், மக்களின் பொருளாதார நிலைமையை உயர்த்த போதுமான தொழிற் சாலைகளை அமைத்துத் தரக் கேட்டுக் கொள்கிறேன். மாத்திரமல்ல எங்கெல்லாம் மக்களின் பொருளாதார நிலைமை சரியில்லை, வேலை யில்லாத் திண்டாட்டமிருக்கிறதோ அங்கெல்லாம் தொழிற்சாலைகளை அமைக்கவேண்டும். மக்களின் வேலையில்லாதிண்டாட்டத்திற்கு அரசாங்கத்தைத் தான் குற்றம் சொல்வேன். ஸர், தென் திருவிதாங்கூரில் பல இடங்களில் நிலக்கரி, மானேஸைட், இரும்பு, இன்னும் சில உலோக வகைகள் இருக்கின்றன. தோவாளையில் மலைகளில் தாராளமாக நிலக்கரியும், காக்காப்பொன்னுமிருக்கின்றன. இந்த அரசாங்கம் இவைகளை எல்லாம் பார்த்து வேண்டிய தொழிற்சாலைகள் அமைக்க வேண்டும். தொழிலில்லாமையையும் பரிகரிக்கலாம். நேற்றுக்கூட ரொம்ப வருத்தப்படக் கூடிய ஒரு சம்பவம் நடந்தது. 20 வேலையாட்கள் மருங்கூரில் நெல் அறுவடை கழிந்து தங்கள் கூலியாக கிடைத்த நெல்லை எடுத்துக்கொண்டு நாகர்கோவிலில் மணிமேடைப்பக்கம் வந்து மணவாளக்குறிச்சி பஸ்ஸில் டிக்கெட்டு எடுத்து ஏறி உட்கார்ந் தார்கள். இவர்களை போலீஸார் நிறுத்தி பஸ்ஸின் டாப்பில் இருந்த அவர்களது கூலி நெல்லை எடுத்து, அவர்களில் இரண்டு மூன்று பேரை அடித்து துன்புறுத்தியிருக்கிறார்கள். இதைப் பற்றி நாங்கள் அதிகாரிகளுக்கு தெரிவித்து இருக்கிறோம். கூலிக்குக் கிடைத்த நெல்லை வீட்டிற்குக் கொண்டுபோக விடாமல் தடுத்து, நெல்லைப் பிடுங்கி அவர்களையும் அடித்தால் எந்த முறையில் போலீஸ் பாமர ஜனங்களிடம் நடந்து கொள்கிறார்கள் என்பதை அரசாங்கம் கவனிக்கவேண்டும். இதை அரசாங்கம் பார்த்து வேண்டியது உடனடி செய்யக் கேட்டுக்கொள்கிறேன்.

கழிந்த மூன்றும்பாரம் பரீட்சையில் ஒரு பரீட்சைத்தாளில் ஒரு குற்றம் நடந்திருக்கிறது. அதாவது ஒரு கேள்வியை ஹிந்தியில் மொழி பெயர்க்கவேண்டுமென்று—மலையாளத்தில் எழுதிய பாகத்தை ஹிந்தியில் மொழிபெயர்க்கப்பட வேண்டும் என்று எழுதியிருந்தது. இதன் காரணமாக தமிழ் பிள்ளைகளுக்கு என்ன செய்யவேண்டுமென்று தெரியாமல், விடை எழுதாமல் வந்து விட்டார்கள். இதனால் தாங்கள் இந்த பரீட்சைத்தாளில் தோற்றுவிடுவோமோ என்ற சந்தேகம் அவர் களுக்குப் பிறந்திருக்கிறது. இந்தக் கேள்வித்தாளில் தமிழ் மாணவர் கள் தோற்றுவிட்டார்கள் என்ற காரணத்தால் அவர்கள் பரீட்சை யில் தோற்காமலிருக்க கல்வி இலாகா டைரைக்டர் அவர்கள் வேண்டு வன செய்யவேண்டுமென்று கேட்டுக் கொள்கிறேன். இது தமிழ் மாணவர்களின் குற்றமல்ல. ஸ்ரீ. சி. கே. நம்பியார் அவர்கள் இதன் உண்மையை அறிந்து, இந்த குற்றம் எப்படி ஏற்பட்டது என்று அறிந்து, அந்தக் கேள்விக்கு விடை எழுதாதுபோன காரணத்தினால் அவர்களைத் தோற்பிக்கக்கூடாது என்று ஒரு ஆர்டர் பிறப்பிக்கக்

[ஸ்ரீ. டி. டி. டானியல்]

கேட்டுக்கொள்கிறேன். இதைப்பற்றி ஒரு அவசரப் பிரேரணையை ஸ்ரீ. குஞ்சன் நாடார் அவர்கள் கொண்டு வந்தார். ஆனால் அதை சபாநாயகர் அனுமதிக்க வில்லை.

ஸார், தென் திருவிதாங்கூரில் இராப்பள்ளிக்கூடங்கள் ஏற்படுத்த வேண்டும். பதினான்கு வயது வரை இலவசக் கல்வி கற்பிக்க வேண்டுமென்று ஒரு திட்டம் வருவதை நாங்கள் வரவேற்கிறோம். ஆனால் இத்திட்டம் பேப்பர் திட்டமாகயிருக்கக்கூடாது. இந்தியன் யூனியனில் இதுமாதிரி ஒரு திட்டம் வகுக்கப்படவில்லை. ஒரு திட்டமுண்டு ஆனால் சரிவர நடைமுறையில் வரவில்லை. இது போலில்லாமல் இத்திட்டத்தை அமலுக்குக் கொண்டுவந்தால் அநேக ஆயிரம் ஏழை மக்களின் குழந்தைகள் கல்வி கற்பார்கள் என்று சொல்லிக் கொள்கிறேன். ஏழைகளும், தங்கள் குழந்தைகளும் பகல் நேரங்களில் வேலை செய்து, இரவில் தங்கள் பிள்ளைகளுக்கு பள்ளிக்கூடங்களில் கல்வி கற்க சந்தர்ப்பம் ஏற்படுமானால், இது ஒரு சிறந்த திட்டமாகும். ஏழை மக்களும் படித்து வருவார்கள். சரியான முறையில் இதற்காக ஒரு திட்டத்தை கொண்டு வந்து, அமுலில் கொண்டுவர வேண்டுமென்று கேட்டுக்கொண்டு இந்தத் தீர்மானத்தை எதிர்த்துக் கொள்கிறேன்.

ശ്രീ. കെ. എം. ജാർജ്ജ്: സർ, ഈ അപ്രോപ്രിയേഷൻ ബിൽ കേവലം ഔപചാരികമായ ഒരു ബിൽ മാത്രമാണെന്നു എനിക്കറിയാം. അങ്ങു തന്നെ ആ വസ്തുത ഇന്നു രാവിലെ ചൂണ്ടിക്കാണിക്കുകയുണ്ടായി. നാലു മാസത്തേയ്ക്കുള്ള വോട്ടു ഓൺ എക്കൌണ്ട് പോലുംകൂടാതെ പാസാക്കിക്കൊടുത്ത ഈ ബഹുമാനപ്പെട്ട സഭയിലെ ചില ബഹുമാനപ്പെട്ട മെമ്പറന്മാർ—ഐ. മു. മെമ്പറന്മാർ—ഇപ്പോൾ ഈ ബില്ലിനെ എതിർക്കുന്നു. പല പുതിയ ആരോപണങ്ങൾ ഗവമെൻ്റിനെപ്പറ്റിയും, കോൺഗ്രസ്സിനെപ്പറ്റിയും, കമ്മ്യൂണിസ്റ്റ വിരുദ്ധമുന്നണിയെപ്പറ്റിയും അമേരിക്കയെപ്പറ്റിയുമുള്ള വിചിത്രമായ ആരോപണങ്ങൾ ഉന്നയിച്ചുകൊണ്ടാണ്, സർ, അവർ ഈ ബില്ലിനെ എതിർക്കുന്നതു്.

എൻ്റെ സ്നേഹിതൻ, തിരുവാർപ്പു മെമ്പർ ഈ ബില്ലിനെ എതിർക്കാൻ കാരണമായി പറഞ്ഞതു്, പുതിയ ബഡ്ജറ്റിൽ പോലീസ് വകുപ്പിനു കഴിഞ്ഞ കൊല്ലത്തേതിലും ൨ ലക്ഷം രൂപ കൂടുതൽ കൊള്ളിച്ചു എന്നു പറഞ്ഞുകൊണ്ടാണ്. അദ്ദേഹം പരാതിപ്പെടുകയുണ്ടായി, ഈ രാജ്യത്തു കമ്മ്യൂണിസ്റ്റ വിരുദ്ധമുന്നണിക്കാരും, അമേരിക്കക്കാരും സ്വച്ഛന്ദം വിഹരിക്കുമ്പോൾ, ഇൻഡ്യയ്ക്കെതിരായി വിദേശമിഷനറിമാരും അമേരിക്കൻ ചാരന്മാരും പ്രവൎത്തനങ്ങൾ നടത്തി ഇൻഡ്യയുടെ സ്വാതന്ത്ര്യം അപകടപ്പെടുത്തുമ്പോൾ, അതൊന്നും ഇവിടത്തെ പോലീസു നോക്കുന്നില്ല എന്നു്. തന്നെയുമല്ല, ഇവിടത്തെ കമ്മ്യൂണിസ്റ്റുകാരുടെ ചെയ്തികളെയാണ് ഇവിടെ പോലീസ് സൂക്ഷിച്ചുവരുന്നതു്, എന്നും. ഇതിൻ്റെ അർത്ഥമെന്താണ് സർ, ഇതിൽ എത്രമാത്രം പരമാർത്ഥമുണ്ടു്, സർ?

കമ്മ്യൂണിസ്റ്റ വിരുദ്ധമുന്നണിയുടെ വക്കാലത്തു എനിക്കില്ല. എൻ്റെ അറിവിൽപ്പെട്ടിടത്തോളം കമ്മ്യൂണിസ്റ്റ വിരുദ്ധമുന്നണി ഒര

ഖിലേന്ത്യാ സാംസ്കാരിക സാമൂഹ്യസംഘടനയാണ്. കമ്മ്യൂണിസ്ററ പാർട്ടിക്ക് കുറെയേറെ തലവേദനയും ക്ഷതങ്ങളും വരുത്തുന്ന ഒരു സംഘടന എന്ന നിലയിൽ, അതിന്റെ നേരെ ബഹുമാനപ്പെട്ട സഖാക്കൾ ചന്ദ്രഹാസമിളക്കുന്നതു നമുക്കു മനസ്സിലാക്കാം. അമേരിക്കൻ എംബസിയിൽനിന്നും വൻതുകകൾ കമ്മ്യൂണിസ്ററ വിരുദ്ധമുന്നണിയ്ക്കു് ലഭിച്ചുവരുന്നു എന്ന ആരോപണത്തെ കമ്മ്യൂണിസ്ററ വിരുദ്ധമുന്നണി പ്രവർത്തകർ അങ്ങേയററം എതിർത്തിട്ടുണ്ടു്. ഈ ആരോപണത്തിന്റെ സത്യാവസ്ഥ തെളിയിക്കാൻ കമ്മ്യൂണിസ്ററപാർട്ടിയെ വെല്ലുവിളിച്ചതും അതിനു കമ്മ്യൂണിസ്ററ പാർട്ടിക്കാർ മൌനം അവലംബിച്ചതും നമ്മുടെ ഓർമ്മയിലുണ്ടു്. കമ്മ്യൂണിസ്ററപാർട്ടിക്കു് പ്രവർത്തനസ്വാതന്ത്ര്യമുണ്ടെങ്കിൽ, സർ കമ്മ്യൂണിസ്ററവിരുദ്ധമുന്നണിക്കും ഇവിടെ പ്രവർത്തന സ്വാതന്ത്ര്യമില്ലയോ എന്നു്, ഞാൻ വ്യക്തിസ്വാതന്ത്ര്യത്തിന്റെ പേരിൽ ചോദിക്കുന്നുള്ളു.

അതുപോകട്ടെ. ഇററാലിയൻ വൈദികരുടെ കാര്യം സഖാവു് രാഘവക്കുറുപ്പു പറയുന്നതുകേട്ടു. ഇററലിക്കാരെന്നല്ല, റഷ്യക്കാരോ അവരുടെ ഏജൻറമാരോ, അമേരിക്കരോ ആരുതന്നെ ആയാലും ഈ സംസ്ഥാനത്തിന്റെ രക്ഷയ്ക്കും സുരക്ഷിതാവസ്ഥയ്ക്കും എതിരായി പ്രവർത്തിച്ചാൽ അതു തടയണം—ശക്തിയായി ഗവണ്മെൻറ് തടയണം—എന്നാണു് എന്റെ വ്യക്തമായ അഭിപ്രായം. അമേരിക്കരെപ്പററി വലിയ ആരോപണങ്ങൾ തിരുവാർപ്പു മെംബർ ഉന്നയിച്ചു. റഷ്യയുടെ ചാരന്മാരും അഞ്ചാംപത്തിക്കാരുമായ കമ്മ്യൂണിസ്ററുകൾ അമേരിക്കരെ താറടിക്കാൻ ശ്രമിക്കുന്നതിൽ യാതൊരത്ഭുതവുമില്ല. സർ, ഉത്സവസ്ഥലങ്ങളിൽ പെരുംകള്ളന്മാർ ഒരു വിദ്യ പ്രയോഗിക്കുന്നതായി കേൾവിയുണ്ടു്. "ആന വരുന്നേ—ഓടിക്കോ"—എന്നു പറഞ്ഞു ബഹളം കൂട്ടും. ജനങ്ങൾ പേടിച്ചോടുമ്പോൾ കള്ളന്മാർ സാധനങ്ങൾ മോഷ്ടിച്ചു സൂത്രത്തിൽ രക്ഷപ്പെടുകയും ചെയ്യും. ഇതുപോലാണു സർ, ഈ സഖാക്കളുടെ അമേരിക്കരെപ്പററിയുള്ള ആരോപണം. നമ്മുടെ മഹാനായ പ്രധാനമന്ത്രി പണ്ഡിററ്നെഹ്റു പ്രഖ്യാപിച്ചിട്ടുള്ളതുപോലെ, ഇൻഡ്യയുടെ നില ഈ രണ്ടു ബ്ലോക്കിലുമല്ല. ഇൻഡ്യയുടെ സുരക്ഷിതത്വവും ഐശ്വര്യ സമാധാനങ്ങളും സംരക്ഷിക്കാൻ ഈ രാജ്യത്തോടു കൂറുള്ള എവക്കും ഉൽക്കണ്ഠയുണ്ടു്. ഉണ്ടായിരിക്കയുംവേണം. പക്ഷെ ഇതെല്ലാം കേന്ദ്രഗവണ്മെൻറ കാര്യങ്ങളാണു്.

പോലീസ് വകുപ്പിനു കൂടുതൽ തുക കൊള്ളിച്ചതു നന്നായില്ലെന്നത്രെ എന്റെ അഭിപ്രായം. സർ, പാവപ്പെട്ട പോലീസുകാരെ കുററിക്കെട്ടുകയും, പോലീസ് സ്റ്റേഷനുകൾ തീവയ്ക്കുകയും ചെയ്യുന്ന പരിപാടിയാണു ഈ സഖാക്കളുടേതു്. അതേ സമയം പോലീസിനു ശമ്പളം കൂടുതൽ കൊടുക്കണമെന്നു അവർ നാട്ടനീളെ പ്രസംഗിക്കാറുമുണ്ടു്. ഇപ്പോൾ ഈ ബഹുമാനപ്പെട്ട സഭയിൽ പറയുന്നു പോലീസ് വകുപ്പിനു തുക കൂടുതൽ കൊള്ളിച്ചതു അക്രമമായിപ്പോയെന്നു്. ഇതെന്തു വിരോധാഭാസമാണു് ?

സർ, പോലീസ് ഡിപ്പാർട്ടുമെൻറിൽ അഴിമതിക്കാരും അക്രമികളുമുണ്ടു്. അവരെ ഒററപ്പെടുത്തുകയും നിർദ്ദാക്ഷിണ്യം ശിക്ഷിക്കയും വേണം. പക്ഷെ സത്യദീക്ഷയോടെ വിഷമമേറിയ തങ്ങളുടെ ചുമതല

[ശ്രീ. കെ. എം. ജാർജ്ജ്]

നിറവേററുന്ന പോലീസിനെ പ്രോൽസാഹിപ്പിക്കേണ്ടതും അത്യാവശ്യമാണ്. അവർക്കു മനുഷ്യോചിതമായ ഒരു ശമ്പളം കൊടുക്കണം. അവരാണു പൊതുജനങ്ങളുടെ ജീവധനമാനാദികളുടെ സൂക്ഷിപ്പുകാർ. ഓരോ പോലീസ്സ്റ്റേഷനിലേക്കും ഓരോ ജീപ്പു ഏററവും വേഗം കൊടുക്കേണ്ടതും, ഇന്നത്തെ സാഹചര്യങ്ങളിൽ അടിയന്തിരമായ ആവശ്യമാണെന്നു ഞാൻ പോലീസുമന്ത്രിയെ അനുസ്മരിപ്പിച്ചുകൊള്ളുന്നു.

നാടാകെ വഞ്ചനാദിനം ആഘോഷിച്ചുവരുന്ന തിരുവാർപ്പു മെംബറും സഖാക്കളും എന്തിനാണു ഈ അടവു പ്രയോഗിക്കുന്നതെന്നു ബഹുമാനപ്പെട്ട മുഖ്യമന്ത്രി ശ്രീ. പട്ടം ആലോചിക്കാൻ ഞാൻ അപേക്ഷിക്കുന്നു. സഭാനേതാവായ ശ്രീ. പട്ടം തന്നെ രണ്ടു ദിവസം മുൻപു ഈ സഭയിൽ പ്രഖ്യാപിച്ചു, ഈ ടി. സി. മുക്കളുമായി യോജിച്ചു യാതൊരു സംഗതിയും ചെയ്യാൻ സാദ്ധ്യമല്ലെന്നു അദ്ദേഹത്തിനു ബോദ്ധ്യമായെന്നു. സർ, പി. എസ്. പി. യെ ആണു ഈ കമ്മ്യൂണിസ്റ്റുകാർ വഞ്ചിക്കാൻ ശ്രമിച്ചതു്. പക്ഷെ ഈശ്വരാധീനം മൂലവും ഗുരുതഹംകൊണ്ടും ശ്രീ പട്ടം കമ്മ്യൂണിസ്റ്റുകളുടെ ധൃതരാഷ്ട്രാലിംഗനത്തിൽനിന്നും രക്ഷപ്പെട്ടു. അങ്ങനെ വഞ്ചിക്കാൻ ശ്രമിച്ച ഇക്കൂട്ടർ, ഇന്നു നാടാകെ വഞ്ചനാദിനം ആചരിക്കുന്നതു കാണുമ്പോൾ, അത്ഭുതപ്പെടുകയാണു നാട്ടുകാർ. ഇവരുടെ ഈ പരിപാടികളൊന്നും ഒരു പുത്തരിപ്രസ്ഥാനമല്ല; സർ, ലോകമാകെ കമ്മ്യൂണിസ്റ്റുപാർട്ടി ഇതേ നയമാണു അവലംബിച്ചിട്ടുള്ളതു്— അവലംബിച്ചുപോരുന്നതു്. കിഴക്കൻ യൂറോപ്യൻ രാജ്യങ്ങളിലെ സോഷ്യലിസ്റ്റു പാർട്ടികളെ വെട്ടിവിഴുങ്ങിയതുപോലെ, ഇവിടുത്തെ പി. എസ്. പി.–യെ നശിപ്പിക്കാനായിരുന്നു കഴിഞ്ഞ തെരഞ്ഞെടുപ്പിലെ കൂട്ടുകെട്ടുമൂലം സഖാക്കൾ ഉന്നംവച്ചതു്. പക്ഷെ അതു പററിയില്ല. അതിലുള്ള അരിശമാണു് ഈ കാണുന്ന "വഞ്ചനാദിനാ" ചരണങ്ങൾ.

സർ, ഒരു വാക്കുകൂടി. അമേരിക്കൻ പണം വാങ്ങുന്നതായി ആരോപണം തട്ടിവിടുന്ന തിരുവാർപ്പുമെംബറോടു ഞാൻ ചോദിക്കുന്നു, റഷ്യയുടെ പണവും നിയന്ത്രണവും ചരടുവലിയും കമ്മ്യൂണിസ്റ്റു പാർട്ടിയുടെ പിന്നിൽ ഇല്ലേ എന്നു്? സിലോണിലെ കമ്മ്യൂണിസ്റ്റുപാർട്ടിക്കു് റഷ്യയിൽനിന്നും മററും പണം അയച്ചുകൊടുക്കുന്നതിനെതിരായി ഈയിടെ സിലോൺ പ്രധാനമന്ത്രി സർ, കോത്തലവാല നടപടികൾ സ്വീകരിച്ചതു പ്രസിദ്ധമാണു്. സർ, എൻ ഡി. എ. ഡി. ന.-ലെ ഇൻഡ്യയിലെ പൊതുതെരഞ്ഞെടുപ്പിനു റഷ്യയിൽനിന്നും ഇൻഡ്യൻ കമ്മ്യൂണിസ്റ്റു് പാർട്ടിക്കു ൩ കോടി രൂപാ കിട്ടിയതായി ഇൻഡ്യൻ പാർലമെൻറിൽ പരസ്യമായി പ്രസ്താവിക്കപ്പെട്ടു. പാർലമെൻറിലെ കമ്മ്യൂണിസ്റ്റു മെംബറന്മാർക്കു അതു നിഷേധിക്കാൻ കഴിഞ്ഞില്ല.

ഉദ്ദേശം രണ്ടുമാസം മുൻപു് ഡൽഹിയിൽവെച്ചു് പ്രജാസോഷ്യലിസ്റ്റുപാർട്ടി "ഹിമാചൽപ്രദേശ് കമ്മ്യൂണിസ്റ്റുവിരുദ്ധമുന്നണി" നടത്തിയതു് നമ്മുടെ മുഖ്യമന്ത്രിയും ഓർക്കുന്നുണ്ടായിരിക്കുമല്ലോ. ഹിമാചലപ്രദേശം, ഉത്തരപ്രദേശം, നീപ്പാൾ, ബൂട്ടാൻ മുതലായ പ്രദേശങ്ങളിൽനിന്നും കമ്മ്യൂണിസ്റ്റുകളുടെ ഇൻഡ്യയിലേക്കുള്ള നുഴഞ്ഞുകയററം തടയണമെന്നും ഇതു ഇന്നു ഇൻഡ്യയെ ഭീഷണിപ്പെടുത്തിത്തുടങ്ങിയി

രിക്കുന്നുവെന്നുമാണ് ആ യോഗത്തിൽ പി. എസ്. പി. നേതാക്കൾ പ്രഖ്യാപിച്ചത്. ഈ വസ്തുതകളും ശ്രീ. പട്ടത്തിന്റെ ദൃഷ്ടിയിൽ ഞാൻ കൊണ്ടുവന്നുകൊള്ളട്ടെ.

സർ, തിരുവാർപ്പു മെമ്പറും അദ്ദേഹത്തിന്റെ സഖാക്കളും, നിയമസമാധാനങ്ങൾ പാലിക്കുന്നതിനു തയ്യാറാകാതെ, അക്രമപരിപാടികളും കൽക്കത്താ തീസീസുകളും ഉപേക്ഷിക്കാതെ, ഈ നാട്ടിൽ വയലാർ-പുന്നപ്രകളും തെലിങ്കാനാകളും സൃഷ്ടിക്കാൻ അവസരം പാർത്തുകഴിയുന്നിടത്തോളംകാലം, എങ്ങനെയാണു പോലീസ് ഡിപ്പാർട്ടുമെന്റിലെ ചെലവു ചുരുക്കാൻ സാധിക്കുന്നതു എന്നാണ് എനിക്കു ചോദിക്കുവാനുള്ളതു്. സർ, അവർ ഘോഷിക്കുന്നതുപോലെ അവർ ഡെമോക്രസിയുടെ മാർഗ്ഗങ്ങൾ അവലംബിക്കട്ടെ. ഈ മണ്ണിനോട് കൂറുപുലർത്തട്ടെ. അതുവരെ പോലീസുസേനയുടെ ചെലവു ചുരുക്കുന്നതു അപകടമായിരിക്കും. സർ, ഞാൻ ഈ ബില്ലിനെ പിൻതാങ്ങുന്നു.

ശ്രീ. ടി. ഒ. ബാവ: സർ, ബഡ്ജറ്റിന്റെ അവതരണവേളയിൽ അതിനെസംബന്ധിച്ചുള്ള പൊതു വിമർശനങ്ങൾ നടത്തുന്നതിനുവേണ്ടി ഞങ്ങൾക്കു് മതിയാകത്തക്കവിധത്തിൽ സമയം അനുവദിച്ചുതന്നിട്ടില്ല. അതിനുശേഷവും ബഡ്ജറ്റിനെ സംബന്ധിച്ചുള്ള വോട്ട് ഓൺ അക്കൗണ്ട് സിനെപ്പറ്റി കുന്നത്തുനാട്ടു താലൂക്കിലെ രണ്ടു പ്രതിനിധികൾ ഖണ്ഡനോപക്ഷേപങ്ങൾ അയച്ചിട്ടുണ്ടായിരുന്നു. ആ ഖണ്ഡനോപക്ഷേപങ്ങളെപ്പറ്റി സംസാരിക്കുന്നതിനുള്ള സമയവും ഞങ്ങൾക്കു ലഭിച്ചിട്ടില്ല. അതുകൊണ്ട് ഈ അവസരത്തിൽ ബഹുമാനപ്പെട്ട ഗവണ്മെന്റിന്റെ ശ്രദ്ധ കുന്നത്തുനാട്, പറവൂർ ഈ താലൂക്കുകളെ ബാധിക്കുന്ന ചില പ്രധാനപ്രശ്നങ്ങളെ പരിഹരിക്കുന്നതിനുവേണ്ടി പതിപ്പിക്കണമെന്നു ഞാൻ അപേക്ഷിച്ചുകൊള്ളുന്നു. തിരുവിതാംകൂർ-കൊച്ചി സംയോജനത്തിനു ശേഷം സംസ്ഥാനത്തിന്റെ ഏതെങ്കിലും ഒരു ഭാഗം ഭരണപരമായി അവഗണിക്കപ്പെട്ടിട്ടുണ്ടെങ്കിൽ അവ കുന്നത്തുനാട്ടും പറവൂരും താലൂക്കുകളാണ്. ഈ താലൂക്കുകളെ സംബന്ധിച്ചിടത്തോളം കാര്യമായ എന്തെങ്കിലും നന്മ ചെയ്തിട്ടുണ്ടെങ്കിൽ അതു് സംയോജനത്തിനു മുമ്പായിരുന്നുവെന്നുള്ളവസ്തുതയും ഈ അവസരത്തിൽ ഞാൻ ചൂണ്ടിക്കാണിച്ചുകൊള്ളുന്നു. ശ്രീ. ടി. കെ. നാരായണപിള്ളയുടെ ഭരണകാലത്തു് അതായതു് സംയോജനം നടന്ന അവസരത്തിൽ ഞങ്ങൾ കൊച്ചീക്കാർ ആണെന്നു പറഞ്ഞു കൊച്ചിയിലേക്കു തള്ളുകയും കൊച്ചീക്കാർ ഞങ്ങളെ തിരുവിതാംകൂർകാരാണെന്ന് പറഞ്ഞു അവരുടെ കൂട്ടത്തിൽ ചേർക്കാതെയുമാണിരിക്കുന്നതു്. അങ്ങനെ തിരുവിതാംകൂറിനും കൊച്ചിക്കും വേണ്ടാത്ത ഒരു അന്തരീക്ഷത്തിലാണ് ഞങ്ങൾ സ്ഥിതിചെയ്യുന്നതു്. സർ, കുന്നത്തുനാട്ടു താലൂക്കു് നെൽക്കൃഷിക്കു് വളരെ പ്രാധാന്യമേറിയ ഒരു സ്ഥലമാണ്. എന്നാൽ ദരിദ്രരായ അവിടത്തെ കർഷകർക്ക് എന്തെങ്കിലും സഹായസഹകരണം ചെയ്തുകൊടുക്കുന്നതിൽ ഗവണ്മെന്റ് വളരെ അനാസ്ഥയാണ് കാണിച്ചുവരുന്നതു്. കൃഷിയെ അഭിവൃദ്ധിപ്പെടുത്തുന്നതിനും, അതിന്റെ വിജയത്തിനും, ശ്രുതത്താൻകെട്ടണയാണ് ഈ രണ്ടു താലൂക്കുകൾക്കും ആശ്രയമായിട്ടുള്ളതു്. ഈ താലൂക്കുകളിലെ ഒരു വലിയ ഭൂവിഭാഗത്തിന് ജലസേചനം ചെയ്യണമെങ്കിൽ ഈ ഒരു പദ്ധതിയല്ലാതെ മറ്റൊരുമാർഗ്ഗവുമില്ല. ശ്രുതത്താൻകെട്ടണ നിർമ്മിച്ചു കൃഷിക്കുപയോഗയോഗ്യമാക്കിത്തീർക്കണ

[ശ്രീ. ടി. ഒ. ബാവ]

മെന്നു് ഈ താലൂക്കിലെ നിവാസികൾ മുറവിളികൂട്ടിയതിന്റെ ഫലമായി അന്നത്തെ ഗവണ്മെന്റ് ഈ അണയുടെ കാര്യം പഞ്ചവത്സരപദ്ധതിയിൽ ഉൾപ്പെടുത്തുമെന്നു് പറഞ്ഞിരുന്നു. കഴിഞ്ഞതവണയും ഞങ്ങൾ ഈ കാര്യം ഗവണ്മെന്റിന്റെയും നിയമസഭയുടെയും ശ്രദ്ധയിൽ കൊണ്ടുവന്നിട്ടുണ്ടു്. എന്നിട്ടും യാതൊരു നടപടിയും ഇതുവരെ ഉണ്ടായിട്ടില്ല. ഇപ്പോൾ രാജ്യം ഭരിക്കുന്നതു് ജനായത്തത്തിന്റെപേരിൽ ഒരു പി. എസ്സ്. പാർട്ടിയാണു്. ഈ ഗവണ്മെന്റിനോടു ഞങ്ങളുടെ ആശാകേന്ദ്രമായ ഭൂതത്താൻ കെട്ടണയുടെ നിർമ്മാണത്തിനുവേണ്ടിയുള്ള നടപടികൾ ആരംഭിച്ചു അടുത്ത പഞ്ചവത്സരപദ്ധതിയിൽ ഉൾപ്പെടുത്തി കുന്നത്തുനാട്ടു് പറവൂർ താലൂക്കുകളിലെ കർഷകരുടെ ദയനീയാവസ്ഥ പരിഹരിക്കണമെന്നു് അപേക്ഷിച്ചുകൊള്ളുന്നു.

ഇവിടത്തെ ലിഫ്ട് ഇറിഗേഷൻ സംപ്രദായത്തെപ്പററി ഒന്നുരണ്ടു വാക്കു് എനിക്കു പറയുവാനുണ്ടു്. ഇന്നു് ഈ രാജ്യത്തു ലിഫ്ട് ഇറിഗേഷൻ പ്രവർത്തനം നടക്കുന്നതു് രണ്ടുമൂന്നു ഡിപ്പാർട്ടുമെന്റുകളുടെ സഹകരണത്തോടുകൂടിയാണു്. എന്നാൽ ആ രണ്ടു മൂന്നു ഡിപ്പാർട്ടുമെന്റുകളുടെ സഹകരണം കൃത്യസമയത്തു് ലഭിക്കാത്തതുമൂലം ലിഫ്ട് ഇറിഗേഷൻ പരിപാടികൾ മിക്കതും തകർന്നുകൊണ്ടിരിക്കുകയാണു്. പി. ഡബ്ലിയു. ഡി. ഇലക്ട്രിക്കൽ അതുപോലെ കൃഷിഡിപ്പാർട്ടുമെന്റ്, റവന്യൂ ഡിപ്പാർട്ടുമെന്റ് ഈ നാലു ഡിപ്പാർട്ടുമെന്റുകളുടെ പരിപൂർണ്ണ സഹകരണമില്ലാതെ ലിഫ്ററ് ഇറിഗേഷൻ പരിപാടികൾ വിജയപ്രദമാവുകയില്ല. ഈ നാലു ഡിപ്പാർട്ടുമെന്റുകളും മിക്കവാറും പരസ്പരം മത്സരിച്ചുകൊണ്ടിരിക്കുന്നതുമൂലം കുന്നത്തുനാട്ടു്, പറവൂർ താലൂക്കുകളിലുള്ള ലിഫ്ട് ഇറിഗേഷൻപദ്ധതികൾ പ്രയോജനപ്പെട്ടുകാണുന്നില്ല എന്നു് എനിക്കു് ഈ ഗവണ്മെന്റിനെ അറിയിക്കുവാനുണ്ടു്. അതിനു് ഒരു ഉദാഹരണം അങ്ങയുടെ ശ്രദ്ധയിൽപ്പെടുത്തിക്കൊള്ളുന്നു. ഇലക്ട്രിക്കമോട്ടോർ എരിഞ്ഞുപോയ അവസരത്തിൽ ആ ഡിപ്പാർട്ടുമെന്റിന്റെ സേവനം കൃത്യസമയത്തു് എത്താതിരുന്നതുകൊണ്ടു് കൃഷിസ്ഥലം ഉണങ്ങിപ്പോയ സംഭവം ഞങ്ങളുടെ നാട്ടിലുണ്ടു്. മൂന്നുദിവസം തുടർച്ചയായി കൃഷിവയൽ നനയ്ക്കാൻ ഇടയാകാതെവന്നാൽ ആ കൃഷികൊണ്ടു് യാതൊരു പ്രയോജനവും കൃഷിക്കാരനു കിട്ടുകയുമില്ല. അങ്ങനെ ആ പ്രദേശത്തെ കൃഷിസ്ഥലങ്ങൾ ഉദ്യോഗസ്ഥന്മാരുടെ അനാസ്ഥമൂലം വളരെയധികം നശിച്ചുകൊണ്ടിരിക്കുന്നു. പരസ്പരം ഈ ഡിപ്പാർട്ടുമെന്റുകൾ സഹകരിച്ചു് ജനങ്ങൾക്കു് പ്രയോജനം കിട്ടുന്നതിനുവേണ്ടി പ്രവർത്തിക്കുന്നതിനു് ഉദ്യോഗസ്ഥന്മാരെ താക്കീതുചെയ്യണമെന്നും ഡിപ്പാർട്ടുമെന്റുകളുടെ സഹകരണം പൂർണ്ണമാക്കിത്തീർക്കണമെന്നും, ഇറിഗേഷൻ പദ്ധതിയെക്കുറിച്ചു ഞാൻ അങ്ങയുടെ ശ്രദ്ധയിൽപ്പെടുത്തിക്കൊള്ളുന്നു. ഒരു വസ്തുതകൂടി ഞാൻ ഗവണ്മെന്റിന്റെ ശ്രദ്ധയിൽപ്പെടുത്തിക്കൊള്ളുന്നു. ഇറിഗേഷൻ പദ്ധതി ഇവിടെ ആദ്യം ആസൂത്രണംചെയ്യപ്പോൾ ആ പ്രദേശത്തെ ഭൂവിഭാഗം മുഴുവൻ ഉൾപ്പെട്ട കുന്നിൻപുറങ്ങളും പാടങ്ങളും പുരയിടങ്ങളും വെള്ളക്കരത്തിനു വിധേയമാക്കിക്കൊണ്ടുള്ള ഒരു ലിസ്റ്റാണു് അന്നത്തെ ഉദ്യോഗസ്ഥന്മാർ തയ്യാറാക്കിയിട്ടുള്ളതു്. ആ ലിസ്റ്റനുസരിച്ചു് വെള്ളം കിട്ടാത്ത മലകളിൽപോലും കൃഷിചെയ്യു എന്നു പറഞ്ഞു് വെള്ളക്കരം ഈടാക്കാൻ നടപടി നടത്തിക്കൊണ്ടിരി

ക്കുകയാണ്. വെള്ളം നൽകാതെ വെള്ളക്കരം ചുമത്തിയിട്ടുള്ള കർഷകരെ അതിൽനിന്നൊഴിവാക്കണമെന്നു ഞാൻ ഗവണ്മെന്റിനോടു അപേക്ഷിക്കുന്നു. റവന്യൂവിനെ സംബന്ധിച്ചുള്ള ആളുകളാണ് ആ ലിസ്റ്റ് തയ്യാറാക്കിയതെങ്കിൽ ആ തെററു വരികയില്ലായിരുന്നു. അവർക്ക് സ്ഥലങ്ങളെപ്പററി നല്ല നിശ്ചയമുണ്ടാകും. ആദ്യം ഇലക്ട്രിക്കൽ ഡിപ്പാർട്ടുമെന്റിൽനിന്നാണ് ഈ തെററായ ലിസ്റ്റ് തയാറാക്കിയിട്ടുള്ളതു്. ഈ ലിസ്ററപ്രകാരം മൂന്നും നാലും കൊല്ലത്തെ കരം അവർ കൊടുക്കേണ്ടതായിരിക്കുന്നു. അതുകൊണ്ടു് ഈ കാര്യത്തിൽ ഇറിഗേഷൻവകുപ്പുമന്ത്രി പ്രത്യേകം ശ്രദ്ധിക്കണമെന്നു് ഞാൻ അഭ്യർത്ഥിക്കുന്നു.

പറവൂർ, കുന്നത്തുനാട്ട് താലൂക്കുകളിൽ ഭൂതത്താൻകെട്ടു പദ്ധതി പൂർത്തീകരിക്കുന്നതിനുമുമ്പുതന്നെ പല മൈനർ ഇറിഗേഷൻ പദ്ധതികളും പ്രവർത്തിക്കാൻ ഉണ്ടു്. കോൺഗ്രസ്സ് പാർട്ടി അധികാരത്തിലിരുന്ന കാലത്തു് പറവൂർ, കുന്നത്തുനാട്ടു താലൂക്കുകളിൽ പെരിയാറിന്റെ ഇരുകരകളിലും ലിഫ്ററ് ഇറിഗേഷൻ നടപ്പിലാക്കിയിട്ടുണ്ടു്. അതിലുള്ള വൈകല്യങ്ങളെപ്പററിയാണ് ഞാൻ മുൻപു പറഞ്ഞതു്. മൂന്നു നാലു മൈനർ ഇറിഗേഷൻ പദ്ധതികൾകൂടി അവിടെ ഉടനടി നടപ്പാക്കേണ്ട കാര്യം ഞാൻ ഗവണ്മെന്റിന്റെ ശ്രദ്ധയിൽ കൊണ്ടുവരുവാൻ ആഗ്രഹിക്കുന്നു. രണ്ടായിരം ഏക്കർ നിലങ്ങൾക്കു പ്രയോജനപ്പെടുന്ന മുടിക്കൽ, വല്ലം, പള്ളിലാം, മുട്ടം, കുട്ടേപ്പാടം എന്നീ ഇറിഗേഷൻ പദ്ധതികൾ കുന്നത്തുനാട്ടുതാലൂക്കിലുണ്ടു്. അതുപോലെ കുന്നത്തുനാട്ടുതാലൂക്കിൽ ഇരുപതിനായിരം പറ നിലങ്ങൾ തരിശായി കിടക്കുന്നതു കൃഷിക്കുപയുക്തമാക്കിത്തീർക്കുവാൻ കഴിയും. ലെവി സമ്പ്രദായം അനുസരിച്ചുള്ള നെല്ലെടുപ്പിൽനിന്നുപോലും ഈ സ്ഥലം ഒഴിവാക്കിയിരിക്കയാണ്. കായലോരത്തു നടക്കുന്ന തോട്ടപ്പിള്ളി സ്കീമും മററും കാണുമ്പോൾ കോൺഗ്രസ്സ്ഗവണ്മെന്റിനെ അധിക്ഷേപിച്ചുകൊണ്ടിരുന്ന ഐക്യമുന്നണിക്കാരോടു ഞങ്ങൾക്കു സഹതാപമാണ് തോന്നുന്നതു്. നാട്ടിൽ കുഴപ്പം ഉണ്ടാക്കിക്കൊണ്ടിരിക്കുന്ന ആളുകളുടെ നാട്ടിൽ ഇത്ര മേന്മയുണ്ടാക്കിക്കൊടുത്തു എന്നു കാണുമ്പോൾ വാസ്തവത്തിൽ ഞങ്ങൾക്കു വല്ലായ്മ തോന്നുന്നുണ്ടു്. ഞങ്ങളുടെ നാട്ടിലുള്ള കാക്കനാടൻ കരിനിലങ്ങൾക്കു പെരിയാററിൽനിന്നു വെള്ളം കൊടുക്കുവാൻ സാധിക്കുമെങ്കിൽ ഇരുപതിനായിരം പറ നിലം കൃഷിക്കുപയുക്തമാവും. ഇങ്ങനെ ഒരു സ്കീം നടപ്പാക്കി ഞങ്ങളുടെ നാട്ടിൽ കാക്കനാട്ടു, പഴങ്ങനാട്ടു മുതലായ സ്ഥലങ്ങളിലെ നിലങ്ങൾ കൃഷിക്കുപയുക്തമാക്കിത്തീർക്കണമെന്നു ഞാൻ അപേക്ഷിക്കുന്നു.

ഒരൊററസംഗതികൂടി ഞാൻ അങ്ങയുടെ ശ്രദ്ധയിൽപെടുത്തുവാൻ ആഗ്രഹിക്കുന്നു. കുന്നത്തുനാട്ട്, പറവൂർ താലൂക്കുകൾ നിർബന്ധവിദ്യാഭ്യാസത്തിൽ ഉൾപ്പെടുത്തിയ ഒരു പ്രദേശമാണ്. കുന്നത്തുനാട്ടു താലൂക്കും പറവൂർതാലൂക്കും നിർബന്ധിതവിദ്യാഭ്യാസത്തിൽപ്പെടുത്തിയിരിക്കെ ധാരാളം സ്കൂളുകൾ അവിടെ ഉണ്ടാക്കേണ്ടതായിട്ടാണിരിക്കുന്നതു്. അഞ്ചു വയസ്സിനുമേലുള്ള കുട്ടികളെ നിർബന്ധമായി വിദ്യാഭ്യാസം ചെയ്യിക്കണം എന്നു പറയുന്നു. ൫ വയസ്സിനുമേലുള്ള എല്ലാ കുട്ടികൾക്കും വിദ്യാഭ്യാസം കൊടുക്കാനുള്ള വിദ്യാലയങ്ങൾ അവിടെയില്ല. സർ, ഇപ്പോൾ അവിടെയുള്ള പ്രാഥമികവിദ്യാലയങ്ങളിൽ വളരെ അധികം ഇന്നു ചിതൽക്കാലുകളിൽ നിൽക്കുകയാണ്. മരക്കാലുകൾ എല്ലാം ചിതൽ

[ശ്രീ. ടി. ഒ. ബാവ]

തിനുപോയതിനാൽ അവയെല്ലാം വീഴാറായി നിൽക്കുന്നു. ഈ വക സ്കൂളുകൾ എല്ലാം കണ്ടുപിടിച്ച് ആ കെട്ടിടങ്ങളെല്ലാം പുതുക്കിപ്പണിയണം. കുട്ടികളുടെ ജീവനെ രക്ഷിക്കുവാൻ വേണ്ടിയെങ്കിലും അവ പുതുക്കിപ്പണിയണമെന്നു ഞാൻ അപേക്ഷിക്കുന്നു.

ആലുവായിലെ ശുദ്ധജലക്ഷാമത്തെപ്പറ്റി പറയുമ്പോൾ ആളുകൾ അതിശയിച്ചുപോകും. ആലുവാ ടൌണിലെ പല വാർഡുകളിൽ വെള്ളം കിട്ടാതെ ആളുകൾ വിഷമിക്കുകയാണ്. ദിവസവും മുനിസിപ്പൽ ലോറികളിൽ വെള്ളം അവർ കാത്തിരിക്കുകയാണ്. അതു കിട്ടിയിട്ടുവേണം അവർക്കു ഭക്ഷണം പാകപ്പെടുത്തുവാനും അവരുടെ എല്ലാ ആവശ്യങ്ങളും നടത്തുവാനും എന്നുകൂടി ഞാൻ അങ്ങയെ അനുസ്മരിപ്പിച്ചുകൊള്ളുന്നു. ഈ ബഡ്ജറ്റിൽ ഞങ്ങളുടെ ആലുവാ മുനിസിപ്പാലിറ്റിക്കു ഒരു രൂപാപോലും സഹായധനം കൊള്ളിച്ചിട്ടില്ല. അവിടത്തെ ജലക്ഷാമം പരിഹരിക്കുന്നതിനു ന്യായമായ സഹായധനം ആലുവാ മുനിസിപ്പാലിറ്റിക്കു കൊടുക്കണമെന്നു അപേക്ഷിച്ചുകൊണ്ട് ഞാൻ ഈ ബില്ലിനെ അനുകൂലിക്കുന്നു.

ശ്രീ. പി. ആർ. മാധവൻപിള്ള: സർ, ഇവിടെ അവതരിപ്പിച്ചിരിക്കുന്ന ധനവിനിയോഗബില്ലിനെ എതിർക്കുന്നു. അതോടൊപ്പം ഞങ്ങളെപ്പറ്റി ഇവിടെ പറഞ്ഞ ചില ആരോപണങ്ങൾക്കു മറുപടി പറയേണ്ടതു് ആവശ്യമായിരിക്കുന്നു. റഷ്യയിൽനിന്നു് പണം വരുന്നുവെന്നു ഒരാരോപണം ഇവിടത്തെ പിന്താങ്ങി പ്രതിപക്ഷം കൊണ്ടുവരികയുണ്ടായി. എനിക്കു പറയുവാനുള്ളതു് അങ്ങനെ വേണ്ട പണം ഏതെങ്കിലും രാജ്യത്തിൽനിന്നു കമ്മ്യൂണിസ്റ്റുകാർക്കു് കിട്ടിയിട്ടുണ്ടായിരുന്നെങ്കിൽ കാൺഗ്രസ്സു ബഞ്ചിലിരിക്കുന്നവരെല്ലാം ഞങ്ങളുടെ കൂട്ടത്തിൽ കണ്ടേനെ. സാംസ്കാരിക സാമൂഹ്യസംഘടനയെന്നു പറയപ്പെടുന്ന കമ്മ്യൂണിസ്റ്റു വിരുദ്ധമുന്നണിയുടെ സംസ്കാരത്തെപ്പറ്റി സഭാനേതാവായിരിക്കുന്ന ശ്രീ. പട്ടത്തിനു അറിയാം. അദ്ദേഹത്തെയും അവർ മലങ്കോറായിന്റെ മകനെന്നു പല പ്രാവശ്യവും വിളിച്ചിട്ടുണ്ടു്. ആ സംഘടനയുടെ സാംസ്കാരികപ്രവർത്തനം എന്താണെന്നു പട്ടത്തിനു അനുഭവജ്ഞാനം ഉണ്ടെന്നാണ് എന്റെ വിശ്വാസം. കടപ്രാ നിയോജകമണ്ഡലത്തിൽ വച്ചും ഏറ്റുമാനൂർ കവലയിൽ വച്ചും അദ്ദേഹത്തിനു ഈ സാംസ്കാരിക സാമൂഹ്യസംഘടനയുടെ രുചിയറിയാൻ കഴിഞ്ഞിട്ടുണ്ടു്. അപ്പോൾ ഈ സാംസ്കാരിക സാമൂഹ്യസംഘടനകളുടെ പ്രധാന പ്രവൃത്തി വോട്ടുപിടിത്തമാണ്. വോട്ടുപിടുത്തം സാംസ്കാരിക സാമൂഹ്യപ്രവൃത്തിയാണോ രാഷ്ട്രീയപ്രവൃത്തിയാണോ എന്നു നോക്കേണ്ടിയിരിക്കുന്നു. അതുതന്നെയല്ല ഈ രാജ്യത്തു് ഒട്ടാകെ ഇത്തരം പല പല സംഘടനകൾ പ്രവൃത്തിക്കുവാൻ തുടങ്ങിയിരിക്കുകയാണ്. അമേരിക്കയുടെ ഏജൻസികൾ ഇവിടെ പ്രവർത്തിക്കുന്നുണ്ടു് എന്നു പറയുമ്പോൾ റഷ്യാക്കാർ ഇവിടെ ഉണ്ടെന്നു കാൺഗ്രസ്സു പറയുന്നു. ഞാൻ എന്റെ കോൺഗ്രസ്സു സ്നേഹിതന്മാരോടു ചോദിക്കുന്നു, ഇൻഡ്യയുടെ നാലു അതിർത്തികളിൽ റഷ്യൻ എംബസിയിലുള്ള റഷ്യക്കാരല്ലാതെ ഒരൊററ റഷ്യക്കാരനെ കണ്ടുപിടിക്കുവാൻ കഴിയുമോ എന്നു്.

ശ്രീ. കെ. എം. ചാണ്ടി: ബഹുമാനപ്പെട്ട മെംബർക്കു് റഷ്യയുടെ വക്കാലത്തുണ്ടോ?

ശ്രീ. പി. ആർ. മാധവൻപിള്ള: വക്കാലത്തു് ഇല്ലെങ്കിലും ഇൻഡ്യയുമായി നയതന്ത്രബന്ധങ്ങൾ പുലർത്തുന്ന ഒരു രാജ്യത്തെപ്പറ്റി ആരോപണം കൊണ്ടുവരുന്നതു ശരിയല്ല എന്നുകരുതിപ്പറയുന്നതാണു്. തിരുവിതാംകൂർ-കൊച്ചിയിൽ എവിടെ നോക്കിയാലും നമുക്കു് അമേരിക്കക്കാരായ സായിപ്പന്മാർ പ്രവൃത്തിക്കുന്നതു കാണാം. അട്ടൂരിൽതന്നെ അമേരിക്കൻ പാതിരിക്യാമ്പുകൾ ഉണ്ടു്. അവർ മതപ്രചരണമല്ല നടത്തുന്നതു്. അവർ ശൂരനാട്ടുസംഭവസ്ഥലത്തിന്റെ ഫോട്ടോ എടുത്തു കൊണ്ടുപോയതായി നമുക്കു് അറിയാം. കുന്നത്തൂർ നിയോജകമണ്ഡലത്തിലെ ഐക്യമുന്നണി പ്രചരണയോഗങ്ങളും ജാഥകളും ഫിലിംചെയ്തു് എടുത്തു വിദേശങ്ങളിലേക്കു് അയച്ചിട്ടുള്ളതായും എനിക്കു് അറിയാം. ഇവിടത്തെ പോലീസുദ്യോഗസ്ഥന്മാർ തന്നെ അമേരിക്കൻ പാതിരിമാരുമായി വളരെ അടുത്തു് സമ്പർക്കത്തിൽ ഏർപ്പെട്ടുകഴിയുകയാണു്. അതുപോലെ രാജപ്രമുഖൻ തിരുമേനി ശാസ്താംകോട്ട സ്കൂളിന്റെ രജതജൂബിലിആഘോഷത്തിനു് പ്രസംഗിക്കാൻ വന്നപ്പോൾ നമ്മുടെ നാട്ടുകാരായ സ്ത്രീകൾക്കു പാട്ടു് അറിയുവാൻ പാടില്ലാ എന്ന മട്ടിൽ അതായതു് 'ജനഗണമന' എന്ന പാട്ടു് ഒരു അമേരിക്കക്കാരിയെക്കൊണ്ടു് പാടിക്കുകയുണ്ടായി. ഈ അമേരിക്കൻ സാംസ്കാരിക സാമൂഹ്യ സംഘടനവഴി അമേരിക്കക്കാർ നമ്മുടെ സംസ്ഥാനത്തിലേക്കു് തള്ളിക്കേറിവരികയാണു്. ബുക്കു്സ്റ്റാളുകളിൽ എന്താണു് കാണുന്നതു്? ഇൻഡ്യയുടെ സംസ്കാരത്തിനു് എതിരായ അമേരിക്കൻ പുസ്തകങ്ങൾ നിരത്തിവച്ചിരിക്കുന്നു. ഇൻഡ്യയെ സ്നേഹിക്കുന്ന ഏതൊരാൾക്കും ഇതു ഹൃദയവേദന ഉണ്ടാക്കും. ന്യൂഡെൽഹിയിൽ പാക്-അമേരിക്കൻ കരാറിനെ പ്രതിഷേധിക്കാൻ ആയിരത്തിൽപരം കോൺഗ്രസ്സുകാർ സ്ത്രീകളും കുഞ്ഞുങ്ങളും ചേർന്നു് ഒരു പ്രകടനം നടത്തി. പക്ഷേ ഇവിടത്തെ ഈ കോൺഗ്രസ്സുകാർ പാക്-അമേരിക്കൻ കരാറിനെതിരായി യാതൊരു പ്രചരണവും നടത്തിയിട്ടില്ല. കാശ്മീരിൽ അമേരിക്കക്കാരോടു് ഷേക്കു്അബ്ദുള്ളായ്ക്കു ഉണ്ടായിരുന്ന എന്നു പറയുന്ന ആ പ്രേമവും ബന്ധവും ഇവിടത്തെ കോൺഗ്രസുകാർക്കും അമേരിക്കക്കാരോടു ഉണ്ടെന്നു വ്യക്തമാണു്. അമേരിക്കൻ നുഴഞ്ഞുകയറ്റത്തെ എതിർത്തു പറഞ്ഞാൽ കോൺഗ്രസ്സുതന്നെ പൊളിയും എന്ന ഒരു നില ഇവിടെ ഉണ്ടു്. കോൺഗ്രസ്സുതന്നെ വിരുദ്ധമുന്നണിയും വിരുദ്ധമുന്നണിതന്നെ കോൺഗ്രസ്സും ആയി തീർന്നിട്ടുണ്ടു്. വഞ്ചനാദിനം ഞങ്ങൾ ആചരിക്കേണ്ടു്. വഞ്ചന തുടരെ തുടരെ നടത്തുന്ന ആളുകൾക്കു് ആരെങ്കിലും അതു കണ്ടുപിടിച്ചാൽ അതൊരു വിഷമമാണു്. കിണ്ണം മോഷണംനടത്തുന്നവനു് അതു ആരെങ്കിലും അറിയുകയുണ്ടായോ എന്നാണു് പരിഭ്രമം. തുടരെ മോഷണങ്ങൾ നടത്തുന്ന ആളുകൾക്കു് അതാരെങ്കിലും കണ്ടുപിടിച്ചാൽ വളരെ വിഷമമാണു്. ഈ രാജ്യത്തുള്ള ആളുകളെ കോൺഗ്രസ്സുകാർ വഞ്ചിക്കുന്നതു ഞങ്ങൾ കണ്ടുപിടിച്ചു ജനങ്ങളുടെ മുൻപിൽ തുറന്നുകാട്ടിയിട്ടുണ്ടു്. അതാണു് ഞങ്ങൾ ചെയ്തിട്ടുള്ള കുറ്റം. അവർ 1947-ൽ ഇൻഡ്യയുടെ സ്വാതന്ത്ര്യസമരത്തെ വഞ്ചിച്ചു. കുടിഒഴിപ്പിക്കൽ നിയമം അവർ നടത്തിയ ഒരു വഞ്ചനയാണു്. കുടിഒഴിപ്പിക്കൽ നിയമമെന്നാണു് എഴുതിവച്ചിരിക്കുന്നതെങ്കിലും അതു വലിയ കുഴപ്പമാണു് നാട്ടിൽ വരുത്തിവച്ചിരിക്കുന്നതു്. അതുനമ്മുടെ നാട്ടിൽ ഉള്ള ജന്മിമാർക്കു മുഴുവൻ കുടിക്കാരെയും ഒഴിപ്പിക്കാനുള്ള ഒരു ലൈസൻസായിട്ടാണു് വന്നുചേർന്നിരിക്കുന്നതു്. സ്വന്തം കൃഷിക്കു്

[ശ്രീ. പി. ആർ. മാധവൻപിള്ള]

അല്ലെങ്കിൽ വീടു കെട്ടുന്നതിന് എന്നൊക്കെ പറഞ്ഞു കൃഷിക്കാരെ ഇഷ്ടം പോലെ ഒഴിപ്പിക്കുന്നതിനും കുടിയിറക്കുന്നതിനും വേണ്ടിയുള്ള ഒരു നിയമമാണിതു്. അതു ഇന്നവിധത്തിൽ വേണമെന്നു ജന്മിമാരെ അറിയിക്കുന്നതിനു വേണ്ടി മാത്രമുണ്ടാക്കിയിട്ടുള്ള ഒരു നിയമമാണ്. ഞങ്ങളുടെ നാട്ടിൽ ഒരു കഥയുണ്ട്. "അമ്മയെ ചുട്ടവൻ മഴുവെരിയിട്ടു ചുടണമെന്ന്." ഒരു കർഷകപ്രമാണി പിറന്നാളിരിക്കുന്ന ഭട്ടിയോടു പറഞ്ഞതായിട്ടാണ് കഥ. അതുപോലെ ഒരു നിർദ്ദേശമാണ് ഈ നിയമം നൽകുന്നതു്. തെരഞ്ഞെടുപ്പു കഴിഞ്ഞ ദിവസംശേഷം എന്റെ നിയോജകമണ്ഡലത്തിൽ പാടമെന്ന ഒരു സ്ഥലത്തു മുപ്പതിൽപരം കർഷകരെ കുടിയൊഴിപ്പിക്കാൻ ശ്രമിക്കുകയുണ്ടായി. ഒരു ജന്മി അവരുടെ ചീനികൃഷി നശിപ്പിക്കയുണ്ടായി. കഴിഞ്ഞ പതിനാലാംതീയതിയാണ് ആ സംഭവമുണ്ടായതു്. താൻ നട്ടുവളർത്തിയ ചീനി മുതലായ കൃഷികൾ നശിപ്പിച്ചുകളഞ്ഞിട്ട് അവിടെനിന്നും തന്നെ ഒഴിപ്പിക്കാനുള്ള ശ്രമം ഒരു മുതലാളി നടത്തുന്നതായി കണ്ണും കെട്ടുള്ള ഒരു കർഷകത്തൊഴിലാളി ഇന്നലെ എന്നോടു പറഞ്ഞു. സ്ഥലം ഇൻസ്പെക്ടർ ആ കർഷകനോടു പറഞ്ഞു ആ സ്ഥലം വിട്ടൊഴിഞ്ഞു പോകണമെന്ന്. ആ ഇൻസ്പെക്ടർ ആയാളെ വിളിച്ചുകൊണ്ടുപോയതു കുറെ നാളിടക്കം മേൽ ഷെട്ടിച്ച ഒരു കാരണത്തിനാണ്. എന്നാൽ ആയാളെ കണ്ട ഉടനെ ചോദിച്ചതു് ആ സ്ഥലം ഒഴിഞ്ഞുപോകുമോ എന്നാണ്. ഇതാണ് ഇന്നു നടക്കുന്ന സംഭവങ്ങൾ. ഇന്ന് കുടിഒഴിപ്പിക്കൽ നിയമം കുടി ഒഴിപ്പിക്കുന്നതിനുള്ള ഒരു ലൈസൻസിയായി മാറിയിരിക്കുന്നു. കാൺഗ്രസ്സ് പക്ഷത്തുനിന്നും ചെയ്തിട്ടുള്ള നല്ല കാര്യങ്ങളിൽ ഒന്നായി ചാലക്കുടി മെമ്പർ ഇവിടെ പറഞ്ഞ കുടിയൊഴിപ്പിക്കൽ നിരോധന നിയമം ഒരു ശുഷ്കഹസ്തപദ്ധതിയാണ്. ഇന്നു ഈ ശുഷ്കഹസ്തപദ്ധതി ഈ നാട്ടുമുഴുവൻ നടപ്പാക്കിയിരിക്കയാണ്. ഇന്നു പല സ്ഥലങ്ങളിലും വസ്തുഒഴിപ്പിക്കുന്നതിന് പോലീസിനെ ഉപയോഗിക്കുകയാണ്. ഇന്നു ജന്മിമാരുടെ വസ്തു ഒഴിപ്പിക്കുന്നതിനു പോലീസുകാരെ വിട്ടുകൊടുത്തിരിക്കയാണ്. വീടില്ലാത്ത ആളുകൾ ധാരാളമുള്ള ഈ നാട്ടിൽ ആളുകൾ ചെറിയ ചെറിയ കുടിൽ കെട്ടി പത്തോ പതിനഞ്ചോ വർഷമായി താമസിച്ചുവരികയാണ്. പത്തും പന്ത്രണ്ടും ദിവസത്തെ നിരോധനകാരംചുമത്തിയ നോട്ടീസുകൾ കൊടുക്കുന്നു നൽകിയിരിക്കുന്നു. അവരെ പോലീസുകാരെ കൊണ്ടും ഗുണ്ടകളെക്കൊണ്ടും നിർദ്ദയം ഇറക്കിവിടുകയാണ് ഇന്നു ഗവൺമെന്റു നേരിട്ടു നടത്തുന്നതു്.

എനിക്കിവിടത്തെ പി. എസ്. പി. മന്ത്രിസഭയോടു പറയാനുള്ളതു ഇവിടെ ലാൻഡ് റിഫോംസു പിന്നീടു നടപ്പാക്കിയാലും മതി ഈ കുടിഒഴിപ്പിക്കൽ ഉടൻ നിറുത്തലാക്കണമെന്നാണ്. ഇന്നുള്ള കുടികിടപ്പുകാർ ഒന്നും പൊളിച്ചുകൂടാ എന്ന് ഒരു ഓർഡിനൻസുമൂലം നിരോധിക്കണം. ഇന്നു കൃഷി ചെയ്യുന്നവരുടെ കൈവശമിരിക്കുന്ന ഭൂമി ഒഴിപ്പിച്ചു മററാർക്കും കൊടുക്കാൻ അനുവദിച്ചുകൂടാത്തതു്. അതുപോലെ തന്നെ ഒഴിപ്പിക്കൽ തടയണമെന്നാണ് എനിക്കു മന്ത്രിസഭയോടു പറയാനുള്ളതു്. ഭൂനയം ആവിഷ്കരിക്കുന്നതിനു മുമ്പ് കുടിഒഴിപ്പിക്കലും കുടി ഇറക്കാനുള്ള നടപടികളും തടയണമെന്നു ഈ ഗവൺമെന്റിനോടപേക്ഷിക്കുന്നു. ഗവൺമെന്റ് അതിനു തയാറായാൽ അതു നടപ്പാക്കുന്നതിന് ആവശ്യമായ സംഘടന

കൾ കെട്ടിപ്പടുക്കുന്നതിനുവേണ്ടി സഹകരിക്കുന്നതിനു ഞാനും എന്റെ പാർട്ടിയും തയ്യാറാണ്. പരിപാടികൾ പ്രസംഗത്തിൽ അല്ല നടപ്പാക്കലിൽ ആണ് കാണേണ്ടതു് എന്നു ഗവണ്മെന്റു ധരിക്കുന്നതു നന്ന്.

ശ്രീ. കെ. എ. ശിവരാമഭാരതി: സർ, ധനാവിനിയോഗ ബില്ലിനെ സംബന്ധിച്ചു സംസാരിക്കുന്ന ഈ അവസരത്തിൽ ഈ സഭയുടേയും ഗവണ്മെന്റിന്റെയും ശ്രദ്ധയിൽ പെടുത്തേണ്ടതായ ഒരു കാര്യമുണ്ട്. എന്റെ താലൂക്കിനെ സംബന്ധിച്ചു ആദ്യം രണ്ടു വാക്കു ഞാൻ സംസാരിക്കുന്നതിനു ഒരുങ്ങുകയാണ്. സർ വിദ്യാഭ്യാസത്തെ സംബന്ധിച്ചിടത്തോളം ചിററൂർ താലൂക്കിനെ അത്ര ഗണ്യമാക്കാതെയാണ് ഇരിക്കുന്നതു്. ഈ പദ്ധതി അവിടെയുള്ള ജനങ്ങൾക്ക് അത്രകണ്ടു പ്രയോജനകരമല്ലായിരുന്നു എന്നുള്ള വസ്തുത ഈ സഭയുടെ ശ്രദ്ധയിലും ഈ ഗവണ്മെന്റിനെയും അറിയിക്കേണ്ടതു് അത്യാവശ്യമായ ഒരു കാര്യമാണ്. അവിടെയുള്ള പ്രൈമറിസ്കൂളുകളിൽ ൧൦൦-ൽ പരം കുട്ടികൾ പഠിക്കുന്ന വിദ്യാലയങ്ങൾ ഉണ്ട്. ചിററൂർ താലൂക്കിലല്ലാതെ മററു താലൂക്കുകളിൽ അതേമാതിരി വിദ്യാലയങ്ങൾ കാണാൻ സാധിക്കുകയില്ല എന്നാണ് എന്റെ വിശ്വാസം. കൊഴിഞ്ഞാമ്പാറയിൽ ഉള്ളതും ഈ ൧൦൦ കുട്ടികൾ പഠിക്കുന്നതുമായ വിദ്യാലയത്തിൽ നാലോ അഞ്ചോ ക്ലാസ്സുമുറികൾ മാത്രമാണ് ഉള്ളതു്. ൧൦൦-ൽപരം കുട്ടികളെ അവിടെ പഠിപ്പിക്കുവാൻ സാധിക്കുമോ എന്നുള്ളതിനെപ്പററി ആലോചിക്കേണ്ടതാണ്. ഇക്കാര്യത്തെ സംബന്ധിച്ചിടത്തോളം അഞ്ചെട്ടുകൊല്ലത്തോളമായി നാട്ടുകാർ വളരെയധികം ഒച്ചപ്പാടുണ്ടാക്കിയിട്ടുപോലും ഒരു വിധത്തിലും അതു പരിഹരിക്കുന്നതിനുള്ള സന്മനസ്സും സന്നദ്ധതയും ഇതിനു മുമ്പ് ഭരണം നടത്തിയിരുന്ന ഗവണ്മെന്റിനു ഉണ്ടായിട്ടില്ല. അതു വളരെ ശോചനീയമായ ഒരു വസ്തുതയാണെന്നു ഞാൻ ഈ അവസരത്തിൽ അനുസ്മരിപ്പിക്കുവാൻ ആഗ്രഹിക്കുകയാണ്. കുറെക്കാലമായി അതു വെറും അഞ്ചു ക്ലാസ്സുകൾ മാത്രമുള്ള ഒരു കെട്ടിടമായിരുന്നു. വേറെയും അവിടെ രണ്ടോ മൂന്നോ മുറികളോടുകൂടിയ ഓലമേഞ്ഞ ഒരു ഷെഡ്ഡുകൂടി ഉണ്ടായിരുന്നു. അങ്ങിനെയുള്ള സന്ദർഭത്തിൽ കഠിനമായ കാററും മഴയും ഉണ്ടായി. അപ്പോൾ കെട്ടിടങ്ങൾ ഇടിഞ്ഞുപോകുമെന്നും കുട്ടികളുടെ ജീവൻതന്നെ അപകടത്തിലാകുമെന്നും ആ സന്ദർഭത്തിൽപോലും ഗവണ്മെന്റിന്റെ ശ്രദ്ധയിൽപ്പെടുത്തുകയുണ്ടായി. അവസാനം ഗവണ്മെന്റിൽ നിന്നും ഈ കാര്യത്തിൽ ഖേദകരമായ ഒരു സമാധാനമാണ് കിട്ടിയതെന്നുള്ള കാര്യം ഈ ഗവണ്മെന്റിനെ അനുസ്മരിപ്പിക്കുവാൻ ആഗ്രഹിക്കുകയാണ്. അങ്ങനെ ഈ സ്കൂളിൽ നാലോ അഞ്ചോ ക്ലാസ്സുമുറികൾ മാത്രം ഉള്ളിടത്തു് ൧൦൦-ൽ ചില്വാനം കുട്ടികളെ പഠിപ്പിക്കുന്ന വസ്തുത സഭയെ ഈ സന്ദർഭത്തിൽ അറിയിച്ചാൽ നന്നായിരിക്കുമെന്നു ഞാൻ വിശ്വസിക്കുന്നു. പ്രത്യേകിച്ചും അതേപ്പററി എടുത്തുപറയുന്നതു് അവിടെ നിർബന്ധവിദ്യാഭ്യാസം നടപ്പാക്കിയിട്ടുള്ള ഒരു താലൂക്കായതുകൊണ്ടാണ്.

ഇതുപോലെ ചിററൂർ താലൂക്കിനെ സംബന്ധിച്ചു് പല കാര്യങ്ങളും എടുത്തുപറയാനുണ്ട്. പക്ഷെ കൂടുതൽ സമയമില്ലാത്തതുകൊണ്ടു് ഞാൻ ചുരുക്കുന്നു. അതായതു് ഇറിഗേഷൻ സംബന്ധിച്ചുള്ള കാര്യങ്ങൾ അവിടെ വളരെ പ്രാധാന്യമർഹിക്കുന്നതുകൊണ്ടു് അതേപ്പററി കുറച്ചു സംസാരിക്കേണ്ട സംഗതികളാണ്. ഇറിഗേഷൻ കൊണ്ടാണ് ചിററൂർ താലൂക്കിൽ

[ശ്രീ കെ. എ. ശിവരാമഭാരതി]

കൃഷി നടത്തിവരുന്നതു്. എന്നാൽ അവിടെ ഇറിഗേഷൻ കാര്യത്തിൽ വളരെയധികം അനീതി നടന്നുവരുന്നുണ്ടു്. വെള്ളം നടത്തുന്ന കാര്യത്തിൽ ഉദ്യോഗസ്ഥന്മാർ അനാസ്ഥ കാണിക്കുന്നതുകൊണ്ടു് നെല്ലു് മുഴുവൻ ഉണങ്ങിപ്പോകുന്നു എന്നുള്ള കാര്യവും ഗവണ്മെന്റിന്റെ ദൃഷ്ടിയിൽപെടുത്തിയിരുന്നു. കഴിഞ്ഞകൊല്ലത്തിൽ അവിടെ ഇതിലേക്കു് ഒരു സത്യാഗ്രഹസമരംപോലും നടക്കുകയുണ്ടായിട്ടുണ്ടു്. അങ്ങനെയുള്ള സന്ദർഭങ്ങളിലെല്ലാം അന്നുണ്ടായിരുന്ന ഗവണ്മെന്റിന്റെ ശ്രദ്ധയിൽ ഈ വക കാര്യങ്ങൾ പെടുത്തിയിട്ടുണ്ടായിരുന്നു. ഇറിഗേഷൻ കാര്യത്തിൽ ഇന്നും അവിടെ അനാസ്ഥതന്നെയാണു തുടർന്നുകൊണ്ടുപോകുന്നതു്. ഇനിയും അതു അനുവദിക്കാൻ പാടില്ല. ഇറിഗേഷന്റെ കാര്യത്തിൽ ആവശ്യമായ പ്രവർത്തനങ്ങൾ നടത്തുന്നതിലേക്കു് ഒരു ഇറിഗേഷൻ ബോർഡു് ഉണ്ടാക്കി അതുമുഖേന പ്രവർത്തനം നടത്തേണ്ടതാണു്. അങ്ങനെ ബോർഡു ഉണ്ടാക്കുന്നതു് കർഷകരുടെ പ്രതിനിധികളും കർഷകരല്ലാത്ത പ്രതിനിധികളും ഉദ്യോഗസ്ഥന്മാരും ഉൾക്കൊള്ളുന്ന ഒന്നാണെങ്കിൽ ഇറിഗേഷന്റെ ശരിയായ പ്രവർത്തനത്തിനും നിയന്ത്രണത്തിനും സാധിക്കുന്നതാണു്. ഈ കാര്യം ഈ ഗവണ്മെന്റിന്റെ ദൃഷ്ടിയിൽപ്പെടുത്തി തൻമൂലം ഇതിനു ഒരു പരിഹാരമുണ്ടാക്കാൻ സാധിക്കുമെന്നു വിശ്വസിക്കുന്നു.

മിസ്റ്റർ സ്പീക്കർ: അപ്രോപ്രിയേഷൻ ബില്ലിനെക്കുറിച്ചു് ഇവിടെ ആലോചിക്കുമ്പോൾ ഗവണ്മെന്റിന്റെ മേജർപാളിസികളെപ്പറ്റി സംസാരിക്കുകയും അതിനാവശ്യമുള്ളിടത്തോളം പാർട്ടി പാളിറ്റിക്സിനെ കുറിച്ചു സംസാരിക്കുന്നതിനും സമ്മതിക്കാം. പ്രാദേശികമായ ആവശ്യങ്ങളെ പുരസ്കരിച്ചു് ദീർഘമായ പ്രസ്താവനകൾ അനുവദിക്കാൻ നിവൃത്തിയില്ല. ഈ സന്ദർഭത്തിൽ ഗവണ്മെന്റിന്റെ പ്രധാന നയ പരിപാടികളെ അടിസ്ഥാനമാക്കി വിമർശനങ്ങൾ നടത്തണമെന്നു് ഞാൻ ബഹുമാനപ്പെട്ട അംഗങ്ങളോടു് അപേക്ഷിക്കുന്നു.

ശ്രീ. കെ. എ. ശിവരാമഭാരതി: സർ, അങ്ങയുടെ നിർദ്ദേശപ്രകാരം പ്രാദേശിക ആവശ്യങ്ങളിലേക്കു് ഞാനിപ്പോൾ പ്രവേശിക്കുന്നില്ല. അതുകൊണ്ടു് ചിറയ്ക്കൽ താലൂക്കിലെ മദ്യവർജ്ജനത്തെപ്പറ്റി

3 P. M. രണ്ടുവാക്കു സംസാരിച്ചുകൊണ്ടു് ഞാൻ എന്റെ പ്രസംഗം അവസാനിപ്പിച്ചുകൊള്ളാം. ചിറയ്ക്കൽ താലൂക്കിലെ മദ്യവർജ്ജനം അങ്ങേയററത്തെ പരാജയമായിട്ടാണു കലാശിച്ചിരിക്കുന്നതു്. കഴിഞ്ഞകാലങ്ങളിൽ ഉണ്ടായിട്ടുള്ള അവിടത്തെ അനുഭവങ്ങൾ നോക്കുകയാണെങ്കിൽ അവിടത്തെ മദ്യവർജ്ജനപ്രസ്ഥാനം ഒരു പരാജയമാണെന്നു് കാണാം. മുമ്പു് ഏതെങ്കിലും ഒരുഭാഗത്തുമാത്രം കള്ളുഷാപ്പോ, ചാരായഷാപ്പോ ഉണ്ടായിരുന്നുവെങ്കിൽ ഇന്നു അതൊരു കുടിൽവ്യവസായമായി തീർന്നിരിക്കുകയാണു്. മദ്യവർജ്ജനം ഏർപ്പെടുത്തിയതുകൊണ്ടു് ഗവണ്മെന്റിനു നഷ്ടംവന്നുവെന്നല്ലാതെ അവിടെ അതു് ഒരിക്കലും വിജയിച്ചിട്ടില്ല.

ശ്രീ. ടി. കെ. കൃഷ്ണൻ: ബഹുമാനപ്പെട്ട മെംബർ പറയുന്നതു് ഗവണ്മെന്റിന്റെ മദ്യവർജ്ജനനയം ഉപേക്ഷിക്കണമെന്നാണോ?

ശ്രീ. കെ. എ. ശിവരാമഭാരതി: എന്ന് ഞാൻ പറഞ്ഞതിനു അർത്ഥമില്ല. മദ്യവർജ്ജനം നടപ്പിൽ വരുത്തുന്നതു് രാജ്യത്തിനു നല്ലതാണ്. അതിന്റെ എല്ലാവശങ്ങളും നോക്കി നല്ലവിധത്തിൽ നടപ്പിൽവരുത്താൻ കഴിഞ്ഞാൽ അതു നാട്ടിലെ ജനങ്ങളെ സാംസ്കാരികമായി ഉയർത്തുമെന്നുള്ള അഭിപ്രായമാണു എനിക്കുള്ളതു്.

ഒരുകാര്യംകൂടി എനിക്കു പറയുവാനുണ്ടു്. ചിററൂർ താലൂക്കിൽ ഇപ്പോഴും കുടിയിറക്കു നടക്കുന്നുണ്ടു്. അവിടെ വളരെയധികം ആളുകൾക്ക് സ്വന്തമായി കുടിവച്ചു താമസിക്കുവാനുള്ള സൗകര്യമില്ല. അവിടെയുള്ള പാവപ്പെട്ടവരും തൊഴിലാളികളുമായ വളരെയധികം ആളുകളും അന്യരുടെ സ്ഥലങ്ങളിൽ കുടികിടക്കുന്നവരാണു്. സ്ഥലം ഉടമസ്ഥന്മാരുടെ—അവർ പ്രബലന്മാരും വലിയവരുമാണ്—സേവയ്ക്കും ഇഷ്ടത്തിനും നിന്നില്ലെങ്കിൽ അവിടെ കുടികിടക്കുവാൻ ഈ സാധുക്കളെ അനുവദിക്കുകയില്ല. ഇതിനു പ്രതിവിധിയായി ഗവണ്മെന്റ് എന്തെങ്കിലും നടപടികൾ എടുക്കുന്നതു് ഈ സാധുക്കൾക്ക് വളരെ സൗകര്യപ്രദമായിരിക്കും.

ശ്രീ. ജോസഫ് മുണ്ടശ്ശേരി: സർ, ഈ ധനവിനിയോഗബില്ലിനെ എതിർത്തുകൊണ്ടു് ചില കാര്യങ്ങൾ ഈ സഭയുടെ ശ്രദ്ധയിൽകൊണ്ടുവരുവാൻ ഞാനാഗ്രഹിക്കുന്നു. വിദ്യാഭ്യാസത്തിനെ സംബന്ധിച്ചുള്ള ചില കാര്യങ്ങളാണ് ഞാൻ പറയുവാൻ ഉദ്ദേശിക്കുന്നതു്. ഇവിടെ ബഹുമാനപ്പെട്ട മുഖ്യമന്ത്രി പി. എസ്സ്. പി. ഗവണ്മെന്റിന്റെ വിശ്വാസസംഹിതയനുസരിച്ച് വിദ്യാഭ്യാസത്തിൽ വരുത്തുവാനുദ്ദേശിക്കുന്ന പൊതുവായ ചില മാററങ്ങളെ സംബന്ധിച്ച് പ്രസ്താവിക്കുകയുണ്ടായി. അതുകൊണ്ടാണ് ആ വിഷയത്തെ സംബന്ധിച്ച് രണ്ടുവാക്കു പറയുവാൻ ഞാനാഗ്രഹിക്കുന്നതു്.

ഈ വിദ്യാഭ്യാസം ഒരു വലിയ പ്രശ്നമാണെന്നുള്ളതു ഇൻഡ്യാഗവണ്മെന്റിന്റെ കീഴിൽ ഇതിനകം ഉണ്ടായിട്ടുള്ള കമ്മിററികളും ആ കമ്മിററികൾ സമർപ്പിച്ചിട്ടുള്ള റിപ്പോർട്ടുകളും വിളിച്ചുപറയുന്നുണ്ടു്. ആ റിപ്പോർട്ടുകളുടെ വെളിച്ചത്തിലല്ലാതെ വിദ്യാഭ്യാസത്തെ സംബന്ധിച്ചു പൊതുവായ ഒരു തീരുമാനം ചെയ്യുവാൻ പ്രയാസമാണ്. ഇക്കാര്യത്തിൽ ഒന്നാമതായി ശ്രദ്ധിക്കേണ്ടതു് നമ്മുടെ രാജ്യത്തെ പൊതുവിദ്യാഭ്യാസം, അതായതു് ജനറൽ എഡ്യൂക്കേഷൻ എത്ര കൊല്ലത്തേക്കാണു നടക്കേണ്ടതെന്നാണ്. ഇന്നത്തെ നിലനോക്കിയാൽ ഈവിധത്തെ ജനറൽ എഡ്യൂക്കേഷൻ ബി. എ. ക്ലാസ്സു കഴിഞ്ഞാലും അവസാനിക്കുന്നില്ലെന്നാണു കാണുന്നതു്. തേഡ്ഫാറമോ, സ്കൂൾഫൈനലോ, ബി. എ. ക്ലാസ്സോ പാസ്സായാലൊന്നും പൊതുവിദ്യാഭ്യാസം അവസാനിക്കുന്നില്ല എന്നൊരു തോന്നൽ നമ്മുടെ ഇന്നത്തെ വിദ്യാർത്ഥികൾക്കുണ്ടു്. കാരണം, എന്തെല്ലാം പാസ്സായാലും അവർ ജോലിക്ക് അർഹരാകുന്നില്ല എന്നതാണ്. ജോലി കിട്ടിയാൽത്തന്നെ അവരെക്കാൾ കൂടുതൽ പരീക്ഷ പാസ്സായ ആളുകൾക്ക് പ്രിഫറൻസ് കൊടുത്തുവരുന്നു. ഇക്കാരണത്താൽ പൊതുവിദ്യാഭ്യാസത്തിനു ഇന്ന് ഒരു അതിർത്തി കല്പിക്കപ്പെട്ടിട്ടില്ലെന്നു പറയേണ്ടിയിരിക്കുന്നു. അതുകൊണ്ടു് ഇതിനൊരു അതിർത്തി കല്പിക്കുവാൻ ഇന്നത്തെ പി. എസ്സ്. പി. ഗവണ്മെന്റിനു കഴിയുമെങ്കിൽ അഭ്യസ്തവിദ്യർക്കിടയിൽ

[ശ്രീ. ജോസഫ് മുണ്ടശ്ശേരി]

വർദ്ധിച്ചുവരുന്ന തൊഴിലില്ലായ്മയ്ക്കു് സ്വല്പമൊരു പരിഹാരമുണ്ടാക്കാൻ കൂടി അതുമൂലം സാധിക്കുമെന്നാണു എനിക്കു തോന്നുന്നതു്. ഇതൊരു നിസ്സാരകാര്യമില്ല. ഈ അതിർത്തി കുറിക്കുമ്പോൾ നമ്മുടെ വിദ്യാഭ്യാസം ഏതു ഭാഷയിലാണു നടക്കേണ്ടതു് എന്നുള്ളതിനെപ്പററി ആലോചിക്കേണ്ടിയിരിക്കുന്നു. ഇംഗ്ലീഷിലൂടെ വേണമോ, അതോ നാട്ടുഭാഷയിൽക്കൂടി വേണമോ എന്നുള്ള കാര്യവും ഇതുവരെ തീരുമാനപ്പെട്ടിട്ടില്ല. സാമാന്യവിദ്യാഭ്യാസം സിദ്ധിക്കുന്ന നമ്മുടെ യുവാക്കന്മാരെയും യുവതികളെയും കൊണ്ടു ചെയ്യിക്കുന്ന ജോലികൾ, സർക്കാർജോലിയുൾപ്പെടെയുള്ള ജോലികൾ നാട്ടുഭാഷയിലായാൽ മതി എന്നു തീരുമാനിച്ചാൽ അദ്ധ്യാപനഭാഷ തീരുമാനിക്കാൻ പ്രയാസമില്ല. രണ്ടു തീരുമാനവും ഒന്നിച്ചു പോകണം എന്നേയുള്ളു. ഈവക കാര്യങ്ങളെ സംബന്ധിച്ചു സാംഗോപാംഗം പരിഗണിച്ചു ഒരു തീരുമാനത്തിലെത്തേണ്ടതു അത്യാവശ്യമാണു്. ഇതു പി. എസ്സ്. പി. ഗവണ്മെന്റു ചെയ്യുമെങ്കിൽ ഒരു അനുഗ്രഹമായിരിക്കും. പൊതുവിദ്യാഭ്യാസത്തിന്റെ അതിർത്തി സ്കൂൾഫൈനൽക്ലാസ്സാണെന്നു് നിശ്ചയിച്ചാൽ, സെക്കണ്ടറിസ്കൂൾ കമ്മിഷൻ റിപ്പോർട്ടിലും, യൂണിവേഴ്സിററി കമ്മിഷൻ റിപ്പോർട്ടിലും ശുപാർശചെയ്തിരിക്കുന്നതുപോലെ ഇന്റർമീഡിയററ്ക്ലാസ്സ് നിറുത്തിക്കളയുന്നതാണു നല്ലതു്. അങ്ങനെ ചെയ്താൽ പൊതുവിദ്യാഭ്യാസത്തിന്റെ അതിർത്തിയിൽനിന്നും നേരിട്ടു് ഡിഗ്രികോഴ്സിലേയ്ക്കു കടക്കുവാൻ സാധിക്കും. ഇതു് ഒരു പുതിയ നിർദ്ദേശമൊന്നും അല്ല. ഇംഗ്ലണ്ടിലും മററു പരിഷ്കൃതരാജ്യങ്ങളിലും ഈ പദ്ധതിയാണു നടക്കുന്നതു്. അവിടെ പൊതുവിദ്യാഭ്യാസം ഏകദേശം സ്കൂൾഫൈനലിന്റെ കാലഘട്ടംകൊണ്ടു് അവസാനിക്കും. മൂന്നുനാലുകൊല്ലത്തെ പരിശീലനംകൊണ്ടു്, അവിടെ ഏർപ്പെടുത്തിയിരിക്കുന്ന അപ്പർ സെക്കണ്ടറി എഡ്യൂക്കേഷൻ പദ്ധതിപ്രകാരം അവിടത്തെ യുവാക്കന്മാരും യുവതികളും ചില സാങ്കേതികപരിശീലനവും നേടുന്നുണ്ടു്. തന്നിമിത്തം അവർക്കു് തൊഴിലും കിട്ടും. Multilateral system എന്നാണു് ആ സമ്പ്രദായത്തിന്നു പേർ. അങ്ങനെയൊരു ഏർപ്പാടു ഇവിടെയും നടപ്പിൽ വരുത്താൻ കഴിഞ്ഞാൽ ഇന്നു് ഏതാണ്ടു കാപ്പിക്കടപോലെയുണ്ടായിക്കൊണ്ടിരിക്കുന്ന കാളേജുകളുടെ എണ്ണം താനേ കുറയുന്നതാണു്. ഇവിടത്തെ കാളേജുകൾ ഒരുവക സ്വകാര്യവ്യവസായങ്ങളായി തീർന്നിരിക്കുകയാണല്ലോ. യൂണിവേഴ്സിററി കമ്മിഷൻ റിപ്പോർട്ടു് അനുസരിച്ചു് ഇന്റർമീഡിയററ്ക്ലാസ്സ് നിറുത്തിയാൽ ഇന്നിവിടെ കാണുന്നതുപോലെ കാളേജു് വിദ്യാഭ്യാസം ഒരു വ്യവസായമായി അധഃപതിക്കുകയില്ല. അങ്ങനെ ഒന്നടങ്കം ഈ വിദ്യാഭ്യാസപദ്ധതി ജനകീയതാല്പര്യമനുസരിച്ചു് പരിഷ്കരിക്കുന്നതിലേയ്ക്കു പി. എസ്സ്. പി. ഗവണ്മെന്റു ശ്രദ്ധിക്കുമെങ്കിൽ അതു് നല്ലൊരു കാര്യമാണു്.

രണ്ടാമതായി എനിക്കു പറയുവാനുള്ളതു് സ്കൂളുകളിലും കാളേജുകളിലും അവശ്യം ഉണ്ടായിരിക്കേണ്ട സാംസ്കാരികസ്വാതന്ത്ര്യത്തെപ്പററിയാണു്. ഇതു് തുച്ഛമായ ഒരു കാര്യമല്ല. തിരഞ്ഞെടുപ്പുകാലത്തു് ഇവിടത്തെ ചില വിദ്യാലയങ്ങൾക്കകത്തും പുറത്തും വിദ്യാലയഅധികൃതന്മാരുടെ അനുഗ്രഹത്തോടുകൂടി ഉണ്ടായിട്ടുള്ള കുഴപ്പങ്ങളെപ്പററി ഞാനിവിടെ പറയേണ്ട ആവശ്യമില്ല. ഇവിടത്തെ നേതാക്കന്മാർ നമ്മുടെ

വിദ്യാലയങ്ങളിൽ സാംസ്കാരികസ്വാതന്ത്ര്യം അനുവദിക്കപ്പെടുന്നുണ്ടെന്നു് പലതവണ പ്രസ്താവിച്ചിട്ടുണ്ടു്. എന്നാൽ ഈ നേതാക്കന്മാർ നടത്തിക്കൊണ്ടിരിക്കുന്ന വിദ്യാലയങ്ങളിലെങ്ങും സാംസ്കാരികസ്വാതന്ത്ര്യമില്ല. അദ്ധ്യാപകന്മാക്കു്, പഠിപ്പിക്കുവാൻ ഏർപ്പെടുത്തിയിരിക്കുന്ന വിഷയങ്ങളെ സംബന്ധിച്ചു സ്വാഭിപ്രായമനുസരിച്ചുകൂടി പഠിപ്പിക്കുവാനുള്ള സ്വാതന്ത്ര്യമില്ല. ഈ സ്വാതന്ത്ര്യക്കുറവു് കൂടുതലായി കാണുന്നതു് പ്രൈവററ വിദ്യാലയങ്ങളിലും പ്രൈവററകാളേജുകളിലുമാണു്. വിദ്യാർത്ഥികൾക്കും ഈ അസ്വാതന്ത്ര്യം അനുഭവപ്പെടാറുണ്ടു്. പ്രൈവററ വിദ്യാലയങ്ങളുടെ അധികൃതന്മാരാണെങ്കിൽ വിരുദ്ധമുന്നണിയുടെയും അതുപോലെയുള്ള സംഘടനകളുടെയും പ്രവത്തകന്മാരാണു്, വിരുദ്ധമുന്നണിയെപററിയും മററും ചർച്ചചെയ്യുന്നതിനോ അതിനുവേണ്ടി പ്രവത്തിക്കുന്നതിനോ ഉള്ള ഒരു കളരിയായി അവർ വിദ്യാലയങ്ങളെ ഉപയോഗപ്പെടുത്തുന്നുണ്ടു്. അതേസമയം മററുള്ള അഭിപ്രായങ്ങൾക്കു് ആ വിദ്യാലയങ്ങളിൽ യാതൊരു സ്ഥാനവും ലഭിക്കുന്നില്ല. അഥവാ വിരുദ്ധമുന്നണിരാഷ്ട്രീയത്തിന്നെതിരായി ഏതെങ്കിലും അദ്ധ്യാപകന്മാർ പ്രവത്തിക്കുന്നപക്ഷം ആ അദ്ധ്യാപകന്മാരെ ശിക്ഷിക്കുകയാണു് പ്രസ്തുത വിദ്യായങ്ങളിലെ പതിവു്. തിരുവിതാംകൂർ-കൊച്ചിയിലെ എല്ലാ പ്രൈവററ വിദ്യാലയങ്ങളും ഇക്കൂട്ടത്തിൽപ്പെടുമെന്നു ഞാൻ പറയുന്നില്ല. വിരുദ്ധമുന്നണിയുടേയും മററ സംസ്കാരവിരുദ്ധമുന്നണികളുടെയും സ്വാധീനശക്തിയുള്ള വിദ്യാലയങ്ങളിൽ മിക്കതിലും സാംസ്കാരിക സ്വാതന്ത്ര്യം അപകടത്തിലാണെന്നും അതുകൊണ്ടു് അവിടെ പലവിധത്തിലുള്ള അസ്വസ്ഥതകളും കുഴപ്പങ്ങളും ഉണ്ടായിക്കൊണ്ടിരിക്കുന്നുവെന്നും സ്വാനുഭവത്തിൽനിന്നും എനിക്കു പറയുവാൻ കഴിയും. അറിവു്, അറിവു്—ഇതുതന്നെ ഒരാപത്താണെന്നു വന്നാൽ കഷ്ടമാണു്. ഞാൻ ആരെയും കുററപ്പെടുത്തുന്നില്ല. ഒരു സംഘടനയേയും കുററപ്പെടുത്തുന്നില്ല. ഏതുവിധത്തിലായാലും നമ്മുടെ എല്ലാ വിദ്യാലയങ്ങളും കാളേജുകളും, വിദ്യാർത്ഥികൾക്കു സാംസ്കാരികോന്നമനത്തിനും ആവശ്യമുള്ള വിജ്ഞാനം സമ്പാദിക്കുന്നതിലും പരിശീലനം നേടുന്നതിലും വേണ്ടത്ര സൗകര്യം ചെയ്തുകൊടുക്കുന്നവയായിരിക്കണമെന്നു മാത്രമെ ഞാൻ പറയുന്നുള്ളു. വിദ്യാർത്ഥികളാണു് ഈ നാടിന്റെ ഭാവി ഭാഗധേയത്തെ നിർണ്ണയിക്കേണ്ടവർ എന്നുള്ള വസ്തുത നാം മറന്നുകൂടാ. ഭാവിയിൽ ഈ രാജ്യത്തെ പൗരന്മാരായി തീരേണ്ട നമ്മുടെ യുവതീയുവാക്കന്മാക്കു് സ്വാഭിപ്രായം രൂപീകരിക്കുന്നതിനുള്ള സ്വാതന്ത്ര്യം തികച്ചും ലഭിക്കേണ്ടതും, അതിനുള്ള സൌകര്യം കിട്ടേണ്ടതും വിദ്യാലയങ്ങളിലാണു്. അതുകൊണ്ടു് വിദ്യാലയങ്ങളിൽ സാംസ്കാരികസ്വാതന്ത്ര്യം പരിപൂർണ്ണമായി രക്ഷിക്കുന്നതിനു ആവശ്യമായ നടപടികൾ ഇന്നത്തെ പി. എസ്സ്. പി. ഗവണ്മെന്റ കൈക്കൊള്ളേണ്ടതാണു്. വൈഭാഗിക താല്പര്യങ്ങൾക്കുവേണ്ടി വിദ്യാലയങ്ങളിലെ സാംസ്കാരിക സ്വാതന്ത്ര്യത്തിന്മേൽ ചെയ്യുകൾ ഏർപ്പെടുത്തുന്ന ശക്തികളേയും സംഘടനകളേയും സൂക്ഷിക്കണം.

മറെറാന്നു എനിക്കു പറയുവാനുള്ളതു് അദ്ധ്യാപകന്മാരുടെ കാര്യമാണു്. ബഹുമാനപ്പെട്ട മുഖ്യമന്ത്രി വിദ്യാഭ്യാസവിഷയകമായി ചില പരിഷ്കാരങ്ങളിവിടെ ഏർപ്പെടുത്താൻ പോകുന്നതായി പറഞ്ഞു. മിഡിൽസ്കൂളുകളിൽ ഫീസ് ഇല്ലാതാക്കാൻ പോകുന്നതായി രാജപ്രമുഖ

[ശ്രീ. ജോസഫ് മുണ്ടശ്ശേരി]

ന്റെ പ്രസംഗത്തിൽ കണ്ടു. എന്നാൽ ധനകാര്യമന്ത്രിയുടെ പ്രസംഗത്തിൽ ഫീസു കുറയ്ക്കാൻ പോകുന്നതായും കണ്ടു. ഏതായാലും മിഡിൽസ്കൂളുകളിൽ ഫീസിനെ സംബന്ധിച്ചിടത്തോളം മാററങ്ങൾ വരുത്താൻ ഉദ്ദേശിക്കുന്നതായി വേണം കരുതാൻ. അത്രയും നല്ലതുതന്നെ. പക്ഷെ, ആ മാററങ്ങളിൽ നിഷ്കൃഷ്ടമായി അംഗീകരിക്കേണ്ട ഒരു തത്വമുണ്ടു്. ഫീസ് കുറയ്ക്കുകയെന്ന കാര്യത്തിൽ സാമ്പത്തികമായിരിക്കണം അടിസ്ഥാനതത്വം. പ്രതിമാസം നൂറോ അല്ലെങ്കിൽ നൂററൻപതോ രൂപയ്ക്കു താഴെ വരവുള്ള ആളുകളുടെ കുട്ടികൾക്കു് ഫീസില്ലായെന്നോ മററോ നിർണ്ണയിക്കേണ്ടതാണു്. അല്ലാതെ എൻ. ജി. ഒ.മാർക്കു് ഫീസില്ല, പ്രൈമറി സ്കൂൾ അദ്ധ്യാപകന്മാർക്കു് ഫീസില്ല, ഹരിജനങ്ങൾക്കു് ഫീസില്ലായെന്നു വയ്ക്കുകയല്ലാ വേണ്ടതു്. സാമ്പത്തികമായി എന്തെങ്കിലും ഒരു അതിർത്തി വച്ചു് അതിൽ താഴെയുള്ളവരുടെ കുട്ടികൾക്കു് ഫീസുവേണ്ടായെന്നു വയ്ക്കണം. ആ അതിർത്തിക്കു മുകളിലുള്ളവർക്കും ഫീസ് വിട്ടുകൊടുക്കേണ്ട കാലഘട്ടം വന്നാൽ അപ്പോൾ അങ്ങനെ ചെയ്യാം. അങ്ങനെയൊരു സാമ്പത്തികതത്വം അനുസരിച്ചുവേണം ഇക്കാര്യം നിർണ്ണയിക്കുവാൻ, എന്നാൽ വിദ്യാഭ്യാസം സംബന്ധിച്ചു ധനാപരമായ ഉത്തരവാദത്തോടുകൂടി എന്തെങ്കിലും പരിഷ്കാരങ്ങൾ ചെയ്യാൻ പോകുമ്പോൾ ഒന്നാമതായി നമ്മുടെ ശ്രദ്ധയിൽപെടേണ്ടതു് ഈ രാജ്യത്തെ പ്രൈമറിസ്കൂൾ അദ്ധ്യാപകന്മാരുടെ ശമ്പളമാണു്. ഇതു ഈ സഭയിൽ അനേകം പ്രാവശ്യം ആവർത്തിച്ചിട്ടുള്ള ഒരഭിപ്രായമാണു്. നമ്മുടെ നേതാക്കന്മാരും മന്ത്രിമാരും ഇൻഡ്യയുടെ മിക്കഭാഗങ്ങളിലും പ്രസംഗിച്ചുകേട്ടിട്ടുണ്ടു്, ഈ രാജ്യത്തു് വിദ്യാഭ്യാസപുരോഗതി പരമാവധി വന്നിരിക്കുന്നു, ഇവിടെ എഴുപത്തിയഞ്ചുശതമാനം ആളുകൾക്കും അക്ഷരാഭ്യാസമുണ്ടു് എന്നും മററും. പ്രസംഗം കൊള്ളാം. പക്ഷെ, ഈ വിദ്യാഭ്യാസപുരോഗതി ആരുടെ ശ്രമത്തിന്റെ ഫലമാണെന്നു ഞാൻ ചോദിക്കുന്നു. ഇതു് നമ്മുടെ മന്ത്രിമാരുടെയോ, കാൺഗ്രസ്സിന്റെയൊ മെത്രാൻമാരുടെയൊ മഹത്തായ സേവനം കൊണ്ടുണ്ടായതാണോ ? ഇതു് വിരുദ്ധമുന്നണിയുടെ നേട്ടംകൊണ്ടുണ്ടായതാണോ ? പലരും അങ്ങനെ അവകാശപ്പെടുന്നുണ്ടെങ്കിലും, മനഃസ്ഥൈര്യത്തോടു പടവെട്ടി, പട്ടിണികിടന്നു്, നരകിച്ചു് ആയുസ്സുപാഴാക്കിയ ആയിരമായിരം അദ്ധ്യാപകന്മാരുടെ ശ്രമഫലമാണു് ഈ നേട്ടം. നമ്മുടെ പ്രൈമറിസ്കൂളുകളിൽ പഠിപ്പിക്കുന്ന അദ്ധ്യാപകന്മാർക്കു് കരിക്കാടിക്കുള്ള ശമ്പളം കൊടുക്കുന്നില്ല. ഒരു റിക്ഷാക്കാരനു കിട്ടുന്ന ശമ്പളം ഈ അദ്ധ്യാപകനില്ല. ഒരു സ്കാവഞ്ചറുടെ പ്രതിഫലംപോലും അവനു ലഭിക്കുന്നില്ല. കൊച്ചിയിലാണെങ്കിൽ മുൻപു് ൩൦ മുതൽ ൪൦ രൂപാ വരെ ശമ്പളവും അലവൻസും അദ്ധ്യാപകർക്കു് കിട്ടിക്കൊണ്ടിരുന്നു. ഈ അദ്ധ്യാപകന്മാർതന്നെ രണ്ടുതരത്തിൽ ഉണ്ടു്. പ്രൈവററ്സ്കൂൾ അദ്ധ്യാപകന്മാരും സർക്കാർസ്കൂൾ അദ്ധ്യാപകന്മാരും. കൊച്ചിയിൽ അവർക്കു ശമ്പളം ഒരു പോലെയായിരുന്നു. തിരുവിതാംകൂറിലാണെങ്കിൽ പ്രൈവററ്സ്കൂൾ അദ്ധ്യാപകന്മാർക്കു് എട്ടു രൂപ പിന്നെ പന്ത്രണ്ടു രൂപ അതു കഴിഞ്ഞു് ൧൫ രൂപ, പിന്നീടു് അലവൻസുൾപ്പെടെ ൨൭ രൂപയായി. ശമ്പള സമീകരണം വന്നപ്പോൾ എന്തുണ്ടായി? ൨൭ എന്നുള്ളതു് ൩൦ ആയി; ൩൦—൪൦ എന്നുള്ള കൊച്ചിയിലെ സ്കെയിൽ പ്രൈവററുകാരെ

സംബന്ധിച്ചിടത്തോളം ഉപേക്ഷിക്കപ്പെട്ടു. സർക്കാരദ്ധ്യാപകർക്കുമാത്രം രണ്ടിടത്തും ൩൦-൫൦ എന്ന സ്കെയിൽ നടപ്പായി. ആയിരക്കണക്കിനുള്ള പ്രൈവററദ്ധ്യാപകന്മാരോടു ഈ അനീതി ചെയ്തിട്ടും ജോൺസർക്കാർ ശമ്പളസമീകരണം ഭദ്രമായി നടത്തിയെന്നു അഭിമാനിച്ചുകളഞ്ഞു. പഴയ മന്ത്രിമാർ പുറമേപോയി പ്രസംഗിക്കുന്നുണ്ടു്, തങ്ങൾ വിദ്യാഭ്യാസവിഷയത്തിൽ വളരെ ചെയ്തിട്ടുണ്ടു്, ശമ്പളസമീകരണം പൊടിപാറിയിട്ടുണ്ടു് എന്നൊക്കെ. എന്നാൽ ഇതാണു ശമ്പളസമീകരണത്തിന്റെ നില. ഈ നാട്ടിൽ സർക്കാരിന്റെ ആധിപത്യത്തിലുള്ള സ്കൂളുകൾ വളരെ കുറവും പ്രൈവററ് സ്കൂളുകൾ വളരെ വളരെ അധികവുമാണു്. വളരെ വളരെ സ്കൂളുകൾ പ്രൈവററു മേഖലയിലാണു് പ്രവർത്തിക്കുന്നതു്. സർക്കാർ അദ്ധ്യാപകന്മാർ ൩൦ മുതൽ ൫൦ രൂപ വരെ ശമ്പളം വാങ്ങിക്കുമ്പോൾ പ്രൈവററ് അദ്ധ്യാപകന്മാർ അരപ്പട്ടിണിയിലാണു് കിടക്കുന്നതെന്നുള്ള കാര്യം ഗവണ്മെന്റ് വിസ്മരിച്ചുകളയുന്നു. ഇതു് ന്യായമാണോ എന്നു പി. എസ്സ് പി. ഗവണ്മെന്റ് പരിശോധിച്ചുനോക്കണം. ഗവണ്മെന്റിനോടു ചോദിച്ചാൽ ബാക്കി പണം മാനേജരന്മാർ കൊടുക്കണമെന്നും മാനേജരന്മാരോടു ചോദിച്ചാൽ സർക്കാരിൽനിന്നും കിട്ടാതെ എങ്ങനെ തരാനാണു് എന്നും പറയും. വിദ്യാർത്ഥികളുടേയും രക്ഷകർത്താക്കളുടെയും പ്രാതിനിധ്യം തങ്ങളുടെ മൌലികാവകാശമാണെന്നാണു മാനേജരന്മാരുടെ വാദം. ആരാണു് അവർക്കിതു പതിച്ചുകൊടുത്തതെന്നറിഞ്ഞുകൂടാ. വിദ്യാർത്ഥികളുടേയും അദ്ധ്യാപകന്മാരുടേയും മൌലികാവകാശങ്ങളെ തോല്പിക്കുന്ന മാനേജരുടെ മൌലികാവകാശം തെററാണു്. ഗവണ്മെന്റ് നിർദ്ദേശമനുസരിച്ചുള്ള തുക അദ്ധ്യാപകനു കൊടുക്കുവാൻ മനേജരെക്കൊണ്ടു് സമ്മതിപ്പിക്കുകയോ അങ്ങനെ സമ്മതിക്കാത്ത മാനേജരന്മാരെ പ്രാസിക്യൂട്ടു് ചെയ്യുവാനുള്ള നിലവരെ ഗവണ്മെന്റ എത്തുകയോ ചെയ്യേണ്ടതാണു്.

സർ, ഈയിടെ ഇൻഡ്യാഗവണ്മെന്റിൽനിന്നും പ്രസിദ്ധപ്പെടുത്തിയ ഒരു ലിസ്റ്റനുസരിച്ചു് പ്രൈമറിസ്കൂൾ അദ്ധ്യാപകന്മാർക്കു് ഈ പറയുന്ന തരത്തിലുള്ള ശമ്പളമാണു് ലഭിച്ചുകൊണ്ടിരിക്കുന്നതു്:

ബീഹാർ	൫൦ രൂപ.
ബാംബെ	൬൦ ,,
മദ്ധ്യപ്രദേശം	൪൫ ,,
മദ്രാസ്	൪൫ ,,
ഹൈദ്രബാദ്	൬൫ ,,
സൌരാഷ്ട്ര	൭൫ ,,
കൂർഗ്ഗ്	൬൭ ,,
തിരുവിതാംകൂർ-കൊച്ചി	൩൦ ,,

ഏററവും താണശമ്പളം തിരുവിതാംകൂർ-കൊച്ചിയിലാണു്.

ശ്രീ. ഏ. താണുപിള്ള: യു. പി. യിൽ എത്രയാണെന്നു പറയാമോ?

ശ്രീ. ജോസഫ് മുണ്ടശ്ശേരി: അതു് ഇതിൽ പറയുന്നില്ല. ഏതായാലും ഇതിൽ കണ്ടിടത്തോളം ഇത്ര താഴ്ന്ന ശമ്പളം, പ്രത്യേകിച്ചു് ഇത്ര ഉയർന്ന സാക്ഷരതയുള്ള ഒരു സ്റ്റേററിൽ, കൊടുക്കുന്നതു് തീർച്ച

[ശ്രീ. ജോസഫ് മുണ്ടശ്ശേരി]

യായിട്ടും അഭിമാനകരമല്ല- അതിനാൽ ഗവണ്മെന്റ് ഈ കാര്യങ്ങളെല്ലാം പരിശോധിച്ച് വിദ്യാഭ്യാസത്തിന്റെ നില നന്നാക്കണമെന്ന് എനിക്കഭിപ്രായമുണ്ട്. ഈ സന്ദർഭത്തിൽ മാനേജരന്മാർ അവരുടെ മൗലികാവകാശങ്ങളെക്കുറിച്ച് എന്തെങ്കിലും പറയുകയാണെങ്കിൽ അതു സ്വീകരിച്ചുകൊണ്ട് വിദ്യാർത്ഥികളുടെയും അധ്യാപകന്മാരുടെയും മൗലികാവകാശങ്ങളെ ബലികഴിക്കണമോ, എന്നുള്ളതിനെക്കുറിച്ച് ഗവണ്മെന്റ് ഗാഢമായിത്തന്നെ ആലോചിക്കേണ്ടതാണ്. ഈ കാര്യങ്ങളിൽ പി. എസ്. പി. ഗവണ്മെന്റിന്റെ ശ്രദ്ധയെ ക്ഷണിച്ചുകൊള്ളുന്നു.

ഇനി എനിക്കു പറയുവാനുള്ളത്, പാഠപുസ്തകങ്ങളെ സംബന്ധിച്ചാണ്. പാഠപുസ്തകങ്ങളെ സംബന്ധിച്ച് സ്വീകരിച്ചിരിക്കുന്ന നയം പുരോഗമനപരമാണെന്നും പാഠപുസ്തകങ്ങൾ ദേശസാൽക്കരിക്കുന്നതുകൊണ്ട് വളരെയേറെ ഗുണങ്ങൾ ഉണ്ടാകുമെന്നും പല ബഹുമാനപ്പെട്ട മെംബറന്മാരും മുൻ ഗവണ്മെന്റും അഭിപ്രായപ്പെട്ടിട്ടുള്ളതായി കാണുന്നുണ്ട്. കച്ചവടക്കണ്ണുവച്ച് ദേശസാൽക്കരണം നടത്തിയാൽ എന്തെല്ലാം ദോഷങ്ങൾ ഉണ്ടാകുമോ അതെല്ലാം ഈ പാഠപുസ്തകദേശസാൽക്കരണത്തിൽ കാണാം. സ്റ്റേറ്റ് ട്രാൻസ്പോർട്ടിൽ കാണുന്നില്ലേ പല ദോഷങ്ങളും; അതൊക്കെ പാഠ്യപുസ്തകകാര്യത്തിലും ഉണ്ട്. എന്താണ് നമുക്കാവശ്യം ? ആദ്യമായി വേണ്ടതു് വിദ്യാഭ്യാസപരമായി നല്ല പുസ്തകങ്ങൾ കുട്ടികൾക്ക് കിട്ടണം. രണ്ടാമതായി അച്ചടിയും കടലാസും മററും നന്നായിരിക്കണം. മൂന്നാമതായി കുറഞ്ഞ വിലയ്ക്ക് പുസ്തകങ്ങൾ ലഭിക്കത്തക്കവണ്ണം ഏർപ്പാടു ചെയ്യണം. നാലാമതായി ആവശ്യമില്ലാത്ത പുസ്തകങ്ങൾ ചുമന്നുകൊണ്ടുപോകുവാനുള്ള ഭാരത്തിൽനിന്നും കുട്ടികളെ ഒഴിവാക്കണം. കഴിഞ്ഞകാലങ്ങളിൽ സ്കൂളുകളിലേയ്ക്കു് നിർദ്ദേശിച്ച പുസ്തകങ്ങളുടെ കഥ നോക്കുകയാണെങ്കിൽ പരമാർത്ഥത്തിൽ കുട്ടികൾക്ക് വളരെയധികം പുസ്തകങ്ങൾ യാതൊരാവശ്യവുമില്ലാതെ ചുമക്കേണ്ടിവന്നിട്ടുണ്ട് എന്നുള്ളതു ഒരു പച്ചപ്പരമാർത്ഥമാണ്. എട്ടുവയസ്സുമാത്രം പ്രായമുള്ള കുട്ടികൾക്ക് പുസ്തകങ്ങളിൽനിന്നും എത്രമാത്രം കാര്യങ്ങൾ ഗ്രഹിക്കുവാൻ സാധിക്കും എന്നുമനസ്സിലാക്കാതെ പുസ്തകങ്ങൾ അങ്ങനെ കെട്ടിയേൽപ്പിക്കുകയാണ്. ഒന്നാംക്ലാസ്സിൽ പഠിക്കുന്ന കുട്ടിക്കു് പുസ്തകമെന്നാൽ എന്താണെന്നുതന്നെ അറിഞ്ഞുകൂടാ. അങ്ങനെയിരിക്കെ വളരെ കാര്യങ്ങൾ അവരുടെ തലയിൽ അടിച്ചുകേററുവാൻ തക്കവണ്ണം പുസ്തകങ്ങൾ നിർദ്ദേശിക്കുകയാണെങ്കിൽ അതു് അവരുടെ ആരോഗ്യത്തെപോലും സാരമായി ബാധിച്ചു എന്നു വരും. അച്ചടിയുടെ കാര്യത്തെക്കുറിച്ചാണെങ്കിൽ കഴിഞ്ഞകൊല്ലത്തെ പുസ്തകങ്ങളിൽ വളരെയധികം അച്ചടിപ്പിശകുകൾ ഉള്ളതായി കാണാവുന്നതാണ്. ഒന്നുരണ്ടു പുസ്തകങ്ങൾ ഇതിൽനിന്നും ഭിന്നമായിരുന്നു എന്നുവേണമെങ്കിൽ പറയാം. ഇത്രയുംകൊള്ളരുതാത്ത അച്ചടി ഒരിടത്തുമില്ല. പക്ഷെ ഗവണ്മെന്റിന് ഈ പദ്ധതികൊണ്ടു് ഒരു വലിയ ലാഭമുണ്ടായിരിക്കാം. ഒമ്പതോ പത്തോ ലക്ഷം രൂപയോളമാണ് ഇതിൽനിന്നും ആദായം കിട്ടിക്കാണുന്നതു്. അതൊരു നല്ല കച്ചവടംതന്നെ. പക്ഷെ കച്ചവടമെന്നുള്ള ഒററലക്ഷ്യം വച്ചുകൊണ്ടു് ഇങ്ങനെ വിദ്യാർത്ഥികൾക്ക് ഉപദ്രവകരമായ വിധത്തിലുള്ള പുസ്തകങ്ങൾ പ്രചരിപ്പിക്കുന്നതു് തീർച്ചയായും ഒരു നല്ല

ഗവണ്മെൻറിന് അനുയോജ്യമല്ല. കച്ചവടക്കാരുംകൂടി നടത്തിയ ഏർപ്പാടിൽതന്നെ പല കള്ളക്കളികളും ഉണ്ടായിരുന്നു. അക്കഥ പിന്നീട് പറയാം. ഏതായാലും ഈ വിഷയത്തിലും ഗവണ്മെൻറിൻെറ അടിയന്തരശ്രദ്ധ പതിയണമെന്നഭ്യർത്ഥിച്ചുകൊള്ളുന്നു.

ഇവിടെ മുമ്പ് ഒരു പനമ്പിള്ളിപദ്ധതിയുണ്ടായിരുന്നു. അതു് പിന്നെ പൈലി പദ്ധതിയായി, പള്ളിപ്പദ്ധതിയായി; ഇപ്പോൾ മറെറാരു പദ്ധതിയാണ്. ചേരത്ത സ്കൂളുകൾ ഇനിയുമുണ്ട്. ചേന്നവയിൽ ശമ്പളവിതരണത്തെപ്പററി വളരെ പരാതിയുണ്ട്. ഈ സ്കീം അനുസരിച്ചുള്ള കാര്യങ്ങൾ മുമ്പോട്ടു കൊണ്ടുപോകുവാൻ ഗവണ്മെൻറ് കുറെക്കൂടി ശ്രദ്ധിക്കണം. കഴിഞ്ഞ പുസ്തകംപോലുള്ള പദ്ധതി അവസാനിപ്പിച്ചാൽ കൊള്ളാം.

ശ്രീ. എ. എ. റഹിം: സർ, ധനവിനിയോഗബില്ലിനെ സംബന്ധിച്ച് അതിൻെറ പരിധിയിൽ നിന്നുകൊണ്ട് ചിലതു പറയാമെന്നു വിചാരിക്കുന്നു. അല്ലാതെ കമ്മ്യൂണിസ്റ്റപാർട്ടിക്കു വേണ്ടി കൊടി പിടിക്കുവാനോ വിരുദ്ധമുന്നണിക്കു വേണ്ടി താളം പിടിക്കുവാനോ ഞാൻ ആഗ്രഹിക്കുന്നില്ല. പ്രധാനപ്പെട്ട ഒന്നുരണ്ടുകാര്യങ്ങൾ ഗവണ്മെൻറിൻെറ ശ്രദ്ധയിൽ കൊണ്ടുവരുവാനാണ് ഞാൻ ഇതുമൂലം ആഗ്രഹിക്കുന്നതു്. ഈ രാജ്യത്തെ ഏററവും ഉത്തരവാദപ്പെട്ട ഒരു ഡിപ്പാർട്ടുമെൻറാണ് പോലീസ് ഡിപ്പാർട്ടുമെൻറ്. ആ ഡിപ്പാർട്ടുമെൻറിൽനിന്നുള്ള മർദ്ദനങ്ങളെയും അഴിമതികളെയും കുറിച്ച് ചില സ്നേഹിതന്മാർ പറയുകയുണ്ടായി. പോലീസ് ഡിപ്പാർട്ടുമെൻറിൽ എന്തെങ്കിലും ഒരു ഹർജിയോ പരാതിയോ ലഭിച്ചാൽ അതിനെക്കുറിച്ചുള്ള അന്വേഷണം നടത്തുന്നതു് പഴയ രീതിയിൽ നിന്നും യാതൊരു വ്യത്യാസവും ഇല്ലാത്ത രീതിയിലാണ് ഇപ്പോഴും നടന്നുവരുന്നതു് എന്നു കാണുന്നതു് വളരെ ലജ്ജാകരമാണ്. പരാതികളെക്കുറിച്ചന്വേഷിക്കുമ്പോൾ അവർ പ്രധാനമായി ഉപയോഗിച്ചുവരുന്ന മുറ ഭയപ്പെടുത്തലും മർദ്ദനവും കൊണ്ടു് പരിഹാരം നേടാമെന്നു വിചാരിക്കുന്നതായിട്ടാണ് മനസ്സിലാക്കേണ്ടതു്. പരാതിയെക്കുറിച്ച് എന്തെങ്കിലും സംശയമുണ്ടായാൽ അതിനെക്കുറിച്ചു സൂക്ഷ്മമായ അന്വേഷണം നടത്തുകയും ബുദ്ധിപൂർവ്വമായ ഒരു സമീപനവുമാണ് ആവശ്യമുള്ളതെങ്കിലും അങ്ങനെയൊന്നും ചെയ്യാറുന്നതായി കാണുന്നില്ലെന്നുള്ളതു് ഖേദകരമാണ്. പോലീസ്സൈന്യത്തിനു രാജ്യത്തോടുള്ള ഉത്തരവാദിത്വവും അവർക്കുണ്ടായിരിക്കേണ്ട ഉയർന്ന മാനദണ്ഡവും അവർ മറന്നുകളയുന്നതായിട്ടാണു കാണുന്നതു്. ഇത്തരം സ്വാതന്ത്ര്യങ്ങൾ പോലീസുകാർക്കനുവദിച്ചുകൊടുക്കുന്നതു് ഡിപ്പാർട്ടുമെൻറിനു ഭൂഷണമോ ഗവണ്മെൻറിൻെറ അന്തസ്സിനു പററിയതോ അല്ല എന്നു പറയേണ്ടി വന്നതിൽ എനിക്കു വ്യസനമുണ്ട്. ഈ ഡിപ്പാർട്ടുമെൻറിൽ നിന്നും ഉണ്ടാകുന്ന അഴിമതികളെക്കുറിച്ചും മററും ഗവണ്മെൻറ് കാര്യമായി ശ്രദ്ധിക്കേണ്ട കാലം വൈകിയിരിക്കുന്നു. കേസ്സുകൾ ചാർജ്ജു ചെയ്താൽ പ്രാസിക്യൂഷനിൽ വരുന്ന കാലതാമസത്തിനെക്കുറിച്ച് ഒരു വാക്കു് പറയുവാനുണ്ട്. സമൻസുകളയച്ചിട്ടും വാറണ്ടുകൾ അയച്ചിട്ടും കോർട്ടിൽ ഹാജരാകാതെ കേസ്സുകൾ നീട്ടിക്കൊണ്ടു പോകുന്നതായിട്ടാണു കണ്ടുവരുന്നതു്. രണ്ടോ മൂന്നോ മാസംകൊണ്ടു തീരേണ്ട കേസ്സുകൾ

[ശ്രീ. എ. എ. റഹീം.]

സമയാസമയങ്ങളിൽ സാക്ഷികളും വേണ്ടുന്ന തെളിവുകളും നൽകാത്തതുകൊണ്ടും പോലീസുദ്യോഗസ്ഥന്മാർ അതാതു സമയങ്ങളിൽ കോർട്ടിൽ ഹാജരാകാത്തതുകൊണ്ടും ചിലപ്പോൾ രണ്ടുമൂന്നുകൊല്ലം കാലതാമസം വരുന്നതായി കാണുന്നുണ്ട്.

ഈ സന്ദർഭത്തിൽ ഇവിടത്തെ മജിസ്ട്രേട്ടന്മാരെപ്പററി അല്പം പറയാതിരിക്കാൻ നിവൃത്തിയില്ല. കേസ്സുകൾ തീർക്കുവാൻ കാലതാമസം വരുന്ന കാര്യത്തിൽ അവരിൽ ചിലരും ഉത്തരവാദികളാണ്. മജിസ്ട്രേട്ടന്മാരായി നിയമിക്കുമ്പോൾ അവർക്ക് ആ ജോലി നിർവ്വഹിക്കുന്നതിനുള്ള കഴിവുണ്ടോ എന്നു പ്രത്യേകം ശ്രദ്ധിക്കേണ്ടതാണ്. അതിനുള്ള പരിചയവും, തഴക്കവും കഴിവും മജിസ്ട്രേട്ടന്മാർക്കുണ്ടോ എന്നു ഗവണ്മെന്റ് പരിശോധിക്കേണ്ടതാണ്. ഒരു ഡിപ്പാർട്ടുമെന്റിൽ നിന്നും മജിസ്ട്രേട്ടായി ഒരാളെ നിയമിച്ചു കഴിഞ്ഞാൽ ൬ മാസം കൊണ്ടെങ്കിലും ഒരു മജിസ്ട്രേട്ടായിരിക്കാനുള്ള കഴിവ് അവർക്കുണ്ടെന്നു കാണാത്തപക്ഷം അവരെ തിരിച്ച് അവരുടെ ഡിപ്പാർട്ടുമെന്റിലേക്കു മടക്കി അയയ്ക്കുന്ന വിഷയത്തിലും ഗവണ്മെന്റ് ശ്രദ്ധിക്കേണ്ടതുണ്ട്. അതിലേക്ക് ആവശ്യമായ അന്വേഷണം നടത്താൻ ഡിസ്ട്രിക്റ്റ് മജിസ്ട്രേട്ടന്മാർക്ക് അധികാരം കൊടുക്കുകയും വേണം.

ആന്റി കറപ്ഷനുവേണ്ടി ഒരു ട്രിബ്യൂണൽ ഉണ്ടാകാൻ പോകുന്നു എന്നു കേൾക്കുകയുണ്ടായി. ആ ട്രിബ്യൂണലിന്റെ കീഴിൽ പോലീസിൽ നിന്നും ഭിന്നമായ ഒരു ഡിപ്പാർട്ടുമെന്റായിരിക്കണം ആന്റി കറപ്ഷൻ ഡിപ്പാർട്ടുമെന്റ്. പോലീസിലെ ആളുകളെ മാത്രം ചേർത്ത് അതിന്റെ പ്രവർത്തനം നടത്തുന്നതു ശരിയല്ല. പോലീസിലേയും ഇതര ഡിപ്പാർട്ടുമെന്റുകളിലേയും ഉദ്യോഗസ്ഥന്മാരെയും വെളിയിൽനിന്നുമുള്ളവരെയുംകൂടി ഉൾപ്പെടുത്തിക്കൊണ്ടുള്ള ഒരു പുതിയ ഡിപ്പാർട്ടുമെന്റായി അതിനെ രൂപീകരിക്കേണ്ടതാണ്. അതുപോലെതന്നെ ആ ഡിപ്പാർട്ടുമെന്റിലേയ്ക്ക് അംഗങ്ങളെ തിരഞ്ഞെടുക്കുമ്പോൾ അവരുടെ സ്വഭാവശുദ്ധിയെപ്പററി പ്രത്യേകം അന്വേഷിക്കേണ്ടതാണ്. അഴിമതിക്കാര്യങ്ങൾക്ക് മുമ്പ് പേരുകേട്ട ആളുകൾതന്നെ അഴിമതി കണ്ടുപിടിക്കാൻ വരുന്നതു വളരെ ലജ്ജാകരമാണ്. അക്കാര്യത്തിലും ഗവണ്മെന്റ് പ്രത്യേകം ശ്രദ്ധിക്കണം. ഇവിടത്തെ പോലീസുഡിപ്പാർട്ടുമെന്റിൽ ഉദ്യോഗക്കയററങ്ങൾ കൊടുക്കുമ്പോൾ രാഷ്ട്രീയപ്രവർത്തനങ്ങളെ അടിസ്ഥാനമാക്കിയാണ് വളരെക്കാലമായി പ്രവർത്തിച്ചുവരുന്നതു്. സർ സി. പി. രാമസ്വാമി അയ്യരുടെ കാലംമുതൽ ഇന്നുവരെ രാഷ്ട്രീയമായ പരിഗണനകൾ വച്ചുകൊണ്ടാണ് ആ ഡിപ്പാർട്ടുമെന്റിൽ പ്രമോഷനും മററും നൽകിവരുന്നതു്. ബന്ധുബലത്തിലും വർഗ്ഗീയാടിസ്ഥാനത്തിലും പ്രത്യേകത കാണിക്കുന്നതായി പരാതികളുണ്ട്. അതെല്ലാം തടയുന്നതിന് കാര്യമായി ഗവണ്മെന്റ് ശ്രദ്ധിക്കണം.

ഈ അവസരത്തിൽ ലാൻഡ്‌റവന്യൂവിനെ സംബന്ധിച്ചുകൂടി അല്പം പറയാൻ ഞാൻ ആഗ്രഹിക്കുന്നു. ലാൻഡ്‌റവന്യൂ ഒരു മദർ ഡിപ്പാർട്ടുമെന്റാണ്. ഇതിൽ നിന്നും ഇപ്പോൾ ഫോറസ്റ്റ്, എക്സൈസ്, സെയിൽസ് ടാക്സ് തുടങ്ങിയവ പ്രത്യേകം കുടുംബമായി മാറിനിൽക്കുകയാണ്. എന്നിട്ടും ലാൻഡ്‌റവന്യൂവിനെ സംബന്ധിച്ചിടത്തോളം പുതുതായി

യാതൊരു പരിഷ്കാരവും അടുത്തകാലത്തുണ്ടായിട്ടില്ല. ഇവിടത്തെ വില്ലേജുകളുടെ ദൈർഘ്യം കുറച്ചു് ചെറിയ ചെറിയ വില്ലേജുകൾ ആക്കേണ്ടതാണു്. വില്ലേജു് ആഫീസറന്മാർക്കു് കൈകാര്യം ചെയ്യത്തക്കവിധത്തിൽ വില്ലേജുകളുടെ പരിധി ഒരു അഞ്ചു് മൈലാക്കി ചുരുക്കേണ്ടതാണു്. വില്ലേജു ആഫീസറന്മാർ മിക്കകാര്യങ്ങളിലും ഇടപെടേണ്ടവരാണു്. തഹശീൽദാരന്മാരും വില്ലേജു് ആഫീസറന്മാരും തിരഞ്ഞെടുപ്പിലും കടലാക്രമണങ്ങളിലും എന്നു വേണ്ട എല്ലാ കാലങ്ങളിലും ഇടപെടേണ്ടവരാണു്. പിന്നൊന്നു് ഈ ഡിപ്പാർട്ടുമെൻറിലെ ൯൦ ശതമാനത്തോളം ഉദ്യോഗസ്ഥന്മാർ താഴ്ന്ന ശമ്പളം വാങ്ങുന്നവരാണു്. അധികംപേരും ൨൫–൪൦ വരെ ശമ്പളമുള്ള ഉദ്യോഗസ്ഥന്മാരാണു്. തഹശീൽദാരന്മാർക്കു ഇന്നു കിട്ടിക്കൊണ്ടിരിക്കുന്നതു് ഒരു സബ്‌രജിസ്ട്രാരുടെ ശമ്പളമാണു്. അതുകൊണ്ടു് ജോലിക്കനുസരണമായ ശമ്പളവും ജോലികൾ കൃത്യസമയത്തു നിർവ്വഹിച്ചുകൊണ്ടുപോകത്തക്ക സാഹചര്യവും ഉണ്ടാക്കിക്കൊടുക്കണമെന്നാണു് ഞാൻ അഭിപ്രായപ്പെടുന്നതു്. അടുത്തകാലത്തു് ഇവിടെ ഭൂപരിഷ്കരണം നടപ്പിൽ വരുത്താൻ പോകുന്നു എന്നു കേൾക്കുന്നു. ആ പരിഷ്കരണത്തിനുള്ള കമ്മററികളും മററും പ്രവർത്തിക്കുന്നതിനു മുമ്പായി കണ്ടുകൃഷി, ശ്രീപാദം, ഇടവക മുതലായ ഭൂമികളിലെ ഇന്നത്തെ അവസ്ഥ അവസാനിപ്പിച്ചു് സർക്കാർ നിരക്കിലുള്ള നികുതി മാത്രം കുടിയാന്മാരിൽ നിന്നും വസൂൽ ചെയ്യുന്നതിനുള്ള നടപടികൾ നടപ്പിലാക്കണമെന്നു ഞാൻ പ്രസ്താവിച്ചുകൊള്ളുന്നു.

മെയിൻറോഡുകൾ ഒഴിച്ചുള്ള റോഡുകൾ, അതായതു് ഗ്രാമറോഡുകൾ, മെററൽചെയ്തു് ഉപയോഗപ്രദമാക്കിത്തീർത്തിട്ടില്ല. കരുനാഗപ്പള്ളിയിൽ തന്നെ ഏഴു വർഷമായി വെട്ടിയിട്ട റോഡ് തന്നെയും ഇന്നും ഉപയോഗപ്രദമായി നന്നാക്കിയിട്ടില്ല. ഗ്രാമറോഡുകളും തോടുകളും ഗതാഗത സൗകര്യമുള്ളതാക്കിത്തീർക്കുന്നപക്ഷം അവിടെയുള്ള കുടിൽവ്യവസായങ്ങൾക്കു് പ്രോത്സാഹനം ലഭിക്കുന്നതാണു്. ഗ്രാമങ്ങളിൽ ഇലക്ട്രിസിററി നൽകുന്ന കാര്യത്തിലും റോഡുകൾ ശരിപ്പെടുത്തുന്ന കാര്യത്തിലും ഗവണ്മെൻറ് വേണ്ടവണ്ണം ശ്രദ്ധിച്ചാൽ മാത്രമേ ഈ രാജ്യത്തു് സുഭിക്ഷത ഉണ്ടാകുകയുള്ളു. ഈ രാജ്യത്തെ നിരവധി പ്രശ്നങ്ങൾക്കു പരിഹാരം കാണുന്നതിനു നമ്മുടെ ശ്രദ്ധ ഗ്രാമങ്ങളിലേക്കു് തിരിയേണ്ടതാണു്. പബ്ലിക്ക് വർക്സ് ഡിപ്പാർട്ടുമെൻറിൻെറ പ്രവർത്തനം ഗ്രാമപ്രദേശങ്ങളിലേക്കു തിരിച്ചുവിടാൻ ശ്രമിക്കേണ്ടതാണെന്നു പ്രസ്താവിച്ചുകൊണ്ടു് ഞാൻ അവസാനിപ്പിക്കുന്നു.

ശ്രീ. പി. കെ. യശോധരൻ: സർ, ബില്ലിനെ ഞാൻ എതിർക്കുന്നു. പോലീസ് ഡിപ്പാർട്ടുമെൻറിനെപ്പററി ഈ അവസരത്തിൽ ചില കാര്യങ്ങൾകൂടി എനിക്കു് പറയേണ്ടതുണ്ടു്. തെക്കും വടക്കും മന്ത്രിമാരാൽ ചുററപ്പെട്ട ഒരു നിയോജകമണ്ഡലത്തിൽ നിന്നാണു് ഞാൻ വരുന്നതു്. വളരെ ആഗ്രഹത്തോടുകൂടിയും ആവേശത്തോടുകൂടിയും അവിടത്തെ ജനങ്ങൾ ഇവരെ തെരഞ്ഞെടുത്തയച്ചശേഷം അവർക്കു് ഒരുനോക്കു കാണുവാൻ ഈ മന്ത്രിമാരെ കിട്ടിയിട്ടില്ലെന്നുള്ള വസ്തുത ഈ സഭ ഓർക്കേണ്ടതാണു്. ഒരു പക്ഷെ സ്വീകരണത്തെപ്പററിയുള്ള ഭയവും, പെരുമാററങ്ങളെപ്പററിയുള്ള ശങ്കയും കൊണ്ടായിരിക്കാം ബഹുമാനപ്പെട്ട മന്ത്രിമാർ അങ്ങോട്ടു പോകാതിരുന്നതെന്നു ഞാൻ

[ശ്രീ. പി. കെ. യശോധരൻ.]

കരുതുന്നു. ഏതായാലും അവരെ കാണാൻ ആഗ്രഹിച്ചുകൊണ്ടിരിക്കുന്ന ജനങ്ങളുടെ വിപ്ലവാഭിവാദ്യങ്ങൾ അവരുടെ പേരിൽ എന്റെ മുന്നിലിരിക്കുന്ന പൊതുമരാമത്തുമന്ത്രിയേയും ലേബർ മന്ത്രിയേയും അറിയിക്കാൻ ഞാൻ ഈ അവസരം ഉപയോഗിച്ചുകൊള്ളുന്നു. ഈ രാജ്യത്തെ ഭരണസാരഥ്യം വഹിക്കുന്ന ബഹുമാനപ്പെട്ട മന്ത്രിമാർ ഒരു കാര്യം മനസ്സിലാക്കേണ്ടതുണ്ട്. നിങ്ങൾ ജനങ്ങളുടെ മുമ്പിൽ വച്ചിട്ടുള്ള പ്രതിജ്ഞകളും ഉറപ്പുകളും മറന്നുപോകരുത്. ഈ രണ്ടു മന്ത്രിമാരും അവിടത്തെ ജനങ്ങളുടെ പ്രതീക്ഷയ്ക്കും ആഗ്രഹത്തിനും വിരുദ്ധമായിട്ടാണ് മന്ത്രിമാരായതെങ്കിലും ചില പ്രതീക്ഷകൾ അവരിൽ അവശേഷിച്ചിരുന്നു. കഴിഞ്ഞ ഒരുദിവസം ചോദ്യോത്തരവേളയിൽ കായംകുളം സംഭവത്തെപ്പററിയുള്ള ചോദ്യത്തിനു ബുദ്ധിപൂർവ്വം ഒരു തീയതിയുടെ മറ പിടിച്ചുകൊണ്ട് ചില സാങ്കേതികവശങ്ങൾ ഉന്നയിച്ചുകൊണ്ട് അതിൽനിന്നും ഒഴിഞ്ഞുമാറുകയാണുണ്ടായത്. ബഹുമാനപ്പെട്ട ലേബർ മന്ത്രി ആദ്ധ്യക്ഷ്യം വഹിച്ചിരുന്ന യോഗത്തിലാണ് ആ സംഭവം നടന്നത്. അതിനെ പ്രതിഷേധിച്ച് അതിനുശേഷം ഒരു ഗംഭീരയോഗം നടന്നതിൽ ആദ്ധ്യക്ഷ്യം വഹിച്ചത് ബഹുമാനപ്പെട്ട പൊതുമരാമത്തു മന്ത്രിയുമായിരുന്നു. അവിടെ വച്ച് ആവേശത്തോടുകൂടി അദ്ദേഹം പ്രഖ്യാപിക്കുകയുണ്ടായി, ഞങ്ങൾ അധികാരത്തിൽ വരുന്ന അവസരത്തിൽ ഒരു പക്ഷെ പെൻഷൻ പററി പിരിഞ്ഞാലും ശരി, ഈ അന്യായവും അക്രമവും കാണിക്കുന്ന ഉദ്യോഗസ്ഥന്മാരെ രാജ്യത്തെ ജനങ്ങളുടെ കോടതിയിൽ വിസ്തരിക്കുകയും ശിക്ഷ നൽകുകയും ചെയ്യുമെന്ന്. അദ്ദേഹം ഇപ്പോൾ പൊതുമരാമത്തു മന്ത്രിയുടെ ചാർജ്ജു വഹിക്കുന്നു. ഇവിടത്തെ ലേബർമന്ത്രി ആ യോഗത്തിൽ ആദ്ധ്യക്ഷ്യം വഹിച്ച ആളാണ്. ഞാൻ കൂടി ആ യോഗത്തിലെ ഒരു പ്രാസംഗികനായിരുന്നു. ശാന്തരായി അവിടെ കൂടിയിരുന്ന നാട്ടുകാരെ അദ്ദേഹത്തിന്റെ മുമ്പിലിട്ടു മൃഗീയമായി മർദ്ദനങ്ങൾ നടത്തിയ അവസരത്തിൽ നിസ്സഹായത പ്രകടിപ്പിച്ചുകൊണ്ട് അദ്ദേഹം അവിടെ നിൽക്കുകയായിരുന്നു. ഒരു പ്രാസംഗികനായ എന്നെ അടിക്കുന്ന അവസരത്തിൽ അദ്ദേഹം നിസ്സഹായനായി കൈമലർത്തി കാണിക്കയാണുണ്ടായത്. പ്രതികാരം ചെയ്യുമെന്ന് വളരെ ഉറപ്പിച്ചു പറഞ്ഞിരുന്നുവെങ്കിലും ഇതുവരെ അതിന്റെ ഒരു സൂചനപോലും കാണാൻ കഴിഞ്ഞിട്ടില്ല. അദ്ദേഹം പ്രകടിപ്പിച്ച മനോഭാവത്തിൽനിന്നും മനസ്സിലാക്കുന്നതു ഈ കാര്യം മറന്നുപോയതുപോലെയാണ്. അദ്ദേഹം ഈ അക്രമങ്ങൾക്കു സാക്ഷിയുമാണ്. ഐ. ജി. ക്കും ഡി. എസ്. പി. ക്കും അറിവു കൊടുക്കുകയും കൂടാതെ ആലപ്പുഴ മജിസ്ട്രേട്ടുകോർട്ടിൽ ഈ കേസിനു വേണ്ടി മൊഴി അദ്ദേഹം കൊടുക്കുകയും ചെയ്തിട്ടുണ്ട്. ഇതെല്ലാം നിഷേധിക്കുന്നെങ്കിൽ ഈ സഭ അനുവദിക്കുന്നതായാൽ എന്റെ ഉടുപ്പു ഊരി ഈ ശോഷിച്ച മുതുകത്തു നീലിച്ചുകിടക്കുന്ന അന്നത്തെ മർദ്ദനത്തിന്റെ പാടുകൾ കാണിക്കുവാൻ ഞാൻ തയ്യാറാണ്. മനുഷ്യത്വത്തിന്റെ, സത്യത്തിന്റെ, പേരിൽ ഇതു നിഷേധിക്കുമെന്നു തോന്നുന്നില്ല. മുമ്പു നടന്ന പ്രസംഗങ്ങളിലെ പ്രഖ്യാപനങ്ങൾ ഓർത്തു് മി. ഖാദർ ഇനി എന്താണ് സംഭവിക്കാൻ പോകുന്നതെന്നു ഇപ്പോൾ ഭയന്നിരിക്കയായിരിക്കും. ഭയന്നുകഴിയുന്ന മി. ഖാദറിനു കഴിഞ്ഞകാല അനുഭവത്തിന്റെ വെളിച്ചത്തിൽ ഇന്നത്തെ ഭരണാധി

കാരികളുടെ പക്ഷത്തുനിന്നും ചിലപ്പോൾ പ്രമോഷൻ ആയിരിക്കും കിട്ടുന്നതു്. പക്ഷെ നിങ്ങളുടെ കൈയിൽനിന്നും ജനങ്ങൾ പ്രതീക്ഷിക്കുന്നതു ഇതല്ല. അതുകൊണ്ടു് അല്പമെങ്കിലും ഇക്കാര്യത്തെപ്പററി വിചാരമുണ്ടെങ്കിൽ, ആത്മാർത്ഥത അല്പമെങ്കിലുമുണ്ടെങ്കിൽ, ഈവക കാര്യങ്ങളിൽ ശരിയായ മാർഗ്ഗം അവലംബിക്കേണ്ടതാണു്. ഇന്നു മുഖ്യമന്ത്രിയായിരിക്കുന്ന ശ്രീ. പട്ടം താണുപിള്ളയെ സംഭവം നടന്ന അന്നുരാത്രിതന്നെ ലേബർ മന്ത്രിയും ഞാനുംകൂടി ഇരിക്കവെയാണു് വിവരം അറിയിച്ചതു്. അദ്ദേഹം അതിൽ പിന്നീടു നടന്നിട്ടുള്ള പല യോഗങ്ങളിലും ഇക്കാര്യത്തെപ്പററി പരാമർശിക്കുകയും തക്കതായ ശിക്ഷ നൽകുമെന്നു് പ്രസ്താവിക്കുയും ചെയ്തിട്ടുണ്ടെന്നുള്ള വസ്തുതകൂടി സഭയെ അറിയിച്ചുകൊള്ളുന്നു.

അതുപോലെതന്നെ ഇന്നു് അധികാരത്തിലിരിക്കുന്ന മന്ത്രിമാരെ, അതിലും വിശേഷിച്ചു് എന്റെ തെക്കും വടക്കും വശങ്ങളിൽനിന്നു ജയിച്ചു മന്ത്രിമാരായിട്ടുള്ളവരെ ചില കാര്യങ്ങൾകൂടി അറിയിക്കേണ്ടതുണ്ടു്. ലേബർ മന്ത്രിയും പൊതുമരാമത്തു മന്ത്രിയുമാണവർ. ഇന്നു് ഈ നാട്ടിലെ ജീവൽപ്രശ്നം ശുദ്ധജലദൗർല്ലഭ്യമാണു്. പറവകൾക്കുപോലും ശുദ്ധജലം കൂടാതെ ജീവിക്കുവാൻ സാദ്ധ്യമല്ല. തീരപ്രദേശങ്ങളിലുള്ളവർ ഉപ്പുവെള്ളമാണു് കുടിക്കുന്നതു്. കടലോരങ്ങളിലുള്ള വീടുകളിൽ ചെന്നാൽ സ്ത്രീകൾ അവിടെ കാണുകയില്ല. അഞ്ചും ആറും മൈൽ ദൂരെ പോയിട്ടാണു് വെള്ളം കൊണ്ടുവരുന്നതു്. അത്രയുംദൂരംവരെ പോയി പൈപ്പിന്റെ മൂട്ടിൽ ക്യൂ നിന്നാണു് വെള്ളം എടുക്കേണ്ടതു്. ഒരു നാലഞ്ചു മണിക്കൂറെങ്കിലും നിന്നെങ്കിലേ ഒരു കുടം വെള്ളം കിട്ടുകയുള്ളു. അടുത്ത കുടം ഉടൻ വച്ചില്ലെങ്കിൽ അന്നുപിന്നെ വെള്ളം കിട്ടുകയില്ല. അതിനുവേണ്ടി അടുത്ത അംഗവും അവിടെ നിൽക്കേണ്ടിയിരിക്കുന്നു. രാപ്പകൽ ഒരുപോലെ സ്ത്രീകൾ വെള്ളത്തിനുവേണ്ടി രാവിലെ മുതൽ പൈപ്പുമൂട്ടിൽ ചെന്നാൽ വൈകുന്നേരമായിരിക്കും രണ്ടുമൂന്നു കുടം വെള്ളം കിട്ടുന്നതു്. കൂടാതെ പൈപ്പുമൂട്ടിൽ ഒരേ നിലയിൽ നിൽക്കുന്ന കാഴ്ച ആരെയും സ്തംഭിപ്പിക്കുന്നതാണു്. യാതൊരു രക്ഷയുമില്ലാതെ വരുമ്പോൾ സ്ത്രീകൾ കടപ്പുറത്തുചെന്നു ചിരട്ടകൊണ്ടു് താഴ്ച്ചയുള്ള കുഴികൾ കുഴിച്ചു് വെള്ളം എടുക്കുന്നുണ്ടു്. ചിലപ്പോൾ അഞ്ചും ആറും മണിക്കൂർ വേല ചെയ്യേണ്ടിവരും. ഇന്നു കടലോരങ്ങളിലേയും കായലോരങ്ങളിലേയും ജനങ്ങളെ വളരെ അധികം വേദനിപ്പിക്കുന്ന ഒരു പ്രശ്നമാണു് ഇതു്. ഇതു നേരിട്ടറിയാവുന്നവരാണു് ബഹുമാനപ്പെട്ട മന്ത്രിമാർ. ഒരു സോഷ്യലിസ്ററ് ബഡ്ജററ് തയ്യാറാക്കാൻ പോകുന്ന ഈ അവസരത്തിൽ ഈ കുടിക്കുന്ന വെള്ളത്തിന്റെ കാര്യം മറന്നുപോകരുതെന്നാണു് എനിക്കു പറയുവാനുള്ളതു്. ഈ കായലോരങ്ങളിൽ മൂകമായി പണിയെടുക്കുന്ന അഞ്ചുലക്ഷം വരുന്ന നാവികത്തൊഴിലാളികളെപ്പററി നിങ്ങൾ ഓർക്കേണ്ടതാണു്. ഇന്നു വളരെ അധികം തൊഴിലില്ലായ്മ അവരുടെയിടയിൽ പടർന്നു പിടിച്ചിട്ടുണ്ടു്. കൊല്ലം—എറണാകുളം റെയിൽവേ ജോലി പൂർത്തിയാകുന്നതോടുകൂടി ഒരൊററ തൊഴിലാളിക്കും ജോലി കിട്ടുകയില്ല. ബാർജ്ജു കെട്ടി വലിക്കുന്നതുകൊണ്ടും ബോട്ടുകളിൽ സാധനങ്ങൾ കയററി അയയ്ക്കുന്നതുകൊണ്ടും തൊഴിലില്ലാതെയായിത്തീർന്നിട്ടുണ്ടു്. അതിനാൽ തൊഴിലില്ലായ്മ പരിഹരിക്കുന്നതിനു ഗവൺമെൻറ് സത്വരശ്രദ്ധ പതിപ്പിക്കേ

[ശ്രീ. പി. കെ. യശോധരൻ.]

ണ്ടതാണ്. കരുനാഗപ്പള്ളിയിലെയും കാർത്തികപ്പള്ളിയിലെയും കൃഷ്ണപുര ത്തെയും ആളുകളുടെ അഭിവാദനങ്ങൾ അർപ്പിച്ചുകൊണ്ട് ഞാൻ അവ സാനിപ്പിക്കുന്നു. ഉണ്ട ചോറിനു ഉചിതം കാണിയ്ക്കണം.

ശ്രീ. ഇടിക്കുള ഇടിക്കുള : സർ, കാൺഗ്രസ് അമ്മാവൻ, പി. എസ്സ്. പി. പൈതലിനെ കരുണാമസൃണമായി താലോലിച്ചുകൊണ്ടു ദയാപുരസ്സരമായി നോക്കിനിന്നു വാത്സല്യം പ്രകടിപ്പിക്കുന്നു. കമ്മ്യൂണി സ്റ്റ് ജ്യേഷ്ഠൻ ഭീഷണിപ്പെടുത്തിക്കൊണ്ട് അവരുടെ ഇഷ്ടപ്രകാരം ഭരി ച്ചാൽ സഹായവാഗ്ദാനം ചെയ്യുന്നുണ്ട്. എനിക്കു ഈ അവസരത്തിൽ പറയാനുള്ളതു് പി. എസ്സ്. പി. ക്കു് അതിന്റേതായ ചില തത്വസം ഹിതകളുണ്ട്. അതു നടപ്പിൽ വരുത്താൻ ഗവണ്മെന്റ ശ്രമിക്കും.

ശ്രീ. ചെങ്ങാരപ്പള്ളി പി. നാരായണൻപോററി : സ്വതന്ത്രൻ പി. എസ്സ് പി. യുടെ ആരാണ്?

ശ്രീ. ഇടിക്കുള ഇടിക്കുള : ഞാൻ വഴങ്ങുന്നില്ല. സർ, സർ സി. പി. രാമസ്വാമി അയ്യരുടെ ഭരണകാലത്തു് ഈ രാജ്യത്തു് കാൺഗ്രസ് സംഘടനയ്ക്കു് ധീരമായി അചഞ്ചലമായി നിന്നുകൊണ്ടു അതിനു നേതൃത്വം കൊടുത്ത ഇന്നത്തെ പി. എസ്സ്. പി. നേതാവ്, എന്നല്ല ഇന്നു ഈ രാജ്യ ത്തിന്റെതന്നെ നേതാവായ ശ്രീ. പട്ടം താണുപിള്ളയ്ക്കു് ഈ രാജ്യക്ഷേമ ത്തിനു അനുഗുണമായി പ്രവർത്തിക്കാൻ കഴിയുമെന്നും, പി. എസ്സ്. പി. ഗവണ്മെൻറിന്റെ പ്രധാനലക്ഷ്യം ജനക്ഷേമമായിരിക്കുമെന്നും ഈ രാജ്യ ത്തെ ജനങ്ങൾ വിശ്വസിക്കുന്നു.

സർ, എന്റെ ഒരു സ്നേഹിതൻ ഇവിടെ പ്രസ്താവിച്ചപോലെ ഈ രാജ്യത്തെ വരവിന്റെ ബഹുഭൂരിഭാഗവും ഇവിടുത്തെ പട്ടണങ്ങളിലെ ആവശ്യത്തിനുവേണ്ടി ചെലവഴിക്കുകയാണ്. ഗ്രാമങ്ങളിൽ അധിവസി ക്കുന്ന ലക്ഷോപലക്ഷം ജനങ്ങളുടെ ജീവിതത്തോതു് ഉയർത്തുന്ന കാര്യത്തിൽ ഈ മന്ത്രിസഭയുടെ ശ്രദ്ധ പതിയണം.

സർ, മഹാനായ സർ സി. പി. രാമസ്വാമി അയ്യർ ദിവാൻജി യായിരുന്നകാലത്തു്, ഈ സഭയിലെ പ്രതിപക്ഷകക്ഷിയിൽ ഞാനും ഒരു അംഗമായിരുന്നു. അന്നു അദ്ദേഹത്തിന്റെ ശ്രദ്ധയിൽപ്പെടുത്തിയ ഒരു കാര്യത്തെപ്പററിയാണ് എനിക്കു ഇവിടെ പറയാനുള്ളതു്. ഈ രാജ്യത്തു കൃഷിക്കും, വ്യാവസായിക വികസനങ്ങൾക്കും മററും എലക്ട്രിസി ററിയുടെ ആവശ്യം കൂടിക്കൂടി വരികയാണല്ലോ. പമ്പാനദിയിലുള്ള കൽക്കി അരുവിയിൽനിന്നും ധാരാളം എലക്ട്രിസിററി ഉണ്ടാക്കാമെന്നു അന്നു സർ സി. പി. യെ അറിയിക്കുകയും, അദ്ദേഹം ഉടൻതന്നെ അതി നുവേണ്ട നടപടികൾ നടത്തിത്തുടങ്ങുകയും ചെയ്തു. പക്ഷെ, അന്നു ഗവ ണ്മെൻറിൽ കൂടുതൽ സ്വാധീനമുള്ള ആളുകൾ ആ പദ്ധതിയെപ്പററിയുള്ള ഫയലുകൾ മറച്ചുവയ്ക്കുകയാണുചെയ്തതു്. ഈ പദ്ധതി പൂർത്തിയാക്കി യാൽ തെക്കേ ഇൻഡ്യയിലേക്കാവശ്യമുള്ള എലക്ട്രിസിററി മുഴുവനും കിട്ടും. അതുകൊണ്ടു് ഈ പമ്പാനദീതടപദ്ധതിയിൽ ഈ ഗവണ്മെൻറി ന്റെ ശ്രദ്ധ പതിയണമെന്നു എനിക്കപേക്ഷയുണ്ട്. പമ്പാനദീതീരപ്രദേ ശങ്ങളെപ്പററി ഈ സഭയിലിരിക്കുന്ന മിക്ക മെംബറന്മാർക്കും അറിയാം. കാലാകാലത്തിനു വെള്ളം ലഭിക്കാതെ കൃഷിനാശം സംഭവിക്കുന്ന ചില സ്ഥലങ്ങളുണ്ട്. അവിടുത്തെ കാര്യങ്ങളും ഗവണ്മെന്റ ശ്രദ്ധിക്കണം.

സർ, തിരുവനന്തപുരത്തുനിന്നും പീരുമേടുവരെ പോകാനുള്ള ഏററവും എളുപ്പവഴിയാണ് കിളിമാനൂർ, ആയൂർ, അഞ്ചൽ, മണിമല വഴിയുള്ള റോഡ്. ഈ വഴിയിലാണ് കുമ്പഴ ആറ്. കുമ്പഴ ആററിൽ ഒരു പാലം പണി നടത്താൻ ഈ ബഡ്ജററിൽ പണം അനുവദിച്ചിട്ടുണ്ടെന്നു കാണുന്നതിൽ ഞാൻ സന്തോഷിക്കുന്നു.

അതുപോലെ റാന്നിയിൽ ഒരു പാലത്തിന്റെ കാര്യവും ഗവണ്മെന്റിന്റെ ദൃഷ്ടിയിൽപ്പെടുത്തിക്കൊള്ളുന്നു. കഴിഞ്ഞ തിരഞ്ഞെടുപ്പുകാലത്ത് ശ്രീ. ടി എം. വർഗ്ഗീസ് വോട്ടുപിടിക്കാനായി നടന്നപ്പോൾ അവിടെയുള്ള സകലജനങ്ങളോടും, പൊതുയോഗങ്ങളിൽവച്ചും ഈ പാലം ഉടൻതന്നെ പണിയിപ്പിക്കാമെന്നു പറഞ്ഞിട്ടുണ്ടായിരുന്നു. ആ നിയോജകമണ്ഡലത്തിലെ ആളുകൾ മുഴുവനും അതു വിശ്വസിച്ചിരുന്നു. പക്ഷെ, ഈ ബഡ്ജററിൽ നോക്കിയപ്പോഴാണ് അതു വെറും ഇലക്ഷൻ പ്രചരണമായിരുന്നുവെന്നു മനസ്സിലായത്. ബഡ്ജററിൽ റാന്നിയിലെ പാലംപണി വകയ്ക്കു് യാതൊരു തുകയും കൊള്ളിച്ചിട്ടില്ല. പമ്പാനദിയിലെ ഈ പാലം വലിയ അത്യാവശ്യമുള്ളതാണെന്നു അതുവഴി യാത്ര ചെയ്തിട്ടുള്ളവർക്കു അറിയാം. ഈ കാര്യത്തിൽ വേണ്ടത്ര ശ്രദ്ധ പതിപ്പിക്കണമെന്നു ഞാൻ ഗവണ്മെന്റിനോടു അഭ്യർത്ഥിക്കുന്നു.

റോഡുകളുടെ കാര്യം വളരെ മോശമായ നിലയിലാണ്. ഗതാഗതസൗകര്യം അശേഷമില്ലാതെ കുണ്ടുംകുഴിയും മഴക്കാലത്തു ചെളിയുമായി കിടക്കുകയാണ്. ഈ തെരഞ്ഞെടുപ്പുകാലത്തുതന്നെ ശ്രീ. വർഗ്ഗീസ്സിന്റെ കാർ, തെരഞ്ഞെടുപ്പു പ്രചരണം നടത്തിക്കൊണ്ടിരുന്ന അവസരത്തിൽ അവിടുത്തെ ഏററവും പ്രധാനമായ ഒരു റോഡിൽ താഴുകയുണ്ടായി. റോഡുകളുടെ കാര്യത്തിലും, പൊതുവെ പി ഡബ്ലിയു. ഡിപ്പാർട്ടുമെന്റിനെപ്പററിയും പറയുകയാണെങ്കിൽ ഏററവും നൈരാശ്യജനകമായ ഒരു ശൂന്യതയാണു അവിടെയുള്ളതു്.

ഈവക ഏർപ്പാടുകൾ ഇനിയും ഈ മന്ത്രിസഭയുടെ കാലത്തു ഉണ്ടാവുകയില്ലെന്നു ഞാൻ വിശ്വസിക്കുന്നു. പട്ടണ പരിഷ്കാരത്തിനു വേണ്ടി കൂടുതൽപണം ചെലവഴിക്കാതെ, ഗ്രാമപ്രദേശങ്ങളിലേയ്ക്കു് കൂടുതൽ കൂടുതൽ പണം അനുവദിക്കുന്ന ഒരു ഏർപ്പാടു് ഈ മന്ത്രിസഭ നടത്തണമെന്നു ഞാൻ അപേക്ഷിക്കുന്നു. ഗ്രാമപ്പഞ്ചായത്തുകൾക്കുവേണ്ടിയും കൂടുതലായി പണം ചെലവുചെയ്യണം. ഗ്രാമപ്രദേശങ്ങളിൽ ആശുപത്രികൾ സ്ഥാപിക്കുന്നതിലേയ്ക്കും കൂടുതൽ താൽപ്പര്യം കാണിക്കുകയും ആവശ്യമുള്ള പണം അനുവദിക്കുകയും ചെയ്യണം. ശ്രീ. ടി. കെ. നാരായണപിള്ളയുടെ മന്ത്രിസഭാകാലത്തു് പെരിനാട്ടു് ഒരു ആശുപത്രി സ്ഥാപിച്ചുകിട്ടാനായി ആ നാട്ടുകാർ അപേക്ഷിക്കുകയും, അനുവദിച്ചുകൊടുക്കാമെന്നു പറയുകയും ചെയ്തിട്ടുണ്ടു്. പക്ഷെ, ഇതേവരെ കാര്യം സാധിച്ചിട്ടില്ല. അവിടത്തെ ആളുകൾക്കു് അതിൽ വലിയ കുണ്ഠിതമുണ്ടു്.

ഞാൻ പ്രസ്താവിച്ച സംഗതികൾ എല്ലാം ഗവണ്മെന്റിന്റെ ശ്രദ്ധയിൽപ്പെടുമെന്നു വിശ്വസിച്ചുകൊണ്ടു് എന്റെ പ്രസംഗം അവസാനിപ്പിച്ചുകൊള്ളുന്നു.

ശ്രീ. കെ. കരുണാകരൻ: സർ, അപ്രോപ്രിയേഷൻ ബില്ലിനെക്കുറിച്ചു് ഇവിടെ അസംഗതങ്ങളായ പല ചർച്ചകളും നടക്കുകയുണ്ടായി. എനിക്കതിൽ അത്ഭുതമൊന്നും തോന്നുന്നില്ല. അപ്രോപ്രിയേഷൻ ബിൽ സെലക്റ്റ്കമ്മിറ്റിക്കു അയയ്ക്കണമെന്നു പറഞ്ഞ ഒരു പാർട്ടിയിൽപ്പെട്ടവർ ഈ സഭയിലുള്ളപ്പോൾ ഇതും ഇതിലധികവും ഇവിടെ നടക്കും. ഈ സഭ പാസ്സാക്കിയ തുക Consolidated Fund ൽ നിന്നും draw ചെയ്യുന്നതിനനുമതി നൽകുന്നതിനുമാത്രമാണു് ഈ ബില്ലുകൊണ്ടു് ആവശ്യപ്പെടുന്നതു്. ഇതിൽ ഒരു വാദപ്രതിവാദത്തിനു സ്ഥാനമില്ല. എങ്കിലും ഇവിടെ ചർച്ചകൾ നടന്നിട്ടുള്ളതുകൊണ്ടു അടിയന്തിരമായ ഒരു നിർദ്ദേശം ഗവണ്മെന്റിനു നൽകാൻവേണ്ടി ഞാൻ ഈ സന്ദർഭം ഉപയോഗപ്പെടുത്തുകയാണു്.

സർ, ഒരു പ്രത്യേകകാര്യം ഗവണ്മെന്റിന്റെ ദൃഷ്ടിയിൽ കൊണ്ടുവരണമെന്നു ഞാൻ വിചാരിക്കുന്നു. അതായതു് ഗവണ്മെന്റു സർവ്വീസിൽ ഇപ്പോൾ ഉദ്യോഗങ്ങളിലിരിക്കുന്ന താല്ക്കാലിക വിഭാഗക്കാരുടെ സംഗതിയെപ്പറ്റിയാണു്. ഇവരുടെ കൂട്ടത്തിൽ പന്ത്രണ്ടും, പതിനഞ്ചും, പതിനെട്ടും കൊല്ലം സർവ്വീസുള്ള ആളുകളും ഉണ്ടു്. ഇവർക്കു് ഒരു സുപ്രഭാതത്തിൽ ഒരു നോട്ടീസു കിട്ടും; നിങ്ങളെ എല്ലാവരെയും ഇന്നുമുതൽ സർവ്വീസിൽനിന്നും പിരിച്ചുവിട്ടിരിക്കുന്നുവെന്നു്. സർ, ഇതൊരു വലിയ കഷ്ടമാണു്, ന്യൂനതയാണു്. പബ്ലിക്ക സർവ്വീസ കമ്മീഷണർ പുതുതായിട്ടു നിയമനം നടത്തുമ്പോൾ വളരെ കാലമായി സർവീസിലിരിക്കുന്ന പഴയ ആളുകൾ അതായതു താൽക്കാലിക വിഭാഗക്കാർ പുറത്തുപോകേണ്ടിവരികയാണു്. ഇതു തിരുത്തുന്നതിനുവേണ്ട നടപടികൾ ഗവണ്മെന്റു് നടത്തണം.

൧൯൫൪ ഏപ്രിൽ ൧-ാംനു- മുതൽ തൃശ്ശൂർ ഡിസ്ട്രിക്റ്റിൽനിന്നും ഏതാനും എക്സൈസ ഗാർഡുകളെ പിരിച്ചുവിടുവാൻ തീരുമാനിച്ചിരിക്കുകയാണു്. അതേ അവസരത്തിൽ ഒന്നോ രണ്ടോ കൊല്ലം സർവ്വീസുള്ള ആളുകളെയാണു് ഇവരെ പിരിച്ചുവിടുന്നതിനു പകരം ജോലിയിൽ വച്ചുകൊണ്ടുപോകുന്നതു്. സർവീസ്കമ്മീഷന്റെ നിയമനം നടപ്പിൽ വരുമ്പോൾ ദീർഘകാലസർവ്വീസുള്ള ആളുകൾ പിരിഞ്ഞുപോകുകയും, അല്പകാലം സർവ്വീസിലുള്ളവർ ജോലിയിൽ തുടരുകയുമാണു ചെയ്യുന്നതു്. ഈ ന്യൂനത പരിഹരിക്കുന്നതുവരെ ഇവരെ പിരിച്ചുവിടരുതെന്നാണു് എന്റെ അപേക്ഷ. അതുപോലെതന്നെ സെക്രട്ടറിയേറ്റിലും കുറേപേരുണ്ടു് അവരുടെ കാര്യവും ശ്രദ്ധിക്കണം. പുതിയ നിയമനങ്ങൾ നടത്തുമ്പോൾ പകരക്കാർക്കുകൂടി മുൻഗണന നൽകണം. ഈ കാര്യങ്ങളാണു എനിക്കു പ്രധാനമായി പറയുവാനുള്ളതു്. മറ്റു പല കാര്യങ്ങളും ഇവിടെ ബഹുമാനപ്പെട്ട മെംബറന്മാർ ചർച്ചചെയ്തുകഴിഞ്ഞു.

സർ, നമ്മുടെ രാജ്യം ഇന്നു ഒരു പരീക്ഷണഘട്ടത്തിലെത്തിയിരിക്കുകയാണു്. ഇവിടെ പല രാഷ്ട്രീയപാർട്ടികൾ നിലവിലുണ്ടു്. പ്രജായത്ത ഭരണം വിജയിക്കണമെങ്കിൽ, പല പാർട്ടികൾക്കും പല വിട്ടുവീഴ്ചകളും ചെയ്യേണ്ടതായിട്ടുവരും. തങ്ങളുടെ പാർട്ടി സിദ്ധാന്തങ്ങൾ അനുസരിച്ചു പ്രവർത്തിക്കാത്ത മറ്റു പാർട്ടിക്കാരേയും, തങ്ങളുടെ വലയിൽ പെടാതെ മാറിനിൽക്കുന്ന ആളുകളേയും അതി നിശിതമായി വിമർശിക്കണമെന്നു് ഇവിടത്തെ എന്റെ കമ്മ്യൂണിസ്റ്റ്സ്നേഹിതന്മാർക്കു നിർബ

ഡമുള്ളതായികണ്ടു. എനിക്കു ആ സ്നേഹിതന്മാരോടു പറയുവാനുള്ളതു്, ഇത്തരം അനാവശ്യമായ വിമർശനങ്ങൾക്കുവേണ്ടി സമയം ചെലവഴിക്കാതെ; നല്ല കാര്യങ്ങൾക്കുവേണ്ടി സമയം ചെലവാക്കണമെന്നാണു്. എത്രതന്നെ പറഞ്ഞാലും ശരി, നല്ലതു ചെയ്യുവാനും പറയുവാനും ഇഷ്ടമില്ലാത്തവരാണു് അവർ. അവരോടു എന്തെങ്കിലും പറയുന്നതു് പോത്തിനോടു വേദം ഓതുന്നതുപോലെയാണു്. എത്രതന്നെ എതിരുണ്ടായിരുന്നാലും നല്ല കാര്യങ്ങൾ ചെയ്യുന്നതിനു് ഗവണ്മെന്റു ശക്തിയായി മുന്നോട്ടുപോകണമെന്നാണു് എന്റെ അഭ്യർത്ഥന. അതിൽ എന്റെ പാർട്ടി സഹകരിക്കുകയും ചെയ്യും. ബില്ലിനെ ഞാൻ അനുകൂലിക്കുന്നു.

മി. സ്പീക്കർ: ഈ ബില്ലിനെപ്പററിയുള്ള വാദപ്രതിവാദം അഞ്ചുമണിവരെ മാത്രമാണു്.

ശ്രീ. എൻ. നാരായണക്കുറുപ്പു്: ആറുമണിവരെ നീട്ടിയാൽ കൊള്ളാമെന്നാണു എന്റെ അഭിപ്രായം. കുറെ മെംബറന്മാർക്കുകൂടി പ്രസംഗിക്കാമല്ലോ.

ശ്രീ. അവിരാ തരകൻ: സഭാനേതാവിനോടും, പ്രതിപക്ഷനേതാവിനോടുംകൂടി ആലോചിച്ചു തീരുമാനിച്ചാൽ മതി.

മി. സ്പീക്കർ: അഞ്ചുമണിക്കു ബിൽ പാസ്സാക്കണമെന്നാണു റൂൾ. അതുസംബന്ധിച്ചുള്ള റൂൾ ഇതാണു്. Rule 51 says:

(1) Subject to the provisions of the Constitution, the procedure in regard to an Appropriation Bill shall be the same as for Bills generally with such modifications as the Speaker may consider necessary.

(2) At any time after the introduction in the Assembly of an Appropriation Bill, the Speaker may allot a day or days for the completion of all or any of the stages involved in the passage of the Bill by the Assembly, and when such allotment has been made the Speaker shall at 5 o' clock on the allotted day or, as the case may be, the last of the allotted days, forthwith put every question necessary to dispose of all the outstanding matters in connection with the stage or stages for which the day or days have been allotted.

So, the discussion will conclude before 5 o' clock.

ശ്രീ. കെ. എ. ബാലൻ: സർ, ഞാൻ ഈ ബില്ലിനെ എതിർക്കുന്നതു ചില പ്രത്യേക ഡിപ്പാർട്ടുമെന്റിനെപ്പററി പരാമർശിക്കുന്നതിനാണു്. അതിനു മുമ്പായി ഒരുകാര്യം ഇവിടെ ചൂണ്ടിക്കാണിച്ചുകൊള്ളട്ടെ. ഈ സഭയിലെ ബഹുമാനപ്പെട്ട പല മെംബറന്മാരും

4 P. M.

റഷ്യയെപ്പററിയുള്ള ആരോപണങ്ങൾ ഉന്നയിക്കയുണ്ടായി. പൊതുവെ അവയ്ക്കു ബഹുമാനപ്പെട്ട കുന്നത്തൂർ മെമ്പർ മറുപടി പറഞ്ഞിട്ടുമുണ്ടു്, എങ്കിലും എനിക്കു് ഈ അവസരത്തിൽ ഗവണ്മെന്റിനെ അറി

[ശ്രീ. കെ. എ. ബാലൻ.]

യിക്കാനായിട്ടുള്ളതു്, ഇവിടത്തെ ദേശീയസ്വാതന്ത്ര്യത്തിനു എതിരായിട്ടും ഇവിടത്തെ പരമാധികാരത്തിനു എതിരായിട്ടും വല്ല റഷ്യൻ ചാരവൃത്തിയും ഇവിടെ നടക്കുന്നുണ്ടെങ്കിൽ അങ്ങിനെയുള്ളവരെ നിർദ്ദാക്ഷിണ്യമായി പിടികൂടി ശിക്ഷിക്കണമെന്നു് പറയുവാൻ ഞാൻ തയ്യാറാണു്. ഈ അവസരത്തിൽ അമേരിക്കൻ ചാരവൃത്തി ഇൻഡ്യയുടെ വടക്കേപടിഞ്ഞാറു സ്ഥിതിചെയ്യുന്ന കാശ്മീരിൽ നടന്നു എന്നു ഞാൻ ഈ അവസരത്തിൽ ഓർമ്മിപ്പിച്ചുകൊള്ളുന്നു. ഇൻഡ്യയുടെ ദേശീയസ്വാതന്ത്ര്യത്തിനു വേണ്ടി ഇൻഡ്യൻനേതാക്കന്മാരോടൊപ്പം സമരം ചെയ്തിട്ടുള്ളയാളും ഇൻഡ്യാസാമ്രാജ്യത്തിന്റെ ഒരു വിശ്വസ്ത സുഹൃത്തുമായ ഷേക്ക് അബ്ദുള്ളയെ കൂടി വിലയ്ക്കു വാങ്ങുന്നതിനുള്ള ചാരവൃത്തിയാണു് കാശ്മീരിൽ നടന്നിട്ടുള്ളതു് എന്നു ഞാൻ പറയുമ്പോൾ ഇൻഡ്യാസാമ്രാജ്യത്തെ യുദ്ധക്കളമാക്കാൻ ബദ്ധപ്പെടുന്ന പാശ്ചാത്യശക്തികളുടെ ചാരവൃത്തി കാശ്മീരിൽ തുടങ്ങി ഇങ്ങോട്ടു പടർന്നുപിടിക്കുകയാണെന്നു വേണം മനസ്സിലാക്കാൻ.

ശ്രീ. എ. താണുപിള്ള: സർ, ഇൻഡ്യയുടെയും കാശ്മീരിന്റെയും ഫാറിൻ പാളിസിയെപ്പറ്റി സംസാരിക്കുന്നതു് ഈയവസരത്തിൽ സംഗതമാണോ ?

മി. സ്പീക്കർ: തീർച്ചയായും അല്ല. കുറേക്കൂടി സംഗതമായിട്ടുള്ള കാര്യങ്ങൾ പ്രസംഗിക്കുന്നതിനായി ബഹുമാനപ്പെട്ട മെമ്പറോടു അഭ്യർത്ഥിക്കുന്നു.

ശ്രീ. കെ. എ. ബാലൻ: സർ, ഇന്നു ഇൻഡ്യയെ യുദ്ധത്തിലേക്കു തള്ളിവിടാൻ പാശ്ചാത്യശക്തികൾ ഗൂഢപ്രവർത്തനം നടത്തുന്നുണ്ടെന്നു് തെളിയിക്കുന്നതിനുവേണ്ടിയാണു് ഞാൻ ഇത്രയും പറയാൻ ഇടയായതു്. സർ, രാജ്യത്തെ അപകടത്തിലാക്കാൻ പ്രവർത്തിക്കുന്ന പാശ്ചാത്യശക്തികൾക്കു കൂട്ടുനിൽക്കുന്ന പാതിരിമാരെപ്പറ്റി വ്യവസായഏജന്റന്മാരെപ്പറ്റി അവർ നടത്തുന്ന പ്രസ്ഥാനങ്ങളെപ്പറ്റി, പ്രവർത്തനങ്ങളെപ്പറ്റി അന്വേഷണം നടത്താനോ പഠിക്കാനൊ ശ്രമിക്കാതെ പകരം ഇവിടത്തെ സി. ഐ. ഡി.ക്കാർ കമ്മ്യൂണിസ്റ്റുകാരുടെ പുറകെ നടക്കുകയാണു്. എനിക്കു് ഈ ഗവൺമെന്റിനെ ഉൽബോധിപ്പിക്കാനുള്ളതു് രാജ്യക്ഷേമത്തെ പുലർത്തുന്നതിനുവേണ്ടി വമ്പിച്ച ചെലവിൽ സജ്ജീകരിച്ചിരിക്കുന്ന പോലീസിനെക്കൊണ്ടു കാര്യക്ഷമമായ വിധത്തിൽ ജോലി ചെയ്യിക്കണമെന്നു് ഞാൻ ഉൽബോധിപ്പിച്ചുകൊള്ളുന്നു. സർ, പോലീസ് കോഴയ്ക്കും കൈക്കൂലിക്കും വിധേയരായി പല അഴിമതികളും ചെയ്തുകൊണ്ടിരിക്കയാണു്. ഈ സംഗതികളെപ്പറ്റി ശ്രീ. പട്ടം താണുപിള്ള പ്രധാനമന്ത്രിയായതിനുശേഷം തന്നെ പല കത്തുകളും അദ്ദേഹത്തിനു കിട്ടിയിട്ടുണ്ടു്. പല നിവേദനങ്ങളും അദ്ദേഹത്തിനു ലഭിച്ചിട്ടുണ്ടു്. ഈ പരാതികളുടെ വെളിച്ചത്തിൽ സംഗതികൾ സൂക്ഷ്മമായി ഗ്രഹിച്ചു് എത്രയുംവേഗത്തിൽ അവയ്ക്കു പരിഹാരം ഉണ്ടാക്കേണ്ടതാണു്. ഈ ഭരണകൂടത്തിനെ സംബന്ധിച്ചിടത്തോളം പുതിയതായ ഒരു മാറ്റം വരുത്തിയിട്ടുണ്ടെന്നു ഇവിടത്തെ ജനങ്ങൾക്കു തോന്നണമെങ്കിൽ, കൈക്കൂലിയും കോഴയും വാങ്ങുന്ന പോലീസ്ഡിപ്പാർട്ടുമെന്റിലെ ഉദ്യോഗസ്ഥന്മാരെ മാതൃകാപരമായി ശിക്ഷിക്കയും ഡിപ്പാർട്ടുമെന്റു പ്രവർത്തനം ഊർജ്ജസ്വ

ലതയോടുകൂടി നടത്തുന്നതിനും ശ്രമിക്കേണ്ടതാണു്. സർ, എന്റെ നിയോജകമണ്ഡലമായ പറവൂർനിന്നും ഒന്നിലധികം പരാതികൾ പോലീസ് മന്ത്രിക്കു് അയച്ചുകൊടുത്തിട്ടുണ്ടു്. അതുപോലെതന്നെ ഇക്കഴിഞ്ഞ കാലത്തു ആറ്റിങ്ങൽ ഉണ്ടായ അനിഷ്ടസംഭവത്തെപ്പറ്റിയും പരാതികൾ വേണ്ടുവോളം മന്ത്രിയുടെ മുൻപാകെ സമർപ്പിച്ചിട്ടുണ്ടു്.

ശ്രീ. പി. വിശ്വംഭരൻ: സർ, ഈ കാര്യത്തെപ്പറ്റി ഒന്നുരണ്ടു ബഹുമാനപ്പെട്ട മെമ്പറന്മാർ സംസാരിച്ചിട്ടുള്ള സ്ഥിതിക്കു് വീണ്ടും തുടരുന്നതു് ശരിയാണോ ?

മി. സ്പീക്കർ: ആവർത്തനം കൂടാതെ കഴിയേണ്ടതാണു്.

ശ്രീ. കെ. എ. ബാലൻ: സർ, ഞാൻ ഈ കാര്യം ആവർത്തിക്കുകയാണെങ്കിൽത്തന്നെയും അതു് ഒട്ടും കൂടിപ്പോയെന്നു് ഞാൻ കരുതുന്നില്ല. ബഹുമാനപ്പെട്ട മെംബർ പ്രകാശം ആറ്റിങ്ങൽ നിയോജകമണ്ഡലത്തെ പ്രതിനിധീകരിക്കുന്നയാളാണു്. ആദ്ദേഹം ഇക്കാര്യം ഗവണ്മെന്റിന്റെ ശ്രദ്ധയിൽ വളരെ ഉത്തരവാദത്തോടുകൂടിത്തന്നെ പെടുത്തിയിട്ടുണ്ടു്. എനിക്കു പറയാനുള്ളതു് പോലീസ് ഡിപ്പാർട്ടുമെന്റിലെ മേലുദ്യോഗസ്ഥന്മാരുടെ റിപ്പോർട്ടിനെ മാത്രം ആസ്പദമാക്കി ഒരു വിധിയെഴുതരുതെന്നാണു്. ബഹുസഹസ്രം ജനങ്ങളുടെ പ്രതിനിധിയും സ്ഥലവാസിയുമായ ബഹുമാനപ്പെട്ട മെമ്പർ കാര്യത്തിന്റെ സത്യാവസ്ഥ വളരെ ഉത്തരവാദബോധത്തോടുകൂടി അറിയിച്ചിരിക്കുന്ന സ്ഥിതിക്കു് അതു് അർഹിക്കുന്ന ഗൗരവത്തോടുകൂടി ഗവണ്മെന്റു വീക്ഷിക്കണമെന്നേ എനിക്കു പറയുവാനുള്ളൂ. അതുപോലെ തന്നെ മറ്റൊരു കാര്യംകൂടി ഈ അവസരത്തിൽ ഉദ്ധരിച്ചുകൊള്ളട്ടെ. സർ, ഇക്കഴിഞ്ഞ കാലത്തു് മുനമ്പത്തു് ഒരു സംഭവമുണ്ടായി. ഒരു തൊഴിലാളി പ്രവർത്തകനെ മർദ്ദിക്കുന്നതിനു മനഃപൂർവ്വം ശ്രമിച്ചു ഒരു മുതലാളിയോടു ചേർന്നുനിന്നുകൊണ്ടു അവിടെ പോലീസ് ഉദ്യോഗസ്ഥൻ പരസ്യമായി ബഹുജനങ്ങളുടെ മുൻപിൽവച്ചു് ആ തൊഴിലാളിയെ കഠിനമായി മർദ്ദിക്കുകയുണ്ടായി. ഇത്തരത്തിലുള്ള പോലീസിന്റെ അനധികൃതമായ കയ്യേറ്റത്തെ ഞാൻതന്നെ ഡിപ്പാർട്ടുമെന്റു അധികൃതരെ അറിയിക്കയുണ്ടായി. എന്നിട്ടും യാതൊരു നടപടിയും എടുത്തതായി അറിയാൻ കഴിഞ്ഞിട്ടില്ല. ഇത്തരത്തിൽ തൊഴിലാളികളെ മർദ്ദിക്കുന്നതിനുവേണ്ടിയുള്ള ഒരു സോഷ്യലിസ്റ്റു ഗവണ്മെന്റാണു് ഇവിടെ നിലനിൽക്കാൻ ആഗ്രഹിക്കുന്നതെങ്കിൽ തീർച്ചയായും അതു് സാധിക്കുമോ എന്നുള്ളതു് സംശയാസ്പദമാണു്.

സർ, മറ്റൊരു കാര്യം എനിക്കു പറയുവാനുള്ളതു്, ഇവിടുത്തെ എക്സൈസ് ഡിപ്പാർട്ടുമെന്റിനെപ്പറ്റിയാണു് കാൽനൂറ്റാണ്ടുകളായി അനുവർത്തിച്ചുവരുന്ന നയംതന്നെയാണു് ഇന്നും തുടർന്നുകൊണ്ടിരിക്കുന്നതു്. ഇവിടെ ഒരു അബ്കാരി നിയമം നിലവിലുണ്ടു്. എന്നാൽ ആ നിയമം തൊഴിലാളികൾക്കു് ദ്രോഹകരമാണു്. സർ, ഈ രാജ്യത്തു് ഒരു ചെത്തുതൊഴിലാളി സംഘടനയുണ്ടു്, അവർക്കു ഒരു ഫെഡറേഷൻ തന്നെയുണ്ടു്. അവരുടെ അവശതകളെ ചൂണ്ടിക്കാണിച്ചുകൊണ്ടു് പരിഹാരങ്ങൾക്കുവേണ്ടി പല പ്രാവശ്യവും ഗവണ്മെന്റിനെ സമീപിച്ചിട്ടുണ്ടു്. അവരുടെ നിവേദനത്തിലെ ഒരു പ്രധാനപ്പെട്ട കാര്യം നിലവിലിരിക്കുന്ന അബ്കാരി നിയമം അൽപ്പംകൂടി പരിഷ്ക്കരിക്കണമെന്നുള്ളതാണു്. ഇപ്പോഴത്തെ നിയമം അനുസരിച്ചു് ആണ്ടുതോറും ലേലംവിളിക്കുമ്പോഴും

[ശ്രീ. കെ. എ. ബാലൻ.]

ജോലിചെയ്തുകൊണ്ടിരിക്കുന്ന തൊഴിലാളികൾക്ക് തുടർന്നു ജോലികിട്ടുന്നതിനുള്ള സാദ്ധ്യത ഉണ്ടാകുന്നില്ല. കാരണം ഓരോ തവണയും ലേലം വിളിക്കുമ്പോൾ ഷാപ്പുടമസ്ഥന്മാർ മാറിക്കൊണ്ടിരിക്കുന്ന പതിവാണ്. പറവൂർ താലൂക്കിൽനിന്നും ഇപ്പോൾ ഏകദേശം ൧൦൦-ൽപരം ചെത്തുതൊഴിലാളികളെ ഷാപ്പുടമസ്ഥന്മാർ പിരിച്ചുവിടുകയുണ്ടായി. വളരെ വർഷംകൊണ്ട് ഈ തൊഴിൽ ഉപജീവനമായി സ്വീകരിച്ച് പ്രവർത്തിച്ചുകൊണ്ടിരിക്കുന്ന ഈ തൊഴിലാളികൾക്ക് ഈ നിയമം നിമിത്തം അവർക്ക് ജോലിസ്ഥിരതയില്ലാതെയാണിരിക്കുന്നതു്. പാവപ്പെട്ട ചെത്തുതൊഴിലാളികളെ സംബന്ധിച്ചിടത്തോളം അവരുടെ ജോലിസ്ഥിരതക്കുവേണ്ടി ഇപ്പോഴത്തെ ബില്ലിൽ ഭേദഗതികൾ വരുത്തേണ്ടതു് ഏററവും അത്യാവശ്യമാണ്. ഇക്കാര്യത്തിൽ ഉടനടി നടപടി സ്വീകരിക്കണം. മറെറാരു സംഗതി ഷാപ്പുടമസ്ഥന്മാർ വൃക്ഷക്കരം കൊടുക്കുന്നതിനു ബാദ്ധ്യസ്ഥരായിരിക്കെ മിക്ക ഷാപ്പുടമസ്ഥന്മാരും ഈ കരംകൊടുക്കാതെ ഒഴിഞ്ഞുമാറിനിൽക്കുകയാണെങ്കിൽ അങ്ങനെയുള്ളവരുടെ പേരിൽ ഗവണ്മെൻറ് ഇതുവരെയായിട്ടും നടപടികൾ എടുക്കാതെ ചെത്തുതൊഴിലാളികളെ ശിക്ഷിക്കുകയാണ്. ഒരു ചെത്തുതൊഴിലാളി അവൻെറ വീട്ടിൽ കള്ളുസൂക്ഷിക്കുന്നുവെങ്കിൽ വ്യാജവാററിൻെറ പേരിൽ അവനെ ശിക്ഷാർഹനാക്കുന്നു. മാത്രമല്ല വൃക്ഷക്കരത്തിൻെറ പേരിലും ഈ തൊഴിലാളി ഉത്തരം പറയേണ്ടതായിട്ടുണ്ട്. ഈവിധ അഴിമതികൾക്ക് എത്രയുംവേഗം നിവാരണമാർഗ്ഗം ഉണ്ടാക്കേണ്ടതാണ്.

ശ്രീ. ജോസഫ് ചാഴിക്കാട്ട്: ചെത്തുകാരനെ ശിക്ഷിക്കണമെന്നോ അതോ ഷാപ്പുടമസ്ഥനെ ശിക്ഷിക്കണമെന്നോ?

ശ്രീ. കെ. എ. ബാലൻ: ഷാപ്പുടമസ്ഥന്മാരാണ് വൃക്ഷക്കരംകൊടുക്കാത്തതു്; അവരെ വേണം ശിക്ഷിക്കാനെന്നാണ് ഞാൻ പറഞ്ഞതു്. അതിലേക്കുള്ള ശിക്ഷ അനുഭവിക്കേണ്ടതു് നിശ്ചയമായിട്ടും ചെത്തുതൊഴിലാളിയല്ല. ഒരാൾ കുററംചെയ്കയും ഇനിഒരാൾ ശിക്ഷവാങ്ങിക്കയും ചെയ്യുന്നതു് ഏതു നിയമത്തെ ആസ്പദമാക്കിയാണെന്ന് എനിക്കു മനസ്സിലാകുന്നില്ല.

സർ, ഇവിടെ പല വ്യവസായങ്ങൾക്കു, അതായതു് കയർവ്യവസായം, അഗ്രികൾച്ചറൽ ഇൻഡസ്ട്രീസ് ബീഡി വ്യവസായം ഇവകൾക്കെല്ലാം മിനിമം വേജസ് കമ്മിററി രൂപീകരിച്ചിട്ടുണ്ട്. എന്നാൽ ചെത്തുതൊഴിലാളികളെ സംബന്ധിച്ചിടത്തോളം മിനിമം വേജസ് കമ്മിററി രൂപീകരിച്ചിട്ടില്ലാത്തതു് അവരോടു ഗവണ്മെൻറ കാണിക്കുന്ന മമതയുടെ കൂടുതലോ അതോ കാരുണ്യത്തിൻെറ കുറവോ എന്താണെന്നുള്ളതു് എനിക്കു മനസ്സിലാകുന്നില്ല. സർ, ചെത്തുതൊഴിലാളികളെ സംബന്ധിച്ചിടത്തോളം അപകടകരമായ ഒരു തൊഴിലാണു ഇതു്. ജീവഹാനി സംഭവിക്കുന്നതു് എപ്പോഴാണെന്ന് അവനുതന്നെ നിശ്ചയമില്ല. പാവപ്പെട്ട ഒരു തൊഴിലാളിക്ക് തെങ്ങുകയറുന്നതുനിമിത്തം ഉണ്ടാകുന്ന ജീവഹാനിയുടെ നിഷ്ഠുരഫലമായി അവൻെറ കുടുംബം വഴിയാധാരമാകുന്നു. അവൻെറ കുടുംബങ്ങൾക്ക് ഗവണ്മെൻറിൽനിന്നും സഹായം ചെയ്യേണ്ടതു അത്യാവശ്യമാണ്, തെങ്ങിൽകയറുന്ന ഒരു ചെത്തുതൊഴി

ലാളികൾക്കും പനചെത്താനുള്ള തൊഴിലാളികൾക്കുള്ളതുപോലെ നഷ്ടപരിഹാരനിയമം ബാധകമാക്കേണ്ടതാണ്. ആ കാര്യവും ഗവണ്മെന്റ് കാര്യമായി പരിഗണിക്കേണ്ടതാണ്. ഈ കാര്യങ്ങളെയെല്ലാം പുരസ്കരിച്ചു നിലവിലിരിക്കുന്ന അബ്കാരിനിയമത്തെ സാരമായി ഭേദപ്പെടുത്തണമെന്ന് ഈയവസരത്തിൽ ഞാൻ ഗവണ്മെന്റിനെ ഉൽബോധിപ്പിച്ചുകൊള്ളുന്നു.

Shri N. Raghava Kurup : After having introduced a Bill and after it is being taken into consideration, is it proper on the part of the hon. Minister in charge of the Bill to walk out ef the House ?

Mr. Speaker : The hon. Minister will come in time.

ശ്രീ. എൻ. രാഘവക്കുറുപ്പ്: സർ, ഇവിടെ നടക്കുന്ന വർത്തമാനങ്ങൾ ശ്രദ്ധിക്കുന്നതിനായി, അതായത് ഈ ബിൽ സഭയിൽക്കൊണ്ടുവന്ന മന്ത്രി സഭയിൽ ഇല്ലാതായിരിക്കുന്നത്. അതുകൊണ്ട് അദ്ദേഹം വന്നതിന്മേൽ ചർച്ചകൾ നടന്നാൽപോരേ?

മിസ്റ്റർ സ്പീക്കർ: ബഹുമാനപ്പെട്ട മെംബർ ധരിക്കേണ്ടത് ട്രഷറി ബെഞ്ച് എപ്പോഴും സഭയിൽ ഉണ്ടെന്നുവേണം.

ശ്രീ. എൻ. രാഘവക്കുറുപ്പ്: സർ, ബില്ലിലെ കാര്യങ്ങളാണ് ഇപ്പോഴത്തെ വിഷയം. അവ ശ്രദ്ധിക്കുന്നതിനു ആ ബിൽ ഹാജരാക്കിയ മന്ത്രിയുടെ സാന്നിദ്ധ്യം അത്യാവശ്യമാണ്. അതുകൊണ്ട് മേലാലെങ്കിലും ഉത്തരവാദപ്പെട്ട ഗവണ്മെന്റ് മന്ത്രി ട്രഷറി ബെഞ്ചിൽ ഉണ്ടായിരിക്കണമെന്നുള്ളത് ഞാൻ അങ്ങയുടെ ദൃഷ്ടിയിൽ കൊണ്ടുവരുന്നു.

Mr. Speaker : Yes. No discussion on the matter is allowed.

Shri A. Thanu Pillai : I may bring to the notice of the Chair that every word that is being spoken is heard and attended to by the Minister in charge.

ശ്രീ. കെ. പി. ഗോപാലമേനോൻ: സർ, ഈ ഗവണ്മെന്റിന്റെ ശ്രദ്ധയിൽ എന്റെ നാട്ടിലെ ചില കാര്യങ്ങൾ പെടുത്തുവാൻ ഞാൻ ആഗ്രഹിക്കുന്നു. തിരുവിതാംകൂർ തനിച്ചുനിന്നിരുന്ന കാലത്തു, ഇവിടെ ദിവാൻഭരണം നടന്നിരുന്ന കാലത്ത്, പറവൂര് യാതൊരു ഉദ്യോഗസ്ഥന്മാരും വരാറില്ലായിരുന്നു. അതിനുള്ള കാരണം ആ പ്രദേശവും തിരുവിതാംകൂറിന്റെ മററു ഭാഗങ്ങളുംകൂടി യോജിപ്പിക്കാത്ത നിലയിൽ പെരിയാർനദി അതിന്റെ ഇടയ്ക്കുകൂടി പോയിരുന്നതുകൊണ്ടും അവിടെ ഒരു ടി. ബി. ഇല്ലായിരുന്നതുകൊണ്ടും ആണ് എന്നു പല ഉദ്യോഗസ്ഥന്മാരും ആ ഇടയ്ക്ക് പറയാറുണ്ടായിരുന്നു. ഇപ്പോൾ പെരിയാറിന്റെ മുകളിൽക്കൂടി ഒരു പാലം ഉണ്ടായിട്ടുണ്ട്. തിരുവിതാംകൂറിന്റെ വടക്കെ അററമായ പറവൂർ താലൂക്ക് സംയോജനത്തോടുകൂടി ഈ സംസ്ഥാനത്തിന്റെ മദ്ധ്യഭാഗമായിത്തീർന്നിട്ടുണ്ട്. എന്നിട്ടും

[ശ്രീ. കെ. പി. ഗോപാലമേനോൻ]

ഈ ഗവണ്മെൻറിൻെറ ശ്രദ്ധ അവിടെ പതിയുന്നില്ലെന്നു പറയുവാൻ ഞാൻ ആഗ്രഹിക്കുന്നു. അങ്ങനെ വളരെക്കാലം ഗവണ്മെൻറ ശ്രദ്ധിക്കാതിരുന്നതിൻെറ ഫലമായി ആ പ്രദേശത്തെ തോടുകൾ തമ്മിൽ ബന്ധിക്കുന്നതിനു ആവശ്യമായ പാലങ്ങളോ മററു സൗകര്യങ്ങളോ ഒന്നും തന്നെ ഇതുവരെ ഉണ്ടായിട്ടില്ല. ഭൂപ്രകൃതി അനുസരിച്ചുതന്നെ പറവൂർ താലൂക്കും പ്രത്യേകിച്ചു് ഞാൻ പ്രതിനിധീകരിക്കുന്ന ആലങ്ങാട്ടും യാതൊരു വിധത്തിലുള്ള ഗതാഗതസൗകര്യങ്ങളുമില്ലാതെ അനേകം തോടുകളും ഇടയ്ക്കിടയ്ക്കു് പുഴകളും ആയി കിടക്കുകയാണു്. അങ്ങിനെയുള്ള സ്ഥലങ്ങളിൽ ആവശ്യമായ ഗതാഗതസൗകര്യമുണ്ടാക്കിക്കൊടുക്കേണ്ടതു് ഏതൊരു ഗവണ്മെൻറിൻെറയും കടമയാണു്. ജനങ്ങൾക്കു് ആവശ്യമായ സൗകര്യങ്ങൾ ഉണ്ടാക്കിക്കൊടുക്കേണ്ടതു് പ്രത്യേകിച്ചും ഈ ജനകീയ ഗവണ്മെൻറിൻെറ കടമയാണു്.

ഈ രാജ്യത്തു് സിവിൽവർക്സ് നടത്തുന്നതു് അതാതു സ്ഥലത്തെ വർക്സ് സബ്ബ് ഡിവിഷൻ കമ്മിററികളുടെ ശുപാർശപ്രകാരമാണു്. അവിടത്തെ വർക്സ് സബ്ബ്ഡിവിഷൻ കമ്മിററിയുടെ ഉപദേശപ്രകാരം കുറെ ഒറിജിനൽ വർക്കുകൾ ആ പ്രദേശത്തേക്കു് അനുവദിച്ചിട്ടുണ്ടായിരുന്നു. ഈ കൊല്ലം അറുപതിനായിരം രൂപയ്ക്കുള്ള അടങ്കൽ തയ്യാറാക്കുവാൻ മാത്രമേ അനുവാദമുണ്ടായിരുന്നുള്ളു. ആലുവാ സബ്ബ്ഡിവിഷനിൽനിന്നും അറുപതിനായിരം രൂപയ്ക്കുള്ള ഒരടങ്കൽ ഒറിജിനൽ വർക്സിനു് ഗവണ്മെൻറിലേക്കു അയയ്ക്കുകയുണ്ടായി. എന്നാൽ ഈ ബഡ്ജററിൽ അതു കാണുന്നില്ല. സബ്ബ്ഡിവിഷൻ കമ്മിററി ശുപാർശചെയ്ത വർക്കുകൾ ഒന്നുംതന്നെ ആ പ്രദേശത്തേക്കു അനുവദിച്ചിട്ടില്ല. ഈ ബഡ്ജററു് ശരിയായ ബഡ്ജററല്ലെന്നും ഗവണ്മെൻറിൻെറ പോളിസി അനുസരിച്ചു് ശരിയായ വേറെ ഒരു ബഡ്ജററു് അടുത്തുതന്നെ അവതരിപ്പിക്കുന്നതാണെന്നും പറഞ്ഞു. അതുകൊണ്ടു് അടുത്തു കൊണ്ടുവരുന്ന ബഡ്ജററിൽ ആ വർക്കുകൾകൂടി ഉൾപ്പെടുത്തുന്നതിനു ഞാൻ ഈ സംഗതി ഗവണ്മെൻറിൻെറിൻെറ ശ്രദ്ധയിൽപെടുത്തുകയാണു്. ഇൻഡ്യൻ കാൺസ്റ്റിററ്യൂഷൻ അനുസരിച്ചു് അവശതാപരിഹാരത്തിനു് ഷെഡ്യൂൾകാസ്റ്റിനു ചില ആനുകൂല്യങ്ങൾ അനുവദിച്ചിട്ടുണ്ടു്. അതുപോലെതന്നെ ഒരു പത്തു കൊല്ലത്തേക്കല്ല പതിനഞ്ചോ ഇരുപതോ കൊല്ലത്തേക്കു് വർക്സിൻെറ കാര്യത്തിൽ ഒരു മുൻഗണന, പറവൂരിനു കൊടുക്കണമെന്നു ഞാൻ അപേക്ഷിക്കുന്നു. എന്നാൽ മാത്രമേ അവിടത്തെ ജനങ്ങൾക്കു് ആവശ്യമായ ഏതാനും സൗകര്യങ്ങൾ എങ്കിലും ചെയ്തുകൊടുക്കാൻ സാദ്ധ്യമാകയുള്ളു.

ഒരു കാര്യംകൂടി എനിക്കു് ഈ മന്ത്രിസഭയുടെ ശ്രദ്ധയിൽപെടുത്തുവാനുണ്ടു്. ആ താലൂക്കിൽപ്പെട്ട ഇടപ്പള്ളി പോലെയുള്ള ഇടവകകളിൽ ഇന്നും ബേസിക്ക് ടാക്സ് ഏർപ്പെടുത്തിട്ടില്ല. അങ്ങനെയുള്ള ഇടവകകളിൽ ഇന്നു് ബേസിക്സ് ടാക്സ് ഏർപ്പെടുത്തിയിട്ടുള്ള പ്രദേശങ്ങളിൽ ഇൻട്രഡ്യൂസ് ചെയ്തിരിക്കുന്ന അഗ്രികൾച്ചറൽ ഇൻകം ടാക്സും ചുമത്തി വരുന്നുണ്ടു്. അങ്ങിനെ ഒരു ഡബിൾ ടാക്സേഷനാണു് അവരിൽ ചുമത്തിയിരിക്കുന്നതു്. അതിനെ സംബന്ധിച്ചു് അവർ ഒരു നിവേദനം ഗവണ്മെൻറിലേക്കു സമർപ്പിച്ചിട്ടുണ്ടു്. അതിനു ഒരു പരിഹാരം ഗവണ്മെൻറു്

ഉണ്ടാക്കിയിട്ടില്ല. അവിടെ ഇന്നും മുമ്പുണ്ടായിരുന്ന എല്ലാ നികുതികളും പിരിച്ചുവരുന്നുണ്ടു്. ആ സംഗതിയിൽ ഒരു തീരുമാനം ഗവണ്മെൻറ് ഉടനെ ചെയ്യേണ്ടതാണു്. പണ്ടത്തെ കൊച്ചിപ്രദേശത്തുള്ള ആളുകളും ഈ വിഷയത്തിൽ ഒരു തീരുമാനമുണ്ടായി കാണാൻ വളരെ ആഗ്രഹിച്ചുകൊണ്ടിരിക്കുകയാണു്. അതുകൊണ്ടു് തിരുവിതാംകൂർ-കൊച്ചിയിൽ ഒട്ടാകെ ബേസിക് ടാക്സ് നടപ്പിലാക്കി എല്ലാ ആളുകൾക്കും ഒരേ രീതിയിലുള്ള രക്ഷ ഉണ്ടാക്കിക്കൊടുക്കണമെന്നും ഞാൻ അങ്ങയുടെ ശ്രദ്ധയിൽപ്പെടുത്തുന്നു.

ഈ തിരഞ്ഞെടുപ്പു കഴിഞ്ഞതിനുശേഷം കാൺഗ്രസ്സിനു വോട്ടു ചെയ്തു എന്നു പറഞ്ഞു് കാൺഗ്രസ്സിനുവേണ്ടി പ്രവർത്തിച്ച ചില ആളുകളെ ദേഹോപദ്രവം ഏൽപ്പിക്കുകമാത്രമല്ല ചില ആളുകളുടെ കാളകളെപ്പോലും കമ്മ്യൂണിസ്റ്റുകാർ തല്ലിക്കൊല്ലുകയുണ്ടായി എന്നു് പല പരാതികളും ഉണ്ടായിട്ടുണ്ടു്. മനുഷ്യരെപ്പോലെതന്നെ മനുഷ്യർ ഉപയോഗിക്കുന്ന സാധനങ്ങളും കമ്മ്യൂണിസ്റ്റുകാരുടെ ആക്രമണത്തിനു ഇരയായിരിക്കുകയാണു്. ജനാധിപത്യഭരണം അനുസരിച്ചു് അവരവരുടെ ആദർശങ്ങൾ മുന്നോട്ടു കൊണ്ടുപോകുന്നതിനുള്ള സ്വാതന്ത്ര്യം നമ്മുടെ ഭരണഘടനയിൽ ഉണ്ടു്. ജനാധിപത്യത്തിൽ അവർ വിശ്വസിക്കുന്നുണ്ടെങ്കിൽ അവരും അങ്ങിനെ ചെയ്യണമെന്നാണു് എനിക്കു പറയുവാനുള്ളതു്. ജനാധിപത്യഭരണത്തിൽ ഓരോരുത്തർക്കും സിദ്ധിച്ചിരിക്കുന്ന സ്വാതന്ത്ര്യം അനുസരിച്ചു് പ്രവർത്തിക്കുന്നതിനു തടസ്സമുണ്ടാക്കുന്ന പ്രവർത്തികളെ ഈ നാട്ടിൽ ഇല്ലായ്മചെയ്യണമെന്നു ജനാധിപത്യത്തിൽ വിശ്വസിക്കുന്ന ഈ ഗവണ്മെൻറിനോടു് ഞാൻ അപേക്ഷിക്കുന്നു.

Mr. Speaker : Order, order. The rest of the time will be shared by the Chief Minister and the Finance Minister.

ശ്രീ. എ. കുഞ്ഞൻ നാടാർ: സർ, ഒരു പായിൻറ് ആഫ് ഓർഡർ. ഈ സഭയിലുള്ള ചർച്ചകളിൽ പങ്കെടുക്കുന്നതിനു തമിഴ്നാടു് കാൺഗ്രസ്സ് പാർട്ടിക്കു് അവസരം കൊടുക്കുന്നില്ല എന്ന പരാതിയാണു് ഞാൻ ഈ പോയിൻറ് ആഫ് ആർഡർ മൂലം പറയുന്നതു്.

മിസ്റ്റർ സ്പീക്കർ: എല്ലാ പാർട്ടികൾക്കുമായി സമയം ന്യായമായി വീതിച്ചു് കിട്ടിയിട്ടുണ്ടെന്നു് കാണാവുന്നതാണു്.

ശ്രീ. കെ. സി. എബ്രഹാം: സർ, ഒരു പരാതികൂടി ഉണ്ടു്. സംസാരിക്കാൻ സൗകര്യം കിട്ടാത്ത ആളുകൾക്കുകൂടി സംസാരിക്കാൻ സൗകര്യം തരണമെന്നു അപേക്ഷിക്കുന്നു.

മിസ്റ്റർ സ്പീക്കർ: ഇനി ഈ ബില്ലിനെപ്പററി സംസാരിക്കുവാൻ സമയമില്ല. ഇനിയുള്ള സമയ ട്രഷറി ബഞ്ചിനുള്ളതാണു്.

മുഖ്യമന്ത്രി (ശ്രീ. എ. താണുപിള്ള): സർ, ഈ ബില്ലു് സംബന്ധമായി ഇത്രയും ദീർഘമായ വാദപ്രതിവാദങ്ങൾ ഉണ്ടാകുമെന്നു ഞാൻ തീരെ കരുതിയിരുന്നില്ല. ഏതായാലും ഇതു് ബഡ്ജററിന്റെ ഒരു പൊതു വിമർശനാവസരമാണെന്നുതന്നെ പറയാം. അന്നു പറഞ്ഞ കാര്യങ്ങൾ അതേ രീതിയിലുള്ള കാര്യങ്ങൾ അൽപ്പമൊക്കെ പുതിയതായ

[ശ്രീ. എ. താണുപിള്ള.]

ചില പ്രാദേശിക സംഗതികളാണ് ഇവിടെ പ്രതിപാദിച്ച സംഗതികൾ. സർ, ഇവിടെ കോൺഗ്രസ്സ് കക്ഷിയിൽ നിന്നും എന്റെ സ്നേഹിതൻ ശ്രീമാൻ കരുണാകരൻ പുറപ്പെടുവിച്ച അഭിപ്രായങ്ങളോട് ഞാൻ പരിപൂർണ്ണമായി യോജിക്കുന്നു. ഇന്നു നമ്മുടെ നാടിന്റെ നിലയ്ക്കു് കക്ഷി താൽപ്പര്യങ്ങളെ നാം അവഗണിച്ചുതന്നെയും രാജ്യതാൽപ്പര്യങ്ങൾക്ക് പ്രാധാന്യം കൊടുത്തു് കഴിയുന്നതും എല്ലാപേരും യോജിച്ചു പ്രവർത്തിക്കണമെന്നുള്ള അഭിപ്രായം ഈ സദസ്സിലെ എല്ലാ അംഗങ്ങളും സ്വീകരിക്കുമെങ്കിൽ നമ്മുടെ കാര്യങ്ങൾ ഭംഗിയായി നടത്തുന്നതിൽ അതിൽപരം ഒരു സഹായം, ഒരു അഭിപ്രായഗതി ഉണ്ടാകുവാനില്ല. എന്നുവെച്ച് പി. എസ്. പി. കക്ഷി പറയുന്നതൊക്കെ മററുള്ളവർ സ്വീകരിക്കണമെന്നോ ഓരോ കക്ഷിയുടെയും പ്രത്യേക ലക്ഷ്യങ്ങൾ വിസ്മരിക്കണമെന്നോ അല്ലാ ഞാൻ അർത്ഥമാക്കുന്നതു്. ഇവിടെ മുൻപുതന്നെ ഞാൻ പ്രസ്താവിച്ചിട്ടുണ്ടു്. രാജ്യത്തിന്റെ താൽപ്പര്യങ്ങൾ മുൻനിറുത്തി മാത്രം ഈ ഗവണ്മെന്റ് പ്രവർത്തിക്കും. അതിൽ ഈ സഭയുടെ എല്ലാ ഭാഗങ്ങളിൽ നിന്നും ആനുകൂല്യം കിട്ടും എന്നാണ് എന്റെ വിശ്വാസം. സർ, പ്രായോഗികമായി നോക്കിയാൽ ഓരോ പ്രധാന വിഷയങ്ങളെപ്പററിയും ഒരു കക്ഷിയിൽതന്നെ പരിപൂർണ്ണമായ അഭിപ്രായഐക്യമുണ്ടായാൽ—അഭിപ്രായ ഭിന്നതകൾ ഓരോ കക്ഷികൾക്കും കാണും—പൊതുവേ സഭയുടെ നില നോക്കി പല കക്ഷികളോടും യോജിക്കാവുന്നതാണ്. ആ നിലയ്ക്കു് ഇവിടെ നല്ലകാര്യങ്ങൾ ചെയ്യുന്നതിന് തടസ്സങ്ങൾ ചുരുക്കമായിട്ടേ ഉള്ളു എന്നാണ് എന്റെ അഭിപ്രായം. ഈ സംഗതി കൂടുതൽ വിശദമാക്കണമെന്ന് ഞാൻ ഉദ്ദേശിക്കുന്നില്ല. ഞാൻ ഒന്നുകൂടി ഈ ഗവണ്മെന്റിനു സഹായം നൽകുവാൻ സന്നദ്ധതയുള്ള കക്ഷികളോടും അംഗങ്ങളോടും നന്ദി പറയുകയാണ് ചെയ്യുന്നതു്.

വളരെ കാര്യങ്ങൾ വിദേശികളെപ്പററി ഇവിടെ പറഞ്ഞു. അതിനെപ്പററി എനിക്കു ചുരുക്കത്തിൽ പറയുവാനുള്ളതു്, സർ, വിദേശികളെ സംബന്ധിച്ച കാര്യങ്ങളും വിദേശനയത്തെ സംബന്ധിച്ച കാര്യങ്ങളും ഒക്കെ ഇൻഡ്യാഗവണ്മെന്റിന്റെ നയത്തിന് അനുരൂപമായിരിക്കുമെന്നാണ്. എന്നാൽ പൊതുവേ എനിക്ക് പറയുവാനുള്ളതു് നമ്മുടെ രാജ്യതാൽപ്പര്യങ്ങൾക്കെതിരായി എന്നല്ലാ ഭാരതത്തിന്റെ ഒട്ടാകെയുള്ള താൽപ്പര്യങ്ങൾക്കെതിരായി ആരുതന്നെ പ്രവർത്തിച്ചാലും ആ പ്രവർത്തികൾ നമ്മുടെ പോലീസിന്റെയും ഈ ഗവണ്മെന്റിന്റെയും ശ്രദ്ധയ്ക്കു വിധേയമാകുമെന്നാണ്. രാജ്യത്തെ സ്നേഹിക്കുന്ന എല്ലാ പേരുടേയും ഈ നിയമസഭയിലെ എല്ലാ അംഗങ്ങളുടേയും പ്രത്യേക ശ്രദ്ധയ്ക്കു് ആ വക സംഗതികൾ വിഷയമാകുന്നതാണ്. അമേരിക്കക്കാരെ പ്രത്യേകിച്ച് അനുകൂലിക്കണമെന്നോ റഷ്യക്കാരെ നിരസിക്കണമെന്നോ ഒന്നുംതന്നെ ഈ ഗവണ്മെന്റിന് ഉദ്ദേശമില്ല. അങ്ങനെ ഒരു ഉദ്ദേശമില്ലാ എന്നുള്ളതു് ഇൻഡ്യയിലെ പ്രധാനമന്ത്രി പലതവണ വ്യക്തമാക്കിയിട്ടുണ്ടു്. എനിക്ക് പൊതുവെ ഒന്ന് എല്ലാ സഭാംഗങ്ങളോടും പറയുവാനുള്ളതു് ലോകസുഖം നമുക്കൊക്കെ പ്രത്യേകം ഹിതമായ കാര്യം തന്നെ എങ്കിലും രാഷ്ട്രീയമായി നോക്കുമ്പോൾ നമ്മുടെ രാഷ്ട്രീയ താൽപ്പര്യങ്ങൾക്ക് തരേണ്ട പരിഗണനയും പ്രാധാന്യവും ഈ സദസിലെ

എല്ലാ അംഗങ്ങളിൽ നിന്നും പ്രധാനമായി ഉണ്ടാകുമെന്നാണ് ഞാൻ വിശ്വസിക്കുന്നതു്. അതിന്നു ലോപം വരുന്നതായാൽ ലോപം വരുന്നതിന്നു കാരണക്കാരായിത്തീരുന്നതുക്കും ഈ വക കാര്യങ്ങളെപ്പററി പ്രതിപാദിക്കുവാൻ അവകാശമില്ലെന്നു ഞാൻ പറഞ്ഞുകൊള്ളുന്നു.

സർ, പല വിഷയങ്ങളെപ്പററിയും ഇവിടെ പറഞ്ഞു. അതൊക്കെ വിശദീകരിക്കണമെന്ന് എനിക്ക് ഉദ്ദേശമില്ല. നിയമം അവഹേളിക്കുന്ന അല്ലെങ്കിൽ അലക്ഷ്യമായി കരുതുന്ന സന്ദർഭം ഉണ്ടാകുമ്പോൾ ഗവണ്മെൻറിൻെറ ദൃഷ്ടിയിൽ അതു പെടുത്തുന്നതായാൽ നിശ്ചയമായും ഗവണ്മെൻറ് കഴിയുന്നതെല്ലാം ആ കാര്യത്തിൽ പ്രവർത്തിക്കുന്നതാണെന്ന് ഞാൻ ഉറപ്പു പറയുന്നു. ഈ വക കാര്യങ്ങളെല്ലാം ഉൾക്കൊള്ളുന്ന നിയമം കഴിയുന്നതും വേഗം ഈ നിയമസഭയിൽ അവതരിപ്പിച്ചു് നല്ലവണ്ണം ആലോചിച്ചു് പാസ്സാക്കുകയും വേണം. അതിന് എല്ലാ കക്ഷികളുടെയും സഹകരണമാണ് ഞാൻ ആവശ്യപ്പെടുന്നതു്. അതുണ്ടാകുമെന്നും ഞാൻ വിചാരിക്കുന്നു. ഇതു് ഒരു പ്രത്യേകകക്ഷിയോടു മാത്രമായിട്ടു പറയുന്നതല്ല. പക്ഷെ ഇന്ന് നമ്മുടെ നാട്ടിൽ നല്ല കാര്യങ്ങൾ ചെയ്യുന്നതിനു ആവശ്യമായ ആനുകൂല്യങ്ങൾ ഈ സഭയുടെ എല്ലാ ഭാഗങ്ങളിൽ നിന്നും ഉണ്ടു്. നാം എല്ലാം കൂടി ഒരുമിച്ചു സഹകരണത്തോടും ആത്മാർത്ഥതയോടും കൂടി പ്രവർത്തിക്കുന്നതായാൽ എല്ലാ കാര്യങ്ങളും സാദ്ധ്യമാകും.

വിദ്യാഭ്യാസകാര്യങ്ങളെപ്പററി പ്രൊഫസർ മുണ്ടശ്ശേരി സംസാരിച്ച അഭിപ്രായങ്ങളെല്ലാം വളരെ ഉപയോഗപ്രദങ്ങളാണ്. എൻെറ അഭിപ്രായവും അതുതന്നെയാണെന്ന് ഈ സഭയിലുള്ളവരെല്ലാം മനസ്സിലാക്കിക്കാണും. ഈ കാര്യങ്ങളെ സംബന്ധിച്ചു് പല അഭിപ്രായക്കാർ ഈ നാട്ടിലുണ്ടു്. എല്ലാ അഭിപ്രായഗതികളെയും നമുക്കു പരിഗണിച്ചു് നമ്മുടെ ധനത്തെയും മററു പരിതഃസ്ഥിതികളെയും ആവശ്യത്തെയും കരുതി നമുക്കു നടപ്പിൽ വരുത്താവുന്നിടത്തോളം പരിഷ്കാരങ്ങൾ വിദ്യാഭ്യാസപരമായും നടത്താമെന്ന് ഞാൻ പറയുന്നു. ഇതു ഞാൻ പറയുന്നതു എന്തുകൊണ്ടെന്നാൽ വിദ്യാഭ്യാസസംബന്ധമായി ആവശ്യമുള്ളതെല്ലാം ഒന്നിച്ചു ചെയ്യുക സാദ്ധ്യമല്ല. പ്രൊഫസർ മുണ്ടശ്ശേരി പ്രൈമറി വിദ്യാലയങ്ങളിലെ അദ്ധ്യാപകന്മാരുടെ അവശതകളെപ്പററി പറയുകയുണ്ടായി. ഞാനും അതിൽ അദ്ദേഹത്തോടു യോജിക്കുന്നു. പക്ഷെ അതിനുവേണ്ടി എത്രമാത്രം പ്രവർത്തിക്കാം എന്നു ഗാഢമായി ചിന്തിക്കുന്നതിനു മുമ്പു അതെപ്പററി പറയുന്നതിനു എനിക്കു നിവൃത്തിയില്ല. നമ്മൾ ഉദ്ദേശിക്കുന്നിടത്തോളം നമുക്കു ഈ അദ്ധ്യാപകന്മാർക്ക് പെട്ടെന്നു ചെയ്യുന്നതിന് സാദ്ധ്യമല്ല. അതു പ്രൊഫസ്സർ മുണ്ടശ്ശേരിയെപ്പോലെയുള്ളവർ മനസ്സിലാക്കുമെന്നു ഞാൻ വിശ്വസിക്കുന്നു. എങ്കിലും നമുക്കു കഴിയുന്നതെല്ലാം ചെയ്യുന്നതാണ്.

അദ്ദേഹം പിന്നീടു പാഠപുസ്തകങ്ങളെപ്പററി പറയുകയുണ്ടായി. ഞാനും അതിനോടു വളരെ യോജിക്കുന്നു. ചില പുസ്തകങ്ങളെ സംബന്ധിച്ചിടത്തോളം അവയുടെ വില ലഘൂകരിക്കാം. പുസ്തകങ്ങളുടെ വില കഴിവുള്ളിടത്തോളം കുറയ്ക്കണമെന്നാണ് ഈ ഗവണ്മെൻറിൻെറ ഉദ്ദേശം. പാഠപുസ്തകങ്ങൾ അച്ചടിച്ചു് വിററു ലാഭമുണ്ടാക്കാമെന്ന് ഈ ഗവണ്മെൻറ് വിചാരിക്കുന്നില്ല. എത്രത്തോളം നഷ്ടം കൂടാതെ പുസ്തകങ്ങൾ അച്ച

[ശ്രീ. എ. താണുപിള്ള]

ടിച്ചു വിൽക്കാൻ കഴിയുമോ അത്രത്തോളം കുറച്ചുതന്നെ വിൽക്കണമെന്നു തന്നെയാണ് ഗവൺമെൻറ് ഉദ്ദേശിക്കുന്നത്. ഈ കാര്യത്തിൽ കച്ചവടലാഭം എടുക്കാൻ ഗവൺമെൻറ് ഉദ്ദേശിക്കുന്നില്ല.

ശ്രീ. കെ. സി. എബ്രഹാം: ശരിയായി പരിശോധിച്ച പുസ്തകങ്ങൾ മാത്രമെ പ്രിസ്ക്രയിബ് ചെയ്യുകയുള്ളു എന്ന് ഗവൺമെൻറ പറയുമോ?

ശ്രീ. എ. താണുപിള്ള: പാഠപുസ്തകങ്ങളെ സംബന്ധിച്ച് ഇന്നത്തെ യാഥാർത്ഥമായ നില എന്താണെന്ന് നോക്കുന്നതിനു എനിക്ക് അവസരം കിട്ടിയിട്ടില്ല. എത്രത്തോളം പുസ്തകങ്ങൾ അച്ചടിച്ചു തയ്യാറാക്കീട്ടുണ്ടെന്ന് ഇപ്പോൾ എനിക്കു പറയാൻ നിവൃത്തിയില്ല. കഴിവുള്ളടത്തോളം പുസ്തകങ്ങൾക്ക് വൈകല്യങ്ങൾ ഇല്ലാതെ തന്നെ പ്രിസ്ക്രയിബ് ചെയ്യുന്നതിനു് ഗവൺമെൻറ് ശ്രദ്ധിക്കുന്നതാണ്. ഇക്കാര്യത്തിൽ ഇതിൽ കൂടുതൽ ഉറപ്പു പറയുവാൻ സാദ്ധ്യമല്ല.

സർ, പോലീസുകാരെപ്പററി ഇവിടെ വളരെ പറഞ്ഞു. പോലീസുകാർ ന്യായമായിത്തന്നെ പെരുമാറണമെന്ന് ഈ ഗവൺമെൻറിനു വളരെ നിർബന്ധമുണ്ട്. കായംകുളത്തു നടന്ന ഒരു സംഭവത്തിന് ഞാൻ തിരിച്ചു മറുപടി പറഞ്ഞില്ല എന്നു ഇവിടെ പറയുന്നതു കേട്ടു. അതു് ഏതോ ഉദ്യോഗസ്ഥന്മാരുടെ സ്വാധീനവലയത്തിനകത്തു് പെട്ടുപോയതുകൊണ്ടാണ് എന്നും പറയുകയുണ്ടായി. ചോദ്യങ്ങൾ ചോദിക്കുന്നതു് ശരിയായ അടിസ്ഥാനത്തിലായിരിക്കണം എന്ന തത്വം എല്ലാവരും മനസ്സിലാക്കണം. ചോദിക്കുന്ന ചോദ്യത്തിൽ കവിഞ്ഞുള്ള മറുപടി പറയാൻ സാദ്ധ്യമല്ല എന്ന തത്വവും മനസ്സിലാക്കേണ്ടതാണ്. എന്താണ് കായംകുളത്തുണ്ടായ സംഭവം; ചോദ്യം, ചോദിച്ച തീയതിയിലല്ല സംഭവം നടന്നിട്ടുള്ളതു്. മറെറാരു തീയതിയിലാണ് സംഭവം നടന്നതു് എന്നു പറയുന്നതു ശരിയല്ല. കായംകുളത്തു ഈ ചോദ്യത്തിൽ പറഞ്ഞിരിക്കുന്നതിന്റെ അടുത്ത ദിവസം ചില സംഭവങ്ങൾ ഉണ്ടായി. ആ സംഭവത്തെ ന്യായീകരിക്കാൻ ഞാൻ ഉദ്ദേശിക്കുന്നില്ല. ആ സംഭവത്തെപ്പററി ആയിരുന്നെങ്കിൽ അതു് ഞാൻ നിങ്ങളോടെല്ലാം പറഞ്ഞു. അതു സംബന്ധിച്ച് എന്തു ചെയ്യണമെന്ന് ഗവൺമെൻറ തീരുമാനിച്ചിട്ടില്ല.

പിന്നെ ഇവിടെ ആററിങ്ങൽ മുതലായ സ്ഥലങ്ങളിൽ ഈയിടെ ഉണ്ടായ സംഭവങ്ങളെപ്പററി പറയുകയുണ്ടായി. ആററിങ്ങലെ സംഭവത്തെപ്പററിയാണെങ്കിൽ ഒരു ബസ്സിലെ ഡ്രൈവറും കണ്ടക്ടരും കൂടി പെർമിററില്ലാത്ത ഒരു സ്ഥലത്തുകൂടി വണ്ടി ഓടിച്ചു. അങ്ങിനെ പെർമിററില്ലാത്ത റൂട്ടിൽ കൂടി വണ്ടി ഓടിച്ചതിന് പോലീസുകാർ അവരുടെ പേരിൽ നടപടികൾ എടുത്തിട്ടുണ്ട്. ഈ സന്ദർഭത്തിൽ എനിക്ക് എല്ലാവരോടും ഒരു സംഗതി പറയുവാനുണ്ട്. ഞങ്ങൾ പോലീസിനു് നിലയ്ക്കു് നിറുത്താം. അതനുസരിച്ച് അംഗങ്ങളും ശരിക്കു ശരിക്കു നിൽക്കണം.

ശ്രീ. ആർ. പ്രകാശം: പെർമിററില്ലാത്ത റൂട്ടിൽ കൂടി വണ്ടി ഓടിച്ചതു് ശരിയല്ല. എന്നാൽ അതിന് ബസ്സിലെ ഡ്രൈവറെയും കണ്ടക്ടരെയും ബസ്സ്സ്റ്റാൻഡിൽ പിടിച്ചിറക്കി അടിച്ചതു് ശരിയാണോ എന്നാണു ചോദിച്ചതു്.

ശ്രീ. എ. താണുപിള്ള: അതിന്റെ സൂക്ഷ്മസ്ഥിതിയെപ്പററിയാണു ഞാൻ പറയുന്നതു്. പെർമിററില്ലാ റൂട്ടിൽക്കൂടി ബസ്സ് ഓടിച്ചു. അതുസംബന്ധിച്ചു് ആ റൂട്ടിൽ പെർമിററുള്ള ബസ്സുകാരുടെ പരാതികളും അതേ തുടർന്നു കേസുകളും ഉണ്ടു്. പോലീസുകാർ അതേപ്പററി ചോദിക്കുന്നതിനുവേണ്ടി അവരെ പോലീസ്സ്റ്റേഷനിലേക്കു് വിളിച്ചാൽ അവിടെ അവർ ചെല്ലേണ്ടതല്ലേ. അവർ അവിടെപോകാതെ കാര്യങ്ങൾ എങ്ങനെ നടക്കും.

ശ്രീ. എൻ. രാഘവക്കുറുപ്പു്: പെർമിററില്ലാ റൂട്ടിൽക്കൂടി ബസ്സു് ഓടിക്കാനമെന്നുള്ളതു ഡ്രൈവറുടെയും കണ്ടക്ടരുടെയും ആവശ്യമാണോ അതോ ബസ്സു് ഓണേഴ്സിന്റെ ആവശ്യപ്രകാരമാണോ. അതിനു ഡ്രൈവരും കണ്ടക്ടരും മാത്രമാണോ കുററക്കാർ? ഓണർക്കൂടി കുററക്കാരനാകുന്നതല്ലേ?

ശ്രീ. എ. താണുപിള്ള: ആ ചോദ്യത്തിനുത്തരം പറയുന്നില്ല. പെർമിററില്ലാത്ത ഒരു റൂട്ടിൽ ഓണർ പറഞ്ഞാലും ഡ്രൈവർ ബസ്സു് ഓടിക്കാൻ പാടില്ല. എന്റെ സ്നേഹിതൻ മി. കുറുപ്പിനോടു ഒരാളെ അടിച്ചുകൊല്ലുവാൻ ഒരു സ്നേഹിതൻ പറഞ്ഞാൽ അടിച്ചുകൊല്ലുമോ? അതു മററ ആറം പറഞ്ഞിട്ടാണെന്നു പറയാൻ സാധിക്കുമോ? ഇതു ഞാൻ പറയുന്നതു പോലീസുകാരുടെ നടപടികളെ സാധൂകരിച്ചോ സാധൂകരിക്കാനോ അല്ല. നാട്ടിൽ നിയമസമാധാനങ്ങൾ പാലിക്കാൻ ചുമതലപ്പെട്ട പോലീസുദ്യോഗസ്ഥന്മാരും ജനങ്ങളും ഒന്നൊരുമിച്ചു പ്രവത്തിച്ചെങ്കിൽ മാത്രമെ അതു സാദ്ധ്യമാകയുള്ളു. നമ്മുടെ ഗവമെന്റിൽ ഉള്ള പലരും വേണ്ടതോതിലുള്ള സ്റ്റാൻേറർഡ് പരിപാലിക്കുന്നില്ല. പക്ഷേ നാം അവരെക്കൊണ്ടു പരിപാലിപ്പിക്കാൻ ശ്രമിക്കണം. നാട്ടിലെ പൗരന്മാരും പൊതുക്കാര്യപ്രവത്തകന്മാരും ഒരുമിച്ചു പ്രവത്തിക്കണം. പോലീസുകാരൻ മാത്രം ശരിയായിരിക്കണമെന്നും മററുള്ളവർ എന്തുചെയ്താലും ചോദിക്കരുതെന്നും പറയുന്നതു് അത്ര ഭംഗിയായിരിക്കുകയില്ല. പോലീസുകാർ തെററ ചെയ്യുകയില്ലെന്നു ഞാൻ പറയുന്നില്ല. എന്റെ അറിവു വച്ചു നോക്കിയാൽ അവിടെ നടന്നതായ സംഭവത്തിൽ വലിയ തെററ കാണുന്നില്ല. പോലീസുകാക്കു അവരുടെ കൃത്യനിവ്വഹണത്തിനു് ഇവരോടു ചോദ്യം ചോദിക്കാതിരിക്കാൻ നിവ്വാഹമില്ല. അതിൽ മക്കട മുഷ്ടി പിടിച്ചാൽ അവക്കും അവരുടെ ജോലി നിവ്വഹിക്കണം. പോലീസുകാർ ജനങ്ങളോടു ന്യായമായി പെരുമാറണം എന്നുള്ളതിലേയ്ക്കു നിഷ്കർഷയായിട്ടുള്ള ഉത്തരവു് ഇന്നു് എല്ലായിടത്തേയ്ക്കും പോയിട്ടുണ്ടു്. ഇനിയും പരാതികൾക്കിടം കൊടുക്കരുതെന്നു് വളരെ നിഷ്കർഷിച്ചിട്ടുണ്ടു്. ആ നിഷ്കർഷയുടെ ഫലം നിങ്ങൾ നിങ്ങളുടെ നാട്ടുകളിൽ ചെല്ലുമ്പോൾ അനുഭവിച്ചറിയാമെന്നാണെന്റെ വിശ്വാസം.

സർ, ഇവിടെ മററ പല കാര്യങ്ങളെ സംബന്ധിച്ചും സംസാരിച്ചു; ഉദ്യോഗം പ്രമോഷൻ ഇവയൊക്കെ രാഷ്ട്രീയപ്രവത്തനത്തിന്റെ അടിസ്ഥാനത്തിൽ കൊടുക്കാറുണ്ടെന്നു്. ഇക്കാര്യം ഈ സഭയുടെ മുമ്പാകെ കൊണ്ടുവന്ന കാൺഗ്രസ്സു് മെമ്പറുടെ അഭിപ്രായത്തോടു ഞാൻ അങ്ങേഅററം യോജിക്കുന്നു. രാഷ്ട്രീയപ്രവത്തനത്തിന്റെ അടിസ്ഥാനത്തിൽ കുറെക്കാലമായി നമ്മുടെ നാട്ടിൽ പലതും ചെയ്തുപോയിട്ടുണ്ടു്. തിരുവ

[ശ്രീ. എ. താണുപിള്ള]

താംകൂറിലും കൊച്ചിയിലും ഒരു ജനകീയഭരണത്തിനുള്ള പ്രക്ഷോഭണം തുടങ്ങുന്നതിനു മുമ്പു ഭരണപരമായി വളരെ ഉയന്ന ഒരു സ്റ്റാൻേറർഡ് (തോതു) നടപ്പിലിരുന്നു. തിരുവിതാംകൂറിലാണെങ്കിൽ സർ. സി. പി. രാമസ്വാമിഅയ്യരുടെ ഭരണകാലത്ത് രാഷ്ട്രീയപ്രവത്തനത്തിൻെറ അടിസ്ഥാനത്തിൽ ഭരണാധികാരികൾ പലരുടെയും സഹകരണത്തിനുവേണ്ടിയും രാഷ്ട്രീയ പരിഗണനകൾ വച്ചും ഉദ്യോഗങ്ങൾ കൊടുക്കുക, കൺട്രാക്ററുകൾ കൊടുക്കുക, ഭൂമി പതിച്ചുകൊടുക്കുക, ഇതെല്ലാംകൊണ്ടു രാജ്യത്തിൻെറ പൊതുജീവിതത്തെ അധഃപതിപ്പിച്ചു പലതും അന്നു ചെയ്തിരുന്നു. അതിനെ ഇന്നുവരെ ആരും തടഞ്ഞില്ല. അതെല്ലാം ശക്തിയായി തടയാനും സാധിച്ചില്ല. കൊച്ചിയിൽ ഇതുപോലെ സംഭവിച്ചിട്ടുണ്ടോ എന്നു പറയാൻ നിവൃത്തിയില്ല. ഇത്രത്തോളം കാര്യങ്ങൾ ചെയ്തിട്ടുണ്ടെന്നു വിചാരിക്കാൻ നിവൃത്തിയില്ല. ഏതായാലും ഇന്നു തിരുവിതാംകൂർ-കൊച്ചി സംസ്ഥാനമാണ്. എനിക്കു ഈ അസംബ്ലിയിലുള്ള എല്ലാ സ്നേഹിതന്മാരോടും ചെയ്യാനുള്ള അപേക്ഷ ഈ അഡ്മിനിസ്ട്രേറ്റീവ് സ്റ്റാൻേറർഡ് അതായതു ഭരണപരമായ സ്റ്റാൻേറർഡ് മാനദണ്ഡമാക്കി കഴിയുന്നിടത്തോളം ഉയത്തിനിത്തുന്നതിനു ഈ ഗവമ്മെൻറ് ഗൗരവമായി പരിശ്രമിക്കുമെന്നാണ്. ആ പരിശ്രമത്തിൽ എല്ലാ സ്നേഹിതന്മാരുടെയും സഹായം പരിപൂണ്ണമായി ഉണ്ടാകണമെന്നാണെൻെറ അപേക്ഷ. രാഷ്ട്രീയ പരിഗണനകൾവച്ചുകൊണ്ടു സവ്വീസിൽ ഒരു പ്രകാരത്തിലും അനീതി ചെയ്യുകയില്ലെന്നു നിങ്ങളോടു ഞാൻ ദൃഢപ്രതിജ്ഞ ചെയ്യുന്നു. പക്ഷെ എല്ലാവരുടെയും സഹകരണം കൊണ്ടുമാത്രമെ അതു സാധിക്കയുള്ളു. ഇവിടെ ജനാധിപത്യതൽപ്പരന്മാരുടെ സഹകരണം അങ്ങേ അററം ആവശ്യമാണ്.

അടുത്തതായി സക്കാർ സവ്വീസിൽ തൽക്കാലജോലിയിലിരിക്കുന്നവരെ പിരിച്ചുവിടുന്നതിനെ സംബന്ധിച്ചു ഇവിടെ പരാമശിക്കയുണ്ടായി. അതു യഥാത്ഥമായ ഒരു പരാതിയാണ്. വൈഷമ്യങ്ങൾക്കിടനൽകുന്ന ഒന്നാണ്. വളരെ സവ്വീസുള്ളവർ സവ്വീസിൽനിന്നും പിരിഞ്ഞുപോകുന്നതും അല്പകാലത്തെ സവ്വീസുള്ളവർ സ്ഥിരമായിരിക്കുന്നതും ഇതൊക്കെ കഴിയുന്നതും വേഗം ഒഴിവാക്കാൻ നാം ശ്രമിക്കണം. സമയം ലഭിച്ചാൽ ഇതു സംബന്ധിച്ച വളരെ വൈഷമ്യങ്ങൾ കൂടാതെ നമുക്കു കഴിക്കാം.

ശ്രീ. കെ. കരുണാകരൻ: സർ, അതുവരെ ഏപ്രിൽ ഒന്നാംതീയതി മുതൽ പിരിച്ചുവിടപ്പെടാൻ ഉത്തരവുണ്ടായിരിക്കുന്ന ആളുകളെ പിരിച്ചുവിടാതിരിക്കാനുള്ള കല്പന കൊടുക്കുമോ?

ശ്രീ. എ. താണുപിള്ള: എക്സൈസ് ഡിപ്പാർട്ടുമെൻറിലുള്ള അൻപതുപേരെ ഉദ്ദേശിച്ചാണോ പറയുന്നതു്.

ശ്രീ. കെ. കരുണാകരൻ: അൻപതുപേരല്ല. നൂററിനാൽപ്പത്തിനാലോളമുണ്ടു്.

ശ്രീ. എ. താണുപിള്ള: ഞാൻ ധരിച്ചതു അൻപതുപേരെന്നാണ്. അവരിൽ കഴിവുള്ളിടത്തോളം ആളുകളെ ഒഴിവു വരുന്നതുവരെ പിരിച്ചുവിടാതെ നിറുത്തിക്കൊള്ളണമെന്നു നിർദ്ദേശിച്ചിട്ടുണ്ടു്.

ശ്രീ. കെ. കരുണാകരൻ: എന്റെ ചോദ്യം അതല്ല. ഒഴിവുവരുന്നതുവരെ ഇവരെ ആരെയും പിരിച്ചുവിടരുതെന്നു ഒരു സ്റ്റേ ആർഡർ കൊടുക്കുവാൻ കഴിയുമോയെന്നാണ് ചോദിച്ചതു്?

ശ്രീ. എ. താണുപിള്ള: നിലവിലുള്ള ചട്ടം അനുസരിച്ചു എത്രത്തോളം ചെയ്യാൻ ഒക്കുമെന്നു ഇപ്പോൾ പറയാൻ സാദ്ധ്യമല്ല. എങ്കിലും കഴിവുള്ളിടത്തോളം ആളുകളെ പിരിച്ചുവിടാതിരിക്കാൻ തന്നെ നോക്കും.

സർ, ഇതിലധികമായി ഇപ്പോൾ എന്തെങ്കിലും പറയണമെന്നു ഞാനുദ്ദേശിക്കുന്നില്ല. സഹകരണം, പഞ്ചായത്തു മുതലായ കാര്യങ്ങളെപ്പറ്റി ഇതിനുമുമ്പുതന്നെ വാദപ്രതിവാദം നടന്ന അവസരത്തിൽ ഞാൻ പറഞ്ഞിട്ടുള്ളതാണ്. കുന്നത്തുനാട്ട് താലൂക്കിലെ കാര്യത്തെപ്പറ്റി ശ്രീ. ബാവായും പറവൂർ താലൂക്കിലെ കാര്യത്തെപ്പറ്റി ശ്രീ. ഗോപാലമേനവനും പ്രസ്താവിച്ചു. ഈ താലൂക്കുകളുടെ കാര്യം നിശ്ചയമായും ഗവണ്മെന്റിന്റെ ശ്രദ്ധയ്ക്കു വിഷയീഭവിക്കുമെന്നു ഞാൻ പറയുമ്പോൾ മററു താലൂക്കുകളിലെ കാര്യങ്ങൾ വിസ്മരിച്ചുപോകുമെന്നു ആരും കരുതേണ്ടാ. ചിററൂർ, തലപ്പള്ളി എന്നീ താലൂക്കുകളിൽ ഉണക്കുമൂലം കൃഷിക്കാർക്കു കരം ഇളവുചെയ്യണമെന്ന് അപേക്ഷിച്ചിട്ടുണ്ടായിരുന്നു. ഈ താലൂക്കുകളിൽ നിയമം അനുവദിക്കുന്നിടത്തോളം ആവശ്യമെന്നു തോന്നുന്നവർക്കു കരം ഇളവു ചെയ്തു കൊടുത്തിട്ടുണ്ടു്. കൃഷി സംബന്ധമായി പലതും ചെയ്യാനുണ്ടെന്നു് എനിക്കുതന്നെ നേരിട്ടറിയാവുന്ന കാര്യമാണ്. അതുകൊണ്ടു് ആ കാര്യത്തിൽ ഗവണ്മെന്റിനു അശ്രദ്ധ ഉണ്ടായിരിക്കുന്നതല്ല. ലിഫ്ററ് ഇറിഗേഷൻ സംബന്ധിച്ചും മററു വിധത്തിലുള്ള മൈനർ ഇറിഗേഷൻ സംബന്ധിച്ചും കഴിവുള്ളത്ര ജോലികൾ കഴിയുന്നതും വേഗത്തിൽ ചെയ്തുതീർക്കാൻ ഗവണ്മെൻറ വിചാരിക്കുന്നു.

സൃഷ്ടിപരമായതും സഹായകമായതും ആയ നിർദ്ദേശങ്ങൾ നൽകിയ എല്ലാ മെംബർമാരോടും ഞാൻ നന്ദി പറഞ്ഞുകൊള്ളുന്നു. എനിക്കു് പറയുവാനുള്ളതു് നമുക്കു യോജിച്ചു പ്രവർത്തിക്കാമെന്നാണ്. ഇക്കാര്യത്തിൽ നമുക്കു് മത്സരമോ പകയോ ഒന്നുംതന്നെ ആവശ്യമില്ല. രാജ്യത്തിന്റെ ഭാവിയെങ്ങനെ വരണമെന്നുള്ളതു നമ്മെയൊക്കെ തന്നെ ആശ്രയിച്ചിരിക്കുകയാണ്. രാജ്യക്ഷേമത്തിനുതകുന്ന ഏതു കാര്യത്തിലും പി. എസ്. പി. ഒരിക്കലും പിന്നോക്കം നിൽക്കുകയില്ലെന്നു് എനിക്കു് ധൈര്യമായി പറയുവാൻ കഴിയും. മററു കക്ഷികളുടെയും നിലപാടു് അതുതന്നെയാണെന്നാണ് എന്റെ വിശ്വാസം. അതുകൊണ്ടു് സഹായവാഗ്ദാനം ചെയ്തിട്ടുള്ള എല്ലാ കക്ഷികളോടും മററു മെംബർമാരോടും ഞാൻ നന്ദി പറഞ്ഞുകൊള്ളുന്നു.

Minister for Finance (**Shri P. S. Nataraja Pillai**): Sir, perhaps according to convention, I have to say a few words. I understand Mr. Kurup made some remarks about my absence from the House for a few minutes. All that I want to say here is that as a human being one is liable to limitations and I expect my hon. friends to entertain human feelings when they offer their criticisms. Viewed from the purely technical point of view of parliamentary provisions or practices, there is no rule or convention that the whole cabinet should be present in the House all the time. I would request my friend to look up precedents before he makes a point of it here.

[Shri P. S. Nataraja Pillai]

Now, Sir, I have introduced the Travancore-Cochin Appropriation (Vote on Account) Bill, 1954. Generally, when a Bill is taken up for consideration, the discussion on it is conditioned by the statement of objects and reasons. My friend Mr. Kurup, who initiated the discussion today, I have to presume, did not even read the objects and reasons of the Bill, nor does he seem to have thought of them. The objects and reasons of this Bill are:

> "The Bill is in pursuance of Article 206 of the Constitution of India, read with Article 238 thereof and is intended to provide for the withdrawal out of the Consolidated Fund of the State of the moneys required to meet the expenditure charged on the Consolidated Fund and the Grants made in advance by the Legislature in respect of the estimated expenditure of the Government of Travancore-Cochin."

The sum and substance of the Bill is to get authorisation to draw the amount which was voted by this House yesterday. I never thought that Mr. Kurup, when he initiated discussion today, would go it a tangent away from the subject and discuss foreign policy. That was a great surprise to me. We are functioning under a written constitution. The functions of the States and the Centre are very clearly defined in it. And it is laid down that a discussion of foreign policy does not come within the ambit of a State legislature. Whether the fifth column activity is conducted by the countries of the Old World or the New World, whether the fifth column activities are conducted by men who hold old ideologies or new ideologies, when the fifth column activities are such that they will affect the security of the State, the State will be bound to take notice of it and safeguard its in terests. That will be within our province according to the constitution. But the remarks of my friend are too wide off the mark. Any Government, by its very nature, will be bound to preserve the peace and security of the State with all their power. That was what struck my mind when member after member dilated upon the activities of foreign Governments or the activities of foreigners in this State. They are not, relevant to the present discussion here. One other speech which attracted my attention was that of a member who made a kind of carping criticism of the Police administration in this country. I do not want to say anything more on that matter than what the Chief Minister has stated. What I am concerned with here is to explain the purposes of this Bill. As I pointed out earlier, the sums asked for and granted by this House have to be authorised to be withdrawn from the consolidated fund. This Bill is under consideration for that purpose only. And this amount, as Members know, is to cover the administration of the State for a period of four months. Now, having

granted that amount, the Members have proceeded to review the matter once again. There was the question of a comprehensive land policy in the State which was mentioned in the Rajpramukh's address. Now, reference was made on that by many hon. Members. Was there any constructive suggestion on the subject ? I expected that some suggestions would be made. Was any direction given to us in regard to the tenancy problem? In the same way, an indication was made in the Address that the Treasury Bench will try to remedy the legitimate grievances of the people who are enjoying lands under different tenures like the Sripandaravaka or the Sripadam etc. I was listening to the remarks of the hon. Members, expecting some suggestions to be made on this question. I am sorry to say I have not been able to put any.

Shri. A. Kunjan Nadar : What about Kandukrishi ?

Shri P. S. Nataraja Pillai : I believe my hon. friend has read the Address. Even the Members who spoke during the general discussion on the budget had no remarks to make on this subject. Those were the points on which we wanted criticism. Constructive suggestions as to the difficulties, and the methods of solving them would have been valuable and we would have been grateful for the suggestions. Unfortunately, there was no such remark; not even an attempt at it. The discussion was barren and, may I say, off the track. If it was a question of criticism for criticism's sake, I can understand it. But for such a kind of critical attitude and opposition, the conditions in this country do not justify it. After all, we are here trying to do what we can with your unanimous consent. We pledge ourselves to do what we can to the common interest of the country. Therefore we have a right to expect definite, constructive proposals on these points, and I expected it. With these remarks, I resume my seat.

The question that the Travancore-Cochin Appropriation (Vote on Account) Bill, 1954, be taken into consideration was put and carried.

The question that clause 2 stand part of the Bill, was put and carried.

Clause 2 was added to the Bill.

The question that clause 3 stand part of the Bill, was put and carried.

Clause 3 was added to the Bill.

The question that the Schedule stand part of the Bill, was put and carried.

The Schedule was added to the Bill.

The question that clause 1 stand part of the Bill, was put and carried.

Clause 1 was added to the Bill.

The question that the title and preamble stand part of the Bill was put and carried.

The title and preamble were added to the Bill.

Shri P. S. Nataraja Pillai : I move that the Bill be taken up and finally passed.

Shri A. Achutan : I second it.

The motion was put and carried, and The Travancore-Cochin Appropriation (Vote on Account) Bill, 1954, was passed.

The Assembly adjourned at 5 P. M. to meet again at 11 A. M. on Tuesday, the 30th March, 1954.

APPENDIX.

[Please see Answer to Question No. *76 (6)]

Statement containing the summary of the recommendations of the Rice Mill Enquiry Committee.

1. The principle embodied in the Notification dated 1-2-1943 issued by the erstwhile Government of Travancore prohibiting the milling of paddy may be accepted as the general State Policy by the Government of Travancore-Cochin.

2. The Committee attaches great weight to the recommendations in the Final Report of the Planning Commission in favour of organised hand pounding of rice and considers that the Socio-economic advantage of hand pounding taken along with the nutritional merits of hand pounded rice are so overwhelming that no change is called for in the policy accepted and given effect to in the Travancore area in February 1943 either in respect of milling private owned paddy or Government procured paddy.

3. The Committee recommends that all Government Paddy intended for ration should be distributed as paddy or should be processed into rice by the handpounding method through co-operative or other special agencies organised for the purpose. Whenever paddy is distributed as such, care should be taken to ensure that the paddy so distributed is free from chaff and is of good quality.

4. In places where there may be genuine complaint of scarcity of labour for hand-pounding, steps should be taken to organise hand-pounding of rice on a co-operative basis in convenient village units, the initiative being taken by Government through the Registrar of Co-operative Societies or the Cottage Industries Board.

5. As there has been no absolute prohibition of milling of paddy in the Cochin area and as several mills are already functioning there, a policy of gradual replacement of Rice mills by organised hand pounding of rice may appropriately be adopted in the Cochin

area. The aim should be to achieve uniformity in the matter of complete prohibition of mills throughout the State as early as practicable.

6. If for any reason, milling is to be permitted, it should be subject to license. The system of licensing should be such as will relate separately to mills, if any, for milling Government paddy and those for milling private paddy.

Two members of the Rice Mill Enquiry Committee, Sri M. Bhaskara Menon, Assistant Commissioner of Civil Supplies and Sri. K. M. Kora M. L. A. had signed the Main Report subject to their dissenting notes. Of these the dissenting note from Sri K. M. Kora, has not yet been received by the Government. The main suggestions in the dissenting note of Sri M. Bhaskara Menon are the following :—

1. All the existing rice mills, especially those in the Cochin area may continue provided they behave honestly and well.

2. Mills handling Government procured paddy alone in the Cochin area may be permitted to handle private paddy also.

3. In all taluks of the State where at least a minimum quantity of 1,00,000 paras of paddy can be allotted to a mill per annum, mills to handle Government paddy may be licensed, the number being suitably restricted.